ദിവ്യബോധനം ഗ്രന്ഥാവലി – 6

# വിശ്വാസദീപ്തി

(ഓർത്തഡോക്സ് വിശ്വാസ വിശകലനം)

ഡോ. ഗീവർഗീസ് മാർ
ഒസ്താത്തിയോസ്

ദിവ്യബോധനം പബ്ലിക്കേഷൻസ്
സോഫിയാ സെന്റർ
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 40.00

*(Malayalam)*

---

**Viswasadeepthi**
(Orthodox Christian Apologetics)

**Dr. Geevarghese Mar Osthathios Metropolitan**

| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| | | Ph: 0481 - 2566 526, 2566 650 |
| First Published | : | June 1985 |
| Second Edition | : | December 1991 |
| Third Edition | : | June 2000 |
| Revised Edition | : | August 2005 |
| Copyright reserved | | |
| Number of copies | : | 3000 |
| Available at | : | Orthodox Seminary and Other Christian Bookshops |
| D.T.P. | : | Sophia Print House, Kottayam Ph: 0481 - 2303237 |
| Printing | : | Udaya Offset Press, Kottayam Ph: 0481 - 2567370 |

Price: **Rs. 40/-**

# പ്രസ്താവന

സഭാംഗങ്ങൾക്കുവേണ്ടി ഓർത്തഡോക്സ് വൈദിക സെമിനാരി അവതരിപ്പിക്കുന്ന ഒരു വിശ്വാസ പരിശീലനപദ്ധതിയാണ് ദിവ്യബോധനം. കഴിവും താൽപര്യവുമുള്ള ആർക്കും സ്ത്രീപുരുഷ ഭേദമെന്യേ ഈ പദ്ധതിയിൽ ചേരാം.

സഭയുടെ വിശ്വാസം അറിയുന്നതിനും പുലർത്തുന്നതിനും അടുത്ത തലമുറയ്ക്കു പകർന്നുകൊടുക്കുന്നതിനുമുള്ള ചുമതല വൈദികർക്കു മാത്രമുള്ളതല്ല. സഭ മുഴുവന്റെയും കൂടിയുള്ള ഉത്തരവാദിത്വമാണിത്. അത്മായക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വളരെ വലിയ പങ്കാണുള്ളത്, ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കുന്നതിൽ.

യുക്തിചിന്തയുടെ ഈ കാലയളവിൽ സത്യവിശ്വാസം നിലനിർത്തണമെങ്കിൽ, ആരാധനയിലും സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഓർത്തഡോക്സ് വിശ്വാസത്തെ ബുദ്ധിപരമായിക്കൂടെ സ്വായത്തമാക്കേണ്ടുന്നയാവശ്യം സഭാംഗങ്ങൾക്കെല്ലാവർക്കുമുണ്ട്.

പ്രത്യേകിച്ചും സണ്ടേസ്കൂൾ അദ്ധ്യാപകർ, മർത്തമറിയം സമാജ പ്രവർത്തകർ, യുവജന പ്രസ്ഥാനത്തിലും വിദ്യാർത്ഥി പ്രസ്ഥാനത്തിലും നേതൃത്വം നൽകുന്നവർ, മുതലായ നേതൃത്വ നിരയിലുള്ള അത്മായർക്ക് വിശ്വാസപഠനം പ്രത്യേകമായി ആവശ്യമാണ്.

ഭക്തിയോടും വിശ്വാസത്തോടുംകൂടിയുള്ള സത്യാരാധനയും ക്രിസ്തുവിന്റെ മനുഷ്യസ്നേഹത്തിന്റെ മൂർത്തീകരണവുമാണ് സഭയുടെ രണ്ടു പ്രധാന ചുമതലകൾ. ഇവ രണ്ടും ശരിയായി നിർവഹിക്കണമെങ്കിൽ സഭാപാരമ്പര്യത്തിലെ ഗാഢമായ ഉപരിജ്ഞാനത്തിന്റെ താഴ്ന്ന പടികളിലേക്കെങ്കിലും വിശ്വാസികൾ കടന്നുവരാതെ, വിശ്വാസകാര്യങ്ങൾ വൈദികർക്കു മാത്രമായി വിട്ടുകൊടുക്കുന്നത് ഓർത്തഡോക്സ് പാരമ്പര്യത്തിനു നിരക്കാത്തതാണ്. മൂറോനഭിഷേകംമൂലം പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുള്ള എല്ലാ സത്യവിശ്വാസികൾക്കും, ആരാധനയിലും മനുഷ്യസേവനത്തിലും കൂടിയുള്ള തങ്ങളുടെ ക്രിസ്തീയ ധർമനിർവ്വഹണത്തിന് ഈ പദ്ധതി സഹായകമായിത്തീരട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സ്നേഹം നിറഞ്ഞ ജനങ്ങളെ തന്റെ പ്രത്യേക കരുണയാൽ കടാക്ഷിച്ച് അവർക്കു ദിവ്യബോധനം നൽകാൻ ഈ പദ്ധതി ഉപയോഗിക്കുമാറാകട്ടെ.

**ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ**
(പ്രസിഡന്റ്, ദിവ്യബോധനം കേന്ദ്രക്കമ്മിറ്റി)

കോട്ടയം
20 – 12 – 1983

# പ്രസാധകക്കുറിപ്പ്

ത്രീയേക ദൈവവിശ്വാസത്തിന്റെ വളർച്ചയും പ്രത്യേകതകളും, ഓർത്ത ഡോക്സ് സഭയുടെ വിശ്വാസ ഊന്നലുകളും അധികരിച്ച് ദിവ്യബോധനം പഠന പദ്ധതിയിൽ ആറാമതായി പ്രസിദ്ധീകരിച്ച 'വിശ്വാസദീപ്തി' പരിഷ്ക്കരിച്ച് പ്രസി ദ്ധീകരിക്കുകയാണ്.

വിഭാഗീയത തുണ്ടുതുണ്ടാക്കിയ ലോകത്തിന്റെ മുറിവും മനോഭാവവും സൗഖ്യമാക്കുവാൻ ദത്തശ്രദ്ധനായ ഒരാൾ, സഭാവിശ്വാസം പ്രഖ്യാപിക്കുന്ന ഒരുവനായി ചുരുങ്ങുകയോ? പാടില്ലാത്ത പ്രവൃത്തിയല്ലേ അത്? സഭയുടെ മക്കൾക്ക് ദൈവം ഭരമേല്പിച്ചു നൽകിയ ത്രീയേക ദൈവവിശ്വാസം ഉയർത്തി പ്പിടിക്കുക. അതിലുറച്ചു വളരുവാൻ ധൈര്യം പകരുക. മറിച്ചുള്ള ശ്രമങ്ങളെ ക്കുറിച്ച് മുന്നറിയിപ്പ് നല്കുക. ഇതെല്ലാം ഒരു നേതാവിന്റെ ചുമതലയല്ലേ? തീർച്ചയായും. വിശ്വാസത്തിന്റെ കുറ്റി ഉറപ്പിക്കുവാൻ 'ചാന്തുകൂട്ടു' നല്കുന്ന തിൽ വിജയിച്ച ഗ്രന്ഥകാരനും ഗുരുവുമായ അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താ ത്തിയോസ് തിരുമനസ്സിനോട് നന്ദിയുണ്ട്.

ദിവ്യബോധനം പ്രവർത്തനങ്ങൾക്ക് നിർലോപമായ അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായ പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പി ക്കുന്നു.

ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡന്റും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, വൈസ് പ്രസിഡന്റ് റവ. ഫാ. ഡോ. ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ-ഓർഡിനേറ്റർ ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിച്ചു വരുന്നത്.

വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതി യുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽറ്റിയിൽ നിക്ഷി പ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും അദ്ധ്യാപകരും സംഘാ ടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിൽ അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ ദൈവ ത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ദിവ്യബോധനം ഗ്രന്ഥാവലിയിൽ ആറാമ ത്തേതായ ഈ ഗ്രന്ഥം പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മറ്റിക്കു വേണ്ടി

**ഫാ. ജേക്കബ് മാത്യു** (കോ-ഓർഡിനേറ്റർ)

വാങ്ങിപ്പു പെരുന്നാൾ
ആഗസ്റ്റ് 15, 2005. പഴയസെമിനാരി

# വാങ്മുഖം

**ഓർത്തഡോക്സ്** സഭയുടെ വിശ്വാസം വി. വേദപുസ്തകാധിഷ്ഠിതവും എന്നാൽ വി. വേദപുസ്തകത്താൽ അതിർവരമ്പു വയ്ക്കപ്പെടാത്തതുമാകുന്നു. സകല സത്യത്തിലേക്കും വഴിനടത്തുന്നതു വി. വേദപുസ്തകമാണെന്ന ധാരണ വേദപുസ്തകാധിഷ്ഠിതമല്ല. സത്യത്തിന്റെ ആത്മാവാണ് സകല സത്യത്തിലേക്കും വഴിനടത്തുന്നത്. അതേ ആത്മാവ് നിബിയന്മാരിലും ശ്ലീഹന്മാരിലും പിതാക്കന്മാരിലും കൂടി പഠിപ്പിച്ച വിശ്വാസം തന്നെ ഇന്നും വളർന്നുകൊണ്ടിരിക്കുന്നതു പരിശുദ്ധാത്മ ചൈതന്യത്താലാണ്.

ഒരു ഐക്യുമെനിക്കൽ ദൈവശാസ്ത്രം ഇന്ന് ഉടലെടുത്തുകൊണ്ടിരിക്കുകയാണ്. അതിലേക്കുള്ള പ്രയാണത്തിന്റെ മാർഗരേഖകളിൽ ഒന്നായി 'വിശ്വാസദീപ്തി' അംഗീകരിക്കപ്പെട്ടാൽ ഗ്രന്ഥകർത്താവു സംതൃപ്തനായി. 'മൂന്നു വിശ്വാസസത്യങ്ങൾ', 'വിശ്വാസിയായിരിക്ക,' 'രക്ഷ ക്രിസ്തുവിൽ മാത്രമോ?' 'ദൈവമുണ്ടെന്നു തെളിയിക്കാമോ?' എന്നീ ഗ്രന്ഥങ്ങൾക്കൂടി പഠിക്കുന്നവർക്ക് ഈ ചെറുഗ്രന്ഥം ഗ്രഹിപ്പാൻ പ്രയാസം കുറയും.

'ദിവ്യബോധനം' ഗ്രന്ഥാവലിയിലെ 6-ാം പാഠപുസ്തകം ചെറുതെങ്കിലും വലിയ പഠനത്തിന് ആവശ്യമായ വിഷയങ്ങളാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇത് എഡിറ്റു ചെയ്യുന്നതിൽ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് ആബൂനും ബ. റ്റി. ജെ. ജോഷ്വാ അച്ചനും ചെയ്ത സേവനങ്ങൾക്കു നന്ദി രേഖപ്പെടുത്തുന്നു.

എന്റെ ഗ്രന്ഥം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുവാൻ വേണ്ട ശ്രദ്ധയും ഉത്സാഹവും കാണിച്ച ദിവ്യബോധനം കേന്ദ്രകമ്മറ്റിയോടും പ്രത്യേകിച്ച് എന്റെ ശിഷ്യന്മാരായ ഫാ. ഡോ. ജോൺ പണിക്കർ, ഫാ. ജേക്കബ് മാത്യു എന്നിവരോടും നന്ദിയുണ്ട്. 'വിശ്വാസദീപ്തി' അജ്ഞാനാന്ധകാരം മാറ്റുവാനും വിജ്ഞാനവിശ്വാസപ്രകാശം പരത്തുവാനും ദൈവം ഉപയോഗിക്കട്ടെ.

**ഗീവർഗീസ് മാർ ഒസ്താത്തിയോസ്**

സോഫിയാ സെന്റർ
ആഗസ്റ്റ് 15, 2005

# ഉള്ളടക്കം


പ്രസ്താവന 3

പ്രസാധകക്കുറിപ്പ് 4

വാങ്മുഖം 5


## യൂണിറ്റ് 1

## ക്രിസ്തീയ വിശ്വാസ സംരക്ഷണവാദങ്ങൾ


1. വിശ്വാസ സംരക്ഷണവാദങ്ങൾ: ഒരു ആമുഖം 9
2. വിശ്വാസ സംരക്ഷണവാദത്തിന്റെ ആവശ്യവും പ്രാധാന്യവും 13
3. വേദപുസ്തകാധിഷ്ഠിതമായ വിശ്വാസസംരക്ഷണ വാദങ്ങൾ 18
4. അപ്പോസ്തോലിക പിതാക്കന്മാരുടെ വിശ്വാസസംരക്ഷണ വാദങ്ങൾ 22
5. അറിയൂസിനെതിരായി അത്താനാസ്യോസ് 27
6. കപ്പദോക്യൻ പിതാക്കന്മാരും അഗസ്തീനോസും 31


## യൂണിറ്റ് 2

## കിഴക്കൻ സഭകൾ


1. ഓർത്തഡോക്സ് വിശ്വാസമെന്നാൽ എന്ത്? 36
2. കൽക്കദോന്യ സുന്നഹദോസ് 40
3. രണ്ടാം നിഖ്യാ വരെ 43
4. കിഴക്കും പടിഞ്ഞാറുമായുള്ള പിളർപ്പ് 47
5. ഓറിയന്റൽ സഭകളും ബൈസന്റയിൻ സഭകളും 50
6. സംവാദസംഭാഷണങ്ങളും മാനവരാശിയുടെ പുനരൈക്യ സാധ്യതകളും 53

## യൂണിറ്റ് 3

# റോമൻ കത്തോലിക്കാ സഭ


1. രണ്ടാം വത്തിക്കാനു മുമ്പും പിമ്പുമുള്ള റോമൻ കത്തോലിക്കാ സഭ 58
2. പരിശുദ്ധാത്മാവിന്റെ പുറപ്പാട് 63
3. മറിയ വിജ്ഞാനീയവും അമലോത്ഭവവും 66
4. പാപ്പായുടെ അപ്രമാദിത്വവും പരമാധികാരവും 71
5. പിരമിഡ്പോലുള്ള ഭരണക്രമം (ഹൈറാർക്കി) ശരിയോ? 76
6. ബെസ്പുർക്കാനായും (ശുദ്ധീകരണസ്ഥലം) നിത്യനരകവും 79


## യൂണിറ്റ് 4

# പ്രോട്ടസ്റ്റന്റ് വിഭാഗങ്ങൾ


1. ലൂഥറൻ വിശ്വാസം – ആഗ്സ്ബർഗ് കൺഫഷൻ 84
2. കാൽവിനും പ്രെസ്ബിറ്റേറിയൻ വിശ്വാസവും 88
3. അനാബാപ്റ്റിസ്റ്റുകാരും ബാപ്റ്റിസ്റ്റു വിഭാഗങ്ങളും 94
4. ജോൺ വെസ്ലിയും മെഥോഡിസവും 101
5. 19–ാം നൂറ്റാണ്ടിലെ ലിബറലിസം 106
6. ആധുനിക ഇവാഞ്ചലിക്കൽസ് 110

## യൂണിറ്റ് 1

# ക്രിസ്തീയ വിശ്വാസ സംരക്ഷണവാദങ്ങൾ (അപ്പോളജെറ്റിക്സ്)

### പാഠം 1

## വിശ്വാസ സംരക്ഷണവാദങ്ങൾക്ക് ഒരു ആമുഖം

❑ അസത്യം, അർദ്ധസത്യം, സത്യം ❑ വൈരുദ്ധ്യാധിഷ്ഠിത യാഥാർത്ഥ്യം
❑ അപൂർണ്ണതയും, പൂർണ്ണതയും

സത്യവിശ്വാസത്തിനെതിരായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക, സത്യവിശ്വാസത്തിനു നീതീകരണം നൽകുക, സത്യവിശ്വാസത്തിനെതിരായ ചിന്തകളെ നീക്കി സംരക്ഷിക്കുക അഥവാ പ്രതിരോധിക്കുക (defend) എന്നീ കാര്യങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

വിശ്വാസസംരക്ഷണവാദങ്ങളിൽ പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ആവശ്യമാണ്. 'വേദപുസ്തകം സകല സത്യങ്ങളിലും വഴിനടത്തു'മെന്നല്ല 'സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും' (യോഹ. 16:13) എന്നാണു കർത്താവ് അരുളിച്ചെയ്യുന്നത്. അതേ സമയത്തു വേദപുസ്തകത്തെ അടിസ്ഥാനമാക്കി വേണം വാദിക്കുവാൻ. 'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; അവന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തി' (യോഹ. 1:18). 'അവനിലല്ലോ ദൈവത്തിന്റെ സർവ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്' (കൊലോ. 2:9). ഈ വെളിപാടിന്റെ അടിസ്ഥാനം പരിത്യജിച്ചാൽ സത്യവിശ്വാസ സംരക്ഷണവാദം വെറും തർക്കശാസ്ത്രമായി അധഃപതിക്കുമെന്നു മാത്രമല്ല

'ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോദശ വന്നപോലെ
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ'

എന്ന അനിശ്ചിതാവസ്ഥയിൽ എന്നും കിടക്കേണ്ടതായും വരും.

ക്രിസ്തുയേശുവിൽ ദൈവം സ്വയം സമ്പൂർണമായി വെളിപ്പെടുത്തി

യെന്ന ഉറപ്പുണ്ടായിരിക്കുമ്പോൾ തന്നെ, ആ വെളിപാടു പൂർണമായി നാം ഗ്രഹിച്ചിട്ടില്ലെന്ന വിനയസമ്മതവും നമുക്കാവശ്യമാണ്. 'പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ. ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയണമെന്ന് അറിയേണ്ടതിന്, നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമായിരിക്കട്ടെ' (കൊലൊ. 4:6) എന്നു വി. പൗലോസും 'നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ' (1 പത്രോ. 3:15) എന്നു വിശുദ്ധ പത്രോസും പറയുന്നു. പരിശുദ്ധാത്മഫലം കായ്ക്കുന്നവർക്കു സ്നേഹത്തോടും സൗമ്യതയോടുമല്ലാതെ, വിശ്വാസസ്ഥിരീകരണപ്രക്രിയ പോലും നടത്താൻ സാദ്ധ്യമല്ല. 'കർത്താവേ, ഞാൻ വിശ്വസിക്കുന്നു, എന്റെ അവിശ്വാസത്തിന് എന്നെ സഹായിക്കണമെ' (മർക്കൊ. 9:24) എന്നു ചന്ദ്രരോഗിയുടെ പിതാവു പറഞ്ഞതുപോലെ, വിനയത്തോടെ നാം സംസാരിക്കണം. ഞാൻ വിശ്വസിക്കുന്നു എന്ന ഉറപ്പും, എന്റെ വിശ്വാസത്താലല്ല, ദൈവത്തിന്റെ കരുണയിലാണ് എന്റെ വിജയമെന്ന ഉറ്റ ബോദ്ധ്യവും ഒരുപോലെ നമുക്ക് ഉണ്ടായിരിക്കണം.

## 1. അസത്യം, അർദ്ധസത്യം, സത്യം

വസ്തുനിഷ്ഠമായ ശാസ്ത്രീയ സത്യത്തിനു പോലും മാറ്റമുണ്ടെന്ന് ഇന്നു ശാസ്ത്രം സമ്മതിക്കേണ്ടി വന്നിരിക്കുന്നു. ഐൻസ്റ്റൈന്റെ ആപേക്ഷിക സിദ്ധാന്തം (Theory of relativity) പോലും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. ആറ്റം അഥവാ അണു, വിഭജനീയമല്ലെന്ന സിദ്ധാന്തം മാറ്റി എഴുതപ്പെട്ടിരിക്കുന്നു. പഠിക്കുന്ന ആളിന്റെ അത്മനിഷ്ഠത (Subjectivity) ആ വ്യക്തി പഠിക്കുന്ന കാര്യത്തിന്റെ വസ്തുനിഷ്ഠതയെ (Objectivity) സ്പർശിക്കാതിരിക്കുന്നില്ല എന്ന സത്യം, ശാസ്ത്രം പോലും ഇന്നു സമ്മതിച്ചു കൊണ്ടിരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ആത്മനിഷ്ഠത, വസ്തുനിഷ്ഠതയെ നിയന്ത്രിക്കുന്നു എന്നു പറയാം. അതുപോലെ വസ്തുനിഷ്ഠത ആത്മനിഷ്ഠതയെയും നിയന്ത്രിക്കുന്നുണ്ട്. ദൈവം സമ്പൂർണ്ണ ആത്മനിഷ്ഠതയും വസ്തുനിഷ്ഠതയും ഉള്ളവനും, ഇവയ്ക്കു രണ്ടിനും അതീതനുമാകയാൽ, ദൈവത്തിൽ പൂർണസത്യം കാണുന്നു. ദൈവം ഇല്ല എന്നു പറയുന്നത് അസത്യവും, അവനെ നാം പൂർണമായി അറിഞ്ഞു എന്നു പറയുന്നത് അർദ്ധസത്യവുമാകുന്നു. 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു' (യോഹ. 14:6) എന്നു കർത്താവു പറഞ്ഞത്, താൻ പൂർണ ദൈവവും പൂർണ മനുഷ്യനുമാണെന്ന പൂർണസത്യത്തിന്റെ വെളിപ്പെടുത്തലാണ്.

ക്രിസ്തീയ ദൈവശാസ്ത്ര വലയത്തിൽ നിന്നുകൊണ്ടു മാത്രമേ സത്യവിശ്വാസം സ്ഥാപിക്കുവാൻ സാദ്ധ്യമാകൂ. ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനം

ത്രിത്വവിശ്വാസമാണ്. ത്രിത്വവിശ്വാസിയെ സംബന്ധിച്ചിടത്തോളം നിരീശ്വരവാദം അസത്യമാണ്. ത്രിത്വമല്ലാത്ത ഏകദൈവത്തിലും, ഏകത്വമില്ലാത്ത ത്രിമൂർത്തികളിലുമുള്ള വിശ്വാസം അർദ്ധസത്യങ്ങളാണ്. ത്രിത്വത്തിലുള്ള വിശ്വാസം മുഴുസത്യമാകുന്നു. യഹോവ മാത്രം ദൈവമെന്നോ, ക്രിസ്തു മാത്രം ദൈവമെന്നോ പരിശുദ്ധാത്മാവു മാത്രം ദൈവമെന്നോ പറയുന്നതു, ത്രിത്വമല്ലാത്ത ഏകദൈവത്തിലുള്ള വിശ്വാസമാണ്. അത് അർദ്ധസത്യമാണ്. പിതാവും പുത്രനും പരിശുദ്ധറൂഹായും ഏകത്വത്തിൽ ത്രിത്വവും, ത്രിത്വത്തിൽ ഏകത്വവുമാണെന്നു പറയുന്നതാണു ത്രിത്വവിശ്വാസം, അതു മുഴുസത്യവുമാണ്. സ്നേഹത്തിന്റെ നിത്യപ്രവർത്തന സാദ്ധ്യതയും, പൂർണതയും ത്രിത്വവിശ്വാസത്തിൽ അടങ്ങിയിരിക്കുന്നു. ദൈവം സ്രഷ്ടാവും വീണ്ടെടുക്കുന്നവനും പൂർത്തീകരിക്കുന്നവനുമാകുന്നു. ഈ നാമങ്ങൾ ദൈവത്തിന്റെ മൂന്നു പ്രവൃത്തികളെ മാത്രമല്ല ചൂണ്ടിക്കാണിക്കുന്നത്, ത്രിയേക ദൈവത്തിന്റെ ഉണ്മയിലും ആളത്തത്തിലുമുള്ള ഒരുമയും വ്യത്യാസവും കാണിക്കുന്നു (കൂടുതൽ 5-ാം പാഠത്തിൽ).

## 2. വൈരുദ്ധ്യാധിഷ്ഠിത യാഥാർത്ഥ്യം

19-ാം നൂറ്റാണ്ടിൽ സോരൻ കീർക്കിഗാർഡ് എന്ന അസ്തിത്വചിന്തകൻ ചൂണ്ടിക്കാണിച്ചതുപോലെ, യേശുക്രിസ്തു പരമ വൈരുദ്ധ്യമാകുന്നു (Supreme paradox). ജനനമില്ലാത്ത ദൈവം ജനിച്ചു എന്നും, മരണമില്ലാത്ത ദൈവം മരിച്ചു എന്നും പറയുന്നത് യുക്തിക്കു വിരുദ്ധമാണ്. അതേസമയത്തു വിശ്വാസത്തിന്റെ അന്തർദൃഷ്ടിയിൽ അതു പരമസത്യവുമാകുന്നു. യേശുക്രിസ്തു ഒരു മനുഷ്യനെന്നു തെളിയിക്കുവാൻ വിശ്വാസം ആവശ്യമില്ല. എന്നാൽ യേശുക്രിസ്തു പൂർണ ദൈവവും പൂർണ മനുഷ്യനും, ഒരേ ആളത്തവുമാണെന്നു തെളിയിക്കുവാൻ (മനസ്സിലാക്കുവാൻ), വിശ്വാസവും യുക്തിയും വേണം. 'നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട്' എന്ന് വി. പൗലോസ് പ്രാർത്ഥിക്കുന്നത്, വിശ്വാസം വർദ്ധിക്കുന്നതിനെക്കുറിച്ചാണ്. എഫെ. 1:17 നോക്കുക (പുതിയ തർജ്ജമയിൽ 'അന്തർനേത്രം തുറക്കുന്നതിന്').

വൈരുദ്ധ്യാധിഷ്ഠിത യാഥാർത്ഥ്യം യുക്തിക്ക് അതീതമാണ്. യുക്തിരഹിതമല്ല. വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ട യുക്തിയാൽ അതു ഗ്രഹിക്കപ്പെടേണ്ടതാണ്. ഭൗതികവാദത്തിൽ ഭൗതികം അഥവാ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭൂതമായ പദാർത്ഥം മാത്രമാണ് യാഥാർത്ഥ്യമെന്നു പറയുന്നു. ദൈവം പദാർത്ഥത്തിന് അതീതനാണ്. ദൈവത്തെ പഞ്ചേന്ദ്രിയം കൊണ്ടു ഗ്രഹിക്കുക സാദ്ധ്യമല്ല. ദൈവത്തിന്റെ പ്രവർത്തനത്തെ പ്രപഞ്ചത്തിൽക്കൂടി ദർശിക്കുകയാണു വേണ്ടത്. അനാദ്യന്തനും അജ്ഞേയനും, സീമാതീതനുമായ ദൈവത്തെക്കുറിച്ചു ദൈവം തന്നെ വെളിപ്പെടുത്തി തരേ

ണ്ടിയിരിക്കുന്നു. വിശ്വാസത്തിൽക്കൂടി നാം തന്റെ വെളിപാടുകളെ സ്വീകരിക്കുകയും, വിശ്വസിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ദൈവം ഉണ്ടെന്ന വിശ്വാസം സർഗാത്മകവും ഇല്ലായെന്ന വിശ്വാസം നിഷേധാത്മകവുമത്രേ.

വിശ്വാസം യുക്തിക്ക് അതീതമാണെങ്കിലും യുക്തിക്ക് എതിരല്ലെന്നു കണ്ടുവല്ലോ. ശരിയായ വിശ്വാസസത്യങ്ങൾ ദൈവിക യുക്തി കൊണ്ടു തെളിയിക്കുവാൻ സാധിക്കും.

### 3. അപൂർണ്ണതയും പൂർണതയും

ദൈവത്തെ മനുഷ്യന് ഒരിക്കലും പൂർണമായി അറിയാൻ സാദ്ധ്യമല്ലെന്നു ചില ദൈവശാസ്ത്രജ്ഞന്മാർ പഠിപ്പിക്കുന്നു. എന്നാൽ ദൈവം തന്നെ പൂർണമായി വെളിപ്പെടുത്തിയിരിക്കുന്നതിനാൽ, ദൈവത്തെ പൂർണമായി അറിയുന്നതിനുള്ള സാദ്ധ്യതയുണ്ടെന്നു മറ്റു ചില ദൈവശാസ്ത്രജ്ഞന്മാർ പഠിപ്പിക്കുന്നു. ഈ രണ്ടു ചിന്താഗതികളും ഉൾക്കൊള്ളുന്നതാണു മുമ്പ് ഉദ്ധരിച്ച യോഹ. 1:18. യേശുക്രിസ്തുവിൽ ദൈവം നമ്മുടെ തലത്തിലേക്ക് ഇറങ്ങിവന്നതിനാൽ, ദൈവത്തെക്കുറിച്ച് ആധികാരികമായ അറിവു നമുക്കു തന്നിരിക്കുന്നു. എന്നാൽ നമ്മുടെ കഴിവു പരിമിതമാകയാൽ, പൂർണജ്ഞാനത്തിലേക്ക് ഇനിയും നാം വളരേണ്ടിയിരിക്കുന്നു. അതിനു പരിശുദ്ധാത്മ വിശ്വാസമുള്ള ദൈവവചനവും, ആ ദൈവവചനം നമ്മെ ഗ്രഹിപ്പിച്ചു പൂർണതയിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവും നമ്മെ സഹായിക്കുന്നു. പരിശുദ്ധാത്മാവു സകല സത്യത്തിലും വഴി നടത്തുന്നവനാണ്.

### ചോദ്യങ്ങൾ

1. ക്രിസ്തീയ വിശ്വാസ സ്ഥാപനവാദത്തിന്റെ വ്യാപ്തി വിശദമാക്കുക?
2. വിശ്വാസവും യുക്തിയും എങ്ങനെ പൊരുത്തപ്പെടുത്താം?
3. വെളിപാടിന്റെ പൂർണതയും ധാരണയുടെ അപൂർണതയും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

## പാഠം 2

# വിശ്വാസ സംരക്ഷണവാദത്തിന്റെ ആവശ്യവും പ്രാധാന്യവും

❑ പലവിധ തെറ്റുകൾ സഭയിൽ കടന്നു കൂടുന്നു ❑ നൂതന സമീപനം വിശ്വാസ സംരക്ഷണ വാദത്തിന് ആവശ്യം ❑ ഉറച്ച വിശ്വാസവും വിശാല വീക്ഷണവും വിശ്വാസ സ്ഥാപനത്തിന് ആവശ്യം ❑ വിശ്വാസ സംരക്ഷണ വാദത്തിൽ സഭാ ഐക്യത്തിനുള്ള പ്രാധാന്യം ❑ ക്രിസ്തീയ വിശ്വാസത്തിന്റെ വിശ്വാസ്യത

### 1. പലവിധ തെറ്റുകൾ സഭയിൽ കടന്നുകൂടുന്നു

അഭക്തിയോടൊപ്പം വിശ്വാസ വൈപരീത്യവും ഉണ്ടാകുന്നു. അഭക്തിയെ തുടർന്നു സത്യവിശ്വാസത്തിൽ നിന്നു തെറ്റിപ്പോയതിന് ഉദാഹരണമാണ് അപ്പോസ്തോലിക കാലത്തെ ഹൂമനയോസും, ഫിലേത്തോസും. അവർ സത്യം വിട്ടുതെറ്റി, പുനരുത്ഥാനം കഴിഞ്ഞു എന്നു പറഞ്ഞു ചിലരുടെ വിശ്വാസം മറിച്ചുകളയുന്നു (2 തിമോ. 2:2, 16–18). പത്രോസ് ശ്ലീഹാ കള്ള പ്രവാചകന്മാരെക്കുറിച്ചും, നാശകരമായ മതഭേദങ്ങൾ നുഴയിച്ചു, തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നെ ശീഘ്ര നാശം വരുത്തുന്നവരെക്കുറിച്ചും പറഞ്ഞിരിക്കുന്നത്, 'അവരുടെ ന്യായവിധി താമസിയാതെ വരുന്നു' എന്നാണ് (2 പത്രോ. 2:1–10). ഒന്നാം നൂറ്റാണ്ടിൽ തന്നെ ജ്ഞാനവാദം (gnosticism), മനുഷ്യാവതാരം ഒരു തോന്നൽ മാത്രമാണെന്ന വാദം (doceticism) മുതലായവ സഭയിൽ ഉണ്ടായി എന്നു കാണാം. ദ്രവ്യാഗ്രഹമാണു സത്യവിശ്വാസം വിട്ടകലുവാൻ പലരെയും പ്രേരിപ്പിക്കുന്നത് (1 തിമൊ. 6:10, 2 പത്രോ. 2:3). ഇന്നും ദ്രവ്യാഗ്രഹം പലരെയും സത്യവിശ്വാസത്തിൽ നിന്നു തെറ്റിക്കുന്നു. അമേരിക്കൻ ഡോളറിനു വേണ്ടിയും, ജോലി സാധ്യതകൾക്കു വേണ്ടിയും, മാതൃസഭയെ വിട്ടു പോകുവാൻ ചിലർ പരീക്ഷിതരാകുന്നു. 'ദ്രവ്യാഗ്രഹത്താൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭമാക്കും' എന്ന പ്രസ്താവന ഇന്നും അന്വർത്ഥമാണ്.

### 2. നൂതന സമീപനം വിശ്വാസ സംരക്ഷണവാദത്തിന് ആവശ്യം

ഓരോ കാലത്തിലും അതാതു കാലത്തിനനുസരണമായ വിശ്വാസസംരക്ഷണവാദമാണു വേണ്ടിയിരിക്കുന്നത്. ആദിമസഭയിൽ മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ യേശുക്രിസ്തുവിൽ നിവർത്തിയായിരിക്കുന്നെന്ന് യഹൂദന്മാരെയും, യേശുക്രിസ്തു സാന്മാർഗിക അധഃപതനത്തിൽ നിന്നു

മനുഷ്യരെ ഉയർത്തിയിരിക്കുന്നെന്നു യവനന്മാരെയും, ബോദ്ധ്യപ്പെടുത്തുന്ന വാദങ്ങളാണ് ഉണ്ടായിരുന്നത്. മദ്ധ്യനൂറ്റാണ്ടുകളിൽ, തോമസ് അക്വിനാസിനെപ്പോലെയുള്ളവർ, ക്രിസ്തുമതം വിജ്ഞാനത്തിന്റെ പരമകാഷ്ട സ്ഥാനത്താണെന്നു തെളിയിക്കുവാൻ ഉദ്യമിച്ചു. ആയതിന് അന്നു പ്രചാരത്തിലിരുന്ന അരിസ്റ്റോട്ടിലിന്റെ തത്ത്വജ്ഞാനത്തെ അടിസ്ഥാനമാക്കി, ഒരു ക്രിസ്ത്യൻ തത്ത്വശാസ്ത്രം തന്നെ നിർമ്മിച്ചു. മാർട്ടിൻ ലൂഥർ വേദപുസ്തകത്തെ അടിസ്ഥാനമാക്കി നവീകരണം ആരംഭിച്ചപ്പോൾ അതിനെതിരായി പ്രവർത്തിച്ച റോമൻ കത്തോലിക്കർ, വേദപുസ്തകത്തെത്തന്നെ അടിസ്ഥാനമാക്കി തങ്ങളുടെ വിശ്വാസം ശരിയാണെന്നു തെളിയിക്കാൻ ശ്രമിച്ചു. 19–ാം നൂറ്റാണ്ടിലെ സ്വതന്ത്രചിന്താവാദത്തിൽ (Liberalism) അന്തർലീനമായ അർദ്ധസത്യത്തെ നേരിട്ടുകൊണ്ടു കാൾ ബാർത്ത്, എമിൽ ബ്രൂണർ ആദിയായവർ, അവരുടെ വേദശാസ്ത്രം വികസിപ്പിച്ചു. ഈ അടുത്തകാലത്ത്, വേദപുസ്തകനിരൂപണങ്ങളെ സ്വീകരിച്ചുകൊണ്ടു തന്നെ, റൂഡോൾഫ് ബുൾട്ടുമാൻ തന്റെ ഇതിഹാസ പുനർവ്യാഖ്യാനമാർഗത്തിൽക്കൂടി (demythologization) വേദപുസ്തകം ശാസ്ത്രീയ വിദ്യാർത്ഥികൾക്ക് എങ്ങനെ സ്വീകരിക്കാമെന്നു കാണിച്ചു.

ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് വന്നിരിക്കുന്ന നമ്മുടെ വാദഗതിയും, ബഹുവീക്ഷണമുള്ളതായിരിക്കണം. സമ്പന്നന്മാരെയും ദരിദ്രരെയും, എപ്രകാരം ക്രിസ്തുമതത്തിന്, എല്ലാം പങ്കിടുന്ന ഏകകുടുംബമാക്കിത്തീർക്കാമെന്ന ചോദ്യം പ്രസക്തമാണ്. സ്വാതന്ത്ര്യവും നീതിയും ഒരുമിച്ചുകൊണ്ടു പോകുവാൻ ക്രിസ്തുമതത്തിനു കഴിയുമോ എന്നു കാപ്പിറ്റലിസത്തിനും കമ്യൂണിസത്തിനും മനസ്സിലാക്കിക്കൊടുക്കണം. സാന്മാർഗിക അധഃപതനത്തിലും മൂല്യശോഷണത്തിലും നിരാശയിലും കഴിയുന്ന ആധുനിക യുവലോകത്തിന്, യേശുക്രിസ്തു പ്രത്യാശയും രൂപാന്തരവും ശക്തിയും നൽകുമെന്നു തെളിയിക്കണം. സഭകൾക്ക് ഉള്ളിലും, സഭകൾ തമ്മിലും, വഴക്കടിച്ചും സ്വാർത്ഥതയിലും കഴിയുന്ന ശോച്യാവസ്ഥ മാറി പരിശുദ്ധാത്മാവിൽ എങ്ങനെ ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായി തീരാമെന്ന് തെളിയിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. പ്രസംഗവും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടാതെ കപടതയിൽ പോകുന്ന നേതൃത്വം നീങ്ങി, ഉത്തമ മാതൃക നൽകുന്ന വ്യക്തികളും സമൂഹങ്ങളും ഉളവാക്കാൻ കർത്താവിനു സാധിക്കുമെന്നു, ജീവിതം കൊണ്ടു തെളിയേണ്ടിയിരിക്കുന്നു.

## 3. ഉറച്ച വിശ്വാസവും വിശാല വീക്ഷണവും വിശ്വാസസ്ഥാപനത്തിന് ആവശ്യം

യഥാർത്ഥ ക്രിസ്തീയ വിശ്വാസം എക്കാലത്തും ഭയരഹിതവും സ്നേഹാധിഷ്ഠിതവുമായിരിക്കും. 'വെളിച്ചത്തിന് ഇരുളിനെ ഭയമില്ല. വെളിച്ചം ഇരു

ളിൽ പ്രകാശിക്കുന്നു. ഇരുളോ അതിനെ പിടിച്ചടക്കിയില്ല... ഏതു മനുഷ്യ നെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടി രുന്നു' (യോഹ. 1:5-9). കേരളത്തിലെ ചില വിടുതൽ പ്രസ്ഥാനക്കാർക്കു 'വിശ്വാസ'മുണ്ടെന്നു പറയുന്നു. എന്നാൽ സങ്കുചിതത്വവും വിശാലവീക്ഷ ണമില്ലായ്മയുമാണ് അവരിൽ കാണുന്നത്. വിടുതൽ കിട്ടിയവർ വെളി ച്ചത്തിന്റെ മക്കളാണെന്നും, ഇരുളിൽ പാർക്കുന്നവരോടു സംസാരിക്ക പോലും ചെയ്യരുതെന്നും പറയുന്നു. ഇരുളിൽ പാർക്കുന്നവരെ എന്തിന് അവർ ഭയപ്പെടുന്നു? ഇരുളിൽ പാർക്കുന്നവരെ പ്രകാശത്തിലേക്കു കൊണ്ടു വരുന്നതിനു ചുമതലയില്ലേ? നീതിമാന്മാരെയല്ല, പാപികളെ തേടിവന്ന കർത്താവ്, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനെന്നു വിളിക്ക പ്പെട്ടവൻ, ശമര്യാക്കാരിയെ ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കു കൊണ്ടുവ രുവാൻ കിണറ്റിന്നരികെവച്ചു വെള്ളം ചോദിച്ചവൻ, ഇവർക്കു മാതൃകയ ല്ലെന്നു തോന്നുന്നു. സ്വയനീതീകരണത്തോടു കൂടിയ സമീപനം, ആരെയും ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുകയില്ല.

പരസ്പരം ആശയവിനിമയം ചെയ്യുന്ന സമീപനം (dialogue approach) മുൻകാലങ്ങളിൽ ചെയ്തുവന്ന പ്രഘോഷണ സമീപനത്തേക്കാൾ പ്രയോ ജനം ചെയ്യുന്നതാണ്. ഉറച്ച വിശ്വാസവും വിശാലവീക്ഷണവും ഉള്ളവർക്കേ ഇതു സാധിക്കൂ. വിശ്വാസപരമായ പ്രതിപാദനം സത്യത്തെ വെളിപ്പെടുത്തു വാൻ സഹായിക്കും. മുമ്പും ഇപ്പോഴും സ്വയം വ്യക്തമാക്കിത്തരുന്ന ദൈവത്തിന്റെ വചനമാണ്, യേശുക്രിസ്തുവിൽ നിർണായകമായി വ്യാപ രിക്കുന്നത്. സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുക (1 തെസ്സ. 5:21) എന്ന പ്രമാണം ഏവർക്കും സ്വീകാര്യമാണ്.

## 4. വിശ്വാസ സംരക്ഷണവാദത്തിൽ സഭാഐക്യത്തിനുള്ള പ്രാധാന്യം

വിശ്വാസപ്രമാണത്തിൽ ഐക്യതയുണ്ടാകേണ്ടത് ഇന്നിന്റെ ആവശ്യ മാണ്. എല്ലാ സഭകൾക്കും ഒരുമിച്ച് ഉപയോഗിക്കാവുന്ന വിശ്വാസപ്രമാണം ഏത് എന്നാണ് അന്വേഷിക്കേണ്ടത്. വേദപുസ്തകവും, പാരമ്പര്യവും, സഭാ ചരിത്രവും സമ്മതിക്കുന്ന വിശ്വാസപ്രമാണം വേണം. 1982 ജനുവരിയിൽ പെറുവിന്റെ തലസ്ഥാനമായ ലീമായിൽ നടന്ന എക്യുമെനിക്കൽ കുർബാ നയിൽ, 'പുത്രനിൽ നിന്നും' (filioque) എന്നുള്ള ഭാഗം വിട്ടുകളഞ്ഞ വിശ്വാ സപ്രമാണമാണു ചൊല്ലിയത്. ഇത് ഒരു പ്രധാന കാൽവെയ്പാണ് റോമൻ കത്തോലിക്കാസഭയും പ്രൊട്ടസ്റ്റന്റ് സഭകളും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 'പുത്രനിൽ നിന്നും' എന്ന ഭാഗമാണു വിട്ടുകളഞ്ഞത്. അതായതു ബൈസന്റ യിൻ ഓർത്തഡോക്സ് സഭകളും, ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ഉപയോഗിക്കുന്ന വിശ്വാസപ്രമാണമാണു ചൊല്ലിയത്. പരിശുദ്ധാത്മാവ്

പിതാവിൽ നിന്നു (മാത്രം) പുറപ്പെടുന്നു എന്ന പുരാതന വിശ്വാസാംശത്തോട്, പുത്രനിൽ നിന്നു കൂടി പുറപ്പെടുന്നു എന്നത് കൂട്ടിച്ചേർത്ത റോമൻ കത്തോലിക്കാ ചിന്താഗതിയാണ് വിശ്വാസപ്രമാണത്തിലെ ഫിലിയൊക്കെ ഭാഗം.

## 5. ക്രിസ്തീയ വിശ്വാസത്തിന്റെ വിശ്വാസ്യത (Credibility)

ക്രിസ്തീയ വിശ്വാസത്തിന്റെ വിശ്വാസ്യത വേദപുസ്തകത്തിലും സഭയുടെ പാരമ്പര്യത്തിലും ക്രിസ്തീയ അനുഭവത്തിന്റെ ഉരകല്ലിലും, ചരിത്രത്തിലെ സഭയുടെ നിലനില്പിലും വളർച്ചയിലും, ക്രിസ്തീയ പാരമ്പര്യത്തിന്റെ തുടർച്ചയിലും ദർശിക്കാം. സഹദേന്മാർ വളരെയധികം പീഡകൾ അനുഭവിച്ചിട്ടും, വിശ്വാസവിപരീതങ്ങൾ ഉണ്ടായിട്ടും, ചക്രവർത്തിമാർ എതിർത്തിട്ടും, യുക്തിവാദികൾ അക്രമിച്ചിട്ടും, നിരീശ്വരന്മാർ വിമർശിച്ചിട്ടും, നാമധേയക്രിസ്ത്യാനികൾ അകത്തുനിന്നു ബലഹീനമാക്കിയിട്ടും, ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തീയ വിശ്വാസം, അവിശ്വസനീയമായിരിപ്പാൻ സാദ്ധ്യമല്ലല്ലോ. അതിന്റെ നിലനിൽപ്പു തന്നെ അതിന്റെ അന്തർബലം വിളിച്ചറിയിക്കുന്നു.

ചില ക്രിസ്തീയ വിഭാഗങ്ങൾക്കു വിശ്വാസത്തിന്റെ ഏകപ്രമാണം വേദപുസ്തകമാണ്. വേദപുസ്തകത്തിൽ എന്തു പറഞ്ഞാലും അതെല്ലാം അന്ധമായി വിശ്വസിക്കണമെന്ന് ഇക്കൂട്ടർ പറയും. ആധുനിക വേദപുസ്തകപഠനവും നിരൂപണവും പഠിച്ചവർ വേദപുസ്തകത്തിലെ വൈരുദ്ധ്യങ്ങളെക്കുറിച്ചു തികച്ചും ബോധവാന്മാരാണ്. അവർ വേദപുസ്തകം മാത്രമാണു വിശ്വാസത്തിന്റെ ആധാരമെന്നു പറയുകയില്ല. മർക്കോ. 2:26 ഉം 1 ശമു. 21:1 ഉം നോക്കുക. ഉത്പ. 1:27 ഉം ഉത്പ. 2:7, 19, 22 ഉം നോക്കുക. വൈരുദ്ധ്യങ്ങളുടെ ചില ഉദാഹരണങ്ങളാണവ.

എന്നാൽ വേദപുസ്തകം വേണ്ടെന്നും, പാരമ്പര്യവും സഭയും മതിയെന്നും പറയുന്നതും ശരിയല്ല. വേദപുസ്തകം സഭയുടെ ആദ്യസാക്ഷ്യമെന്ന നിലയിൽ കേന്ദ്രപ്രാധാന്യമർഹിക്കുന്നു. സഭയുടെ പാരമ്പര്യത്തിന്റെ ഒരു ഭാഗമാണു വേദപുസ്തകം. അതു ദൈവനിശ്വാസിതവും (2 തിമോ. 3:16, 2 പത്രോ. 1:20) അതു പഠിപ്പിക്കേണ്ടതു സഭയുമാണ്.

സഭയുടെ പാരമ്പര്യവും വിശ്വാസത്തിന്റെ വിശ്വാസ്യതയ്ക്ക് ആവശ്യമാണ്. നിങ്ങൾ ഉറച്ചുനിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പാരമ്പര്യങ്ങൾ മുറുകെപിടിച്ചു കൊള്ളേണം (2 തെസ. 2:15) എന്നു വി. പൗലോസ് പറയുന്നു.

അന്ധവിശ്വാസികൾ സഭയിൽ കാണുമെങ്കിലും, സഭയുടെ വിശ്വാസം അന്ധമല്ല. അന്ധവിശ്വാസത്തെ സത്യവിശ്വാസമാക്കാൻ ശ്രമിച്ചാൽ, ദൈവ

ശാസ്ത്രം പരാജയപ്പെടും. വിശ്വാസം സംബന്ധിച്ച് ചോദ്യങ്ങൾക്കു വിവിധ കാലങ്ങളിൽ വിശ്വാസസ്ഥാപനവാദങ്ങൾ വഴി മറുപടി നൽകിയിരുന്നു. അങ്ങനെ ദൈവശാസ്ത്രം വളരുന്നു. അറിയോസിന്റെ വേദവിപരീതത്തെ വി. അത്താനാസ്യോസും കപ്പദോക്യൻ പിതാക്കന്മാരും അവരുടെ വാദങ്ങളിലൂടെ പരാജയപ്പെടുത്തി.

ഈ നൂറ്റാണ്ടിലും ക്രിസ്തീയ ദൈവശാസ്ത്രത്തിനു തത്ത്വചിന്തകന്മാരുടെ ഇടയിൽ സ്ഥാനവും ശ്രേഷ്ഠതയും ഉണ്ടാക്കിക്കൊടുക്കുന്നതിനു പോൾ ടില്ലിക്കിന്റെ ആശയങ്ങൾക്കു സാധിച്ചിട്ടുണ്ട്. വിശ്വാസവും ശാസ്ത്രവും എന്ന പഠനം അഖിലലോക സഭാ കൗൺസിൽ തുടർന്നുകൊണ്ടിരിക്കുന്നു. തന്നിമിത്തം ഭൗതികശാസ്ത്രം (Secular science) ദൈവശാസ്ത്രത്തിന്റെ ആവശ്യകത മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. ജീവവിജ്ഞാനീയം (Biology) ദൈവവിജ്ഞാനീയത്തിനായി (theology) ദാഹിക്കാതിരുന്നാൽ മനുഷ്യവിജ്ഞാനീയം (Anthropology) തന്നെ അപൂർണവും അപകടപൂർണവുമാകുന്നതാണ്. മനുഷ്യന്റെ സമ്പൂർണ വളർച്ചയ്ക്ക് ഇവയെല്ലാം ആവശ്യമാണ്. മനുഷ്യന്റെ ആത്യന്തികമായ ചോദ്യങ്ങൾക്ക് ഉത്തരം തരുവാൻ, വിശ്വാസസ്ഥാപനവാദപരമായ ദൈവശാസ്ത്രം ആവശ്യമാണ്. റഷ്യയിലും ചൈനയിലും വേദപുസ്തകം വീണ്ടും പ്രചാരം പ്രാപിക്കുന്നു. സഭയെ പരാജയപ്പെടുത്തിയവർ പരാജയപ്പെടുകയും സഭ വളരുകയും ചെയ്യുന്നു.

**ചോദ്യങ്ങൾ**

1. വിശ്വാസവിപരീതികൾ എങ്ങനെ ക്രിസ്തീയ വിശ്വാസത്തെ ക്ഷീണിപ്പിക്കുകയും പരോക്ഷമായി എങ്കിലും ബലപ്പെടുത്തുകയും ചെയ്യുന്നു?
2. ഹ്രസ്വവീക്ഷണത്തോടു കൂടിയ വിശ്വാസസംരക്ഷണവാദത്തിന്റെ ലക്ഷണങ്ങൾ പറയുക.
3. ആധുനികയുഗത്തിൽ വിശ്വാസത്തിന്റെ വിശ്വാസ്യത എങ്ങനെ തെളിയിക്കാം? റഷ്യയിൽ നിരീശ്വരത്വം എന്തുകൊണ്ടു വിശ്വാസത്തിനു വഴിമാറിക്കൊടുക്കുന്നു.

## പാഠം 3

# വേദപുസ്തകാധിഷ്ഠിതമായ വിശ്വാസ സംരക്ഷണ വാദങ്ങൾ

❑ വി. വേദപുസ്തകത്തിന്റെ അതുല്യ മഹിമ ❑ വേദപുസ്തകാധിഷ്ഠിതമായ വിശ്വാസ സംരക്ഷണവാദം

### 1. വി. വേദപുസ്തകത്തിന്റെ അതുല്യമഹിമ

ഇത്രയധികം ഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള മറ്റൊരു ഗ്രന്ഥം ഇല്ല. 1100 ഭാഷകളിലേക്ക് ഇത് തർജ്ജമ ചെയ്തിരിക്കുന്നു. നൂറ്റാണ്ടുകളായി പ്രതിവർഷം ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന പുസ്തകമാണിത്. മറ്റേതു മതഗ്രന്ഥത്തേക്കാളും നിരൂപണ വിഷയമാക്കപ്പെട്ടിട്ടും ഇതിന്റെ സ്വീകാര്യത കൂടിക്കൊണ്ടിരിക്കുന്നു. പല ക്രിസ്തേതരും അവരുടെ സ്വന്ത മതഗ്രന്ഥങ്ങളേക്കാൾ കൂടുതൽ ഇതു പഠിക്കുകയും, ഇതിനെ ആദരിക്കുകയും ചെയ്യുന്നു. ലോകത്തിലെ പല ഭാഷകൾക്കും ലിപികൾ ഉണ്ടാക്കപ്പെട്ടതു വേദപുസ്തക തർജമയ്ക്കു വേണ്ടിയാണ്. ഉദാ. അർമ്മീനിയൻ ഭാഷ. പല ഭാഷകളിലും അച്ചടിക്കപ്പെട്ട ആദ്യ ഗ്രന്ഥം വേദപുസ്തകമോ അതിലെ ഭാഗങ്ങളോ ആണ്.

ഇതു അനേകം വർഷങ്ങൾ കൊണ്ടു രചിക്കപ്പെട്ടതാണ്. ശലോമോൻ, പൗലോസ് മുതലായ വിജ്ഞാനികളും വി. പത്രോസ് മുതലായ നിരക്ഷരകുക്ഷികളും പല സന്ദർഭങ്ങളിലായി പരസ്പരധാരണ ഒന്നും കൂടാതെ എഴുതിയതാണ് വി. വേദപുസ്തകം. എങ്കിലും യേശുമിശിഹാ എന്ന ഏകനാഥനും ദൈവവെളിപാടുമെന്ന വിഷയമാണ് ഇതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. അത് ഒരത്ഭുതമല്ലേ? ഇതിന്റെ കാരണം എഴുത്തുകാരെയെല്ലാം നയിച്ചത് പരിശുദ്ധാത്മാവ് ആണെന്നുള്ളതാണ്.

ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും നീതിയുടെ അഭ്യസനത്തിനും പ്രയോജനമുള്ള (2 തിമോ. 3:17) ഈ ഗ്രന്ഥത്തെക്കുറിച്ച് എഴുതിയിട്ടുള്ളതുപോലെ, മറ്റൊരു പുസ്തകത്തെക്കുറിച്ചും ഇത്രയേറെ ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടില്ല. നൂറു വർഷങ്ങൾക്കു ശേഷം ആരും വി. വേദപുസ്തകം വായിക്കുകയില്ലെന്നു നിരൂപണദൃഷ്ട്യാ എഴുതിയ ഫ്രെഞ്ച് ഫിലോസഫർ വോൾട്ടയർ (1694–1778) എവിടെ ഇരുന്ന് അതെഴുതിയോ, ആ കെട്ടിടം ഇന്ന് ബൈബിൾ സൊസൈറ്റിയുടെ ഒരു ആസ്ഥാന കേന്ദ്രമാണ്. ഇംഗ്ലീഷ് ഭാഷാ സാഹിത്യം പഠിക്കുവാൻ പോലും ഇംഗ്ലീഷ് ബൈബിൾ പഠിക്കണമെന്ന കാര്യം, അനേകം പേർ ഇന്നും സമ്മതിക്കുന്നു.

വിശ്വാസികളുടെ അനുഭവം നോക്കിയാൽ വേദപുസ്തകത്തിലെ ദൈവ

വചനം ആശ്വാസദാതാവായും, ജീവസഖിയായും ബാലികാബാലന്മാർക്കു ബലമായും, യുവതീയുവാക്കന്മാർക്ക് ഉന്മേഷമായും, പ്രായമായവർക്കു പ്രത്യാശയായും, അന്ധന്മാർക്കു പ്രകാശമായും, പാന്ഥന്മാർക്കു മാർഗദർശിയായും, പാപികൾക്ക് അനുതാപജന്യമായും, ആത്മികമായി വിശക്കുന്നവർക്കു ഭക്ഷണമായും, മാനവരാശിക്കു മുഴുവനും ദൈവിക വെളിപാടായും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു (സങ്കീ. 119, യിരെ 32:31, 2 പത്രോ. 1:19-21, എബ്രാ. 5:12-14, 4:22. യോഹ. 1:1).

വേദപുസ്തകത്തിന്റെ വിശ്വാസ്യതയെക്കുറിച്ച് ചിന്തിക്കുമ്പോൾ, പഴയനിയമത്തിലെ പ്രവചനങ്ങൾ പുതിയനിയമത്തിൽ നിവൃത്തിയായിരിക്കുന്നത് ആരെയും അത്ഭുതപ്പെടുത്തും. ചുരുക്കം ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| യേശുമിശിഹായുടെ | ജനനം | യെശ. 7:14, മത്താ 1:22 |
| ” | ജനനസ്ഥലം | മീഖ. 5:2, മത്താ. 2:6 |
| ” | വിറ്റവില | സഖ. 11:13, മത്താ. 26:15 |
| ” | കഷ്ടാനുഭവം | യെശ. 53, യോഹ 12:38<br>1 പത്രോ. 2:22<br>ലൂക്കോ. 22:37 |
| ” | കുരിശിലെ നിലവിളി | സങ്കീ. 22:1, മത്തായി. 27:46 |
| ” | അങ്കിക്കു ചീട്ടിട്ടത് | സങ്കീ. 22:18, മത്തായി 27:35 |
| ” | മരണം | യെശ. 53:12, 1 കൊരി. 15:3 |
| ” | ഉയിർപ്പ് | സങ്കീ. 16:10, 1 കൊരി. 15:4 |

കർത്താവിന്റെ ഈലോക ജീവിതാന്ത്യത്തിൽ നടന്ന കാര്യങ്ങളുടെ എല്ലാ വിവരണങ്ങളും പഴയനിയമത്തിൽ സൂചനയോ പ്രവചനമോ ഉണ്ട്. ലോകത്തിൽ ജീവിച്ച മറ്റാരെക്കുറിച്ചും ഇങ്ങനെ പ്രവചിച്ചതായോ, നിവൃത്തിയായതായോ മറ്റൊരു മതഗ്രന്ഥത്തിലും കാണുന്നില്ല.

ഈ നൂറ്റാണ്ടിൽ നടന്ന പുരാവസ്തു ഗവേഷണങ്ങൾ (archaeological discoveries) വേദപുസ്തകത്തിന്റെ വിശ്വാസ്യതയെ അത്ഭുതകരമായ നിലയിൽ തെളിയിച്ചിട്ടുണ്ട്. 1947-ൽ ചാവുകടൽ തീരത്ത് കുമ്റാനിൽ കണ്ടുപിടിച്ച യെശയ്യാ പ്രവാചകന്റെ പുസ്തകചുരുളുകൾ, അന്നുവരെ ലഭ്യമായിരുന്ന പ്രതികളേക്കാൾ 1000 കൊല്ലം പഴക്കമുള്ളതായിരുന്നു. എന്നിട്ടും കുമ്റാനിൽ കണ്ടുപിടിച്ച ചുരുളുകളും മറ്റവയും തമ്മിൽ കാര്യമായ വ്യത്യാസവുമില്ലെന്നു കണ്ടുപിടിച്ചിരിക്കുന്നു. സുപ്രസിദ്ധ യഹൂദ പുരാവസ്തു ഗവേഷകനായ Nelson Glueck ഇങ്ങനെ എഴുതിയിരിക്കുന്നു: “പുരാവസ്തു

ഗവേഷണ കണ്ടുപിടുത്തം വേദപുസ്തകത്തിലെ ഒരു ഭാഗവും തെറ്റാണെന്നു തെളിയിച്ചിട്ടില്ല (Glueck Nelson, *Reverse in the Desert*, p. 31 quoted by Title Paul E. *Know why you believe*, Victor Books, 1980, p. 79, S. P. Publications, Wheaten).

## 2. വേദപുസ്തകാധിഷ്ഠിതമായ വിശ്വാസ സംരക്ഷണവാദം

വി. മത്തായിയും എബ്രായ ലേഖനകർത്താവും, യഹൂദ ക്രിസ്ത്യാനികൾക്കായി എഴുതിയതുകൊണ്ട്, പഴയനിയമത്തിലെ പലതും ഉദ്ധരിക്കുന്നുണ്ട്. എന്നാൽ പുറജാതികൾക്കായി വി. പൗലോസ് എഴുതിയ ലേഖനങ്ങളിൽ, പഴയനിയമ ഉദ്ധരണികൾ താരതമ്യേന കുറവാണ്. ആധുനിക മനുഷ്യരെ ആദ്യം വേദപുസ്തകത്തിന്റെ ആധികാരികതയിലേക്കു കൊണ്ടുവന്നിട്ട്, വിശ്വാസസ്ഥാപനവാദം നടത്തുക പ്രയാസമാണ്. എന്നാലും വേദപുസ്തകത്തെ അവഗണിച്ചു ദൈവശാസ്ത്ര പഠനം നടത്തുക സാദ്ധ്യമല്ല.

വേദപുസ്തകത്തിന്റെ ആധികാരികതയുടെ പിമ്പിൽ മൂന്നു കാര്യങ്ങൾ കാണാം.

1. പരിശുദ്ധാത്മ നിശ്വാസ്യം (2 പത്രോ. 1:21). എഴുത്തുകാർ ദൈവത്തിന്റെ വിശുദ്ധ മനുഷ്യർ ആയിരുന്നു. മേൽപറഞ്ഞ വാകൃത്തിന്റെ ചില കൈയെഴുത്തുപ്രതികളിൽ 'ദൈവത്തിന്റെ വിശുദ്ധ മനുഷ്യർ ദൈവാത്മാവിനാൽ പ്രേരിതരായിട്ട്' എന്നു കാണുന്നു.

2. വായനക്കാരും അന്തർനേത്രം തുറന്നവരായിരിക്കണം. 'പ്രാകൃത മനുഷ്യർ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവനു ദോഷത്വമാകുന്നു. ആത്മീയമായി വിവേചിക്കേണ്ടതാകയാൽ അത് അവന് ഗ്രഹിപ്പാൻ കഴിയുന്നതുമില്ല' (1 കൊരി. 2:14).

വേദപുസ്തകത്തിലെ നിത്യസത്യങ്ങൾക്കല്ലാതെ പേരുകൾക്കോ കേവലം ചരിത്ര പരാമർശങ്ങൾക്കോ അമിത പ്രാധാന്യം നൽകേണ്ടതില്ല. ഉദാ. മത്താ. 27:9, 10 വാക്യങ്ങൾ സഖറിയ 11:12, 13 ൽ നിന്ന് ഉദ്ധരിച്ചിരിക്കുന്നു. യിരെമ്യാവിൽ നിന്ന് ഉദ്ധരിക്കുന്നു എന്ന് വി. മത്തായി എഴുതിയിരിക്കുന്നത് പേര് മാറിപ്പോയതാകാം. പരിശുദ്ധാത്മാവാണ് മനുഷ്യരെക്കൊണ്ടു വേദപുസ്തകത്തിലെ പുസ്തകങ്ങൾ എഴുതിച്ചത് എന്നു വരികിലും ആ മനുഷ്യർ പരിമിതിയുള്ളവരാണെന്നും, തന്മൂലം അവർക്കു ചില തെറ്റുകൾ വന്നുകൂടാമെന്നും നാം മനസ്സിലാക്കണം. എന്നാൽ പറഞ്ഞിരിക്കുന്നതിൽ അടങ്ങിയിരിക്കുന്ന സത്യത്തിനു മാറ്റം വരുന്നില്ല. വേദപുസ്തകത്തിന്റെ ആക്ഷരീയ ദൈവനിശ്വാസ്യതയിൽ (literal inspiration) നാം വിശ്വസിക്കുന്നില്ല. ആക്ഷരീയ ദൈവനിശ്വാസ്യതയിൽ വിശ്വസിക്കുന്നവർക്ക് ഈ ഭാഗം കീറാമുട്ടിയാകും. 'അക്ഷരം കൊല്ലുന്നു. ആത്മാവോ ജീവിപ്പിക്കുന്നു' (2 കൊരി. 3:6). ഒരേ വേദഭാഗം പലവിധത്തിൽ വ്യാഖ്യാനിച്ചെന്നു

വരാം. ഇതു വി. പത്രോസിന്റെ കാലത്തും ഉണ്ടായിരുന്നു. വി. പൗലോസിന്റെ ലേഖനങ്ങളെ 'അറിവില്ലാത്തവരും അസ്ഥിരരുമായവർ, ശേഷം തിരുവെഴുത്തുകളെപ്പോലെ തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു' (2 പത്രോ. 3:15–17) എന്നു വി. പത്രോസ് പറയുന്നു. ഉദാ. ദൈവത്തിന്റെ പിതൃത്വവും മനുഷ്യജാതിയുടെ സാഹോദര്യവും വേദപുസ്തകം പഠിപ്പിക്കുന്നു എന്നു ചിലരും, അങ്ങനെ പഠിപ്പിക്കുന്നില്ലെന്നു മറ്റു ചിലരും വാദിക്കുന്നു. പാപത്താൽ മനുഷ്യജാതിക്കു പുത്രത്വം നഷ്ടപ്പെട്ടുവോ? 'എന്റെ മകൻ മരിച്ചവനായിരുന്നു. വീണ്ടും ജീവിച്ചു' എന്നാണ് മുടിയൻപുത്രന്റെ പിതാവു പറഞ്ഞത് (ലൂക്കോ. 15:24). മനുഷ്യന്റെ പാപം നിമിത്തം ദൈവത്തിന് അവനോടുള്ള സ്നേഹം കുറയുന്നില്ല. 'ദുഷ്ടന്മാർക്കും നല്ലവർക്കും താൻ മഴ പെയ്യിക്കുകയും വെയിൽ ഉദിപ്പിക്കുകയും ചെയ്യുന്നു' (മത്താ. 5:45). ദൈവം നിത്യപുത്രനായ യേശുക്രിസ്തുവിന്റെ നിത്യപിതാവാണ്. എങ്കിലും സൃഷ്ടിക്കപ്പെട്ട സകലരുടെയും പിതാവും ആകുന്നു. വേദപുസ്തകം അക്ഷരപ്രകാരം മുഴുവനും വിശ്വസിക്കുന്നവർ ചില തെറ്റായ നിഗമനങ്ങളിൽ എത്തിച്ചേരാറുണ്ട്.

സഭാപാരമ്പര്യത്തെയും വേദപുസ്തകത്തെയും മുറുകെപിടിക്കുകയും വേദപുസ്തകത്തെ സഭാപാരമ്പര്യത്തിന്റെ ഒരു ഭാഗമായി കാണുകയും ചെയ്യുമ്പോൾ വേദപുസ്തക അടിസ്ഥാനത്തിൽ വിശ്വാസസ്ഥാപനവാദം നടത്താൻ സാധിക്കും. അങ്ങനെ സഭാപിതാക്കന്മാർ ത്രിത്വവിശ്വാസമെന്ന സഭാപാരമ്പര്യത്തെ, വേദപുസ്തകാധിഷ്ഠിതമാക്കി തെളിയിച്ചു.

ദൈവിക വെളിപാടു പ്രാപിക്കുക നമ്മുടെ ലക്ഷ്യവും, മനുഷ്യാവതാരത്തിന്റെ ഉപാധിയും വി. വേദപുസ്തകം അതിന്റെ സാക്ഷിയുമാകുന്നു. ഈ സാക്ഷ്യം പഴയനിയമത്തിൽ ഭാഗികമായും പുതിയനിയമത്തിൽ പൂർണമായും നൽകപ്പെട്ടിരിക്കുന്നു (എബ്രാ. 1:1–3). പഴയനിയമത്തിലെ ക്രമപ്രവൃദ്ധമായ പ്രതീക്ഷ പുതിയനിയമത്തിൽ യേശുക്രിസ്തുവിലും പരിശുദ്ധാത്മാവിലുമാണു സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുമതം യഹൂദ മതത്തിന്റെ തുടർച്ച മാത്രമല്ല, പൂർത്തീകരണവുമാകുന്നു. ചരിത്രപരമായി പുതിയനിയമം പഴയനിയമത്തിന്റെ പ്രത്യേക പൂർത്തീകരണമാണ്. അതേ സമയത്തു താത്വികമായി പുതിയനിയമം, മാനവരാശിയുടെ മുഴുവൻ പ്രതീക്ഷയ്ക്കു ദൈവം യേശുക്രിസ്തുവിൽക്കൂടി നൽകുന്ന മറുപടിയുമാണ്. യേശുക്രിസ്തു സഭയുടെ തലയായിരിക്കുംപോലെ ലോകരക്ഷിതാവുമാണ് (കൊലൊ. 1:15–20, യോഹ. 14:6; 3:16).

## ചോദ്യങ്ങൾ

1. വേദപുസ്തകത്തിന്റെ അതുല്യത മറ്റു മതഗ്രന്ഥങ്ങളുടേതുമായി താരതമ്യപ്പെടുത്തുക.

2. വേദപുസ്തകാധിഷ്ഠിതമായ വിശ്വാസസ്ഥാപനവാദത്തിന്റെ പ്രത്യേകതകൾ ഏവ?
3. യേശുക്രിസ്തുവാകുന്ന നിത്യവചനത്തിന്റെ ആഗോള പ്രാധാന്യം വേദപുസ്തകാടിസ്ഥാനത്തിൽ തെളിയിക്കുക.

## പാഠം 4

# അപ്പോസ്തോലിക പിതാക്കന്മാരുടെ വിശ്വാസ സംരക്ഷണ വാദങ്ങൾ

❑ ആരെല്ലാമാണ് അപ്പോസ്തോലിക പിതാക്കന്മാർ? ❑ ആരെല്ലാമാണ് വിശ്വാസസ്ഥാപനവാദക്കാർ (അപ്പോളൊജിസ്റ്റുകൾ) ❑ നിരൂപണം

### 1. ആരെല്ലാമാണ് അപ്പോസ്തോലിക പിതാക്കന്മാർ?

അപ്പോസ്തോലന്മാരുടെ കാലത്തിനടുത്തു ജീവിച്ച് സഭയെ നയിച്ച പിതാക്കന്മാരാണ് 'അപ്പോസ്തോലിക പിതാക്കന്മാർ.' ഇവരിൽ ചിലരെങ്കിലും അപ്പോസ്തോലന്മാരുടെ ശിഷ്യന്മാരായിരുന്നു എന്നു കരുതാവുന്നതാണ്. ചിലരെ സംബന്ധിച്ച് അധിക വിവരങ്ങൾ അറിവില്ലാ എങ്കിലും അവരുടെ കൃതികൾ പ്രധാനമായവയാകയാൽ അവയും 'അപ്പോസ്തോലിക പിതാക്കന്മാർ' എന്ന പേരിൽ അറിയപ്പെടുന്നുണ്ട്.

#### 1. റോമിലെ മാർ ക്ലീമീസ്

റോമായിലെ മൂന്നാമത്തെ എപ്പിസ്കോപ്പാ എന്നു കരുതപ്പെടുന്നു. കൊരിന്തിലെ സഭയുടെ ഭിന്നതകൾ തീർക്കുവാൻ അദ്ദേഹം കൊരിന്ത്യർക്കെഴുതിയ ലേഖനം വളരെ പ്രശസ്തമാണ്. ഈ ലേഖനം നാലാം നൂറ്റാണ്ടു വരെയെങ്കിലും പള്ളികളിൽ ആരാധനാമദ്ധ്യേ വായിക്കുമായിരുന്നു.

#### 2. അന്ത്യോഖ്യയിലെ മാർ ഇഗ്നാത്തിയോസ് (എ. ഡി. 35–107)

ദൈവവാഹിയും തീയ്ക്കടുത്തവനുമായി (നൂറോനോ) അറിയപ്പെടുന്ന ഇഗ്നാത്യോസ് കൊല്ലപ്പെടുന്നതിനു വേണ്ടി അന്ത്യോഖ്യയിൽ നിന്നു റോമായിലേക്കു കൊണ്ടുപോയ സമയം എഴുതിയ ഏഴു ലേഖനങ്ങൾ ക്രൈസ്തവസഭാ പാരമ്പര്യത്തിന് അദ്ദേഹം നൽകിയ സംഭാവനകളാണ്. യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെന്നും, സഭയുടെ പൗരോ

ഹിത്യ ശ്രേണിയിൽ എപ്പിസ്കോപ്പാ, കശ്ശീശാ, ശെമ്മാശ്ശൻ എന്നീ മൂന്നു സ്ഥാനങ്ങൾ ഉണ്ടെന്നും ആദ്യം വ്യക്തമാക്കുന്നത് മാർ ഇഗ്നാത്യോസ് ആണ്.

### 3. ഹെർമ്മാസിന്റെ 'ഇടയൻ'

റോമിലെ ഹെർമ്മാസ് എന്ന ആളിനുണ്ടായ ദർശനത്തിന്റെ വിവരണമാണ് 'ഇടയൻ' എന്ന കൃതിയിലുള്ളത്. ക്രൈസ്തവ സാഹിത്യ ശാഖയുടെ ആദ്യഫലം എന്നറിയപ്പെടുന്ന ഈ കൃതിയിൽ സഭയെക്കുറിച്ച് ധാരാളം രൂപകങ്ങളും പ്രതീകാത്മക വിശദീകരണങ്ങളും നല്കിയിട്ടുണ്ട്.

### 4. സ്മിർണായിലെ പോളിക്കാർപ്പോസ് (എ. ഡി. 69–115)

ആദിമസഭയിൽ തിളങ്ങിനിന്ന രക്തസാക്ഷിയും 'സമൃദ്ധമായ ഫലങ്ങൾ' പുറപ്പെടുവിച്ച പിതാവുമാണ് പോളിക്കാർപ്പോസ്. പുറജാതി രാജാന്മാരുടെയും വേദവിപരീതങ്ങളുടെയും മുമ്പിൽ കർക്കശ മനോഭാവത്തോടെ നിന്നുകൊണ്ട് ക്രിസ്തുവിനെ സാക്ഷിച്ച ഈ പിതാവ് മാർക്കീയന്റെയും വാലന്റീനിന്റെയും വേദവിപരീതങ്ങളെ എതിർത്തുകൊണ്ട് രണ്ടു ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

### 5. ഹീറോപ്പോലീസിലെ പാപ്പിയസ് (എ. ഡി. 130)

ഏഷ്യാമൈനറിലെ ഹീറോപ്പോലീസിലെ ബിഷപ്പായിരുന്ന പാപ്പിയസ് അപ്പോസ്തോലന്മാരിൽ നിന്നും സഭയ്ക്കു ലഭിച്ച അലിഖിത പാരമ്പര്യങ്ങളെ ശേഖരിച്ച് ഭാവിയ്ക്കു പ്രയോജനപ്പെടുന്ന രീതിയിൽ ക്രോഡീകരിച്ചു. ഇതാണ് പാപ്പിയസിന്റെ പ്രധാന സംഭാവന. ഉയിർപ്പിനു ശേഷം ഭൂമിയിൽ ക്രിസ്തു സഹസ്രാബ്ദ വാഴ്ച നടത്തുമെന്ന തെറ്റായ ഉപദേശവും ഇദ്ദേഹം നൽകിയിട്ടുണ്ട്.

### 6. ബർണ്ണബാസിന്റെ ലേഖനം

ഒന്നാം നൂറ്റാണ്ടിന്റെ അവസാനം ജീവിച്ചിരുന്ന ഒരു അലക്സാന്ത്രിയാക്കാരനായിരിക്കണം ഈ ലേഖനത്തിന്റെ ഗ്രന്ഥകർത്താവ്. യഹൂദ മതത്തിലെ എല്ലാ പ്രതീക്ഷകളുടെയും പൂർത്തീകരണവും ലോകത്തിനു മുഴുവൻ ഒരു പുതുജീവന്റെ വാഗ്ദാനവുമാണ് ക്രിസ്തുവെന്ന് സ്ഥാപിക്കുന്ന ആദിമ വേദശാസ്ത്രകൃതിയാണ് ഈ ലേഖനം. യഹൂദസഭയിലെ മൃഗബലികളെയെല്ലാം വിമർശിക്കുകയും ന്യായപ്രമാണ ഗ്രന്ഥങ്ങൾ ക്രിസ്തുമതത്തിന് ചേരുന്നതാണെന്നു സ്ഥാപിക്കുകയും ചെയ്തു.

### 7. ഡിഡാക്കേ

ഡിഡാക്കേ എഴുതിയത് ആരാണെന്നു നിശ്ചയമില്ല. പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ പഠിപ്പിക്കൽ എന്ന രീതിയിലാണ് ഇത് രചിച്ചിരിക്കുന്നത്. 16 അദ്ധ്യായങ്ങൾ ഉണ്ട്. 1-6 അദ്ധ്യായങ്ങൾ ജീവന്റെയും മരണത്തിന്റെയും രണ്ടു വഴികൾ വിവരിക്കുന്നു. ഗിരിപ്രഭാഷണത്തിൽ നിന്ന് ഉദ്ധരണികൾ ധാരാളമായി ഈ ഭാഗത്തുണ്ട്.

7-15 അദ്ധ്യായങ്ങൾ മാമോദീസാ, ഉപവാസം, പ്രാർത്ഥന, വി. കുർബ്ബാന ഇവയെക്കുറിച്ചും പ്രവാചകന്മാർ, എപ്പിസ്കോപ്പാമാർ, ശെമ്മാശ്ശന്മാർ തുടങ്ങിയവരോട് എങ്ങനെ പെരുമാറണമെന്നതിനേക്കുറിച്ചും വിവരിക്കുന്നു. കശ്ശീശന്മാരെക്കുറിച്ച് പരാമർശമില്ല.

ബുധൻ, വെള്ളി ദിവസങ്ങളിലും വി. കുർബാന അനുഭവിക്കുന്നതിന് മുമ്പുള്ള ഒമ്പത് മണിക്കൂറും ഉപവസിക്കണമെന്ന നിഷ്ക്കർഷയുണ്ട്. മാമോദീസാ, വെള്ളത്തിൽ മുക്കിയോ മൂന്നു പ്രാവശ്യം തളിച്ചോ നടത്താമെന്നു വിവരിക്കുന്നുണ്ട്.

## 1. ആരാണു വിശ്വാസസ്ഥാപനവാദക്കാർ? (അപ്പോളോജിസ്റ്റുകൾ)

120-220 എ. ഡി. യിൽ ജീവിച്ചിരുന്നവരും, ക്രിസ്തേതര തത്ത്വചിന്തകന്മാരിൽ നിന്നു സഭയിൽ ചേർന്നവരും ക്രിസ്തീയ വിശ്വാസസംരക്ഷകരായി പ്രവർത്തിച്ചവരുമായ ഗ്രീക്കു പിതാക്കന്മാരാണ് ഇവർ. ഇവരുടെ എല്ലാ പഠിപ്പിക്കലുകളും ഒരുപോലെ സഭ അംഗീകരിച്ചു കാണുന്നില്ല. ഏതായാലും സത്യവിശ്വാസ സംരക്ഷണത്തിൽ അവരുടെ വാദങ്ങൾ ശക്തങ്ങളാണ്.

### 1. ഡയോഗ്നേറ്റസിന്റെ ലേഖനത്തിന്റെ കർത്താവ്

രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ ജീവിച്ചിരുന്ന ഒരു വിശ്വാസിയായിരിക്കണം ഗ്രന്ഥകാരൻ. പുറജാതികളുടെ മതവും യഹൂദ മതവും എന്തുകൊണ്ടു സ്വീകാര്യമല്ലെന്നു വ്യക്തമാക്കുകയും ക്രിസ്ത്യാനികൾ ലോകത്തിന്റെ ആത്മാവായി പ്രവർത്തിക്കുന്നു എന്നു സ്ഥാപിക്കുകയും ചെയ്തു.

### 2. അരിസ്റ്റിഡിസ്

അദ്ദേഹം ഒരു തത്ത്വചിന്തകനായിരുന്നു. ദൈവത്തിന്റെ അസ്തിത്വവും നിത്യതയും തെളിയിക്കുവാൻ ശ്രമിച്ചു. ഗ്രീക്കുകാരും മറ്റു മതവിശ്വാസികളും പഠിപ്പിക്കുന്നതിനേക്കാൾ ഉൽകൃഷ്ടവും പൂർണവുമായ സത്യം, ക്രിസ്തുമതം പഠിപ്പിക്കുന്നുണ്ടെന്നു താത്വികഭാഷയിൽ സമർത്ഥിച്ചു. ക്രിസ്ത്യാനി

കൾ ദൈവപ്രമാണപ്രകാരം സ്നേഹിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്തു.

**3. ജസ്റ്റിൻ മാർട്ടിയർ**

വിവിധ തത്ത്വശാസ്ത്രങ്ങളിൽ അതീവജ്ഞാനം സമ്പാദിച്ചശേഷം അദ്ദേഹം ക്രിസ്ത്യാനിയായി (130 എ. ഡി). റോമിൽ പഠിപ്പിക്കുമ്പോൾ ഒന്നാമത്തെ അപ്പോളോജി (വിശ്വാസസ്ഥാപനവാദം) എഴുതി. മാർക്കസ് ഔറീലിയസെന്ന ചക്രവർത്തിയുടെ റോമൻ സെനറ്റിനെ അഭിസംബോധന ചെയ്തു രണ്ടാം അപ്പോളോജിയും എഴുതി. യുക്തിയും വിശ്വാസവും ചേർത്തുകൊണ്ട് ആദ്യമായി വിശ്വാസസ്ഥാപനവാദമെഴുതിയത് ഇദ്ദേഹമാണ്. “ട്രൈഫോയുമായുള്ള സംഭാഷണം” എന്ന ഗ്രന്ഥത്തിൽ പഴയനിയമത്തിന്റെ (old testament) താൽക്കാലികതയും, ലോഗോസും പഴയനിയമ ദൈവവുമായുള്ള ഏകത്വവും, പുറജാതികൾക്കു യഹൂദന്മാരുടെ സ്ഥാനമെടുത്തു രക്ഷയുടെ അനുഭവത്തിലേക്കു വരുന്നതിനുള്ള ദൈവവിളിയും വിവരിച്ചിട്ടുണ്ട്. സഹസ്രാബ്ദവാഴ്ചയിൽ അദ്ദേഹം വിശ്വസിച്ചിരുന്നെന്ന് ഒരു ന്യൂനത അദ്ദേഹത്തിനുണ്ട്. രക്തസാക്ഷിയായി അദ്ദേഹം മരിച്ചു.

**4. താത്തിയാനോസ് (Tatian)**

ഗ്രീക്കു തത്ത്വജ്ഞാനിയായിരുന്ന ഇദ്ദേഹം ക്രിസ്ത്യാനിയാകുകയും, റോമിൽ വച്ചു ജസ്റ്റിൻ മാർട്ടിയറുടെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. ഗ്രീക്കുകാരോടുള്ള പ്രസംഗം (oratio ad graecos) എന്ന അപ്പോളോജിയിൽ ഗ്രീക്കു നാഗരികതയെ നിർദ്ദയം ആക്രമിക്കുകയും, അതിന്റെ തിന്മ വെളിപ്പെടുത്തുകയും സഭയുടെ വിശുദ്ധിയും മഹിമയും ഉയർത്തിക്കാണിക്കുകയും ചെയ്തു. നാലു സുവിശേഷങ്ങൾ ചേർത്തു ഡയാറ്റെസറോൺ എന്ന ഗ്രന്ഥം രചിച്ചു. അലക്സന്ത്രിയായിലെ ക്ലീമീസും മറ്റും അദ്ദേഹത്തിൽ ചില വേദവിപരീതങ്ങൾ ഉണ്ടായിരുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**5. അഥെനാഗോറസ്**

ത്രിത്വവിശ്വാസത്തെക്കുറിച്ച് ആദ്യം അപ്പൊളോജി എഴുതിയത് ഇദ്ദേഹമാണ്. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു വിശദമായ വ്യാഖ്യാനം നൽകി. വിവാഹം മരണത്താൽ പോലും വേർപിരിയപ്പെടാത്ത ബന്ധമായി അദ്ദേഹം ചിത്രീകരിച്ചു. മാർക്കസ് ഔറില്ലിയസിനും മകൻ കൊമ്മോഡസ്സിനുമായി 177-ൽ എഴുതിയ അപ്പൊളോജിയിൽ ക്രിസ്തീയ വിശ്വാസം നിരീശ്വരത്വമല്ലെന്നു വാദിച്ചിരിക്കുന്നു.

**6. അന്ത്യോക്യയിലെ തെയോഫിലോസ്**

അന്ധവിശ്വാസം കളഞ്ഞു ക്രിസ്തീയ സൃഷ്ടിശാസ്ത്രം സ്വീകരിപ്പാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ദൈവത്തിന്റെ ബുദ്ധിയായ ലോഗോസും

(വചനം) സൃഷ്ടിക്കായി ബാഹ്യമായി പ്രവർത്തിക്കുന്ന ലോഗോസും, വ്യത്യസ്തമായി ചൂണ്ടിക്കാണിച്ചു. ദൈവത്തെ ത്രിത്വമെന്ന അർത്ഥത്തിൽ triad എന്ന് ആദ്യമായി വിളിച്ചതും ഇദ്ദേഹമാണ്.

**7. തെർത്തുല്യൻ (160-220)**

പാശ്ചാത്യസഭയുടെ ആദ്യപിതാവാണ് ഇദ്ദേഹം എന്നു പറയാം. ആഫ്രിക്കയിലെ കാർത്തേജ്കാരനായിരുന്നു. 35-ാം മത്തെ വയസ്സിൽ റോമിൽ വച്ചു ക്രിസ്ത്യാനിയായി. ലത്തീനിലും ഗ്രീക്കിലും പല ഗ്രന്ഥങ്ങളും അപ്പൊളോജികളും എഴുതി. ക്രിസ്തുമതത്തിനെതിരായി ഉയർന്ന വാദമുഖങ്ങളെ ഖണ്ഡിച്ചുകൊണ്ട് 'അപ്പൊളോജറ്റിക്കം' എന്ന പുസ്തകമെഴുതി. മറ്റൊരു ഗ്രന്ഥത്തിൽ മനുഷ്യാത്മാവു ജന്മനാ ക്രിസ്തീയ സ്വഭാവത്തിലാണെന്നു വാദിച്ചു. സഭയ്ക്കാണു സത്യം ഏൽപ്പിച്ചിരിക്കുന്നതെന്നും സഭയുടെ ഗ്രന്ഥമാണു വേദപുസ്തകമെന്നും അദ്ദേഹം പഠിപ്പിച്ചിരുന്നു. പിതാവു കഷ്ടതയനുഭവിച്ചെന്നു പറയുന്ന വേദവിപരീതത്തെ ഖണ്ഡിക്കുകയും ത്രിത്വവിശ്വാസം വിശദീകരിക്കുകയും ചെയ്തു. അവസാനം മൊൻടാനിസമെന്ന വിഘടിത ഗ്രൂപ്പിൽ ചേരുന്നതിന് ഇടയായി. ആത്മാക്കൾ കുഞ്ഞുങ്ങൾക്കു പരമ്പരാഗതമായി ലഭിക്കുന്നെന്ന തെറ്റായ പഠിപ്പിക്കലാണു ഇദ്ദേഹത്തിനുണ്ടായിരുന്നത്. ഓരോ കുഞ്ഞിനും പുതിയ ആത്മാവിനെ ദൈവം സൃഷ്ടിച്ചു നൽകുന്നു എന്നതാണു സത്യവിശ്വാസം.

## 3. നിരൂപണം

രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ വിശ്വാസസ്ഥാപനവാദക്കാർ എഴുതിയ ഗ്രന്ഥങ്ങളിൽ, ദൈവശാസ്ത്രപരമായ ചില കുറവുകൾ ഉണ്ടായിരുന്നു. അതുപോലെ അപ്പോസ്തോലിക പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും കുറവുകൾ ഉണ്ടായിരുന്നു. പുത്രനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും ത്രിത്വത്തെക്കുറിച്ചും പക്വമായ ഉൾക്കാഴ്ചയുണ്ടായത് നാലും അഞ്ചും നൂറ്റാണ്ടുകളിലാണ്. പരിശുദ്ധാത്മാവിനെ പിതാവും പുത്രനും തമ്മിലുള്ള ബന്ധം മാത്രമായും, പുത്രന്റെ ആത്മാവായും, പിതാവിന്റെ ആത്മാവായും പലരും കണ്ടിരുന്നു. പിതാവിനേക്കാൾ പുത്രൻ അല്പം താണവനായിരുന്നെന്നു ചിന്തിച്ചവരും ഉണ്ടായിരുന്നു.

വിശ്വാസസ്ഥാപനവാദികളിൽ ഭൂരിപക്ഷവും യവനതത്വസംഹിതയും യവന വാഗ്മിത്വ കലയും പഠിച്ചശേഷം അതിനേക്കാൾ ഉദാത്തമായ ക്രിസ്തുമതത്തിലേക്കു മതംമാറി വന്നവരായിരുന്നതിനാൽ, വാശിയോടും ഉത്തമബോദ്ധ്യത്തോടും കൂടെ എഴുതി. അവരിൽ കാണുന്ന ചെറിയ വിശ്വാസസ്ഖലിതങ്ങൾ അല്പമായ ക്രിസ്തീയ പഠനത്താൽ ഉണ്ടായതാണ്. പഴയതിന്റെ വികൃതരൂപം കാണാൻ അവർക്കു പെട്ടെന്നു കഴിഞ്ഞെങ്കിലും പുതിയതിന്റെ ആഴം ശരിയായി ബോദ്ധ്യമായില്ലായിരുന്നു.

എഴുതപ്പെട്ട പഴയനിയമത്തെയോ പുതിയനിയമത്തെയോ മാത്രം ഉദ്ധരിച്ചായിരുന്നു ഇവർ എഴുതിയത്. യുക്തിക്ക് അതിന്റെ സ്ഥാനം അവർ കൊടുത്തിരുന്നു. ക്രിസ്തീയ അനുഭവം വ്യാഖ്യാനിക്കുന്നതിനു യുക്തിയും വേദഗ്രന്ഥവും അവർ ഉപയോഗിച്ചു. ക്രിസ്ത്യാനികളുടെ ഉന്നത ജീവിതവിശുദ്ധിയും, അതിശയനീയമായ ത്യാഗവും ധീരമരണവും ക്രിസ്തേതരരെ വലിയ തോതിൽ സഭയിലേക്ക് ആകർഷിച്ച കാലമായിരുന്നു അത്. അങ്ങനെ സഭയിൽ ചേർന്നവരുടെ കൂട്ടത്തിലെ ബുദ്ധിജീവികൾ, അവർ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ ക്രിസ്തീയ ജീവിതത്തിലേക്കു മറ്റുള്ളവരെ കൊണ്ടുവരുവാൻ എഴുതുകയായിരുന്നു.

എല്ലാ ദൈവശാസ്ത്രജ്ഞന്മാരും സഭയിലെ വിശ്വാസസ്ഥാപനവാദക്കാരായി പരിഗണിക്കപ്പെടേണ്ടതാണ്. അലൻ റിച്ചാർഡ്സൺ പറയുംപോലെ 'ഒറിഗൺ, ആഗസ്റ്റീൻ, അക്വിനാസ് മുതലായ ഏറ്റം ഉന്നതസ്ഥാനികളായ ദൈവശാസ്ത്രജ്ഞന്മാർ സഭയിലെ പ്രധാന അപ്പൊളോജിസ്റ്റുകളുമായിരുന്നു.'

### ചോദ്യങ്ങൾ

1. ഡിഡാക്കെ വായിച്ച് ആദിമ സഭാജീവിതത്തെക്കുറിച്ചു നോട്ടെഴുതുക.
2. ഭാരതത്തിൽ ഇന്ന് ഇപ്രകാരമുള്ള കൃതികൾക്കുള്ള സ്ഥാനമെന്ത്? അവ എങ്ങനെ രചിക്കപ്പെടണം?

## പാഠം 5

# അറിയൂസിനെതിരായി അത്താനാസ്യോസ്

❑ അറിയൂസിന്റെ വേദവിപരീതം ❑ വി. അത്താനാസ്യോസിന്റെ പഠിപ്പിക്കൽ ❑ വി. അത്താനാസ്യോസിന്റെ എഴുത്തുകൾ ❑ വി. അത്താനാസ്യോസിന്റെ ദൈവശാസ്ത്രം

വി. അത്താനാസ്യോസ് (295-373) അലക്സന്ത്രിയായിലെ ബിഷപ്പിന്റെ ശെമ്മാശ്ശനായിരുന്നു. നിഖ്യാ സുന്നഹദോസിൽ ഏറ്റവും അധികം വാദമുഖങ്ങൾ സംഭാവന ചെയ്ത ദൈവശാസ്ത്രജ്ഞനാണ്. സത്യവിശ്വാസത്തിനു വേണ്ടി അഞ്ചു പ്രാവശ്യം ജയിൽവാസവും നാടുകടത്തലും അനുഭവിച്ചു. അറിയോസിന്റെ വേദവിപരീതത്തെ 'എതിർക്രിസ്തുവിന്റെ മുന്നോടി' എന്നാണു വിളിച്ചത്. 'വചനത്തിന്റെ മനുഷ്യാവതാരം' എന്ന ചെറുഗ്രന്ഥം

രചിച്ചു. ക്രിസ്തുശാസ്ത്രത്തിൽ അതിപ്രാധാന്യമർഹിക്കുന്ന ഒരു ആധികാരിക ഗ്രന്ഥമത്രേ ഇത്.

## 1. അറിയൂസിന്റെ വേദവിപരീതം

1. ദൈവം മാത്രം ജനനരഹിതനും, നിത്യനും, സൃഷ്ടിയല്ലാത്തവനുമായ ദൈവമാകുന്നു. യേശുക്രിസ്തു മേൽപറഞ്ഞപോലെ ആണെന്നുവന്നാൽ അവർ സഹോദരന്മാരാകും.
2. ജ്ഞാനവും വചനവും (ലോഗോസ്) ദൈവത്തിലെ ആളത്തമല്ല, കഴിവു മാത്രമാകുന്നു.
3. ദൈവം സകലവും സൃഷ്ടിക്കുന്നതിനു മുമ്പേ, വചനത്തെ സൃഷ്ടിച്ചു, ആ വചനം ലോകത്തെ സൃഷ്ടിച്ചു.
4. വചനം അഥവാ പുത്രൻ, ഇല്ലാതിരുന്ന കാലമുണ്ടായിരുന്നു.
5. വചനമായ ക്രിസ്തു പൂർണ ദൈവമല്ല, പൂർണ സൃഷ്ടിയാണ്.
6. ക്രിസ്തുവിനു മനുഷ്യശരീരമുണ്ടായിരുന്നു. എന്നാൽ മനുഷ്യാത്മാവില്ലായിരുന്നു.
7. പരിശുദ്ധാത്മാവിനെ വചനം സൃഷ്ടിച്ചു.

## അറിയൂസ് പറഞ്ഞിരിക്കുന്നവ സ്വീകരിച്ചാൽ

(1) പിതാവും പുത്രനും ഏക സാരാംശമല്ല. (2) വി. ത്രിത്വമില്ല. (3) യേശുക്രിസ്തു പൂർണ ദൈവമല്ലെന്നു മാത്രമല്ല, പൂർണ മനുഷ്യൻ പോലുമല്ല. (4) മനുഷ്യാവതാരം ദൈവത്തിന്റേതല്ല; യേശുക്രിസ്തു അർദ്ധദൈവവും അർദ്ധ മനുഷ്യനുമാണ്. (5) ക്രിസ്തുവിനെ ആരാധിക്കുന്നതു സൃഷ്ടിയെ ആരാധിക്കുകയാണ്. (6) ദൈവസ്വഭാവം എന്തെന്നു വെളിപ്പെടുത്തുവാൻ യേശുക്രിസ്തുവിനു കഴിഞ്ഞിട്ടില്ല. (7) മനുഷ്യർക്കു വീണ്ടെടുപ്പു ഉണ്ടായിട്ടില്ല. (8) യേശുക്രിസ്തുവിനെക്കുറിച്ചു സുവിശേഷിക്കത്തക്കവണ്ണം പ്രാധാന്യമില്ല, ദൈവം നിത്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിത്യസ്നേഹമല്ല. (9) പരിശുദ്ധാത്മാവ് സൃഷ്ടിയാൽ സൃഷ്ടിക്കപ്പെട്ട സൃഷ്ടിയാണ്, എന്നെല്ലാം പറയേണ്ടതായി വരും. ചുരുക്കത്തിൽ വേദപുസ്തക സത്യങ്ങൾ നാം പരിത്യജിക്കേണ്ടി വരും.

## 2. വി. അത്താനാസ്യോസിന്റെ പഠിപ്പിക്കൽ

1. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരേ സാരാംശമാണ്.
2. യേശുക്രിസ്തു പൂർണദൈവവും പൂർണ മനുഷ്യനുമാണ്.
3. അവൻ ദാസനല്ല, ദാസരൂപം സ്വയം എടുത്തവനാണ്. ദരിദ്രനല്ല, സ്വയം ദരിദ്രനായിത്തീർന്നവനാണ്.

4. ക്രിസ്തു ദൈവത്തിന്റെ നിത്യ മഹാപുരോഹിതനും (എബ്രാ. 6:20) ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള അദ്വിതീയ മദ്ധ്യസ്ഥനും (എബ്രാ 8:6; 9:15; 12:24; 1 തിമോ. 2:5) ദൈവത്തിന്റെ പൂർണസാദൃശ്യവും (കൊലോ. 1:15f) സകല സൃഷ്ടിക്കും, കാരണഭൂതനും, സത്യമായി പിതാവിൽ നിന്നും ജനിച്ചവനും സൃഷ്ടിയില്ലാത്തവനും മരിച്ചവരിൽ നിന്ന് ആദ്യജാതനുമത്രേ (കൊലോ. 1:18).
5. നമ്മുടെ പാപത്തിൽ നിന്നു നമ്മെ രക്ഷിപ്പാൻ പാപമില്ലാത്ത ഏക പരിശുദ്ധനായ താൻ നമ്മുടെ പാപം നമുക്കുവേണ്ടി വഹിച്ചു. നമുക്കുവേണ്ടി മരിച്ചു. നമുക്കുവേണ്ടി ഉയിർത്തെഴുന്നേറ്റു. അവന്റെ നിഷ്പാപ പൂർണത വേദസാക്ഷ്യമാണ് (യോഹ. 8:46; 8:29).
6. അവനെ പിതാവു ദത്തെടുത്തതല്ല. നമ്മെ പിതാവ് അവനിൽ ദത്തെടുക്കുകയാണു ചെയ്തിരിക്കുന്നത്.
7. ദൈവം തന്നെ അവതരിച്ചു പാപത്തിനായി മരിച്ചാൽ മാത്രമേ വീണ്ടെടുപ്പ് ഉണ്ടാകുകയുള്ളു എന്നതുകൊണ്ട് മനുഷ്യാവതാരവും വീണ്ടെടുപ്പിന്റെ മരണവും അവിഭാജ്യമാണ്.
8. വി. ത്രിത്വം ഒരു രഹസ്യമെങ്കിലും പരമ യാഥാർത്ഥ്യമാണ്.

വി. അത്താനാസ്യോസിനെ 'ഓർത്തഡോക്സിയുടെ പിതാ'വെന്നു വിളിക്കാം. 'ഏക സാരാംശമായ മൂന്ന് ആളത്തം' എന്ന പഠിപ്പിക്കൽ അത്താനാസ്യോസ് ആരംഭമിട്ട ഉപദേശമാണ്. പിന്നീട് കപ്പദോക്യൻ പിതാക്കന്മാർ (വലിയ മാർ ബസ്സേലിയോസ്, നാസിയാൻസിലെ മാർ ഗ്രീഗോറിയോസ്, നിസ്സായിലെ മാർ ഗ്രീഗോറിയോസ്) അതു പൂർത്തീകരിച്ചു. അറിയൂസിന്റെ വേദവിപരീതം അല്പം വ്യത്യാസപ്പെടുത്തി, പുത്രനു പിതാവിനോടു സാമ്യമുള്ള സാരാംശമാണെന്ന് അറിയൂസിന്റെ പിൻഗാമികൾ പറഞ്ഞപ്പോൾ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏക സാരാംശം തന്നെയാണെന്നു കപ്പദോക്യൻ പിതാക്കന്മാർ ഉറപ്പിച്ചു പറഞ്ഞു. അങ്ങനെ അത്താനാസ്യോസിന്റെ പഠിപ്പിക്കലിനെ അവർ ഉറപ്പിച്ചു.

## 3. വി. അത്താനാസ്യോസിന്റെ എഴുത്തുകൾ

1. അറിയോന്യ വേദവിപരീതത്തിനെതിരായ മൂന്നു പ്രഭാഷണങ്ങൾ സുപ്രസിദ്ധമത്രേ. അറിയൂസ് എന്തു പഠിപ്പിച്ചു എന്നും വേദപുസ്തകാടിസ്ഥാനത്തിൽ അത്താനാസ്യോസ് അതിനെ എങ്ങനെ ഖണ്ഡിച്ചു എന്നും ഇതിൽ കാണാം.
2. പുറജാതികൾക്കെതിരായ രണ്ടു പുസ്തകങ്ങൾ (Two books against pagans). ഇതു നിഖ്യാ സുന്നഹദോസിനു മുമ്പ് എഴുതിയതാണ്. ഈ പേര് ജറോം ആണ് ഈ പുസ്തകങ്ങൾക്കു നൽകിയത്.

3. സെറാപ്പിയനുള്ള നാല് എഴുത്തുകൾ. ഇതിൽ പരിശുദ്ധാത്മാവിന്റെ ആളത്തം, ദൈവത്വം, പുറപ്പാട് ഇവ ഭംഗിയായി വിശദീകരിക്കുന്നു.
4. നിഖ്യാ കൗൺസിൽ ഡിക്രികളെക്കുറിച്ചുള്ള എഴുത്ത്.
5. അറിയോന്യ വേദവിപരീതത്തിനെതിരായ അപ്പൊളജി. നിഖ്യാ വിശ്വാസപ്രമാണത്തിൽ ഉപയോഗിച്ചിട്ടുള്ളതും വേദപുസ്തകത്തിൽ ഇല്ലാത്തതുമായ പദപ്രയോഗങ്ങളെ ന്യായീകരിച്ച് എഴുതിയതിന്റെ ഫലമായി നാടുകടത്തപ്പെട്ടപ്പോൾ, അത്താനാസ്യോസ് എഴുതിയ അപ്പോളജികളിൽ ഒന്നാണിത്.

## 4. വി. അത്താനാസ്യോസിന്റെ ദൈവശാസ്ത്രം

ക്രിസ്തുശാസ്ത്രവും ത്രിത്വവിശ്വാസവുമായിരുന്നു അറിയൂസ് ചോദ്യം ചെയ്തത്. അതിനാൽ അത്താനാസിയോസിന്റെ ദൈവശാസ്ത്രം ഈ രണ്ടു കാര്യങ്ങളെ അധികരിച്ചുള്ളതാണ്. മറ്റു വിഷയങ്ങളിലേക്കു കടക്കുന്നില്ല.

വേദപുസ്തകാടിസ്ഥാനമാണു തത്ത്വശാസ്ത്രത്തേക്കാൾ അദ്ദേഹം തെരഞ്ഞെടുത്തത്. വേദപുസ്തകത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാനോനിൽ ഇന്നുള്ള 66 പുസ്തകങ്ങൾ ഉൾക്കൊണ്ടിരുന്നു. അറിയൂസിന്റെ സമീപനവും വേദപുസ്തകാടിസ്ഥാനത്തിലായതിനാൽ, അതേ നാണയത്തിൽത്തന്നെ അത്താനാസ്യോസ് മറുപടി കൊടുക്കുകയാണ് ചെയ്തത്.

അത്താനാസ്യോസിന്റെ കേന്ദ്രചിന്ത രക്ഷാസിദ്ധാന്തമായിരുന്നു. അറിയൂസിന്റെ വേദവിപരീതം ശക്തിപ്പെട്ടിരുന്നുവെങ്കിൽ രക്ഷാസിദ്ധാന്തം അപകടത്തിലാകുമായിരുന്നു. മനുഷ്യാവതാരവും കുരിശുമരണവും രക്ഷയ്ക്കുള്ള ദൈവത്തിന്റെ ഏക പ്രവർത്തനത്തിന്റെ രണ്ടു വശമായല്ലാതെ രണ്ടു പ്രത്യേക പ്രക്രിയകളായി അത്താനാസ്യോസ് കണ്ടില്ല.

പരിശുദ്ധാത്മാവിന്റെ ദൈവത്വവും ദൈവത്തിൽ നിന്നുള്ള പുറപ്പാടും അത്താനാസ്യോസ് പഠിപ്പിച്ചു. പരിശുദ്ധാത്മാവു ദൈവമല്ലെങ്കിൽ, ദൈവീകരണം മനുഷ്യനു സാധ്യമാകുകയില്ലല്ലോ.

### ചോദ്യങ്ങൾ

1 അറിയൂസിന്റെയും അത്താനാസ്യോസിന്റെയും പഠിപ്പിക്കൽ വേദപുസ്തകാടിസ്ഥാനത്തിൽ വിലയിരുത്തുക.

2 അറിയൂസിന്റെ വേദവിപരീതമാണ് യഹോവാസാക്ഷികൾ പഠിപ്പിക്കുന്നത്. ചർച്ച ചെയ്യുക.

## പാഠം 6

# കപ്പദോക്യൻ പിതാക്കന്മാരും അഗസ്തീനോസും

❑ വലിയ മാർ ബസ്സേലിയോസ് ❑ നാസിയാൻസിലെ ദൈവശാസ്ത്രജ്ഞൻ മാർ ഗ്രീഗോറിയോസ് ❑ നിസ്സായിലെ മാർ ഗ്രീഗോറിയോസ് ❑ ഹിപ്പോയിലെ ആഗസ്തീനോസ് ❑ ആഗസ്തീനോസിന്റെ പഠിപ്പിക്കലുകളിൽ തിരുത്തപ്പെടേണ്ടവ

സെന്റ് ബേസിൽ (വലിയ മാർ ബസ്സേലിയോസ് - എ. ഡി. 330-379), നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് (എ. ഡി. 329-389), നിസായിലെ മാർ ഗ്രീഗോറിയോസ് (എ. ഡി. 335-394) ഈ മൂന്നു പേരെയാണു കപ്പദോക്യൻ പിതാക്കന്മാരെന്നു പറയുന്നത്. ഇവർ കിഴക്കൻ സഭയുടെ പിതാക്കന്മാരാണ്. കിഴക്കും പടിഞ്ഞാറും രണ്ടായി പിരിയുന്നതിനു മുമ്പുള്ള പിതാക്കന്മാരായതിനാൽ, പടിഞ്ഞാറൻ സഭയും ഇവരെ സഭാപിതാക്കന്മാരായി അംഗീകരിക്കുന്നു.

എന്നാൽ ഹിപ്പോയിലെ ആഗസ്തീനോസ് (354-430) കിഴക്കും പടിഞ്ഞാറും രണ്ടായി പിരിയുന്നതിനു മുമ്പുള്ള ആളായിരുന്നെങ്കിലും, പടിഞ്ഞാറൻ സഭയുടെ പിതാവായി മാത്രമാണ് അദ്ദേഹം അറിയപ്പെടുന്നത്. കിഴക്കൻ സഭകളും പടിഞ്ഞാറൻ സഭകളും രണ്ടായി പിരിയുന്നതിനുള്ള പ്രധാന കാരണം ആഗസ്തീനോസിന്റെ എഴുത്തുകളാണത്രെ. ഈ നാലു പേരെക്കുറിച്ചും സമഗ്രമായി പഠിക്കേണ്ടതാണ്.

### 1. വലിയ മാർ ബസേലിയോസ് (330-379)

അദ്ദേഹം ഒരു പരമ ഭക്തനും, അസാമാന്യ ബുദ്ധിമാനും, ദീനബന്ധുവും, സന്യാസസമൂഹ പരിഷ്ക്കർത്താവും, അറിയൂസിന്റെ വേദവിപരീതത്തിന്റെ വിഷപ്പല്ലു പറിച്ച മികച്ച ദൈവശാസ്ത്രജ്ഞനുമായിരുന്നു. അദ്ദേഹം എഴുതിയ 'പരിശുദ്ധാത്മാവിനെക്കുറിച്ച്' എന്ന കൃതി ഇന്നും ഒരു ആധികാരിക ഗ്രന്ഥമാണ്. അദ്ദേഹം കാലം ചെയ്തു രണ്ടു കൊല്ലം കഴിഞ്ഞ് (381), കുസ്തന്തീനോപ്പോലീസിൽ കൂടിയ രണ്ടാം സാർവത്രിക സുന്നഹദോസിലാണ്, അറിയൂസിന്റെ വേദവിപരീതത്തിനു കബറടക്കം നൽകിയതെന്നുള്ളത്, അദ്ദേഹത്തിന്റെ വിജയം കാണിക്കുന്നു. നിഖ്യാ വിശ്വാസപ്രമാണമെന്നു പറയുന്ന ഇന്നത്തെ വിശ്വാസപ്രമാണത്തിൽ പറയുന്ന എല്ലാ കാര്യങ്ങളും മാർ ബസ്സേലിയോസിന്റെ എഴുത്തുകളിൽ ഉള്ളവയാണ്.

പരിശുദ്ധാത്മാവിനെ പുത്രനേക്കാൾ താഴ്ത്തി എണ്ണിയവരെ എതിർത്ത്, പിതാവും പുത്രനും പരിശുദ്ധാത്മാവും, ഒരേ സാരാംശമാകയാൽ തുല്യ

സ്ഥാനമാണു വേണ്ടതെന്ന് അദ്ദേഹം പഠിപ്പിച്ചു. വി. ത്രിത്വത്തെക്കുറിച്ചു സാരാംശത്തിൽ ഒന്നും ആളത്തത്തിൽ മൂന്നും, എന്ന ശരിയായ വ്യാഖ്യാനം കൊടുത്ത മൂന്നു പിതാക്കന്മാരിൽ മുമ്പൻ, ബസ്സേലിയോസ് ആയിരുന്നു.

കപ്പദോക്യൻ പിതാക്കന്മാർ ത്രിത്വത്തിലെ ഏകത്വം പിതാവിലാണു ദർശിച്ചതെങ്കിൽ അഗസ്തീനോസ് ദർശിച്ചത് സാരാംശത്തിലാണ്. അഗസ്തീനോസിന്റെ ഈ പഠിപ്പിക്കൽ ഭാവിയിൽ റോമൻ കത്തോലിക്കാ സഭയുടെ തെറ്റായ ഒരു തീരുമാനത്തിനു വഴി ഒരുക്കി. പരിശുദ്ധറൂഹാ പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്ന് റ്റൊളിഡോ കൗൺസിൽ (589) വിശ്വാസപ്രമാണത്തിൽ ചേർക്കാൻ ഇടയായത്, ആഗസ്തീനോസിന്റെ പഠിപ്പിക്കൽ മുഖാന്തരമാണ്. ഇതു പടിഞ്ഞാറൻ സഭയും കിഴക്കൻ സഭകളും തമ്മിലുള്ള വേർപാടിനു കാരണമാകുകയും ചെയ്തു.

### 2. നാസിയാൻസിലെ ദൈവശാസ്ത്രജ്ഞൻ മാർ ഗ്രീഗോറിയോസ് (329–389)

ഇദ്ദേഹം വലിയ പണ്ഡിതനും, വാഗ്മിയും സന്യാസവര്യനും, വിശ്വാസസംരക്ഷകനുമായിരുന്നു. കുസ്തന്തിനോപ്പോലീസിലെ സുന്നഹദോസ് സമയത്ത് അദ്ദേഹത്തെ ആ പട്ടണത്തിലെ ബിഷപ്പ് ആയി നിയമിച്ചെങ്കിലും, അതേവർഷം അദ്ദേഹം ആ സ്ഥാനം രാജിവച്ചു നാസിയാൻസിലേക്കും പിന്നീടു സ്വന്തം സ്ഥലത്തേക്കും പോവുകയും അവിടെ വച്ച് അദ്ദേഹം കാലം ചെയ്യുകയും ചെയ്തു.

പരിശുദ്ധാത്മാവിനെക്കുറിച്ചും മറ്റുമുള്ള അദ്ദേഹത്തിന്റെ അഞ്ചു പ്രസംഗങ്ങൾ ഓർത്തഡോക്സ് വിശ്വാസത്തിന്റെ അപ്പോളജി (വിശ്വാസസംരക്ഷണവാദം) ആയിരുന്നു. മറ്റു രണ്ടു പേരെപ്പോലെ ഇദ്ദേഹവും ഒറിഗന്റെ ശിഷ്യനായിരുന്നു. ഗുരുവിന്റെ 'ഫിലോക്കാലിയ' എന്ന ഗ്രന്ഥം തെരഞ്ഞെടുത്തു കൂട്ടിച്ചേർത്തത്, ബസ്സേലിയോസും ഇദ്ദേഹവും കൂടിയായിരുന്നു. അപ്പോല്ലിനേറിയസത്തിന് എതിരായ എഴുത്തുകളും, അതിനുംപുറമെ അനേക പദ്യങ്ങളും ഇദ്ദേഹത്തിന്റേതായി നമുക്കു ലഭിച്ചിട്ടുണ്ട്.

ഒറിഗനെപ്പോലെ താത്വികമായി ചിന്തിക്കാൻ ഇദ്ദേഹവും പ്രാപ്തനായെങ്കിലും ഒറിഗന്റെ തെറ്റുകളിൽ ചെന്നു ചാടിയില്ല. ത്രിത്വവ്യാഖ്യാനത്തിൽ മറ്റു രണ്ടുപേരെപ്പോലെ ഇദ്ദേഹത്തിനും അദ്വിതീയ സ്ഥാനമാണുള്ളത്.

തന്നേക്കാൾ പത്തു വർഷം മുമ്പു കാലം ചെയ്ത തന്റെ സതീർത്ഥ്യനും, ഉറ്റമിത്രവും ആരാധ്യപുരുഷനുമായിരുന്ന ബസ്സേലിയോസിന്റെ മരണാനന്തരം നടത്തിയ ചരമപ്രസംഗം, അനിതരസാധാരണവും ഉജ്ജ്വലവുമായിരുന്നു. ബസ്സേലിയോസ് എത്ര വലിയ മഹാനായിരുന്നു എന്ന് ആ പ്രസംഗം വ്യക്തമാക്കി. സഭാവിശ്വാസ സംരക്ഷണത്തിൽ മൂവരും ഒരുപോലെ പോരാടി വിജയിച്ചു.

### 3. നിസായിലെ മാർ ഗ്രീഗോറിയോസ് (335-394)

വലിയ മാർ ബസ്സേലിയോസിന്റെ ഇളയ സഹോദരനായിരുന്നു ഇദ്ദേഹം. പ്രസംഗകല പഠിച്ചശേഷം സ്വസഹോദരൻ സ്ഥാപിച്ച ഒരു സന്യാസ സമൂഹത്തിൽ ചേർന്നു. കുസ്തന്തീനോപോലീസിലെ സാർവത്രിക സുന്നഹദോസിൽ (381) നിഖ്യാ വിശ്വാസത്തിനു വേണ്ടി വാചാലമായി വാദിച്ചു. വലിയ വാഗ്മിയായിരുന്നതിനാൽ, പല സ്ഥലങ്ങളിലും പോയി ക്രിസ്തീയ പ്രഭാഷണങ്ങൾ നടത്തി. അറിയൂസിന്റെ വേദവിപരീതം സ്വീകരിച്ച യൂനോമിയസിനും, യേശുവിന്റെ മനുഷ്യാത്മാവിനു പകരം ലോഗോസ് ആയിരുന്നെന്നു പഠിപ്പിച്ച അപ്പൊല്ലിനാറിസിനും, എതിരായി എഴുതി. വിശ്വാസ പഠിതാക്കൾക്കു തന്റെ സുപ്രസിദ്ധ പ്രസംഗങ്ങളിൽ വി. ത്രിത്വം സ്ഥാപിച്ചുറപ്പിച്ചു. അതേ പ്രസംഗപരമ്പരയിൽ മനുഷ്യാവതാരം, വീണ്ടെടുപ്പ്, മാമോദീസാ, കുർബാന മുതലായ വിഷയങ്ങൾ, വിശ്വാസപഠിതാക്കളെ എങ്ങനെ പഠിപ്പിക്കണമെന്നു പഠിപ്പിച്ചു. മോശയുടെ ജീവചരിത്രവും, സഭാപ്രസംഗി, ഉത്തമഗീതം, കർതൃപ്രാർത്ഥന, ഗിരിപ്രഭാഷണത്തിലെ ഭാഗ്യവാന്മാർ ഇവയെക്കുറിച്ചുള്ള വ്യാഖ്യാനഗ്രന്ഥങ്ങളും സന്യാസ ജീവിതത്തെക്കുറിച്ചുള്ള അപ്പൊളൊജിയും എഴുതി.

പുത്രന്റെ നിത്യജനനം, പരിശുദ്ധാത്മാവിന്റെ പുറപ്പാട് എന്നിവ വ്യത്യസ്തമായി കാണിച്ച് അദ്ദേഹം പഠിപ്പിച്ചു. ത്രിത്വത്തിൽ രണ്ടാമൻ കന്യകമറിയാമിൽ നിന്ന് ജനിച്ചതിനാൽ, മറിയാമിനെ ദൈവപ്രസവിത്രി എന്നു വിളിക്കണമെന്നു പഠിപ്പിച്ചു. ഒറിഗനെപ്പോലെ തെറ്റായ ചില പഠിപ്പിക്കലുകളും ഉണ്ടായിരുന്നു. അന്തിമമായി നരകത്തിലെ ആത്മാക്കളും പിശാചുക്കളും ദൈവത്തിലേക്കു മടങ്ങിവരുമെന്നു പഠിപ്പിച്ചതു ശരിയല്ല.

### 4. ഹിപ്പോയിലെ അഗസ്തീനോസ് (354-430)

New Catholic Encyclopaedia ഇദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ വിലയിരുത്തിയിരിക്കുന്നു. 'വി. അഗസ്തീനോസിന്റെ വലിയ ബുദ്ധിശക്തിയും, ആഴമായ ആത്മീയ ദർശനവും കൂടാതെ, നമുക്കു സുപരിചിതമായ വിധത്തിൽ പാശ്ചാത്യ ദൈവശാസ്ത്രം രൂപമെടുക്കുകയില്ലായിരുന്നു. ആഫ്രിക്കയിൽ ഹിപ്പോയിലെ ബിഷപ്പ് ആയിരുന്നു അദ്ദേഹം. മനുഷ്യരാശി മുഴുവൻ ഒരു പാപക്കട്ടിയെന്ന നിഗമനത്തിൽ അദ്ദേഹം വന്നു ചേർന്നതിന്റെ പശ്ചാത്തലം ശ്രദ്ധിച്ചാൽ മനസ്സിലാക്കാം. വസ്തു പാപമാണെന്ന മാനിക്കിയൻ ചിന്താഗതിയിൽ 9 വർഷം ജീവിക്കാനിടയായി. ഒരു വെപ്പാട്ടിയോടു കൂടി 15 വർഷം ദുർമാർഗത്തിൽ ജീവിച്ച് ഒരു കുട്ടിയുടെ പിതാവായി. ഇങ്ങനെ ലൈംഗികാസക്തനായി ജീവിക്കുവാൻ ഇടയായി എങ്കിലും മാനസാന്തരപ്പെട്ട് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ വിശുദ്ധ പാതയിലേക്ക് തിരികെ വന്നു.

(1) Confessions (ഏറ്റുപറച്ചിലുകൾ) എന്ന പേരിൽ തന്റെ ജീവിതരഹസ്യങ്ങൾ എഴുതിയ പുസ്തകവും (2) City of God (ദൈവപട്ടണം) എന്ന പേരിൽ എഴുതിയ 22 പുസ്തകങ്ങളും, അദ്ദേഹത്തിന്റെ അപാരപാണ്ഡിത്യവും വിശ്വാസത്തിന്റെ ആഴവും വ്യക്തമാക്കുന്നു. (3) വി. ത്രിത്വമെന്ന (De Trinitati) സുപ്രധാന കൃതി 15 പുസ്തകങ്ങളിലായി എഴുതിയിരിക്കുന്നു. അത് പാശ്ചാത്യ ത്രിത്വ ഉപദേശസാരമായി ഇന്നും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ആദാമ്യ വീഴ്ച, ജന്മപാപം, മുൻനിർണയം, കൃപയിൽ മാത്രമുള്ള രക്ഷ മുതലായ ഉപദേശങ്ങൾ പ്രധാനമായും ഒരു ബ്രിട്ടീഷ് സന്യാസിയായിരുന്ന പെലെഗിയസിന്റെ (എ. ഡി. 410) അർദ്ധസത്യങ്ങൾക്കെതിരായി എഴുതിയ അർദ്ധസത്യങ്ങളായി പരിഗണിക്കാം. മാമോദീസാ മുങ്ങാതെ മരിച്ച കുട്ടികൾ കുട്ടിനരകത്തിൽ പോകുമെന്ന് അദ്ദേഹം പഠിപ്പിച്ചതും, ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ലൈംഗികജീവിതം പാപപങ്കിലമാണെന്നും, അതിന്റെ അടിസ്ഥാനത്തിൽ ജന്മപാപമുണ്ടെന്നും അദ്ദേഹം പഠിപ്പിച്ചു. ഇതു തെറ്റാണ്.

### 5. അഗസ്തീനോസിന്റെ പഠിപ്പിക്കലുകളിൽ തിരുത്തപ്പെടേണ്ടവ

(1) ആദാമ്യ വീഴ്ചയാൽ, മാനവരാശി ഒരു പാപക്കട്ടിയായി (lump of sin) അധഃപതിച്ചെന്ന് അഗസ്തീനോസ് പറയുന്നു. കിഴക്കൻ സഭകൾ പറയുന്നത് ആദാമ്യ വീഴ്ചയാൽ ദൈവസാദൃശ്യം വികൃത രൂപത്തിലായെങ്കിലും അതു നഷ്ടപ്പെട്ടിട്ടില്ല എന്നാണ്.

ജന്മപാപം മാതാപിതാക്കന്മാരുടെ കാമത്താലുള്ളതാണെന്നും ആ ജന്മപാപത്തെ കഴുകിക്കളയുന്നതിനാണത്രെ മാമോദീസാ എന്നും അഗസ്തീനോസ് പഠിപ്പിച്ചു. ഇതു ശരിയല്ല. 'വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവുമായിരിക്കട്ടെ' (എബ്രാ. 13:4) എന്ന് എബ്രായ ലേഖന കർത്താവ് പറയുന്നു. 'പാപത്തിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിച്ചു' (സങ്കീ. 51:5) എന്നതിന്റെ അർത്ഥം പാപിയായിരുന്ന അവസ്ഥയിലാണു മാതാവു എന്നെ ഗർഭം ധരിച്ചത് എന്നാണ്. ആദാമ്യപാപം പാപത്തിന്റെ സാർവത്രികതയെ കാണിക്കുന്നതല്ലാതെ അതു മൂലം ജന്മപാപം ഉണ്ടാകുന്നതായി സൂചിപ്പിക്കുന്നില്ല. മാമോദീസാ ക്രിസ്തുവിനോട് ഒട്ടിച്ചേർക്കുവാനാണ്.

(2) വി. ത്രിത്വത്തിലെ യോജിപ്പു സാരാംശത്തിലാണെന്ന് അഗസ്തീനോസ് പഠിപ്പിച്ചു. പിതാവിലാണു യോജിപ്പെന്നു കിഴക്കൻ സഭകൾ പഠിപ്പിക്കുന്നു. കിഴക്കൻ സഭകൾ പഠിപ്പിക്കുന്നതനുസരിച്ച് പിതാവിൽ നിന്നു പരിശുദ്ധ റൂഹാ പുറപ്പെടുന്നെന്ന വേദപുസ്തകത്തിലെ വാക്യം അർത്ഥവത്താകുന്നു.

(3) രക്ഷ, കൃപയാൽ മാത്രമെന്ന് അഗസ്തീനോസ് പഠിപ്പിച്ചു. എന്നാൽ വി. പൗലോസ് പറയുന്നതു 'കൃപയാലല്ലൊ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്' (എഫേ. 2:8) എന്നാണ്. 'പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാണെന്നു' (യാക്കോ. 2:26) വി. യാക്കോബും പറയുന്നു. തടഞ്ഞു നിർത്താൻ പാടില്ലാത്ത കൃപ (irresistable grace) എന്ന് അഗസ്തീനോസ് പറയുമ്പോൾ, മനുഷ്യന്റെ പ്രതികരണത്തിനു സ്ഥാനമില്ലെന്നു വരുന്നില്ലേ? കൃപയും വിശ്വാസവും പ്രവൃത്തിയും ദൈവത്തിന്റെ ദാനമായിരിക്കുമ്പോൾ തന്നെ, മനുഷ്യന്റെ സഹകരണവും രക്ഷയ്ക്ക് ആവശ്യമാണ്.

4. മഹത്ത്വപ്രത്യാശയിലേക്കു മുൻനിർണയിച്ചവർ മാത്രമേ രക്ഷ പ്രാപിക്കൂ. അല്ലാത്തവർ അർഹമായ ശിക്ഷാവിധി അനുഭവിക്കും എന്ന് (മുൻനിർണയ) അഗസ്തീനോസ് പഠിപ്പിച്ചു. കാൽവിനും ഈ ഉപദേശം സ്വീകരിച്ചു. അങ്ങനെയെങ്കിൽ സുവിശേഷവേലയിൽക്കൂടി മനുഷ്യരെയെല്ലാം രക്ഷയിലേക്കു കൊണ്ടുവരണമെന്നത് എങ്ങനെ പറയാൻ സാധിക്കും? ഇസ്ലാം മതത്തിലെ 'കിശ്മത്തി'നോടല്ലാതെ (അള്ളാഹുവിന്റെ മുൻനിശ്ചയം) ക്രിസ്തീയ ദൈവശാസ്ത്രത്തോട് ഇതു പൊരുത്തപ്പെടുന്നതല്ല.

## ചോദ്യങ്ങൾ

1. മഹാനായ അത്താനാസ്യോസിന്റെയും കപ്പദോക്യൻ പിതാക്കന്മാരുടെയും പ്രധാന ഉപദേശങ്ങൾ സംഗ്രഹിച്ചെഴുതുക.
2. അഗസ്തീനോസ് ഇട്ടിരിക്കുന്ന അടിസ്ഥാനത്തിൽ നിന്നും പാശ്ചാത്യ സഭയെ മാറ്റുവാൻ കപ്പദോക്യൻ ദൈവശാസ്ത്രം ശക്തമോ?
3. കപ്പദോക്യൻ പിതാക്കന്മാരുടെ ത്രിത്വോപദേശം ഭാരത ഹൈന്ദവ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുക.

# യൂണിറ്റ് 2

# കിഴക്കൻ സഭകൾ

## പാഠം 1

## ഓർത്തഡോക്സ് വിശ്വാസമെന്നാൽ എന്ത്?

❑ സഭാവിഭാഗങ്ങൾ ഏവ? ❑ ഓർത്തഡോക്സി എന്നാൽ എന്ത്? ❑ ഓർത്തഡോക്സി എങ്ങനെ വളരുന്നു? ❑ കൽക്കദോന്യ സുന്നഹദോസ്?

### 1. സഭാവിഭാഗങ്ങൾ ഏവ?

ദൈവശാസ്ത്രപരമായി സഭകളെ മൂന്നു വിഭാഗങ്ങളായി തിരിക്കാം: (1) റോമൻ കത്തോലിക്കാ സഭ (2) ഓർത്തഡോക്സ് സഭകൾ (3) പ്രൊട്ടസ്റ്റന്റ് സഭകൾ. ആധുനികകാലത്ത് വ്യക്തിതാല്പര്യത്താൽ അനേകം സഭാവിഭാഗങ്ങൾ ഉടലെടുക്കുന്നുണ്ട് എങ്കിലും സഭാഗാത്രത്തിലെ പ്രധാന വിഭാഗങ്ങൾ ഉണ്ടായിവന്നത് ദൈവശാസ്ത്രപരമായ കാഴ്ചപ്പാടുകളുടെ വ്യത്യാസത്തിലായിരുന്നു.

ക്രിസ്തുവിന്റെ ആളത്തത്തെ സംബന്ധിച്ചുണ്ടായ ഭിന്നതയാണ് ആദ്യത്തെ വലിയ വിഭജനത്തിനു കാരണമായത്. എ. ഡി. 451 ലെ കൽക്കദോന്യ സുന്നഹദോസ് അതിന് പ്രധാന വഴിത്തിരിവുണ്ടാക്കി.

യേശുക്രിസ്തുവിന്റെ ആളത്തത്തിലെ ദൈവത്വം മനുഷ്യത്വം എന്നീ സ്വഭാവങ്ങളുടെ കൂടിച്ചേരൽ സംബന്ധിച്ച് അവ രണ്ടായി തന്നെ നിലകൊണ്ടിരുന്നു എന്നു നിശ്ചയിച്ച സുന്നഹദോസാണ് കൽക്കദോന്യ സുന്നഹദോസ് (വിശദീകരണം അടുത്ത പാഠത്തിലുണ്ട്).

എ. ഡി. 451-ലെ കൽക്കദോന്യ സുന്നഹദോസ് സ്വീകരിച്ച റോമൻ കത്തോലിക്കാ സഭയും ബൈസന്റയിൻ സഭകളും ഒരു വശത്തും, ആ സുന്നഹദോസ് സ്വീകരിക്കാത്ത ഓറിയന്റൽ സഭകൾ മറുവശത്തുമായി ക്രിസ്തുവിന്റെ ആളത്തത്തെ സംബന്ധിച്ചുണ്ടായ ഭിന്നതയാണ് ആദ്യത്തെ വലിയ സഭാവിഭജനത്തിനു കാരണമായത്. അതുവരെയുള്ള സഭയുടെ സ്വഭാവവും വളർച്ചയും എല്ലാവർക്കും സ്വീകാര്യമാകാൻ പ്രയാസമില്ലാത്തതാണ്.

പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസത്തിന്മേൽ എ. ഡി. 1054-ൽ റോമൻ കത്തോലിക്കാ സഭ ഒരു വശത്തും ബൈസന്റയിൻ സഭകൾ മറുവശത്തുമായി ഉണ്ടായ ഭിന്നതയാണ് അടുത്ത വലിയ തിരിവിന് കാരണം. ഇതിന്റെ പേരിൽ മാർപാപ്പായും കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസും പരസ്പരം മുടക്കി.

നവീകരണത്തിന്റെ ഫലമായി റോമൻ കത്തോലിക്കാ സഭയും നവീകരണക്കാരും തമ്മിൽ പിരിഞ്ഞു. ലിയോ പാപ്പാ, മാർട്ടിൻ ലൂതറിനെ 1531-ൽ മുടക്കി.

റോമൻ കത്തോലിക്കാസഭയിൽ പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ പാപ്പാ പരമാധികാരിയും ആഗോളതലവനും അപ്രമാദിത്വം ഉള്ള വ്യക്തിയുമാണെന്നു കരുതപ്പെടുന്നു. വേദപുസ്തകത്തെപ്പോലെ തന്നെ പാരമ്പര്യം, കാനോൻ എന്നിവയെ അടിസ്ഥാന പ്രമാണങ്ങളായി കാണുന്നു. കന്യകമറിയാമിന്റെ അമലോത്ഭവം, ബെസ്പൂർക്കാന ഉണ്ടെന്ന വിശ്വാസം, വി. കുർബാനയിലെ വസ്തുമാറ്റ സിദ്ധാന്തം എന്നിവയൊക്കെ റോമൻ കത്തോലിക്കാ സഭയുടെ പ്രത്യേക പഠിപ്പിക്കലുകളാണ്.

പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരാകട്ടെ മേൽപറഞ്ഞ കത്തോലിക്കാ വിശ്വാസത്തെ അപ്പാടെ ചോദ്യം ചെയ്തു. ഓരോ വിശ്വാസിയും കർത്താവിൽ നിന്നും നേരിട്ട് അധികാരമുള്ള ആളാണെന്നും സമൂഹത്തേക്കാൾ വ്യക്തികളുടെ സ്വതന്ത്ര ചിന്തയ്ക്കാണു പ്രാധാന്യം എന്നും അവർ വിശ്വസിച്ചു. വേദപുസ്തകത്തിനു പരമാധികാരവും ആക്ഷരികമായ അപ്രമാദിത്തവും നൽകി വേദപുസ്തകം പറയുന്നതു മാത്രം സത്യം എന്നും വചനം പ്രസംഗിക്കപ്പെടുന്നിടത്തു സഭയുണ്ടെന്നും പഠിപ്പിച്ചു. ഭൂരിപക്ഷ തീരുമാനത്തോടെ ജനങ്ങൾ ഭരിക്കുന്ന സംവിധാനമാണിത്. സുവിശേഷ പ്രവർത്തനം പ്രധാന ജീവിതശൈലിയായിക്കരുതി അപ്പോസ്തോലിക പിൻതുടർച്ച, പട്ടത്വം എന്നിവ ആവശ്യമില്ലെന്നു പഠിപ്പിച്ചു. പരിശുദ്ധന്മാരെ ബഹുമാനിക്കുന്നതും വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അവരോടു മദ്ധ്യസ്ഥത യാചിക്കുന്നതും തെറ്റാണെന്നും ഇക്കൂട്ടർ പഠിപ്പിച്ചു.

ഓർത്തഡോക്സ് സഭകൾ, ശ്ലീഹന്മാർക്കെല്ലാം തുല്യ അവകാശം ഉള്ളതായി കരുതുന്നു. വ്യക്തിയേക്കാൾ കൂടുതൽ സഭ മുഴുവനായി പ്രാധാന്യം കല്പിക്കുന്നു. മേൽപട്ടക്കാരും ജനങ്ങളും കൂടുമ്പോഴാണു സഭയുടെ പൂർണതയാകുന്നത്. ജനങ്ങൾക്കു മാത്രമോ പട്ടക്കാർക്കു മാത്രമോ ആയി വേർതിരിച്ചു സഭാകാര്യങ്ങൾ നടത്തപ്പെടുന്നില്ല. സഭയ്ക്കു മുഴുവനുമാണ് പരമാധികാരം. ദേശീയ സഭയ്ക്കു സ്വതന്ത്രമായ ഭരണസംവിധാനം അനുവദിക്കുന്നു. സഭയുടെ സുന്നഹദോസിന് വിധേയമായി മേൽപ്പട്ടക്കാരും പട്ടക്കാരും ജനങ്ങളും പ്രവർത്തിക്കുന്നു. ആരാധനയ്ക്കും ആത്മീയജീവിതത്തിനും മുൻതൂക്കം കല്പിക്കുന്നു. ദേശീയ സംസ്കാരം ഉൾക്കൊണ്ട് ആരാധനയിലും ഭാഷയിലും ഭരണക്രമത്തിലുമൊക്കെ ആവശ്യമായ ക്രമീകരണങ്ങൾ കാലാകാലങ്ങളിൽ ചെയ്യുന്നതിന് ഓർത്തഡോക്സ് സഭകൾക്കു സ്വാതന്ത്ര്യമുണ്ട്. വിശുദ്ധരോടും വിശുദ്ധർക്കു വേണ്ടിയും സഭ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

## 2. ഓർത്തഡോക്സി എന്നാൽ എന്ത്?

അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ, 'ഓർത്തോസ്' എന്നതിന്, ശരിയായുള്ളത്, നേരെയുള്ളത് എന്നും, 'ഡോക്സ' എന്നതിനു സ്തുതിയെന്നും അർത്ഥം. 'സ്തുതി ചൊവ്വാക്കപ്പെട്ട' എന്നാണു പഴയ തർജമ. 'സത്യവിശ്വാസമുള്ള' എന്ന അർത്ഥമാണ് ഇതിനുള്ളത്. ഓർത്തഡോക്സിയിൽ നിന്നും തള്ളപ്പെട്ടവയാണ് വേദവിപരീതങ്ങൾ (Heresies). ശീശ്മോപദേശങ്ങൾ അഥവാ തർക്കങ്ങൾ (Schisms) ഓർത്തഡോക്സിയിൽ നിന്നും അന്യപ്പെട്ടതെങ്കിലും, വിശ്വാസവിപരീതമായി ശപിക്കപ്പെട്ടവയല്ല.

കാതോലികമെന്ന വാക്ക് ഓർത്തഡോക്സ് എന്ന അർത്ഥത്തിലും, ആദിമസഭയിൽ ഉപയോഗിച്ചിരുന്നു. കാതോലികമെന്ന വാക്കിന്റെ അർത്ഥം 'സാർവത്രികം' എന്നാണ്.

സത്യസഭയുടെ മുഴുവനും സത്യമായ വിശ്വാസമാണ് ഓർത്തഡോക്സി. അത് അതിന്റെ പൂർണതയിൽ കിഴക്കൻസഭകൾ അവകാശപ്പെടുന്നുണ്ട്. പക്ഷേ, അതു തെളിയിക്കേണ്ടിയിരിക്കുന്നു. സഭകളുടെ പുനരൈക്യത്തിനു സത്യവിശ്വാസം തെളിയിക്കേണ്ടത് ആവശ്യമാണ്. ഓർത്തഡോക്സ് സഭകളിൽ പോലും യഥാർത്ഥ ഓർത്തഡോക്സി ഇനിയും പൂർണതയിലേക്കു വളരേണ്ടതുണ്ട്.

നിഖ്യാ വിശ്വാസപ്രമാണം ഓർത്തഡോക്സിയുടെ ഉരകല്ലായതിനാൽ, പരിത്യജിക്കാനാവില്ല. വി. വേദസാക്ഷ്യം അപ്രകാരം തന്നെ ഓർത്തഡോക്സിയുടെ ഉരകല്ലാണ്. സഭയുടെ ഇതപര്യന്തമുള്ള ചരിത്രത്തിൽ 3, 4, 5 എന്നീ നൂറ്റാണ്ടുകൾ വിശ്വാസവിപരീതങ്ങളുടെ ശക്തിയായ കാറ്റടിച്ചതിനാൽ, അന്ന് ഓർത്തഡോക്സി (സത്യവിശ്വാസം) പ്രത്യേകം നിർവചിക്കപ്പെടുകയും, വേദവിപരീതികൾ മുടക്കപ്പെടുകയും ചെയ്തു. പുനരൈക്യത്തിന്റെ ഈ കാലഘട്ടത്തിൽ, ഓർത്തഡോക്സിയും ഓർത്തോപ്രാക്സിയുമാണു വേണ്ടിയിരിക്കുന്നത് (പ്രാക്സി = Praxi = ശരിയായ പ്രവൃത്തി).

## 3. ഓർത്തഡോക്സി എങ്ങനെ വളരുന്നു?

1961 ൽ ന്യൂഡൽഹിയിൽ വച്ചു നടന്ന W. C. C യുടെ (അഖിലലോക സഭാ കൗൺസിൽ) മൂന്നാം ലോക അസംബ്ലിയിൽ റഷ്യൻ ഗ്രീക്കു സഭകൾ അംഗത്വം സ്വീകരിച്ചു. അതിനുശേഷം ഓർത്തഡോക്സ് സഭകളുടെ ശബ്ദം കൂടുതലായി കേൾക്കപ്പെട്ടു കൊണ്ടിരുന്നത്, വിശ്വാസവും പട്ടത്വവും സംബന്ധിച്ച കമ്മീഷനിലായിരുന്നു. 1982 ൽ ലീമായിൽ വച്ചു പ്രസ്തുത കമ്മീഷൻ സ്വീകരിച്ച, മാമോദീസാ, കുർബാന, പട്ടത്വം, പ്രമാണരേഖ (B. E. M. Document) ഓർത്തഡോക്സിയുടെ സ്വരം സാരമായി ഉൾക്കൊള്ളുന്നതാണ്. കൂടാതെ നിഖ്യാ വിശ്വാസപ്രമാണത്തെക്കുറിച്ച് ഒരു പുതിയ പഠനം

അവിടെ ആരംഭിച്ചതും, ദൈവശാസ്ത്രപരമായ സംഭാവനയാകയാൽ നല്ല ഒരു കാൽവയ്പു തന്നെ.

എന്നാൽ Commission on World Mission and Evangelism (C. W. M. E.) ഓർത്തഡോക്സ് സഭകൾ ആദ്യകാലങ്ങളിൽ അവഗണിച്ചിരുന്നു എങ്കിലും 1980-ൽ നടന്ന മെൽബോൺ കമ്മീഷൻ മീറ്റിങ്ങിൽ ഓർത്തഡോക്സ് പ്രതിനിധികൾ കാര്യമായി പങ്കെടുത്തു. ഓർത്തഡോക്സ് സഭ പ്രേഷിതചൈതന്യം ഉൾക്കൊള്ളുന്ന സഭയാണെന്നു മനസ്സിലാക്കുവാൻ ഇതു കാരണമായി. 1870-ൽ ആണു റഷ്യൻ ഓർത്തഡോക്സ് സഭ ആദ്യമായിട്ട് ഓർത്തഡോക്സ് മിഷനറി സൊസൈറ്റി ഉണ്ടാക്കുകയും, എല്ലാ പള്ളികളിലും പ്രാർത്ഥനയും പിരിവും നടത്തുവാൻ മിഷൻ ഞായർ വേർതിരിക്കുകയും ചെയ്തത്. അചിരേണ സുന്നഹദോസിന്റെ അനുമതിയോടു കൂടി 53 മെത്രാസനങ്ങളിൽ ശാഖകൾ സ്ഥാപിക്കുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയും കഴിഞ്ഞ നൂറ്റാണ്ടു മുതൽ മിഷൻ ചൈതന്യം വളർത്തുവാൻ തുടങ്ങിയിട്ടുണ്ട്.

ആരാധന അവഗണിക്കാതെ തന്നെ ദൗത്യബോധം വളർത്തുമെങ്കിൽ ഓർത്തഡോക്സി അതിന്റേതായ സംഭാവന മറ്റു സഭകൾക്കും ലോകത്തിനും പ്രദാനം ചെയ്യും.

ത്രിവിധ വളർച്ച ഓർത്തഡോക്സ് സഭകൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. (1) ആന്തരീയമായി, (2) മറ്റു സഭകളിലേക്ക്, (3) ലോകത്തിലേക്ക്. ഇത് ഒന്നിനു പിറകെ ഒന്നായി ഉണ്ടാകേണ്ടതല്ല. ഒരേ സമയത്ത് ഉണ്ടായിരിക്കേണ്ട ജീവലക്ഷണമാണ്. വിശ്വാസം, തലമുറ തലമുറ കൈമാറി കെടാതെ ഞങ്ങൾ സൂക്ഷിക്കും എന്ന മുദ്രാവാക്യം വളർച്ചയുടെ ഒരു വശം മാത്രമാണ്. മറ്റു സഭകളോടുള്ള സമീപനത്തിൽ ഓർത്തഡോക്സുകാർ ശരിയായ മനോഭാവം കാണിച്ചിട്ടുണ്ടോ എന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഓർത്തഡോക്സി അന്തർമുഖിയാണെന്നും, ആരാധനയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു എന്നും എക്യുമെനിക്കൽ ദർശനമോ, മിഷനറി വീക്ഷണമോ ഇല്ലാത്തതാണെന്നും മറ്റുള്ളവർ കുറ്റം പറയുന്നുണ്ട്. ഇങ്ങനെ കുറ്റം പറയുന്നവരെ പുച്ഛിക്കാതെ നാം സ്വയം തിരുത്തേണ്ടതാണ്. പ്രാർത്ഥനാ ജീവിതം എല്ലാ തരത്തിലുള്ള വളർച്ചയ്ക്കും പര്യാപ്തമാകണം. ഓർത്തഡോക്സി നിശ്ചലമാകാതെ ചലനാത്മകമാകണം.

## ചോദ്യങ്ങൾ

1. ഓർത്തഡോക്സി ഒരു സഭയിൽ മാത്രം ഒതുങ്ങി നിൽക്കുന്നുവോ? അതോ വിഭജിക്കപ്പെട്ട സഭകളിൽ എല്ലാം ഉണ്ടോ? ഉദാഹരണസഹിതം വിശദീകരിക്കുക.

2. ക്രൈസ്തവസഭയിലെ പ്രധാന വിഭാഗങ്ങൾ ഏതെല്ലാം? ആ വിഭാഗങ്ങളുടെ പ്രധാന പ്രത്യേകതകൾ വ്യക്തമാക്കുക?
3. ഓർത്തഡോക്സി എന്നാൽ എന്ത്? അതിന്റെ പൂർണത പ്രാപിക്കുവാൻ നമ്മുടെ സഭയിൽ ഇനിയും എന്തെല്ലാം ചെയ്യാനുണ്ട്?

### പാഠം 2

# കൽക്കദോന്യ സുന്നഹദോസ്

❑ കൽക്കദോന്യ വിശ്വാസപ്രമാണം എന്തു പറഞ്ഞു? ❑ എന്തുകൊണ്ട് ഇങ്ങനെ നിർവചിച്ചു? ❑ നിരൂപണം ❑ പുതിയ അനുരഞ്ജന നിർവചനം

മലങ്കരസഭയും മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളും (കോപ്റ്റിക് സഭ, അന്ത്യോഖ്യൻ സുറിയാനിസഭ, അർമീനിയൻ സഭ, എത്യോപ്യൻ സഭ, എരിത്രിയൻ സഭ) സ്വീകരിക്കാത്ത ഒരു സുന്നഹദോസാണ് 451-ൽ കൂടിയ കൽക്കദോന്യ സുന്നഹദോസ്. ഈ സുന്നഹദോസ് റോമിലെ ലിയോ പാപ്പായുടെ വിജയമായിരുന്നു. എന്നാൽ സഭയിൽ ഇത് വലിയ പിളർപ്പുണ്ടാക്കി. അലക്സാന്ത്രിയൻ ക്രിസ്തുശാസ്ത്രത്തിന്റെ ആഴം ഇല്ലാതിരുന്ന അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം അവിടെ വിജയിച്ചു. 325 എ. ഡി. യിൽ നിഖ്യായിൽ യേശുക്രിസ്തുവിനെക്കുറിച്ച് അനുകൂലമായി പറഞ്ഞതിൽ കൂടുതലായി ഒന്നും അവിടെ പറഞ്ഞിട്ടില്ല.

## 1. കൽക്കദോന്യ വിശ്വാസപ്രമാണം എന്തു പറഞ്ഞു?

ലിയോ പാപ്പായുടെ Tome (വലിയ ഗ്രന്ഥം) എന്നറിയപ്പെടുന്ന പ്രസ്താവന അദ്ദേഹത്തിന്റെ പ്രതിനിധികൾ, ഈ സുന്നഹദോസിൽ കൂടി പിതാക്കന്മാരുടെമേൽ അടിച്ചേൽപ്പിക്കുകയായിരുന്നു. അതിലെ പ്രധാനഭാഗം താഴെ ചേർക്കുന്നു:

പരിശുദ്ധ പിതാക്കന്മാരെ പിൻതുടർന്നുകൊണ്ടു ഞങ്ങൾ എല്ലാവരും ഒരേ സ്വരത്തിൽ നിർവചിച്ച് ഏറ്റുപറയുന്നത്. ഏകപുത്രനും നമ്മുടെ കർത്താവുമാകുന്ന യേശുക്രിസ്തു ദൈവത്വത്തിൽ പൂർണ്ണനും മനുഷ്യത്വത്തിൽ പൂർണ്ണനും യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനും, സയുക്തിക ആത്മാവും ജഡവും ഉള്ളവനും ദൈവത്വപ്രകാരം പിതാവിന്റെ അതേ സാരാംശവും, മനുഷ്യത്വപ്രകാരം നമ്മുടെ അതേ സാരാംശമുള്ളവനും (ആകുന്നു). പാപമൊഴികെ നമ്മെപ്പോലെ എല്ലാ പ്രകാരേണയും ഉള്ളവനും എല്ലാ കാലങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ദൈവികപ്രകാരം ജനിച്ചവനും, ഈ

അന്ത്യകാലത്തു മനുഷ്യപ്രകാരം നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി ദൈവപ്രസവിത്രിയായ കന്യകമറിയാമിൽ നിന്നു ജനിച്ചവനും ഒരേ ക്രിസ്തുവും പുത്രനും, കർത്താവും ഏകജാതനും, സങ്കലനരഹിതമായും വ്യതിയാനം കൂടാതെയും ഭാഗിക്കപ്പെടാതെയും വിഭിന്നമാകാതെയും **രണ്ടു സ്വഭാവങ്ങളിൽ** (സ്ഥിതി ചെയ്യുന്നവനുമാകുന്നു). യോജിപ്പിനാൽ സ്വഭാവങ്ങളുടെ വ്യത്യാസം ഒരുവിധത്തിലും മാറ്റപ്പെടുന്നില്ല. അതേസമയത്ത് ഓരോ സ്വഭാവത്തിന്റെ പ്രത്യേകതകൾ സൂക്ഷിക്കപ്പെടുകയും ഒരു ആളത്തത്തിൽ ഒരുമിച്ചുചേരുകയും ചെയ്യുന്നു. അതായത്, രണ്ട് ആളത്തമായി വിഭജിക്കപ്പെടുകയോ വേർതിരിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ ഒരേ ഒരു ഏകജാതനായ പുത്രനും, ദിവ്യവചനവും, കർത്താവുമാകുന്ന യേശുക്രിസ്തു ആകുന്നു. ആരംഭം മുതൽ പ്രവാചകന്മാർ തന്നെക്കുറിച്ചു പ്രസ്താവിക്കുകയും കർത്താവേശുക്രിസ്തു പഠിപ്പിക്കുകയും പരിശുദ്ധ പിതാക്കന്മാരുടെ വിശ്വാസപ്രമാണം പ്രക്ഷേപണം ചെയ്യുകയും ചെയ്തതുപോലെ തന്നെ (Latourette K. S. cit. pp. 171 f).

### 2. എന്തുകൊണ്ട് ഇങ്ങനെ നിർവചിച്ചു?

മേൽ ഉദ്ധരിച്ചിരിക്കുന്ന നിർവചനത്തിലെ നാലു നിഷേധകമായ വാക്കുകൾ ചില വിശ്വാസവിപരീതങ്ങൾക്കെതിരെയുള്ളവയാണ്.

(1) *സങ്കലനരഹിതം* എന്നു പറഞ്ഞിരിക്കുന്നത്, യൂത്തിക്കോസിനെതിരാണ്. എന്തെന്നാൽ ക്രിസ്തുവിന്റെ മനുഷ്യത്വം ദൈവത്തിലേക്കു ചേർന്നുപോയി എന്ന് അദ്ദേഹം പഠിപ്പിച്ചു.

(2) *വ്യതിയാനം കൂടാതെ* എന്നു പറയുന്നത്, അപ്പൊല്ലനേരിയസിന് എതിരായിട്ടാണ്. ക്രിസ്തുവിന്റെ മാനുഷിക മനസ്സിന്റെ (Nous) സ്ഥാനത്തു ലോഗോസ് ആയിരുന്നെന്ന് അദ്ദേഹം പഠിപ്പിച്ചു.

(3, 4) *ഭാഗിക്കപ്പെടാതെയും വിഭിന്നത കൂടാതെയും* എന്ന രണ്ടു വാക്കുകൾ, നെസ്തോറിനെതിരെയാണ്. കാരണം നെസ്തോറിയസ്, വേർതിരിക്കപ്പെട്ട രണ്ടു സ്വഭാവങ്ങളെക്കുറിച്ചു പഠിപ്പിച്ചു. എന്നാൽ *രണ്ടു സ്വഭാവങ്ങളിൽ* എന്ന പദപ്രയോഗം പ്രശ്നകാരണമായി.

### 3. നിരൂപണം

*രണ്ടു സ്വഭാവങ്ങളിൽ* (in two natures) എന്ന പദപ്രയോഗം സ്വീകാര്യമല്ല. അതു നെസ്തോറിന്റെ വേദവിപരീതത്തോട് അടുത്ത പദപ്രയോഗമാണ്. യഥാർത്ഥത്തിൽ നെസ്തോറിയ വേദവിപരീതത്തിനെതിരായി എഴുതിയ *ഭാഗിക്കപ്പെടാതെയും വിഭജിക്കപ്പെടാതെയും* എന്ന വാക്കുകളെ ഇതു നിരർത്ഥകമാക്കുന്നു.

കൂടാതെ ഒരേ ആളത്തം രണ്ടു സ്വഭാവങ്ങളിൽ സ്ഥിതിചെയ്യുന്നത് ഗ്രഹിക്കുക പ്രയാസമാണ്. നെസ്തോർ പഠിപ്പിച്ചതുപോലെ, യേശു ക്രിസ്തു ഉറങ്ങിയപ്പോൾ മനുഷ്യനും, കാറ്റിനെയും കടലിനെയും ശാസിച്ചപ്പോൾ ദൈവവുമായിരുന്നെന്നു പറഞ്ഞാൽ ഒരു ആളത്തത്തിൽത്തന്നെ ഭിന്നത യായല്ലോ. മറ്റൊരു ഉദാഹരണം പറഞ്ഞാൽ ലാസറിന്റെ കല്ലറക്കൽവച്ചു കണ്ണീർ വാർത്തപ്പോൾ മനുഷ്യനും, ലാസറിനെ ഉയർപ്പിച്ചപ്പോൾ ദൈവവു മായിരുന്നെന്നു പറയുക പ്രയാസമാണ്. *രണ്ടു സ്വഭാവങ്ങളിൽ* നിന്ന് (from two natures) എന്നു പറഞ്ഞാൽ പ്രയാസമില്ല. അലക്സാന്ത്രിയൻ പിതാ ക്കന്മാർ അതാണു പറഞ്ഞിരുന്നത്. പൂർണ്ണ മനുഷ്യത്വവും പൂർണ ദൈവ ത്വവും ചേർന്ന ഏക ആളത്തമെന്നാണ്, ഓറിയന്റൽ ഓർത്തഡോക്സ് സഭ കൾ പഠിപ്പിക്കുന്നത്. അലക്സാന്ത്രിയായിലെ കൂറിലോസ് പഠിപ്പിച്ചത്, അവ തരിച്ച വചനമായ ദൈവത്തിന്റെ ഏക ജഡധാരണസ്വഭാവം (one incarnate nature of God the word) എന്നാണ്.

### 4. പുതിയ അനുരഞ്ജന നിർവചനം

1971 സെപ്റ്റംബർ 7 മുതൽ 11 വരെയും തുടർന്ന് 1973 ലും 75 ലും 77–ലും വിയന്നായിൽ വച്ചു റോമൻ കത്തോലിക്കാസഭയിലെ ഏതാനും ദൈവശാ സ്ത്രജ്ഞന്മാരും, ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലെ ദൈവശാസ്ത്രജ്ഞന്മാരും ചേർന്ന്, ഈ വിഷയത്തിൽ 4 പ്രാവശ്യം പഠനം നടത്തി. അതിൽ മൂന്നിൽ ഈ ഗ്രന്ഥകാരനും ഉണ്ടായിരുന്നു. തൽഫലമായി ഇരുസ്വഭാവവാദമില്ലാത്ത ഒരു പ്രസ്താവന പരസ്പരസമ്മതത്തോടെ 1971–ൽ ഇറക്കുകയുണ്ടായി. അതിലെ പ്രസക്തഭാഗം ഉദ്ധരിക്കുന്നു: "പൊതുവായ അപ്പോസ്തോലിക പാരമ്പര്യത്തിലും വിശിഷ്യാ, നിഖ്യായിലും കുസ്തന്തീ നോപോലീസിലും വച്ച് രൂപമെടുത്ത വിശ്വാസപ്രമാണത്തിലും, ഞങ്ങൾ പൊതുവായ അടിസ്ഥാനം കാണുന്നു. നിഖ്യ (325), കുസ്തന്തീനോപോ ലീസ് (381), എപ്പെസൂസ് (431) എന്നീ കൗൺസിലുകളുടെ ഡോഗ്മാറ്റിക്ക് (വിശ്വാസപരമായ) തീരുമാനങ്ങൾ ഞങ്ങൾ ഏവരും ഏറ്റുപറയുന്നു. യേശു ക്രിസ്തുവിനെക്കുറിച്ചു നെസ്തോറിയോസും എവുത്തിക്കൂസും എടുത്ത നിലപാടുകൾ ഞങ്ങൾ തള്ളിക്കളയുന്നു. ഇതുവരെ ഞങ്ങളെ വേർപിരിച്ചുകൊണ്ടിരുന്ന കൽക്കദോന്യ കൽക്കദോന്യേതര, ക്രിസ്തുശാ സ്ത്രങ്ങളെക്കുറിച്ചു കൂടുതൽ ആഴമായി മനസ്സിലാക്കുവാൻ ഞങ്ങൾ ശ്രമിച്ചു.

ദൈവത്വത്തിൽ പൂർണനും മനുഷ്യത്വത്തിൽ പൂർണനുമായ, ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു, ദൈവപുത്രന്റെ മനുഷ്യാവ താരമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. തന്റെ ദൈവത്വം മനുഷ്യത്വത്തോട് ഒരു നിമിഷമോ കണ്ണിമയ്ക്കുംനേരം പോലുമോ, വേർപിരിഞ്ഞിരുന്നില്ല. സങ്ക ലനം കൂടാതെയും, വ്യതിയാനം കൂടാതെയും, ഭാഗിക്കപ്പെടാതെയും, വിഭി

ന്നത കൂടാതെയും യേശുക്രിസ്തുവിൽ **ദൈവത്വം മനുഷ്യത്വത്തോട് ഒന്നായിരിക്കുന്നു**. ഞങ്ങൾക്കു പൊതുവായി ഏക കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ, അവന്റെ രഹസ്യം തീരാത്തതും, പറഞ്ഞറിയിക്കുവാൻ വഹിയാത്തതും, മനുഷ്യ മനസ്സിന് ഒരിക്കലും പൂർണ്ണമായി ഗ്രഹിപ്പാനോ, പറയുവാനോ വഹിയാത്തതുമാണെന്നു പരിഗണിക്കുന്നു.

റോമൻ കത്തോലിക്കാസഭ ഈ സമീപനം ഔദ്യോഗികമായി സ്വീകരിച്ചു കഴിഞ്ഞു. അതുപോലെ ഗ്രീക്കു സഭയിലെ ദൈവശാസ്ത്രജ്ഞന്മാർ ഇതിൽ സംബന്ധിച്ചിരുന്നില്ലെങ്കിലും, ആ സഭയും പിന്നീട് ഇതു സ്വീകരിച്ചു. ഈ രണ്ടു സഭകൾക്കും ഓറിയന്റൽ സഭകളുടെ വാദഗതി തള്ളാവുന്നതല്ല. കൽക്കദോന്യ സുന്നഹദോസിൽ ഓറിയന്റൽ സഭകൾ സംബന്ധിക്കാതിരുന്നതിനു ന്യായമായ കാരണം ഉണ്ടെന്നും അവർക്കറിയാം.

### ചോദ്യങ്ങൾ

1. നാലും അഞ്ചും നൂറ്റാണ്ടുകളിലെ വേദവിപരീതങ്ങൾ വിവരിക്കുക
2. കൽക്കദോന്യ സുന്നഹദോസിന്റെ വെളിച്ചത്തിൽ ഇരുസ്വഭാവവാദത്തിന്റെ ബലഹീനത കാണിക്കുക.
3. വിയന്നായിൽ വിളിച്ചുകൂട്ടിയ നാലു കൺസൽട്ടേഷന്റെ നിഗമനങ്ങളുടെ പ്രാധാന്യം കുറിക്കുക.

## പാഠം 3

# രണ്ടാം നിഖ്യാ വരെ

❑ കുസ്തന്തീനോപോലീസിലെ രണ്ടാം സുന്നഹദോസ് ❑ കുസ്തന്തീനോപോലീസിലെ മൂന്നാം സുന്നഹദോസ് ❑ നിഖ്യായിലെ രണ്ടാം സുന്നഹദോസ് (787)

കൽക്കദോന്യ സുന്നഹദോസ് (451) കുസ്തന്തീനോപ്പോലീസിലെ രണ്ടാം സുന്നഹദോസ് (553), കുസ്തന്തീനോപ്പോലീസിലെ മൂന്നാം സുന്നഹദോസ് (680–681), നിഖ്യായിലെ രണ്ടാം സുന്നഹദോസ് (787) എന്നീ നാലു സുന്നഹദോസുകൾ റോമൻ കത്തോലിക്കാസഭയും ഗ്രീക്കു സഭകളും അംഗീകരിക്കുന്നു. ഓറിയന്റൽ സഭകൾ അവയെ അംഗീകരിക്കുന്നില്ല. റോമൻ കത്തോലിക്കാ സഭ ഇവയ്ക്കും പുറമെ 14 സുന്നഹദോസുകളും അംഗീകരിക്കുന്നു. അങ്ങനെ അവർക്ക് ആകെ 21 സുന്നഹദോസുകൾ ഉണ്ട്. ഏതാ

യാലും ആദ്യത്തെ മൂന്നു സുന്നഹദോസുകൾക്കുള്ള പ്രാധാന്യം പിന്നീടുള്ളവയ്ക്ക് ഇല്ലെന്ന് എല്ലാ സഭകളും സമ്മതിക്കുന്നുണ്ട്.

## 1. കുസ്തന്തീനോപ്പോലീസിലെ രണ്ടാം സുന്നഹദോസ് (553)

ഇതു വിളിച്ചുകൂട്ടിയതു ജസ്റ്റിനിയൻ ചക്രവർത്തിയാണ്. മപ്സുസ്റ്റിയായിലെ തീയോഡോർ, സൈറസിലെ തിയോഡോറെറ്റ്, എഡേസ്സായിലെ ഇബാസ് എന്നിവർ എഴുതിയ മൂന്ന് അദ്ധ്യായങ്ങൾ, അലക്സാന്ത്രിയായിലെ കൂറിലോസിന് എതിരായി എഴുതിയവയായിരുന്നു. അലക്സാന്ത്രിയക്കാരുടെ പ്രേരണയ്ക്കു വശംവദനായിട്ടാണ്, ചക്രവർത്തി ഈ സുന്നഹദോസ് വിളിച്ചുകൂട്ടിയത്. മേൽപറഞ്ഞ മൂന്ന് അദ്ധ്യായങ്ങൾ എന്ന പ്രമാണരേഖയെ കുറ്റപ്പെടുത്തുകയും, അവയുടെ ഗ്രന്ഥകർത്താക്കളായിരുന്ന മൂന്നു പേരെയും ശപിക്കുകയും ചെയ്തു. ഒപ്പിട്ട 165 ബിഷപ്പന്മാരിൽ മിക്കവരും കിഴക്കൻ സഭാംഗങ്ങൾ ആയിരുന്നു. അന്നത്തെ പാപ്പാ ആയിരുന്ന വിജിലിയസ് മപ്സസ്റ്റിയായിലെ തീയോഡോറിനെ ശപിക്കുകയില്ലെന്നു നിർബന്ധം പിടിച്ചു. ഒടുവിൽ ഈ സുന്നഹദോസിന്റെ തീരുമാനങ്ങൾ അദ്ദേഹം സ്വീകരിക്കേണ്ടി വന്നു. ഈ സുന്നഹദോസിൽ ഒരു കാനോൻ പോലും ഉണ്ടായില്ല.

## 2. കുസ്തന്തീനോപോലീസിലെ മൂന്നാം സുന്നഹദോസ് (680–681)

കുസ്തന്തീനോസ് IV ചക്രവർത്തിയാണ് ഇതു വിളിച്ചുകൂട്ടിയത്. മോണോതെല്ലറ്റിസം (monotheletism) എന്ന പഠിപ്പിക്കലിനെതിരായിട്ടാണ് ഇത് കൂടിയത്. യേശുക്രിസ്തുവിന് ഒരേ ഇച്ഛാശക്തി മാത്രമേ ഉണ്ടായിരുന്നുള്ളു എന്നാണു മോണോതെല്ലറ്റിസത്തിൽ പറയുന്നത്. ഈ ഉപദേശത്തെ അടിസ്ഥാനമാക്കി അന്ത്യോക്യൻ പാത്രിയർക്കീസ് മക്കാറിയോസിനെയും, അപ്പോൾ കാലയവനികയ്ക്കുള്ളിലായിരുന്ന റോമിലെ ഹൊണോറിയസ് പാപ്പയെയും, ഈ സുന്നഹദോസ് തള്ളിക്കളഞ്ഞു. അലക്സന്ത്രിയായിലെയും അന്ത്യോക്യയിലെയും പാത്രിയർക്കീസന്മാരുടെ കീഴിലുള്ള ബിഷപ്പന്മാരാണു മിക്കവാറും ഇതിൽ സംബന്ധിച്ചത്.

ഈ സുന്നഹദോസിന്റെ തീരുമാനമനുസരിച്ച് രണ്ട് ഇച്ഛാശക്തികൾ (ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും) തമ്മിൽ സ്വഭാവത്തിലുള്ള (nature) യോജിപ്പില്ലായിരുന്നു. അവ തമ്മിൽ സന്മാർഗിക യോജിപ്പേ (moral union) ഉണ്ടായിരുന്നുള്ളു. ഈ തീരുമാനം മനുഷ്യാവതാരത്തിലെ ഏക ആളത്തത്തെ ചോദ്യം ചെയ്യുന്നതാണ്. ദൈവത്തിന്റെ മനസ്സിനു മനുഷ്യമനസ്സ് പൂർണമായി സമർപ്പിക്കുന്നതിനാൽ ഒരു മനസ്സെന്നോ (ഇച്ഛ) രണ്ടു മനസ്സെന്നോ പറയാതെ, ദൈവപൂർണതയും മനുഷ്യപൂർണതയും ഉള്ള

യേശുക്രിസ്തുവിന്റെ ദൈവ മനുഷ്യമനസ്സെന്നു പറയേണ്ടതായിരുന്നു. അതിനാൽ സുന്നഹദോസ് തീരുമാനം അർദ്ധസത്യം ഉൾക്കൊള്ളുന്നു.

ഒരു കാനോനും ഇതിൽ ഉണ്ടായില്ല. കൽക്കദോന്യ സുന്നഹദോസിന്റെ ഒരു ആവർത്തനമായിരുന്നു ഇത്.

## 3. നിഖ്യായിലെ രണ്ടാം സുന്നഹദോസ് (787)

ഐറിനി (Irene) ചക്രവർത്തിനിയാണ് ഇതു വിളിച്ചുകൂട്ടിയത്. കുസ്തന്തീനോപോലീസിലെ തറാസിയത് പാത്രിയർക്കീസിന്റെ താൽപ്പര്യപ്രകാരമാണു വിളിച്ചുകൂട്ടിയത്. കൂടിയത് നിഖ്യായിലെ സോഫിയാ പള്ളിയിലും. ചിത്രങ്ങളും ഐക്കോണുകളും (ആരാധനയ്ക്കായി ഉണ്ടാക്കുന്ന പ്രത്യേക തരത്തിലുള്ള ചിത്രങ്ങൾ) പ്രതിമകളും ഉപയോഗിക്കുന്നതിന് അനുകൂലമായിരുന്നു ഈ സുന്നഹദോസിന്റെ തീരുമാനങ്ങൾ. പരമമായ അരാധന (latria) ദൈവത്തിനു മാത്രമാണ്. എന്നാൽ ഭാഗികമായ ബഹുമാനം പരിശുദ്ധന്മാർക്ക് ഐക്കോൺ വഴി നൽകാമെന്നും, അതും അന്തിമമായി ദൈവത്തിനുള്ള ബഹുമാനമാണെന്നും തീരുമാനിച്ചു. ഐക്കോൺ വേണ്ടെന്നു പറയുന്നവരെ ശപിക്കുകയും ചെയ്തു. സംബന്ധിച്ച എല്ലാ ബിഷപ്പന്മാരും സുന്നഹദോസിന്റെ ഡിക്രിയിൽ ഒപ്പുവച്ചു.

ഐക്കോണിന് അനുകൂലമായ തീരുമാനം നേരത്തെ ഹീറിയ സുന്നഹദോസിൽ ഉണ്ടായതാണ് (Synod of Hiera). 786-ൽ കുസ്തന്തീനോപ്പോലീസിലെ അപ്പോസ്തോലിക ദേവാലയത്തിൽ, സുന്നഹദോസ് കൂടിയെങ്കിലും പട്ടാളക്കാർ അതിനെ പരാജയപ്പെടുത്തിയിരുന്നു.

അച്ചടക്കസംബന്ധമായ 22 കാനോനാകൾ പാസ്സാക്കി. പട്ടം കൊടയിൽ പണം വാങ്ങുന്ന ശീമോന്യപാപം നിരോധിച്ചു. പുരോഹിതന്മാർ ബിഷപ്പന്മാരുടെ അനുവാദം കൂടാതെ ഭദ്രാസനം വിടരുത്. പുരോഹിതന്മാർ ലളിതജീവിതം നയിക്കണം. മെത്രാപ്പോലീത്തൻഅരമനകളിൽ സ്ത്രീകൾ താമസിക്കരുത് എന്നീ നിശ്ചയങ്ങളും അതിലുണ്ടായി.

4, 5, 6, 7 സുന്നഹദോസുകളിൽ ഓറിയന്റൽ സഭകൾ സംബന്ധിച്ചിരുന്നില്ലെന്നുള്ളതിനാൽ അവയുടെ തീരുമാനങ്ങൾ ഈ സഭകളെ ബാധിക്കുന്നതല്ല. 4-ാമത്തെ സുന്നഹദോസിൽ 'രണ്ടു സ്വഭാവങ്ങളിൽ' എന്നും 'രണ്ടു സ്വഭാവങ്ങളിൽ നിന്ന' എന്നും ഒരു അഭിപ്രായവ്യത്യാസമേയുള്ളു. അതിനാൽ 4-ാം കൗൺസിൽ ഒരു തർക്കത്തിനു വിഷയമാക്കാതെ വിശ്വാസത്തിന്റെ ഐക്യതയിൽ വരികയാണ് ആവശ്യം.

### പുനരൈക്യത്തിനുള്ള നിർദ്ദേശങ്ങൾ

1. അംഗീകരിക്കുന്ന സുന്നഹദോസുകളുടെ എണ്ണത്തിനു മാറ്റം വരു

ത്തേണ്ട. അതായത് ഓറിയന്റൽ സഭകൾക്ക് 3, ഗ്രീക്കു സഭകൾക്ക് 7, റോമൻ കത്തോലിക്കർക്ക് 21.

2. ഇനി സാർവത്രിക സുന്നഹദോസ് കൂടുന്നു എങ്കിൽ അതിനെ 4-ാമത്തേതെന്നോ, 8-ാമത്തേതെന്നോ, 22-ാമത്തേതെന്നോ പറയുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുക.
3. പരസ്പരം ശപിക്കുന്നത് ഒഴിവാക്കുക. ലിയോ പാപ്പായെ ശപിക്കുന്നത് ഒറിയന്റൽ സഭകളും, ദീയസ്കോറോസിനെ ശപിക്കുന്നതു ഗ്രീക്കു റോമൻ സഭകളും ഒഴിവാക്കുക.
4. ഇതുവരെ ശപിച്ചിരുന്ന പിതാക്കന്മാരെ പരിശുദ്ധന്മാരായി അംഗീകരിക്കുന്നതിനു നിർബന്ധിക്കാതിരിക്കുക. ഉദാ. ലിയോ പാപ്പാ, ദീയസ്കോറോസ്.
5. വിശ്വാസം, പട്ടത്വം, കൂദാശകൾ ഇവയിൽ ഐക്യത ഉണ്ടാവണം. യോജിപ്പിന്റെ ചിഹ്നം റോമാപാപ്പായാണെന്ന വാദം പരിത്യജിക്കുക.
6. പ്രാദേശിക സഭകൾക്കു സ്വാതന്ത്ര്യവും (autonomy) സ്വയം ശീർഷകത്വവും (autocephaly) സമ്മതിക്കുക.
7. മാർപാപ്പായ്ക്ക് മറ്റു സഭാതലവന്മാരുടെ ഇടയിൽ സമന്മാരിൽ ഒന്നാമനെന്ന സ്ഥാനം ഉണ്ടായിരിക്കുക (primus interpares). പന്ത്രണ്ടു ശ്ലീഹന്മാരിൽ പത്രോസ് ശ്ലീഹായ്ക്ക് ഉണ്ടായിരുന്ന ഒന്നാം സ്ഥാനം പോലെ.

## ചോദ്യങ്ങൾ

1. നിഖ്യായിലെ രണ്ടാം സുന്നഹദോസ്, ഐക്കോൺ സംബന്ധിച്ച് എടുത്ത തീരുമാനം നിരൂപണവിധേയമാക്കുക.
2. സഭകളുടെ പുനരൈക്യ സാദ്ധ്യതകൾ വിലയിരുത്തുക.
3. റോമൻ പാപ്പായുടെ സ്ഥാനം പത്രോസിന്റേതുപോലെ സഭയ്ക്കുള്ളിലോ ക്രിസ്തുവിന്റേതുപോലെ സഭയ്ക്കതീതമോ?

## പാഠം 4

# കിഴക്കും പടിഞ്ഞാറുമായുള്ള പിളർപ്പ്

❑ പിളർപ്പിനുള്ള കാരണങ്ങൾ ❑ പുനരൈക്യ സാദ്ധ്യത

1054-ലാണ് കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ തമ്മിൽ പിളർപ്പുണ്ടായത്. ലിയോ IX - ാമൻ പാപ്പായുടെ പ്രതിനിധിസംഘം കാർഡിനാൾ ഹുംബർട്ടിന്റെ നേതൃത്വത്തിൽ കുസ്തന്തീനോപോലീസിലേക്കു പോയി. അവിടത്തെ ശക്തനായ മൈക്കൽ സെറുലേറിയസ് പാത്രിയർക്കീസിനെ പാപ്പായുടെ അധീനതയിൽ കൊണ്ടുവരുന്നതിനാണു പോയത്. ആ പരിശ്രമം വിജയിച്ചില്ല. ആ സമയത്ത് പാപ്പാ കാലം ചെയ്തിരിക്കയായിരുന്നു. അതിനാൽ ഹുംബർട്ട് പാത്രിയർക്കീസിനെ മുടക്കുന്നതായൊരു കല്പന എഴുതി സോഫിയ കത്തീഡ്രലിന്റെ ത്രോണാസിൽ വച്ചിട്ട്, പ്രാണരക്ഷാർത്ഥം റോമിലേക്കു മടങ്ങിപ്പോയി. പാത്രിയർക്കീസാകട്ടെ ഉടൻ സുന്നഹദോസ് വിളിച്ചുകൂട്ടി, ഹുംബർട്ടിനെയും പാപ്പായുടെ പ്രതിനിധികളെയും മുടക്കി.

## 1. പിളർപ്പിനുള്ള കാരണങ്ങൾ

1. പാപ്പായുടെ പരമാധികാരത്തിൽ അതീവ തൽപരനായിരുന്ന ഹുംബർട്ട്, പാത്രിയർക്കീസിനെ മുടക്കി.
2. തലസ്ഥാനം റോമയിൽ നിന്നും കുസ്തന്തീനോപോലീസിലേക്കു മാറ്റിയതിനാൽ കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസിനാണു റോമിലെ പാപ്പായ്ക്കല്ല സമന്മാരിൽ ഒന്നാമനെന്ന സ്ഥാനം വേണ്ടതെന്നു വിശ്വസിച്ച ആളായിരുന്നു സെറുലേറിയസ് പാത്രിയർക്കീസ്. അദ്ദേഹം ശക്തിമാനും, ജനപ്രീതിയുള്ളവനുമായിരുന്നു. അതിനാൽ അദ്ദേഹം പാപ്പായുടെ പ്രതിനിധി സംഘത്തെയും ഹുംബർട്ടിനെയും മുടക്കിയപ്പോൾ, കിഴക്കൻ സഭയുടെ മുഴുവൻ പിന്തുണയും അദ്ദേഹത്തിനു ലഭിച്ചു.
3. ലിയോ 9-ാമൻ, ബൈസന്റയിൻ (കുസ്തന്തീനോപോലീസിലെ) സഭയെ ലത്തീൻ സംസ്കാരത്തിലേക്കു കൊണ്ടുവരുന്നതിനു ശ്രമിച്ചു. ഇതും എതിർപ്പിനു വക നൽകി.
4. പരമാധികാരത്തലവനിൽ സഭയുടെ ഐക്യം കാണുന്ന പാശ്ചാത്യസഭയും, അപ്പോസ്തോലന്മാരുടെ കൂട്ടുത്തരവാദിത്തത്തിൽ (collegiality) വിശ്വസിക്കുന്ന കിഴക്കൻസഭയും തമ്മിൽ, ഒരു പിരിച്ചിൽ ഉണ്ടാകാതെ നിവൃത്തിയില്ലായിരുന്നു.
5. രഹസ്യാത്മകമായ (mystic) കിഴക്കൻ സഭകളുടെ വിശ്വാസവും

സംസ്കാരവും (orthodox ethos), നിയമാധിഷ്ഠിതമായ (legalistic) പാശ്ചാത്യസഭയുടെ സ്വഭാവവും ഒരുമിച്ചു കൊണ്ടുപോകുക ക്ലേശകരമാണ്. ഇവ രണ്ടുംകൂടെ ഒരുമിച്ചു കൊണ്ടുപോകുവാൻ പാപ്പാമാർക്കോ പാത്രിയർക്കീസന്മാർക്കോ സാധിച്ചില്ല.

6. 'ഫിലിയോക്കെ' ക്ലോസ് (പുത്രനിൽ നിന്നും പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്ന വാചകം) വിശ്വാസപ്രമാണത്തോടു കൂട്ടിച്ചേർത്തത് വിശ്വാസത്തിലെ വ്യതിചലനമായി കിഴക്കൻ സഭകൾ ചിന്തിച്ചു.

7. തുർക്കികൾ കുസ്തന്തീനോപോലീസിനെ ആക്രമിച്ചപ്പോൾ, ചക്രവർത്തിയോ പാപ്പായോ ഒന്നും പ്രവർത്തിച്ചില്ല.

## 2. പുനരൈക്യ സാദ്ധ്യത

മാനുഷരീതിയിൽ ചിന്തിച്ചാൽ പുനരൈക്യത്തിനു സാദ്ധ്യത വളരെ കുറവാണ്. എന്നാൽ 20-ാം നൂറ്റാണ്ടിൽ അതിനുള്ള ചില ആരംഭങ്ങൾ ഉണ്ടായിട്ടുണ്ട്.

1963 ജനുവരി മാസം പൗലോസ് ആറാമൻ പാപ്പായും എക്യുമെനിക്കൽ പാത്രിയർക്കീസ് അഥനെഗോറസും തമ്മിൽ, യരുശലേമിൽ വച്ചു പരസ്പരം ആശ്ലേഷിച്ചത് ഒരു നല്ല കാൽവയ്പ്പായിരുന്നു. 1962-1965 കാലത്തു നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിരീക്ഷകരായി ഓർത്തഡോക്സുകാർ സംബന്ധിച്ചു.

1964-ൽ റോഡ്സ് (Rhodes) ൽ വച്ചു നടത്തിയ ഓർത്തഡോക്സ് കൺസൽട്ടേഷന്റെ തീരുമാനം, റോമൻ കത്തോലിക്കാ സഭയുമായി ദൈവശാസ്ത്രപരമായ എക്യുമെനിക്കൽ സംഭാഷണം, രണ്ടാം വത്തിക്കാനെ തുടർന്നു നടത്തണമെന്നായിരുന്നു. രണ്ടാം വത്തിക്കാൻ 1054 ലെ പിളർപ്പിനെക്കുറിച്ചുള്ള ദുഃഖം രേഖപ്പെടുത്തി.

1. ഒരിക്കൽ ശീശ്മയുണ്ടായാൽ രണ്ടു പാർട്ടിയും ശീശ്മയിലാണെന്ന തത്വം, അഖിലലോക സഭാ കൗൺസിലിന്റെ 1961-ലെ ഡൽഹി അസംബ്ളിയിൽ ഗ്രീക്ക് ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞനായ പ്രൊഫസർ നിസ്സിയോട്ടീസ് ഉന്നയിക്കുകയുണ്ടായി. തന്മൂലം ഗ്രീക്കുസഭ പാശ്ചാത്യസഭയിൽ ലയിക്കണമെന്നോ, പാശ്ചാത്യസഭ ഗ്രീക്കുസഭയിൽ ലയിക്കണമെന്നോ വാദിക്കുന്നതു ബാലിശമാണ് എന്നു മാത്രമല്ല ഈ വാദം രണ്ടാം വത്തിക്കാന്റെ നേട്ടങ്ങളെ തിരസ്ക്കരിക്കുകയും ചെയ്യും.

2. പൂർണത, ക്രിസ്തുവിന്റെ ശരീരമായ സഭയിലാണ്. ആ പൂർണത പരിശുദ്ധാത്മ പ്രവർത്തനത്താൽ ശരിയായ വിശ്വാസവും, പട്ട

ത്വവും കൂദാശകളും ഉള്ള എല്ലാ സഭകളുടെയും വി. കുർബാന യിൽ ഉണ്ട്. അതു ഭിന്നിച്ചിരിക്കുന്ന സഭയിൽ ദൃശ്യമല്ല. അതി നാൽ യോജിപ്പിനായുള്ള പ്രേരണയിൽ തുടരണം.

3. പാപ്പായുടെ മേധാവിത്വ മനഃസ്ഥിതി മാറ്റണം. പാപ്പായുടെ ആഗോ ളാധികാരം, അപ്രമാദിത്തം, പരമാധികാരം ഇവ വേദപുസ്തകാ ധിഷ്ഠിതമല്ലെന്നും, ആദിമസഭയിൽ ഇവ ഇല്ലായിരുന്നുവെന്നും, വസ്തുനിഷ്ഠമായ പഠനം കൊണ്ടു തെളിഞ്ഞു കഴിഞ്ഞതാണെ ങ്കിലും അവ ഉപേക്ഷിച്ചിട്ടില്ല.

4. ഓർത്തഡോക്സ് സഭകളും, റോമൻ കത്തോലിക്കാ സഭയും, പ്രൊ ട്ടസ്റ്റന്റ് സഭകളും തമ്മിൽ, ബൈലാറ്ററലായും (രണ്ടു കൂട്ടർ തമ്മിൽ) മൾട്ടിലാറ്ററലായും (പല കൂട്ടർ തമ്മിൽ) സംഭാഷണ ങ്ങൾ തുടരേണ്ടിയിരിക്കുന്നു. അഖിലലോക സഭാ കൗൺസിൽ ഇതിനുതകുന്ന നേതൃത്വവും സാഹചര്യവും കൂടുതലായി ഉപ യോഗിക്കേണ്ടതാണ്.

5. ദൈവശാസ്ത്രപരമല്ലാത്ത പലതും, റോമൻ കത്തോലിക്കാ സഭയെയും ഓർത്തഡോക്സ് സഭകളെയും തമ്മിൽ അകറ്റി നിർ ത്തിയിരിക്കുന്നു. അവയിൽ പ്രധാനമായവ രാഷ്ട്രീയവും, സാമ്പ ത്തികവും സാംസ്കാരികവും, വർഗീയവുമായ വ്യത്യാസങ്ങളാണ്. ഇവയ്ക്കു പരിഹാരം കണ്ടെത്തണം.

മേൽപറഞ്ഞ വ്യത്യാസങ്ങൾ രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം കുറഞ്ഞു വരുന്നുണ്ട്. തുറന്ന മനസ്സോടെ ദൈവശാസ്ത്രജ്ഞന്മാർ ചർച്ച നടത്തിയാൽ തെറ്റുകൾ തിരുത്തുവാനും പുനരൈക്യം സാദ്ധ്യമാ കാനും ഇടയുണ്ട്.

## ചോദ്യങ്ങൾ

1. 1054–ൽ സഭയിൽ ഉണ്ടായ പിരിച്ചിലിന്റെ കാരണങ്ങൾ ഏവ?

2. ഈ പിളർപ്പ് മാറ്റാൻ ഇരുഭാഗത്തും ഉണ്ടാകേണ്ട മാറ്റങ്ങൾ വിവരി ക്കുക.

3. സഭയുടെ ഐക്യം ഏതെങ്കിലും ഒന്നിലേക്കുള്ള പുനരൈക്യമോ പരി ശുദ്ധാത്മാവു നയിക്കുന്ന പൂർണ്ണതയിലേക്കുള്ള പുരോഗതിയോ? വില യിരുത്തുക.

## പാഠം 5

# ഓറിയന്റൽ സഭകളും ബൈസന്റയിൻ സഭകളും

❑ ഓറിയന്റൽ സഭകളും ബൈസന്റയിൻ സഭകളും തമ്മിലുള്ള സാമ്യങ്ങൾ
❑ വ്യത്യാസങ്ങൾ ❑ പുനരൈക്യ പ്രതിബന്ധങ്ങൾ

കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്തു കുസ്തന്തീനോപോലീസ് എന്നു പേരു നൽകിയ പട്ടണം, അതിനുമുമ്പു ബൈസന്റിയം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇപ്പോൾ അതിന്റെ പേര് ഈസ്റ്റാംബുൾ എന്നാണ്. 565-ൽ ജസ്റ്റീനിയൻ ചക്രവർത്തി കാലം ചെയ്തതു മുതൽ 1453-ൽ തുർക്കികൾ കുസ്തന്തീനോപോലീസ് പിടിച്ചടക്കിയതു വരെ കുസ്തന്തീനോപോലീസിനോടു ബന്ധപ്പെട്ടിരുന്ന സഭകളെ ബൈസന്റയിൻ സഭകളെന്നു വിളിക്കുന്നു.

റഷ്യൻസഭ ഗ്രീക്കുസഭയുടെ പുത്രീസഭയായതിനാൽ, റഷ്യൻസഭ ഗ്രീക്ക് ഓർത്തഡോക്സ് സഭകളുടെ ഗണത്തിലാണ്.

ഓറിയന്റൽ സഭകളും ബൈസന്റയിൻ സഭകളും കിഴക്കൻ സഭകളെന്ന പൊതുപേരിൽ അറിയപ്പെടുന്നു.

### ഓറിയന്റൽ സഭകൾ

എത്യോപ്യൻ സഭ, കോപ്റ്റിക് സഭ, അർമ്മീനിയൻ സഭ, മലങ്കരസഭ, സിറിയൻ സഭ, എറിത്രിയൻ സഭ (1991-ൽ എത്യോപ്യൻ രാജ്യം രണ്ടായി വിഭജിച്ചതിന്റെ ഫലമായി എറിത്രിയൻ സഭ രൂപം കൊണ്ടു).

### ബൈസന്റയിൻ സഭകൾ

റഷ്യൻ സഭ, റൂമേനിയൻ സഭ, ഗ്രീക്കുസഭ, യൂഗോസ്ലേവ്യൻ സഭ, ബൾഗേറിയൻ സഭ, ജോർജിയൻ സഭ, മെൽക്കൈറ്റ്, അൽബേനിയൻ സഭ.

### കൽദായ സഭ

എ. ഡി. 431 ലെ എഫേസൂസ് സുന്നഹദോസ് നിശ്ചയങ്ങളെ എതിർക്കുന്ന സുറിയാനി പാരമ്പര്യമുള്ള കൽദായ സഭ, ബാഗ്ദാദിലും കേരളത്തിൽ തൃശൂരും ഒക്കെ ചെറിയ കൂട്ടമായി ഇപ്പോഴും നിലവിലുണ്ട്. അവരുമായും മറ്റു സഭകൾ സൗഹൃദ ഐക്യ സംഭാഷണങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്.

ഈ സഭകളിൽ നിന്നെല്ലാം റോമൻ കത്തോലിക്കാ സഭയിലേക്ക് ആളുകൾ ചേർന്നു യൂണിയറ്റു (റീത്തു) സഭകളായി തുടരുന്നു.

## 1. ഓറിയന്റൽ സഭകളും ബൈസന്റയിൻ സഭകളും തമ്മിലുള്ള സാമ്യങ്ങൾ

ഓർത്തഡോക്സ് സഭകളെക്കുറിച്ചു പൊതുലക്ഷണങ്ങളായി നേരത്തെ പറഞ്ഞിരിക്കുന്നവ നോക്കുക. താഴെ പറയുന്നവയും സാമ്യങ്ങളാണ്.

ഏക തലവന്റെ കീഴിൽ എന്ന രീതിയല്ല, പിന്നെയോ പ്രാദേശിക തലവന്മാരുടെ കീഴിൽ കൂട്ടുത്തരവാദിത്വമുള്ള സഭാ സുന്നഹദോസ് ഓർത്തഡോക്സ് സഭകളെ ഭരിക്കുന്നു.

ബിഷപ്പോ അദ്ദേഹത്തിന്റെ വികാരിയോ വി. കുർബാന അർപ്പിക്കുന്നിടത്തു സഭയുടെ ശാഖയോ ഭാഗമോ അല്ല, സഭ മുഴുവനായി ഉണ്ടെന്നു വിശ്വസിക്കുന്നു.

അത്മായക്കാർക്കു സഭാഭരണത്തിൽ പ്രാതിനിധ്യവും അവകാശവുമുണ്ട്.

## 2. വ്യത്യാസങ്ങൾ

ഓറിയന്റൽ സഭകൾ ആദ്യത്തെ മൂന്നു സാർവത്രിക സുന്നഹദോസുകൾ സ്വീകരിക്കുമ്പോൾ ബൈസന്റയിൻ സഭകൾ ആദ്യത്തെ ഏഴും സ്വീകരിക്കുന്നു എന്നതാണു പ്രധാന വ്യത്യാസം. കൽക്കദോന്യ തീരുമാനം സ്വീകരിക്കാത്തവരും സ്വീകരിച്ചവരുമെന്ന നിലയിൽ ഓർത്തഡോക്സ് സഭകൾ വേദശാസ്ത്രപരമായി രണ്ടു ചേരികളായി സ്ഥിതിചെയ്യുന്നു.

1964–ൽ ആർഹൂസിലും, 1967–ൽ ബ്രിസ്റ്റലിലും, 1970 ൽ ജനീവയിലും 1971–ൽ ആഡീസ് അബാബയിലും വച്ചു രണ്ടു കൂട്ടരും കൂടി നടത്തിയ പഠനത്തിന്റെയും ചർച്ചയുടെയും ഫലമായി പൊതുപ്രസ്താവനകൾ ഇറക്കിയിട്ടുണ്ട്: “സഭയുടെ ഒരേ ഓർത്തഡോക്സ് വിശ്വാസം പരസ്പരം ഞങ്ങൾ തിരിച്ചറിയുന്നു. ക്രിസ്തുവിനെ സംബന്ധിച്ചുള്ള വിശ്വാസസത്തയിൽ ഞങ്ങൾ പൂർണമായി യോജിക്കുന്നതായി കണ്ടു. ഒരുമിച്ചു മുൻപോട്ടു പോകേണ്ടതിന്റെ ആവശ്യം ഞങ്ങൾ കാണുന്നു” എന്നെല്ലാം പൊതുപ്രസ്താവനയിൽ പറയുന്നു.

1970–ൽ ജനീവായിൽ നടന്ന മൂന്നാം സംഭാഷണത്തിൽ അഭിപ്രായ ഐക്യം ആയിട്ടില്ലാത്ത മൂന്നു കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു.

(a) സഭയുടെ ജീവിതത്തിൽ കൗൺസിലുകൾക്കുള്ള (സുന്നഹദോസുകൾക്കുള്ള) സ്ഥാനം കാരിസ്മാറ്റിക് ആണോ (പരിശുദ്ധാത്മ ചൈതന്യത്തിൽ കൃപയാൽ നയിക്കുന്നതോ) അതോ ആധികാരികതയുള്ള നിയമങ്ങളാണോ?

(b) ലിയോ, ദിയസ്കോറോസ്, സേവേറിയോസ് മുതലായ ബഹുമാന്യ പിതാക്കന്മാരെ ശപിക്കുന്നത് എങ്ങനെ നീക്കം ചെയ്യാം?

(c) പ്രാദേശികമായും ലോകൈകമായും സഭാഭരണം എങ്ങനെയാണു നടത്തിക്കൊണ്ടു പോകേണ്ടത്?

ഭരണപരമായി എന്തെല്ലാം ക്രമീകരണങ്ങൾ യോജിച്ച സഭയിൽ ഉണ്ടാകണമെന്നു പഠനം നടത്തിയിട്ടില്ല. മുമ്പു പ്രസ്താവിച്ച നാലു കൂടിയാലോചനകളെ തുടർന്നു നടത്തിയിട്ടുള്ള ഔദ്യോഗിക ചർച്ചകൾക്ക് ഓർത്തഡോക്സ് സഭകളുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

## 3. പുനരൈക്യ പ്രതിബന്ധങ്ങൾ

(1) രാജാക്കന്മാരുടെ സഹായം ലഭിച്ച മെൽക്കൈറ്റ് (എ. ഡി. 451 ലെ കൽക്കദോന്യ സുന്നഹദോസിനെ അനുകൂലിച്ചവരെ രാജാവ് - മൽക്കോ - പിന്തുണച്ചതിനാൽ വിളിച്ച വിളിപ്പേര്) ബൈസന്റയിൻ സഭകളുടെ പീഡോപദ്രവങ്ങൾ വളരെ സഹിച്ചവരാണ് ഓറിയന്റൽ സഭകൾ. ഈ പീഡകൾ നിമിത്തം ഒട്ടുവളരെ വിശ്വാസികൾ ഇസ്ലാംമതത്തിൽ ചേർന്നു സ്വയം ജീവനെ രക്ഷിച്ചിട്ടുമുണ്ട്. തന്മൂലം പുനരൈക്യത്തിനു വലിയ ആവേശമില്ല.

(2) പ്രേഷിത ചൈതന്യം രണ്ടു കൂട്ടരിലും കുറവാണ്. സ്വയം സംതൃപ്തമായ പാരമ്പര്യമാണു രണ്ടു കൂട്ടർക്കുമുള്ളത്. തന്മൂലം ഐക്യത്തിനുള്ള ആവേശവും കുറവാണ്.

(3) ഏറ്റവും കൂടുതൽ യാഥാസ്ഥിതികത്വം വച്ചുപുലർത്തുന്ന ചില സഭകൾ (ഉദാ: ഗ്രീക്കുസഭ, എത്യോപ്യൻ സഭ) പുനരൈക്യത്തിന് എപ്പോഴും തടസ്സം സൃഷ്ടിച്ചുകൊണ്ടിരുന്നു. എന്നാൽ ആധുനിക സംവാദങ്ങളുടെ ഫലമായി ഐക്യസാദ്ധ്യത തെളിഞ്ഞിട്ടുണ്ട്.

(4) ഭാരതത്തിൽ ബൈസന്റയിൻ സഭകൾ കാര്യമായി ഇല്ലാത്തതിനാൽ, പ്രായോഗിക തലത്തിൽ ഇതിനു വലിയ സ്ഥാനമില്ലെന്നു മലങ്കരസഭ കരുതിയിരുന്നെങ്കിലും ഇപ്പോൾ ആഗോളതലത്തിൽ യോജിപ്പു നടന്നേക്കും. ഏതായാലും ഐക്യം ദൈവഹിതമായതിനാൽ പരിശ്രമങ്ങൾ തുടരേണ്ടതാണ്. വി. കുർബാന പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യാനാലോചനയുണ്ട്.

### ചോദ്യങ്ങൾ

1. ബൈസന്റയിൻ ഓർത്തഡോക്സ് സഭകളുടെ നേട്ടങ്ങളും കോട്ടങ്ങളും ഏവ?
2. ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ വസ്തുനിഷ്ഠമായി വിലയിരുത്തുക.
3. നമ്മുടെ സഭയുടെ വളർച്ചയ്ക്ക് ഭാരതത്തിലെ മറ്റു സഭകളുമായി യോജിപ്പിനുള്ള സാദ്ധ്യതകളും പ്രതിബന്ധങ്ങളും ഏവ?

## പാഠം 6

# സംവാദസംഭാഷണങ്ങളും മാനവരാശിയുടെ പുനരൈക്യ സാദ്ധ്യതകളും

❑ ഡയലോഗിന് എതിരായ ന്യായങ്ങൾ ❑ ഡയലോഗിന്റെ പ്രാധാന്യം ❑ ലോഗോസ് ദൈവശാസ്ത്രം ഡയലോഗിന് അനുകൂലം ❑ ഡയലോഗ് നിയമങ്ങൾ

സഭയുടെ പ്രേഷിതവൃത്തിയിലും പുനരൈക്യശ്രമത്തിലും പുതിയ ഒരു സമീപനമായാണ്, സംഭാഷണ സംവാദങ്ങ (dialogues) ളെ കാണുന്നത്.

### 1. ഡയലോഗിന് എതിരായ നിയമങ്ങൾ

1975-ൽ നൈറോബിയിൽ വച്ചു നടന്ന ഡബ്ലിയു. സി. സി അസംബ്ലിയിൽ സംബന്ധിച്ച ഇവാഞ്ചലിക്കൽ ചിന്താഗതിക്കാർ ഭൂരിപക്ഷവും ഡയലോഗിന് എതിരായിരുന്നു.

(1) കർത്താവിന്റെ അന്ത്യശാസനത്തിൽ പറയുന്ന, പ്രസംഗിപ്പിൻ (preach), പഠിപ്പിക്കുവിൻ (teach) മുതലായ വാക്കുകൾ നമ്മുടെ ഉത്തരവാദിത്തമായിരിക്കേ, സംഭാഷണസംവാദം നടത്തുവിൻ എന്നു മാറ്റുവാൻ നമുക്ക് എന്തധികാരം? ഡയലോഗ് എന്ന ഒരു വാക്കു തന്നെ വി. വേദപുസ്തകത്തിലുണ്ടോ?

(2) സത്യവും അസത്യവും തമ്മിൽ ഏതു ഡയലോഗു നടത്തുവാൻ സാധിക്കും? വെളിച്ചത്തിന് ഇരുളുമായി എന്തൊരു ബന്ധം?

(3) ഡയലോഗു തുടങ്ങിയാൽ അത് എല്ലാ മതങ്ങളിലേയും നല്ല അംശങ്ങൾ ചേർത്ത് ഒരു നൂതന സങ്കരമതം (syncretism) നിർമിക്കുകയാകയില്ലെ ഫലം? മാത്രവുമല്ല അവരവർ വിശ്വസിക്കുന്ന കാതലായ വിശ്വാസസത്യങ്ങൾ പര്യാലോചനയ്ക്കു വിധേയമാക്കുകയും, വിട്ടുവീഴ്ചകൾക്കു തയ്യാറാകുകയും വേണ്ടി വരും.

(4) ദൈവത്തിന്റെ സമ്പൂർണ സ്വയം വെളിപ്പെടുത്തൽ യേശുക്രിസ്തു ആണെന്നു വിശ്വസിക്കുന്നവരും, പരമമായ വെളിപാട് ചരിത്രത്തിൽ അസാധ്യമാണെന്നു വിശ്വസിക്കുന്നവരും, തമ്മിൽ ആത്മാർത്ഥമായ ഡയലോഗ് സാദ്ധ്യമാണോ?

(5) ഡയലോഗിന് ഇറങ്ങുമ്പോൾ മറ്റു മതക്കാർ തന്നെ നമ്മുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയില്ലേ?

(6) മിഷനറിമാർ ഇതപര്യന്തം സുവിശേഷം അറിയിച്ചതു ഡയലോഗു കൊണ്ടാണോ?

(7) ഡയലോഗു കൊണ്ടു വല്ലവരും സഭയിൽ ചേർന്നിട്ടുണ്ടോ? പരസ്യ യോഗപ്രസംഗം കേട്ട് എത്രയോ പേർ മാനസാന്തരപ്പെട്ടിട്ടുണ്ട്!

## 2. ഡയലോഗിന്റെ പ്രാധാന്യം

ബി. സി. നാലാം നൂറ്റാണ്ടിൽ സോക്രട്ടീസ് പ്രചാരത്തിൽ വരുത്തിയ ഡയലോഗിന്, സോക്രട്ടീസ് പഠനരീതി (Socratis method of study) എന്നു പേർ പറയും. നമ്മുടെ കർത്താവ് പരീശന്മാരേയും സാദൂക്യരെയും മിണ്ടാതാക്കിയതു ഡയലോഗു കൊണ്ടായിരുന്നു (മത്താ. 22:45f). ശമര്യാക്കാരിയുമായുള്ള സംഭാഷണവും ഒരു ഡയലോഗായിരുന്നു. ലൂദിയായെയും കാരാഗൃഹപ്രമാണിയെയും വി. പൗലോസ് സ്നാനത്തിലേക്കു നയിച്ചത് പ്രസംഗത്താൽ ആയിരുന്നില്ല.

സകലതും പരിശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ (1 തെസ്സ. 5:21). അതിനാൽ മറ്റു മതങ്ങളെക്കുറിച്ചു നാം കേൾക്കേണ്ടതാണ്. ഓരോരുത്തരോടും നിങ്ങൾ ഉത്തരം പറയേണമെന്ന് അറിയേണ്ടതിനു നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടു കൂടിയും ഉപ്പിനാൽ രുചി വരുത്തിയും ആയിരിക്കട്ടെ (കൊലോ. 4:6). ഇവിടെ ഡയലോഗിലെ സംസാരത്തെക്കുറിച്ചാണല്ലോ വി. പൗലോസ് പറയുന്നത്.

'സത്യ'ത്തിനു ഡയലോഗിനെ ഭയപ്പെടേണ്ട ആവശ്യമില്ല. ദൈവം തന്നിരിക്കുന്ന യുക്തി മറ്റുള്ളവർക്കും നമുക്കും ഒരുപോലെ തന്നിരിക്കുന്ന ദൈവസാദൃശ്യത്തിന്റെ ഒരു ഭാഗമാണ്. ദൈവസാദൃശ്യം പാപവീഴ്ചയാൽ വികൃതമായിപ്പോയെങ്കിലും ഇല്ലാതായിട്ടില്ല. റോമ. 1:19, 20 അനുസരിച്ച് വെളിപാടിലും വിശ്വാസത്തിലും കൂടിയുള്ളവർക്കാണ് ദൈവത്തിന്റെ അദൃശ്യലക്ഷണങ്ങൾ യുക്തിക്കു വെളിവായി വരുന്നതെന്ന് കാൾ ബാർത്തു പറയുന്നു. എല്ലാവരുടെയും യുക്തി കൊണ്ടു ദൈവത്തെ കാണാമെന്ന് തോമസ് അക്വിനാസും പറയുന്നു. ഈ രണ്ടു നിലപാടും പൊരുത്തപ്പെടുത്തുവാൻ തന്നെ ഡയലോഗ് ആവശ്യമാണ്. വിശ്വാസമാകുന്ന അന്തർനേത്രത്താലാണു ദൈവത്തെ കാണാവുന്നതെങ്കിലും, ആ അന്തർനേത്രം തുറക്കുന്നതിനു യുക്തി ആവശ്യമായി വരും. യുക്തിയിൽകൂടി ദൈവശാസ്ത്രജ്ഞർ അന്തർനേത്രത്തെ തുറക്കുന്നതിനു സഹായിക്കണം. അങ്ങനെ ബോദ്ധ്യപ്പെടുത്തുവാൻ എല്ലാവരോടും, നിരീശ്വരവാദികളോടും, ഡയലോഗു നടത്തണം.

ഡയലോഗ് എന്ന വാക്ക് വേദപുസ്തകത്തിൽ ഇല്ലെന്നുള്ളതു ശരി തന്നെ. ത്രിത്വം, സാരാംശത്തിൽ പിതാവിനോട് ഏകത്വമുള്ളവൻ, കൂദാശ എന്നീ വാക്കുകളും പദപ്രയോഗങ്ങളും വേദപുസ്തകത്തിൽ ഇല്ലെങ്കിലും അവയ്ക്ക് ഉപോൽബലകമായ ആശയങ്ങളും വാക്യങ്ങളും വേദപുസ്തകത്തിൽ ഉണ്ട്. അതുപോലെ ഡയലോഗ് എന്ന ആശയവും വേദപുസ്തകത്തിൽ ഉണ്ട്.

വെളിച്ചവും ഇരുളും തമ്മിലല്ല ഡയലോഗ്. വെളിച്ചവും കൂടുതൽ വെളിച്ചവും തമ്മിലാണു ഡയലോഗ്. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. ഇരുളോ അതിനെ പിടിച്ചടക്കിയില്ല (വി. യോഹ. 1:5). ഇരുളുമായി ഡയലോഗു നടത്തിയാലും ഇരുൾ വെളിച്ചത്തെ പിടിച്ചടക്കുകയില്ല. സത്യം അന്തിമമായി വിജയിക്കും.

## 3. ലോഗോസ് ദൈവശാസ്ത്രം ഡയലോഗിന് അനുകൂലം

ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു (വി. യോഹ. 1:9). ഈ ലോഗോസ് (വചനം), മനുഷ്യാവതാരം ചെയ്യുന്നതിനു മുമ്പും വെളിച്ചമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. മനുഷ്യാവതാരത്തിനു ശേഷവും ക്രിസ്തുവാകുന്ന ലോഗോസ് സത്യവും നന്മയും സൗന്ദര്യവുമുള്ളിടത്തോളം ദൈവം എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവികയുക്തി എവിടെയുണ്ടോ, ദൈവത്തിനായുള്ള അന്വേഷണം എവിടെയുണ്ടോ, അവിടെയെല്ലാം ലോഗോസ് (ക്രിസ്തു) ആകുന്ന ദൈവം പ്രവർത്തനനിരതനാണ്. സമ്പൂർണ സത്യവും നന്മയും സൗന്ദര്യവുമാകുന്ന മനുഷ്യാവതാര ലോഗോസിലേക്ക്, ഏവരും വരണമെന്നാണു ദൈവത്തിന്റെ യുഗാന്ത്യ രഹസ്യവും കാര്യപരിപാടിയും. ദൈവഹിതത്തിന്റെ മർമ്മം സ്വർഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്കുക (എഫേ. 1:10) എന്നതത്രേ. അതിനു സുവിശേഷ പ്രസംഗം, ഡയലോഗ്, സ്നേഹപ്രവൃത്തികൾ, വിശുദ്ധ ജീവിതം, പ്രതിപക്ഷ ബഹുമാനം മുതലായവ അത്യന്താപേക്ഷിതമാണ്.

ലോജിക്കൽ (logical) ആയതൊന്നും ലോഗോസിനു പ്രതികൂലമല്ല, അനുകൂലമാകുന്നു. ലോഗോസ് (വചനം) ദൈവമായിരുന്നു. വചനം ജഡമായിത്തീർന്നു (വി. യോഹ. 1:14). ദൈവം ഉള്ളിടത്തോളമെല്ലാം വചനവും ചിന്തയുമാകുന്ന ലോഗോസ് ഉണ്ട്. യേശുക്രിസ്തു പല ദൈവങ്ങളിൽ ഒന്നല്ല: ത്രിത്വത്തിൽ ഒരുവനായ അവിടുന്ന് സത്യദൈവവും നിത്യജീവനുമാകുന്നു (1 യോഹ. 5:20). ആകയാൽ എല്ലാ സത്യവും ക്രിസ്തുവിനോടു ബന്ധപ്പെട്ടതു തന്നെ. സത്യത്തിന്റെ ബഹുത്വത്തിൽ നിന്ന് ഏകത്വത്തിലേക്കും അപൂർണതയിൽ നിന്ന് പൂർണതയിലേക്കും ഡയലോഗു വഴി നടത്തും. മറ്റു മതങ്ങളിലും ആശയങ്ങളിലും ക്രിസ്തു പ്രവർത്തിക്കുന്നില്ലെന്നു ചിന്തിക്കരുത്. സകലവും അവനിൽനിന്നും, അവനാലും അവനിലേക്കും ആകുന്നു (റോമ. 11:36). സത്യവും, അർദ്ധസത്യവും, മിഥ്യയും തമ്മിൽ തിരിച്ചറിയുന്നതിനും നമുക്കു സാധിക്കണം. അവനിലല്ലോ ദൈവത്തിന്റെ സർവസമ്പൂർണതയും ദേഹരൂപമായി വസിക്കുന്നത് (കൊലോ. 2:9). ആ സമ്പൂർണ വെളിപാടിനെക്കുറിച്ചുള്ള നമ്മുടെ വിശ്വാസം ഡയലോഗിൽ അസഹിഷ്ണത ഉണ്ടാക്കുവാൻ ഇടയാക്കരുത്. ആ പരമസത്യം അറിവാൻ ഭാഗ്യം ലഭിച്ച

തിൽ നാം ദൈവത്തെ സ്തുതിക്കുകയും തന്റെ മുമ്പാകെ വിനയപ്പെടുകയുമത്രേ വേണ്ടത്.

## 4. ഡയലോഗു നിയമങ്ങൾ

1982 മെയ് മാസത്തെ ഡബ്ലിയു. സി. സി. യുടെ വാർത്താവിനിമയത്തിൽ ഡയലോഗു വിജയപ്രദമാകുന്നതിനു 12 നിയമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

1. പരസ്പര ബന്ധിതത്വം (inter-relatedness): ആശയങ്ങൾ സാമൂഹ്യവും, ആത്മീയവും, രാഷ്ട്രീയവും, സാന്മാർഗികവും, മനഃശാസ്ത്രപരവുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

2. പക്ഷവാദിത്വം: ദരിദ്രർക്കുവേണ്ടി വാദിക്കണം (Advocacy).

3. സമാധാന സ്ഥാപകമായിരിക്കണം (Peace - Making).

4. മൂല്യങ്ങളുടെ തിരുത്തൽ (Value Reversal): ദരിദ്രന്റെയും ചൂഷിതരുടെയും ബലഹീനരുടെയും ആത്മാക്കൾ ദൈവസന്നിധിയിൽ ഏറ്റവും വിലയേറിയവയാകുന്നു.

5. സാംസ്കാരിക കെട്ടുറപ്പ് (Cultural Integrity). ഡയലോഗിൽ രണ്ടു കൂട്ടരുടെയും സംസ്കാരങ്ങളുടെ ഐക്യദാർഢ്യം ഉണ്ടായിരിക്കണം.

6. ദൈവശാസ്ത്രപരമായ കെട്ടുറപ്പ് (Theological Integrity): സുവിശേഷത്തിന്റെ മർമ്മം മുഴുവനായി വ്യാഖ്യാനിപ്പാൻ പാടില്ലെങ്കിലും അതിന്റെ സാരാംശത്തിലുള്ള ഐക്യം ഗ്രഹിക്കണം.

7. വിനയം (humility): സത്യത്തെ പൂർണതയിൽ ഗ്രഹിക്കാൻ കഴിയാത്തതിലുള്ള വിനയം.

8. മനുഷ്യത്വചിന്ത (humanitarian): മനുഷ്യത്വപരമായ ചിന്ത പരസ്പര ബഹുമാനത്തിലും സ്നേഹത്തിലും കരുണയിലും അന്തർലീനമായിരിക്കുന്നു.

9. ഏക കുടുംബമനോഭാവം (ecumenicity): വർഗവർണജാതി വിവേചനങ്ങൾക്കപ്പുറമായി, ലോകത്തെ മുഴുവൻ ഒരു കുടുംബമായി കാണുന്ന ആഗോളവീക്ഷണം വേണം.

10. സർവ്വത്തെയും ഉൾക്കൊള്ളുന്ന അവസ്ഥ (inclusiveness): ആരെയും അകറ്റാതെ, ഏവരെയും ഉൾക്കൊള്ളുന്ന ഡയലോഗ് ഒരുമയിലേക്കു നയിക്കണം.

11. വ്യക്തത (clarity): വ്യക്തമായും, തിളക്കത്തോടും സമഗ്രമായും സംഭാഷണവാദം നടത്തണം.

12. അനുയോജ്യത (appropriateness): കേന്ദ്രബിന്ദുവിനെ ചുറ്റിപറ്റി സംസാരിക്കുകയും, അർത്ഥശൂന്യത ഒഴിവാക്കുകയും വേണം.

ഈ പന്ത്രണ്ടു പെരുമാറ്റച്ചട്ടങ്ങൾ ഉൾക്കൊണ്ടുകൊണ്ടു പ്രതിപക്ഷത്തെ സമീപിച്ചാൽ, പൂർണസത്യത്തിലേക്കു നമ്മുടെ അന്തർനയനം തുറന്ന് അതിൽ നമ്മെ ദൈനംദിനം വഴി നടത്തും.

ശ്രീ. ശങ്കരാചാര്യർ ഹിന്ദുമതത്തിൽ നിന്നും ബുദ്ധമതത്തിലേക്കു പോയ വരെ തിരികെ വരുത്തുന്നതിനു, പ്രസംഗങ്ങൾ മാത്രമല്ല, ഡയലോഗും ഉപയോഗിച്ചു എന്നു കാണാം. സംഭാഷണവാദത്തിനു പ്രസംഗത്തേക്കാൾ ഒരുക്കം ആവശ്യമുണ്ട്. ഒരു വശം മാത്രം അറിയാവുന്നവർ ഡയലോഗിൽ പങ്കെടുക്കുകയാണെങ്കിൽ, തോൽവിയായിരിക്കും ഫലം. പ്രതിപക്ഷ ബഹുമാനം കൂടാതെ, എതിരാളികളെ കുറ്റം പറഞ്ഞും മറ്റു മതങ്ങളെ ഇടിച്ചു താഴ്ത്തിയും, ഇതര സഭാവിഭാഗങ്ങളെ പുച്ഛിച്ചും പ്രസംഗിക്കുന്നതു ക്രിസ്തീയമല്ല. അഥേന പുരുഷന്മാരേ നിങ്ങൾ എല്ലാറ്റിലും അതിഭക്തന്മാർ എന്നു ഞാൻ കാണുന്നു (അപ്പോ. പ്ര. 17:22) എന്ന മുഖവുരയോടു കൂടിയാണു പൗലോസ് ശ്ലീഹാ ക്രിസ്തുവിലേക്കു മനുഷ്യരെ നയിച്ചത്. അവരുടെ മതഗ്രന്ഥങ്ങളും താൻ ഉദ്ധരിച്ചു. ചിലർ പരിഹസിച്ചെങ്കിലും പലരും വീണ്ടും പ്രസംഗം കേൾക്കണമെന്നു പറഞ്ഞു. രണ്ടു പ്രതികരണത്തിനും നാം തയ്യാറായിരിക്കണം.

## ചോദ്യങ്ങൾ

1. ഗ്രീക്ക് ഓർത്തഡോക്സുകാരുമായി ക്രിസ്തുശാസ്ത്രം സംബന്ധിച്ച ഒരു ഡയലോഗു നടത്തുന്നതായി എഴുതുക.
2. ഒരു ഹൈന്ദവ സ്നേഹിതനുമായി സുവിശേഷപരമായ ഒരു ഡയലോഗു നടത്തുന്നതായി എഴുതുക.
3. ഡയലോഗു നിയമങ്ങളെ നിരൂപണദൃഷ്ട്യാ വിലയിരുത്തുക.

# യൂണിറ്റ് 3

# റോമൻ കത്തോലിക്കാ സഭ

## പാഠം 1

## രണ്ടാം വത്തിക്കാനു മുമ്പും പിമ്പുമുള്ള റോമൻ കത്തോലിക്കാ സഭ

❑ ട്രെന്റിനു മുമ്പുള്ള റോമൻ കത്തോലിക്കാ സഭ ❑ ഒന്നാം വത്തിക്കാൻ കൗൺസിൽ ❑ രണ്ടാം വത്തിക്കാൻ കൗൺസിൽ ❑ പുരോഗതിയുടെ പാതയിൽ

നിയമത്തിനും അച്ചടക്കത്തിനും, ഐക്യത്തിനും താരതമ്യേന കൂടുതൽ പ്രാധാന്യം കൊടുക്കുന്ന റോമൻ കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം, കൗൺസിലുകൾ സഭയുടെ നിലനില്പ്പിന് അത്യന്താപേക്ഷിതമാണ്. 21 കൗൺസിലുകളാണ് (സുന്നഹദോസ്) അവർക്കുള്ളത്. ചില നൂറ്റാണ്ടുകളിൽ കൗൺസിലുകൾ കൂടാതെയിരുന്നു എന്നുള്ളത് ഇവിടെ ശ്രദ്ധേയമാണ്.

ഓർത്തഡോക്സ് സഭകളെ സംബന്ധിച്ചിടത്തോളം മൂന്നു (ഓറിയന്റൽ) അല്ലെങ്കിൽ ഏഴു (ബൈസന്റൈൻ) കൗൺസിലുകൾ കഴിഞ്ഞു സാർവത്രിക കൗൺസിലുകൾ ഉണ്ടായിട്ടില്ല. മാത്രവുമല്ല റോമൻ കത്തോലിക്കാ സഭയും കൂടെ ചേരാതെ കൗൺസിൽ സാർവത്രികമാകയില്ലെന്ന് അവർ വിചാരിക്കുന്നു. വി. കുർബാനയോ ദൈവവചനമോ അത്യന്താപേക്ഷിതമായിരിക്കുന്നതുപോലെ കൗൺസിലുകൾ അത്യന്താപേക്ഷിതമല്ല എന്നും ചിന്തിക്കുന്നു.

### റോമൻ കത്തോലിക്കരുടെ തനതായ കൗൺസിലുകൾ

| നമ്പർ | വിളിച്ചുകൂട്ടിയ ആൾ | കൗൺസിലിന്റെ പേര് | വർഷം |
|---|---|---|---|
| 8 | ബേസിൽ I ചക്രവർത്തി | അഡ്രിയൻ | 869–870 |
| 9 | കാലിസ്റ്റസ് II പാപ്പ | ലാറ്ററൻ കൗൺസിൽ I | 1123 |
| 10 | ഇന്നസെന്റ് III | ലാറ്ററൻ കൗൺസിൽ II | 1139 |
| 11 | അലക്സാണ്ടർ III | ലാറ്ററൻ കൗൺസിൽ III (വെനീസ്) | 1177 |
| 12 | ഇന്നസെന്റ് III | ലാറ്ററൻ കൗൺസിൽ IV | 1215 |
| 13 | ഇന്നസെന്റ് IV | ലയോൺസ് I | 1245 |
| 14 | ഗ്രിഗറി X | ലയോൺസ് II | 1271 |

| | | | |
|---|---|---|---|
| 15 | ക്ലെമന്റ് V | വിയന്നാ | 1311 |
| 16 | ഗ്രിഗറി XII | കോൺസ്റ്റൻസ് | 1414–1418 |
| 17 | യൂജീൻ IV | ഫ്ളോറൻസ് | 1431–1437 |
| 18 | ജൂലിയൻ II | ലാറ്റൻ V | 1512–1517 |
| 19 | പോൾ III | ട്രെന്റ് | 1545–1547 |
| 20 | പയസ് IX | വത്തിക്കാൻ I | 1869–1870 |
| 21 | ജോൺ XXIII | വത്തിക്കാൻ II | 1962–1965 |

പ്രൊട്ടസ്റ്റന്റ് മുന്നേറ്റത്തിനെതിരായ നവീകരണം (counter reformation) സഭയിൽ ഉണ്ടാക്കുന്നതിനു സഹായിച്ച ട്രെന്റ് കൗൺസിലും, സഭയെ ആധുനീകരിക്കുവാൻ സഹായിച്ച രണ്ടാം വത്തിക്കാൻ കൗൺസിലും ഇവയിൽ സുപ്രധാനങ്ങളാണ്.

## 1. ട്രെന്റിനു മുമ്പുള്ള റോമൻ കത്തോലിക്കാ സഭ

ഇക്കാലയളവിൽ ചില തെറ്റായ ഉപദേശങ്ങൾ ചൂഷണോപാധികളായി തീർന്നു. പാപമോചനച്ചീട്ടു വില്പന ഇതിനുദാഹരണമാണ്. ഡോമിനിക്കൻ സന്യാസി ജോഹാൻ റ്റെറ്റ്സൽ പാപമോചനച്ചീട്ടു വില്പനയെ പ്രോത്സാഹിപ്പിച്ചു പ്രസംഗിച്ചു. ഇതിനെ സെന്റ് പീറ്റേഴ്സ് പള്ളിപണിക്കു പണം ശേഖരിക്കുന്നതിനുള്ള ഒരു മാർഗമാക്കി. പണം നേർച്ചപ്പെട്ടിയിൽ വീഴുന്ന മുഹൂർത്തത്തിൽ, ആർക്കുവേണ്ടി പണം ഇട്ടുവോ അവരുടെ ആത്മാക്കൾ ബെസ്പുർക്കാന (ആത്മാക്കളുടെ ശുദ്ധീകരണ സ്ഥലം) യിൽ നിന്നു പറന്നു രക്ഷപ്പെടുമത്രേ. പാപമോചനച്ചീട്ടു വില്പനക്കെതിരായി 95 പ്രസ്താവനകൾ മാർട്ടിൻ ലൂഥർ എഴുതി. താൻ പ്രൊഫസറായിരുന്ന വിറ്റൻസ്ബർഗ് സർവകലാശാലയിലെ പള്ളിയുടെ വാതിൽപലക മേൽ ഒട്ടിച്ചു (1517). ലൂഥറിന്റെ എതിർപ്പ് അനേകരെ പ്രോട്ടസ്റ്റന്റ് വിശ്വാസത്തിലേക്കു മാറ്റുകയും റോമൻ കത്തോലിക്കാ സഭയുടെ ഉള്ളിൽ ചലനം സൃഷ്ടിക്കുകയും ചെയ്തു. ഉർബൻ II പാപ്പാ കുരിശുയുദ്ധത്തിൽ മരിക്കുന്നവർക്കു മുഴുദണ്ഡവിമോചനം (plenary indulgence) നേരത്തേ നൽകി. ഇതും ഒരു ദുഷിച്ച വരുമാനമാർഗമായിത്തീർന്നു. ഇതിനെയും ലൂഥർ എതിർത്തു.

13-ാം നൂറ്റാണ്ടു മുതൽ 19-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ (1814) സ്പെയിനിലും മറ്റും നിലനിന്ന മതദ്രോഹ പ്രവർത്തന മർദ്ദനം (inquisition) അനേകരെ ദുഃഖത്തിലാഴ്ത്തി. ഇതിന്റെ പേരിൽ 2000 പേരെങ്കിലും കൊല്ലപ്പെട്ടിരിക്കുമെന്നു പറയുന്നു.

ഇവ മൂലം ഇക്കാലം ചരിത്രത്തിലെ ഇരുണ്ട അദ്ധ്യായങ്ങളായി പരിഗണിക്കപ്പെടുന്നു.

നിഖ്യാ കുസ്തന്തീനോപോലീസ് വിശ്വാസപ്രമാണം ട്രെന്റ് കൗൺസിൽ (1545–63) വീണ്ടും ഉറപ്പിക്കുകയും കൂദാശകൾ ഏതെന്നു ക്ലിപ്തപ്പെടുത്തുകയും വേദപുസ്തകവും പാരമ്പര്യവും വിശ്വാസസ്ഥാപനത്തിനു തുല്യ പ്രാധാന്യമുള്ളതെന്നു പ്രഖ്യാപിക്കുകയും, മതതത്ത്വ ചോദ്യോത്തരങ്ങൾ (catechism) ഉണ്ടാക്കുകയും ചെയ്തു. അങ്ങനെ സഭയ്ക്കുള്ളിൽ ഒരു നവീകരണമുണ്ടാക്കി പ്രോട്ടസ്റ്റന്റ് നവീകരണത്തെ ചെറുത്തു.

## 2. ഒന്നാം വത്തിക്കാൻ കൗൺസിൽ (1869–70)

പീയൂസ് ഒമ്പതാമൻ മാർപ്പാപ്പാ വിളിച്ചുകൂട്ടിയ ഈ കൗൺസിലിലേക്കു നിരീക്ഷകരായി ഓർത്തഡോക്സുകാരെയും പ്രോട്ടസ്റ്റന്റുകാരെയും ക്ഷണിച്ചിരുന്നെങ്കിലും അവർ അതിനു സംബന്ധിച്ചില്ല.

i പ്രധാനമായും പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും സ്ഥാപിക്കുവാനാണ് ഈ കൗൺസിൽ കൂടിയത്. പാപ്പാ സിംഹാസനത്തിൽ ഇരുന്നുകൊണ്ടു (ex-cathedra) വിശ്വാസവും സന്മാർഗവും സംബന്ധിച്ചുള്ള വിശ്വാസം പ്രഖ്യാപിച്ചാൽ അതിന് അപ്രമാദിത്വം (തെറ്റിക്കൂടായ്മ) ഉണ്ടെന്ന് ഈ കൗൺസിൽ തീരുമാനിച്ചു.

ii. ദൈവമാതാവിന്റെ ശരീരത്തോടു കൂടിയുള്ള വാങ്ങിപ്പ് ഒരു വിശ്വാസസത്യമാക്കുവാൻ (ഡോഗ്മ) ചിലർ ശ്രമിച്ചു. എന്നാൽ 1950 വരെ അതു വിജയിച്ചില്ല.

തന്മൂലം ഓർത്തഡോക്സുകാരെയും പ്രോട്ടസ്റ്റന്റുകാരെയും വൈകാരികമായി അകറ്റുന്നതിന്, ഈ കൗൺസിൽ കാരണമായി.

## 3. രണ്ടാം വത്തിക്കാൻ കൗൺസിൽ (1962–65)

സഭയിൽ ഒരു പുതിയ പെന്തിക്കോസ്ത് ഉണ്ടാകുവാനും, മറ്റു സഭകളുമായുള്ള ഐക്യം വളർത്തുവാനും, ലോകത്തിന്റെ അനീതിയെക്കുറിച്ചും ആക്രമണത്തെക്കുറിച്ചും സഭയ്ക്കുള്ള കാഴ്ചപ്പാടു വ്യക്തമാക്കുവാനുമായിരുന്നു ഈ കൗൺസിൽ കൂടിയത്. ജോൺ XXIII ആണ് ഇതു വിളിച്ചുകൂട്ടിയത്. വത്തിക്കാന്റെ ജനലുകൾ തുറന്നു ശുദ്ധവായു അകത്തേക്കു കയറ്റിയ ഒരു സംഭവമായിരുന്നു അത്. നല്ലവനായ ജോൺ പാപ്പാ, പരിശുദ്ധാത്മ പ്രേരണയിലും, നല്ല ഉദ്ദേശ്യത്തോടും വിളിച്ചുകൂട്ടിയ ഈ കൗൺസിൽ പൂർത്തിയാകുന്നതിനു മുമ്പ് അദ്ദേഹം കാലം ചെയ്തത് റോമൻ കത്തോലിക്കാ സഭയ്ക്കും ക്രൈസ്തവ ലോകത്തിനു മുഴുവൻ ഒരു വലിയ നഷ്ടമായിപ്പോയി. കൗൺസിലിന്റെ ഒന്നാം ഘട്ടം കഴിഞ്ഞു 1963 ജൂൺ 3–ാം തീയതി ആണ് അദ്ദേഹം കാലം ചെയ്തത്.

നാലു ഘട്ടങ്ങളിലായി 10 വിഷയങ്ങളാണ് ഇതിൽ പഠന വിഷയമാക്കിയത്. 1. ദൈവശാസ്ത്രം, വേദപുസ്തകം, പാരമ്പര്യം, വിശ്വാസം, സന്മാർഗം.

2. ബിഷപ്പന്മാരും രൂപതകളുടെ ഭരണവും. 3. പട്ടക്കാരുടെയും ജനങ്ങളുടെയും അച്ചടക്കം. 4. സന്യാസിമാരും സന്യാസിനിമാരും. 5. വി. കൂദാശകളുടെ നിയമാവലി. 6. വി. കുർബാന. 7. പഠനവും സെമിനാരികളും. 8. കിഴക്കൻ സഭകളെക്കുറിച്ച്. 9. മിഷൻ അഥവാ പ്രേഷിതവൃത്തി. 10. അത്മായക്കാരുടെ പ്രേഷിതവൃത്തിയും ആശയവിനിമയ ഉപാധികളും.

## പുരോഗതിയുടെ പാതയിൽ

രണ്ടാം വത്തിക്കാൻ കൗൺസിലിൽ സഭ, ദൈവിക വെളിപാട്, വി. കുർബാന, ആധുനിക ലോകത്തിലെ സഭ എന്നീ നാലു വിഷയങ്ങളെക്കുറിച്ചുള്ള അടിസ്ഥാന പ്രമാണരേഖകൾ (constitution) ഉണ്ടാക്കി. 9 ഡിക്രികളും മൂന്നു പ്രസ്താവനകളും ഇറക്കി. ex-cathedra പ്രഖ്യാപനങ്ങൾ ഒന്നും ഉണ്ടായില്ല.

മേൽപറഞ്ഞ 4 പ്രമാണരേഖകൾ സഭയെ ആധുനീകരിക്കുന്നതിനും, പുരോഗമന പാതയിലേക്കു തിരിച്ചുവിടുന്നതിനും സഹായിച്ചു.

### 1. സഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ
(വിശ്വാസപരമായ അടിസ്ഥാന പ്രമാണരേഖ)

താഴെ പറയുന്ന വിഷയങ്ങളാണു പരിഗണിച്ചു തീരുമാനമെടുത്തിരിക്കുന്നത്.

1. വിശുദ്ധ വേദപുസ്തകത്തിൽ സഭയെക്കുറിച്ചുള്ള ഉപമാനങ്ങൾ, സഭയാകുന്ന മർമ്മം.
2. സഭയിൽ വൈദികർക്കും ബിഷപ്പന്മാർക്കുമുള്ള സ്ഥാനം, ബിഷപ്പന്മാരുടെ കൂട്ടുത്തരവാദിത്വം, ബിഷപ്പന്മാർക്കു പാപ്പായുടെ ഒന്നാം സ്ഥാനത്തോടുള്ള ബന്ധം.
3. വിവാഹിതരോ അവിവാഹിതരോ ആയ ശെമ്മാശ്ശന്മാരുടെ സ്ഥാനം പുനഃപ്രതിഷ്ഠിക്കൽ.
4. വിശ്വാസികളുടെ രാജകീയ പൗരോഹിത്യം, അവർക്കു പട്ടത്വക്രമത്തോടുള്ള ബന്ധം.
5. സഭയിൽ നിലനിൽക്കുന്ന കൃപാവരങ്ങൾ.
6. മാറിനിൽക്കുന്ന സഭകളെക്കുറിച്ചും ഇതര മതങ്ങളെക്കുറിച്ചും.
7. സമത്വവും ആധികാരികതയും തമ്മിലുള്ള സന്തുലിതാവസ്ഥ.
8. ദരിദ്രർ, ചൂഷിതർ, പ്രയാസമനുഭവിക്കുന്നവർ എന്നിവരെക്കുറിച്ചുള്ള പരിഗണന, സാമൂഹ്യനീതി.
9. സഭയുടെ പ്രേഷിത ചുമതല.

10. സഭയും ഭൗതിക ഭരണകൂടവും.
11. ദൈവമാതാവിനു മദ്ധ്യസ്ഥ എന്ന നിലയിൽ സഭയിലുള്ള മാതൃ സ്ഥാനം.

ഓർത്തഡോക്സ് വിശ്വാസാചാരങ്ങളോടു കൂടുതൽ അടുക്കുകയാണ് ഈ കൗൺസിലിൽക്കൂടി ഉണ്ടായത്.

### 2. ദൈവിക വെളിപാടിനെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ

ഇതിലെ അദ്ധ്യായങ്ങൾ താഴെപ്പറയുന്നവയാണ്:

1. വെളിപാടു തന്നെ (Revelation itself).
2. വെളിപാടു നൽകുന്നത് (The handing on of divine revelation).
3. വി. വേദപുസ്തകം.
4. പഴയനിയമം.
5. പുതിയനിയമം.
6. സഭയുടെ ജീവിതത്തിൽ വേദപുസ്തകത്തിനുള്ള സ്ഥാനം.

വേദപുസ്തകത്തെയും ദൈവശാസ്ത്രത്തെയും രണ്ട് ഉറവകളായി ഈ കൗൺസിൽ കണ്ടു. ഓർത്തഡോക്സ് സഭകൾ അവ രണ്ടിനെയും ഒരുമിച്ചു കാണുന്നു.

### 3. വി. കുർബാനയെക്കുറിച്ച്

1. ആരാധന മാതൃഭാഷയിൽ ആക്കണം.
2. ലളിതമാക്കണം.
3. പ്രാദേശിക ആചാരങ്ങൾ ഉൾപ്പെടുത്തണം.
4. സമൂഹത്തിൽ സൽപ്രേരണ ചെലുത്തുന്ന ആരാധന രൂപീകരിക്കണം.
5. ശരീരരക്തങ്ങൾ വേണ്ടിവന്നാൽ രണ്ടായി കൊടുക്കാം.
6. ജപമാല പ്രാർത്ഥനകൾ പരിഷ്കരിക്കണം.

ഈ തീരുമാനങ്ങൾ ചലനാത്മകത്വം കാണിക്കുന്നവയാണ്.

### 4. ആധുനിക ലോകത്തിൽ സഭയെക്കുറിച്ചുള്ള പ്രമാണം

ഇത് ഏറ്റവും സ്വീകാര്യമായ പ്രമാണരേഖയാണ്. നിരീശ്വരത്വം, മാർക്സിസം, കമ്മ്യൂണിസം, ലോകദാരിദ്ര്യം, സാംസ്കാരിക രംഗത്തു സഭയ്ക്കുള്ള പ്രേരണ, ക്രിസ്തീയ മാനവികത (Christian humanism), എല്ലാ മനുഷ്യരുടെയും സമത്വം, സകല നല്ല മനുഷ്യരുമായി ചേർന്നു പ്രവർത്തി

ക്കേണ്ടതിന്റെ ആവശ്യകത, നാഗരികതയിൽ മതം കൊണ്ടുള്ള പ്രയോജനം, വിവാഹത്തിന്റെ മഹിമ, കുടുംബജീവിതം, ഗർഭച്ഛിദ്രദോഷം, ആയുധമത്സരം, അണുവായുധങ്ങൾ, ജനസംഖ്യാ പെരുപ്പം, ദരിദ്ര രാജ്യങ്ങൾക്കു സഹായം, അന്തർദേശീയ ആധികാരികത മുതലായ പ്രധാന വിഷയങ്ങൾ ഇതിൽപ്പെടുന്നു.

**ചോദ്യങ്ങൾ**

1. 16–ാം നൂറ്റാണ്ടിലെ നവീകരണം റോമൻ കത്തോലിക്കാ സഭയിൽ വരുത്തിയ മാറ്റങ്ങൾ ഏവ?
2. രണ്ടാം വത്തിക്കാന്റെ നേട്ടങ്ങളെ വിലയിരുത്തുക.

## പാഠം 2

# പരിശുദ്ധാത്മാവിന്റെ പുറപ്പാട്

❑ വേദസാക്ഷ്യം ❑ ആദ്യ വിശ്വാസപ്രമാണം ❑ 1000 എ. ഡി. വരെയുള്ള റോമിലെ പാരമ്പര്യം ❑ അഗസ്തീനോസിന്റെ ത്രിത്വോപദേശം❑ 'ആത്മാവിൽ നിന്നും ജനിച്ചവനും' എന്നും ചേർക്കണം ❑ പുത്രൻ പിതാവല്ല ❑ ത്രിത്വം ചതുർത്വമല്ല

കുസ്തന്തീനോപോലീസിലെ (381) സുന്നഹദോസിൽ വിശ്വാസ പ്രമാണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "പിതാവിൽ നിന്നു പുറപ്പെട്ട്, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു." പാശ്ചാത്യസഭ പുത്രനിൽ നിന്നും എന്ന് കൂട്ടിച്ചേർത്തു. അപ്പോൾ പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധാത്മാവ് പുറപ്പെട്ടു എന്നു വന്നു. ലത്തീനിൽ ഫിലിയോക്വെ എന്നാണു ഈ കൂട്ടിച്ചേർപ്പ്. ഇതു സംബന്ധിച്ചു കൂലങ്കഷമായി പഠിച്ച കിഴക്കും പടിഞ്ഞാറുമുള്ള വേദശാസ്ത്രജ്ഞന്മാർ, 1981–ൽ പ്രസിദ്ധപ്പെടുത്തിയതാണ് "ദൈവത്തിന്റെ ആത്മാവ് ക്രിസ്തുവിന്റെ ആത്മാവ്" എന്ന ഗ്രന്ഥം.

താഴെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ ഫിലിയോക്വെ കൂട്ടിച്ചേർപ്പ് തെറ്റാണ്.

### 1. വേദസാക്ഷ്യം

(a) 'ഞാൻ പിതാവിന്റെ അടുക്കൽ നിന്നു നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി, പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവ്

വരുമ്പോൾ, അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും' (യോഹ. 15:26). ഇവിടെ പിതാവിന്റെയും എന്റെയും അടുക്കൽ നിന്നു പുറപ്പെടുന്ന എന്നല്ല പറയുന്നത്. 'ഞാൻ അയപ്പാനുള്ള' എന്ന വാചകത്തിൽ നിന്നും പുത്രനിൽ നിന്നു പുറപ്പെടുന്നു എന്നു വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഉറവ പിതാവാണ്.

(b) 'പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ' (യോഹ. 14:16) എന്ന വാക്യത്തിലും ഉറവ പിതാവു മാത്ര മാണ്. പിതാവും പുത്രനും അയപ്പാനുള്ള എന്നല്ല പറയുന്നത്. പുത്രനെക്കു റിച്ചും കാര്യസ്ഥൻ എന്നു പറയുന്നുണ്ട് (1 യോഹ. 2:1).

## 2. ആദ്യ വിശ്വാസപ്രമാണം

കുസ്തന്തീനോപ്പോലീസിലെ സാർവത്രിക സുന്നഹദോസിൽ (എ. ഡി. 381) വി. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളെക്കുറിച്ചു നിശ്ചയിച്ചതു മാറ്റുവാൻ ആർക്കും അവകാശമില്ല.

സ്പെയിനിലെ റ്റൊളിഡോയിൽ നടന്ന മൂന്നാം സുന്നഹദോസാണ് (ഒരു പ്രാദേശിക സുന്നഹദോസ്) 589-ൽ ആദ്യമായി ഫിലിയോക്വെ കൂട്ടിച്ചേർപ്പ് ഉണ്ടാക്കിയത്. യാതൊരു സാർവത്രിക സുന്നഹദോസും ഇത് അംഗീകരി ച്ചിട്ടില്ല.

## 3. 1000 എ. ഡി. വരെയുള്ള റോമിലെ പാരമ്പര്യം

റോമിൽ 1000 എ. ഡി. വരെ ഈ കൂട്ടിച്ചേർപ്പ് ഉപയോഗിച്ചിരുന്നില്ല. റോമിലും ഇതു സ്വീകരിച്ചതിന്റെ ഫലമായി 1054-ൽ കിഴക്കൻ സഭയും പടി ഞ്ഞാറൻ സഭയും തമ്മിൽ വേർപിരിഞ്ഞു. പാശ്ചാത്യസഭ ഈ കൂട്ടിച്ചേർപ്പ് സ്വീകരിച്ചത് പുത്രനിൽക്കൂടി എന്ന അർത്ഥത്തിലായിരിക്കണമെന്നാണു പണ്ഡിതമതം.

## 4. അഗസ്തീനോസിന്റെ ത്രിത്വോപദേശം

ഇദ്ദേഹം ത്രിത്വത്തിലെ യോജിപ്പ് കണ്ടതു പിതാവിലല്ല. പിന്നെയോ പൊതു സാരാംശത്തിലാണ്. പുത്രനിൽ നിന്നും എന്നു ചേർക്കുന്നതിന് ഈ ത്രിത്വോപദേശം സഹായകരമായി. എന്നാൽ അദ്ദേഹം ത്രിത്വത്തെക്കു റിച്ചും പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെക്കുറിച്ചും പറയുമ്പോൾ പിതാവിൽ നിന്നു മാത്രമാണ് പരിശുദ്ധാത്മാവ് ആദ്യമായി പുറപ്പെടുന്നത് എന്നു വ്യക്ത മായി എഴുതിയിട്ടുണ്ട് (The spirit originally proceeds from the Father alone). അതിനാൽ അഗസ്തീനോസ് ഈ കൂട്ടിച്ചേർപ്പിന് അനുകൂലമാ ണെന്നു പറയുക പ്രയാസമാണ്.

### 5. ആത്മാവിൽ നിന്നും ജനിച്ചവനും എന്നു ചേർക്കണം

പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നെന്നു പറയുന്നെങ്കിൽ പുത്രൻ, പിതാവിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും ജനിച്ചെന്നു പറയേണ്ടി വരും. അതിനാൽ പുത്രനിൽ നിന്നും പരിശുദ്ധാത്മാവ് പുറപ്പെടുന്നെന്നു പറയുന്നത് തെറ്റാണ്.

### 6. പുത്രൻ പിതാവല്ല

പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നെന്നു പറഞ്ഞാൽ പിതാവും പുത്രനും തമ്മിലുള്ള വ്യത്യാസം ഇല്ലാതാകും. രണ്ടു പേരും ഉറവയായി തീരും. അപ്പോൾ പുത്രനും പിതാവാണെന്നു വരും. കിഴക്കൻ പിതാക്കന്മാർ പറയുന്നതും പിതാവു മാത്രം പുത്രന്റെ ജനകനും പരിശുദ്ധാത്മാവിനെ നിത്യമായി പുറപ്പെടുവിക്കുന്നവനുമാണ് എന്നാണ്. സമന്മാരിൽ ഒന്നാമൻ പിതാവ് മാത്രമാണ്. മേൽപറഞ്ഞ കൂട്ടിച്ചേർപ്പ് ഉപയോഗിച്ചാൽ പിതാവിന് ആ സ്ഥാനം ഇല്ലാതെയാകും.

### 7. ത്രിത്വം ചതുർത്വമല്ല

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സാരാംശത്തെ മൂന്നുപേരുടെയും ഉറവയാക്കിയാൽ, ത്രിത്വം മാറി ചതുർത്വമാകും. കപ്പദോക്യൻ പിതാക്കന്മാർ ഒരു സാരാംശവും മൂന്ന് ആളത്തവുമെന്നു പറയുന്നെങ്കിലും ത്രിത്വത്തിലെ ഒരുമ കണ്ടത് സാരാംശത്തിലല്ല, പിന്നെയോ പിതാവായ ദൈവത്തിലാണ്. ആഗസ്തീനോസാകട്ടെ സാരാംശത്തെ ഉറവയാക്കി.

ഈ വിഷയത്തെക്കുറിച്ചു പാശ്ചാത്യ സഭയ്ക്കു ഇപ്പോൾ വലിയ തർക്കമോ, പിടിവാശിയോ ഇല്ല. ഈ കൂട്ടിച്ചേർപ്പ് കളയണമെന്നു പറഞ്ഞ് ഒരു കല്പന ഇറക്കിയാൽ തീരാവുന്ന പ്രശ്നമേയുള്ളു.

### ചോദ്യങ്ങൾ

1. 'പുത്രനിൽ നിന്നും' എന്ന കൂട്ടിച്ചേർപ്പിന്റെ ചരിത്രം കുറിക്കുക.
2. ഫിലിയോക്വെ കൂട്ടിച്ചേർപ്പു ത്യജിക്കണമെന്നു പറയുന്നതിന്റെ ന്യായങ്ങൾ ഏവ?

പാഠം 3

# മറിയ വിജ്ഞാനീയവും അമലോത്ഭവവും

❑ വി. മാതാവിനെ സംബന്ധിച്ചുള്ള നിലപാടുകൾ ❑ മാതാവ് വേദപുസ്തകത്തിൽ ❑ അമലോത്ഭവ സിദ്ധാന്തം തെറ്റ് ❑ ഓർത്തഡോക്സ് വിശ്വാസം

## 1. വി. മാതാവിനെ സംബന്ധിച്ചുള്ള നിലപാടുകൾ

യേശുക്രിസ്തുവും മാതാവും കൂടി ലോകത്തെ രക്ഷിച്ചു എന്ന നിലയിൽ റോമൻ കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. ഓർത്തഡോക്സ് സഭകൾ ഇങ്ങനെ പഠിപ്പിക്കുന്നില്ല. അതേസമയത്തു മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നുമുണ്ട്. ഈ നിലപാടു വേദപുസ്തകാധിഷ്ഠിതവും, പുരാതനസഭയുടെ പാരമ്പര്യത്തിനു ചേർന്നതുമാണ്. പ്രൊട്ടസ്റ്റന്റു സഭകൾ ഒരു സാധാരണ സ്ത്രീയെപ്പോലെ മാത്രം മാതാവിനെ കാണുന്നു.

| റോമൻ കത്തോലിക്കർ | പ്രൊട്ടസ്റ്റന്റുകാർ | ഓർത്തഡോക്സുകാർ |
|---|---|---|
| 1. ദൈവമാതാവ് | ക്രിസ്തുവിന്റെ അമ്മ | ദൈവപ്രസവിത്രി |
| 2. അമലോത്ഭവ സിദ്ധാന്തം ഉണ്ട് | ഇല്ല | ഇല്ല |
| 3. മാതാവ് നിഷ്പാപ പൂർണയാണ് | ക്രിസ്തു മാത്രം നിഷ്പാപ പൂർണൻ | ക്രിസ്തു മാത്രം നിഷ്പാപ പൂർണ്ണൻ. മാതാവിന്റെ ശുദ്ധീകരണം ക്രിസ്തുവുമായുള്ള ബന്ധത്തിൽ മാത്രം. |
| 4. മാതാവിനെ അവളുടെ ജനനത്തിനു മുമ്പേ വേർതിരിച്ചതിനാൽ, ജന്മപാപവുമില്ല, കർമ്മപാപവുമില്ല. | നമ്മെപ്പോലെ വീഴ്ത്തപ്പെട്ട ആദാമ്യ തലമുറയിൽ മാതാവും ഉൾപ്പെടും | നമ്മെപ്പോലെ ജനിച്ചെങ്കിലും, വിശുദ്ധ ജീവിതത്താൽ ദൈവപ്രസവിത്രി ആകുന്നതിനു യോഗ്യത ലഭിച്ചു. |
| 5. രക്ഷണ്യ പ്രവർത്തനത്തിൽ പങ്കാളിത്തമുണ്ട് | ക്രിസ്തു ഏകനായി മുന്തിരിച്ചക്ക് ചവിട്ടി | രക്ഷകന്റെ മാതാവായതിനാൽ രക്ഷയ്ക്ക് ഉറവിടമായി. എന്നാൽ ക്രിസ്തു ഏകനായി രക്ഷണ്യ വേല ചെയ്തു. |

| | | | |
|---|---|---|---|
| 6. | ഒരു കർത്ത്യപ്രാർത്ഥനയ്ക്ക് 10 കൃപ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന | കർത്ത്യ പ്രാർത്ഥന മാത്രം | കൃപനിറഞ്ഞ മറിയമേ, ഒരു പ്രാവശ്യം മാത്രം |
| 7. | മാതാവ് ഉടലോടെ എടുക്കപ്പെട്ടു എന്ന വിശ്വാസസത്യം (dogma) | ഉടലോടെ എടുക്കപ്പെട്ടിട്ടില്ല | ഉടലോടെ എടുക്കപ്പെട്ടു എന്ന പാരമ്പര്യമുണ്ട്. വിശ്വാസ സത്യമായി പ്രഖ്യാപിച്ചിട്ടില്ല. |
| 8. | മാതാവ് ഇപ്പോഴേ ത്രിത്വത്തോടു കൂടെ സ്വർഗത്തിൽ | അങ്ങനെ ഒരുപദേശമില്ല | കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉയിർത്തെഴുന്നേല്ക്കും |
| 9. | മാതാവ് നിത്യകന്യക | വീണ്ടും പ്രസവിച്ചു | നിത്യകന്യക |

## 2. മാതാവു വേദപുസ്തകത്തിൽ

1. മാതാവിന്റെ പ്രത്യേകത പുതിയനിയമത്തിൽ അനിഷേധ്യമായി കാണാമെന്നു മാത്രമല്ല, ആദ്യത്തെ സുവിശേഷം (protoevangelion) എന്നറിയപ്പെടുന്ന ഉല്പ. 3:15 ൽ മാതാവിനെക്കുറിച്ച് ഒരു പ്രത്യേക വചനമുണ്ട്: "ഞാൻ നിനക്കും (പിശാചിനും) സ്ത്രീക്കും, നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. നീ അവന്റെ കുതികാൽ തകർക്കും." എന്നാൽ ഈ ഭാഗം വച്ചുകൊണ്ട്, അമലോത്ഭവസിദ്ധാന്തം തെളിയിക്കുവാൻ ശ്രമിക്കുന്നത് വിജയിക്കുകയില്ല. പിശാച് കർത്താവിനും, തന്റെ മാതാവിനും, സഭയ്ക്കും എല്ലാവർക്കും എതിരാണെന്ന അർത്ഥമേ ഇതിനുള്ളൂ.
2. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും (യെശ. 7:14). ഈ പ്രവചനം കന്യകമറിയാമിൽ നിവർത്തിയായി (മത്താ. 1:22f).
3. "നിന്റെ ഭാര്യയായ മറിയാമിനെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട. അവളിൽ ഉൽപ്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു" (മത്താ. 1:20). വിവാഹനിശ്ചയം കഴിഞ്ഞാൽ ഭാര്യാഭർത്താക്കന്മാരെന്നു പറഞ്ഞിരുന്നതിനാലാണ് ഇവിടെ ഭാര്യയെന്ന് എഴുതിയിരിക്കുന്നത്.
4. "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള മാനം എനിക്ക് എവിടെ നിന്നുണ്ടായി" (ലൂക്കോ. 1:43) എന്ന് എലിസബേത്ത് പറഞ്ഞതാണ് ദൈവപ്രസവിത്രി എന്ന ഓർത്തഡോക്സ് വിശ്വാസത്തിന്റെ അടിസ്ഥാനം. ക്രിസ്തുവിന്റെ അമ്മയെന്നു

മാത്രം പറഞ്ഞ നെസ്തോറിനെതിരെ എപ്പേസൂസ് സുന്നഹദോസ് (431) തീരുമാനമെടുത്തല്ലോ. അതിനാൽ ക്രിസ്തുവിന്റെ അമ്മ യെന്നല്ല പറയേണ്ടത്.

5. മാതാവിന്റെ മദ്ധ്യസ്ഥപ്രാർത്ഥന സ്വീകരിച്ചുകൊണ്ട് സമയത്തിനു മുമ്പു തന്നെ വെള്ളം വീഞ്ഞാക്കി സഹായിച്ച സംഭവം മാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ശക്തിയെ കാണിക്കുന്നു (യോഹ. 2:1–11).

6. കർത്താവ് കുരിശിൽ മരിക്കുന്നതിനു മുമ്പു യോഹന്നാനെ മാതാവിന്റെ ചുമതല ഏല്പിച്ചതിൽ നിന്നും (യോഹ. 19:25–27) മാതാവിനു മറ്റു മക്കൾ ഇല്ലായിരുന്നെന്നു ന്യായമായി വിചാരിക്കാം.

   'ഇതാ നിന്റെ അമ്മ' എന്ന വാചകം യോഹന്നാനോടു മാത്രമല്ല, ഓരോ ക്രിസ്ത്യാനിയോടും കർത്താവു പറയുന്നതായി എടുക്കേണ്ട താണ്. കർത്താവിന്റെ അമ്മ ഓരോ ക്രിസ്ത്യാനിയുടെയും അമ്മ യാണ്.

7. "നിന്റെ സ്വന്തപ്രാണനിൽക്കൂടിയും ഒരു വാൾ കടക്കും" (ലൂക്കോ. 2:35) എന്ന ശീമോന്റെ പ്രവചനം, ഏകജാതൻ മരിച്ച സമയത്ത്, കുരിശിന്റെ ചുവട്ടിൽ നിന്ന മാതാവിൽ നിവർത്തിയായി.

8. പത്തു ദിവസം ശിഷ്യന്മാർ പരിശുദ്ധാത്മാവിനായി കാത്തിരുന്ന മാളികയിൽ സ്ത്രീകളും യേശുവിന്റെ അമ്മയായ മറിയാമും (അപ്പോ. പ്ര. 1:14) ഉണ്ടായിരുന്ന കാര്യം എടുത്തു പറഞ്ഞതിൽ നിന്നും, മാതാവിന് അന്നു തന്നെ പ്രത്യേകമായ സ്ഥാനമുണ്ടായിരുന്നെന്നു ചിന്തിക്കാം.

### 3. അമലോത്ഭവ സിദ്ധാന്തം തെറ്റ്

ഒന്നാം വത്തിക്കാനു മുമ്പ് പയസ് X പാപ്പാ, 1854 – ൽ അമലോത്ഭവ സിദ്ധാന്തം ഒരു വിശ്വാസസത്യമായി (dogma) പ്രഖ്യാപിച്ചു. തന്മൂലം മാതാവ് അമ്മയുടെ ഗർഭത്തിൽ ഉരുവായതു മുതൽ തന്നെ, ജന്മപാപത്തിന്റെ എല്ലാ കറകളിൽ നിന്നും വിമോചിതയായിരുന്നു (immune from all taint of original sin).

താഴെപ്പറയുന്ന കാരണങ്ങളാൽ ഈ സിദ്ധാന്തം ഓർത്തഡോക്സ് സഭ കൾ സ്വീകരിക്കുന്നില്ല.

1. മാതാവ് ജന്മപാപവും (ആദാമ്യപാപം) കർമപാപവും ഇല്ലാത്ത നിഷ്പാപ പൂർണയായിരുന്നെങ്കിൽ, നമ്മുടെ പതിതമായ സ്വഭാവം (fallen nature) പുത്രൻ തമ്പുരാൻ സ്വീകരിച്ചില്ലെന്നു വരും. അങ്ങ

നെയെങ്കിൽ നമ്മുടെ വീണ്ടെടുപ്പു സാധിച്ചിട്ടില്ലെന്നു വരും (He could not redeem that which He could not assume) മാതാവു പ്രത്യേക സൃഷ്ടി ആയിരുന്നെങ്കിൽ നമ്മുടെ സ്വഭാവമല്ല താൻ സ്വീകരിച്ചത്. അങ്ങനെയെങ്കിൽ നമ്മുടെ സ്വഭാവത്തിനു കർത്താവിൽക്കൂടി ഒരു മാറ്റവും വന്നിട്ടില്ല എന്നു വരും. നേരെമറിച്ചു കന്യക മറിയാം ഒന്നാം ഹവ്വായുടെ മകൾ ആയിരുന്നെങ്കിൽ, ശുദ്ധീകരണം ആവശ്യമായിരുന്നു.

2. തോമസ് അക്വിനാസും ഡൊമിനിക്കൻ സന്യാസിമാരും ഈ സിദ്ധാന്തത്തിനെതിരായിരുന്നു. മാതാവു നിഷ്പാപപൂർണയായിരുന്നെങ്കിൽ, അക്വിനാസ് പറയുന്നതുപോലെ, ക്രിസ്തുവിന്റെ മനുഷ്യാവതാരത്താലും മരണത്താലും മാതാവൊഴികെയുള്ളവർക്കു മാത്രമേ രക്ഷയുണ്ടാകൂ. അപ്പോൾ യേശുക്രിസ്തു എല്ലാവരുടെയും രക്ഷകനല്ലെന്നു വരും. അതിനാൽ ഉരുവായതിനു ശേഷമാണു, മാതാവിനെ വിശുദ്ധീകരിച്ചത് (It remains therefore that the Blessed virgin was sanctified after annunciation, *Summa Theologica*, III 27 art. 2).

3. ദൈവമാതാവിനെ, മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പു തന്നെ, ജന്മപാപത്തിൽ നിന്നു (ആദാമ്യപാപം) രക്ഷിക്കാമായിരുന്നെങ്കിൽ, മറ്റ് ഏവരേയും അങ്ങനെ രക്ഷിക്കാമായിരുന്നു. അപ്പോൾ കർത്താവിന്റെ മനുഷ്യാവതാരം വേണ്ടിവരികയില്ലായിരുന്നു എന്നു വരും.

4. മാതാവിനു ജന്മപാപമില്ലെങ്കിൽ (ആദാമ്യപാപം) മാതാവിന്റെ മാതാപിതാക്കന്മാർക്കും അതില്ലായിരിക്കണം. ഏവരും വിശുദ്ധരായി ജനിക്കണമെങ്കിൽ, അവരുടെ മാതാപിതാക്കന്മാരും അങ്ങനെ ആയിരിക്കണം. ഇങ്ങനെ പുറകോട്ടുപോയാൽ ആദാമ്യവീഴ്ച തന്നെ ഇല്ലാതാകും. അതിനാൽ അമലോത്ഭവ സിദ്ധാന്തം സ്വീകാര്യമല്ല.

5. മാതാവിൽ പ്രത്യേക ജീവിതവിശുദ്ധി ഉണ്ടായിരുന്നതിനാൽ, അവൾ മനുഷ്യാവതാരപാത്രമാകുവാൻ അർഹയായി എന്നു പറയണമെങ്കിൽ മാതാവിനു ജന്മപാപം (ആദാമ്യപാപം) ഉണ്ടായിരിക്കണം. പാപത്തിലേക്കുള്ള ചായ്‌വ് ഇല്ലായിരുന്നെങ്കിൽ, പാപം ചെയ്യാതിരുന്നതു പ്രത്യേക അർഹതയ്ക്കു കാരണമാകുന്നില്ല.

6 'കൃപ നിറഞ്ഞവളേ, നിനക്കു സമാധാനം' എന്നാണ് ഗബ്രിയേൽ മാലാഖ പറഞ്ഞത്. 'കൃപ' (ഗ്രീക്കിൽ 'കാരിസ്' എന്നും സുറിയാനിയിൽ 'തൈബൂസോ' എന്നും പറയും) അനർഹരായവർക്കു നൽകു

ന്നതാണ്. അർഹിക്കുന്നവർക്കു നൽകുന്നതു കൂലിയാണ്. മാതാവു പതിതവർഗത്തിൽപ്പെട്ടവളായതിനാൽ കൃപ ആവശ്യമായിരുന്നു. പതിതരിൽപ്പെട്ടവളല്ലെങ്കിൽ കൃപ ആവശ്യമില്ല.

എന്നാൽ, "നന്മ നിറഞ്ഞവളേ" എന്നു ചൊല്ലുന്നതു തെറ്റാണ്. വേദപുസ്തകത്തിലെ ഉദ്ധരണിയാണു പ്രാർത്ഥനയിൽ ചൊല്ലേണ്ടത്. സ്വയമായി നന്മ നിറഞ്ഞവർ ആരുമില്ല. ദൈവം മാത്രം നന്മയുടെ പൂർണതയുൾക്കൊള്ളുന്നു.

ഡൻസ്സ്കോട്ടസ് (1224–1306) എന്ന ഫ്രാൻസിസ്ക്കൻ ദൈവശാസ്ത്രജ്ഞനിൽ നിന്നു ലഭിച്ചതാണ് അമലോത്ഭവ സിദ്ധാന്തം. ആദാമ്യവീഴ്ച കാര്യമായി എടുക്കാത്തതിനാൽ റോമൻ കത്തോലിക്കാ സഭ തെറ്റായി സ്വീകരിച്ചുപോയ ഒരു ഉപദേശമാണിതെന്ന് ഇന്നത്തെ മിക്ക റോമൻ കത്തോലിക്കാ ലിബറൽ ചിന്തകന്മാരും സമ്മതിക്കുന്നുണ്ട്. ഈ ഉപദേശത്തിനു വേണ്ടി പ്രതിരോധം നടത്തുവാൻ വലിയ ആവേശം റോമൻ കത്തോലിക്കർ കാണിക്കുന്നുമില്ല. വിശ്വാസസത്യമായി പാപ്പാ പ്രഖ്യാപിച്ചതു തെറ്റെന്നുവന്നാൽ പോപ്പിന്റെ തെറ്റിക്കൂടായ്മവാദം നിലനിൽക്കയില്ല. അതിനാൽ ആയിരിക്കണം ഈ ഉപദേശം പേരിനെങ്കിലും അവർ വച്ചുകൊണ്ടിരിക്കുന്നത്.

## 4. ഓർത്തഡോക്സ് വിശ്വാസം

ഫാദർ ജോർജ് ഫ്ളോറോസ്ക്കി പറയുന്നത്: "മാതാവിന്റെ വീണ്ടെടുപ്പു പൂർത്തിയായതു പോലും ക്രൂശിലെ ഒരു തുള്ളി രക്തം തലയിൽ വീണപ്പോഴാണ്."

ജന്മപാപമെന്ന സിദ്ധാന്തത്തെത്തന്നെ ദൈവശാസ്ത്രത്തിന്റെ പ്രധാന സ്ഥാനത്തു കൊണ്ടുവന്നത് അഗസ്തീനോസാണ്. വേദപുസ്തകത്തിൽ ആ പദപ്രയോഗമില്ല. ആദാമ്യ പാപത്തേക്കുറിച്ചു വേദപുസ്തകത്തിൽ പഠിപ്പിക്കുന്നുണ്ട്. കുട്ടികൾ മാമോദീസാ ഏൽക്കാതെ മരിച്ചാൽ അവർ സ്വർഗത്തിൽ പോകയില്ലെന്ന അഗസ്തീനിയൻ ചിന്താഗതി ഓർത്തഡോക്സ് സഭയ്ക്കില്ല. 1 കൊരി 7:14 അനുസരിച്ചു ക്രിസ്തീയ മാതാപിതാക്കന്മാരുടെ വിശുദ്ധിയാൽ കുഞ്ഞുങ്ങൾ വിശുദ്ധരാണ്.

എന്നാൽ ആദാമ്യപാപം പാപത്തിന്റെ സാർവത്രികതയും, പാപത്തോട് എല്ലാ മനുഷ്യർക്കുമുള്ള ചായ്‌വും കാണിക്കുന്ന ഒരു നല്ല സിദ്ധാന്തമാണ്. മാതാവിലുണ്ടായിരുന്ന ആദാമ്യപാപം വചനിപ്പിന്റെ സമയത്തു നീക്കി എന്ന് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു.

'വിത്തു കെട്ടിയ വട്ടി പോലുള്ള പ്രാധാന്യമേ മാതാവിനുള്ളൂ' എന്നു പറയുന്ന പ്രോട്ടസ്റ്റന്റ് ചിന്താഗതിയും ക്രിസ്തുവിനോടുള്ള ഭക്തിയേക്കാൾ

മാതാവിനോടുള്ള ഭക്തി കൂടുതലാക്കുന്ന റോമൻ കത്തോലിക്കാ ചിന്താഗതിയും തെറ്റാണ്.

ഓർത്തഡോക്സ് പഠിപ്പിക്കൽ വേദപുസ്തകാധിഷ്ഠിതവും ആദിമ സഭാ പാരമ്പര്യത്തിലുള്ളതുമാണ്. മാതാവിനു പരിശുദ്ധന്മാരിൽ ഒന്നാം സ്ഥാനം ഓർത്തഡോക്സ് സഭകൾ കൊടുക്കുന്നു. എന്നാൽ ത്രിത്വത്തോടു ചേർന്നു പ്രതിഷ്ഠിക്കുന്ന പ്രവണത അവർക്കറിയില്ല. മാതാവിനോടും മാതാവിനു വേണ്ടിയും ഓർത്തഡോക്സുകാർ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നുണ്ട്.

**ചോദ്യങ്ങൾ**

1. വേദാനുസരണമുള്ള മറിയ വിജ്ഞാനീയം കണ്ടുപിടിക്കുക.
2. അമലോത്ഭവസിദ്ധാന്തത്തിലെ തെറ്റുകൾ കണ്ടുപിടിക്കുക.
3. ഓർത്തഡോക്സു സഭകളുടെ മറിയ വിജ്ഞാനീയത്തിന്റെ മേന്മകളേവ?

## പാഠം 4

# പാപ്പായുടെ അപ്രമാദിത്വവും പരമാധികാരവും

❑ പാപ്പായുടെ അപ്രമാദിത്വം വേദാനുസരണമോ? ❑ പാപ്പായുടെ പരമാധികാരം വേദാനുസരണമോ? ❑ പരിശുദ്ധാത്മ പൂർണതയും വളർന്നുകൊണ്ടിരിക്കുന്ന സഭയുടെ അപ്രമാദിത്വവും ❑ നിർവചനങ്ങളുടെ അപര്യാപ്തത ❑ ഗാലിക്കനിസത്തിലെ ശരിയും തെറ്റും

ഒന്നാം വത്തിക്കാൻ കൗൺസിൽ ആണ് പാപ്പായുടെ അപ്രമാദിത്വവും പരമാധികാരവും റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസസത്യങ്ങളിൽ ഉൾപ്പെടുത്തിയത്. ആഗോളസഭയുടെ വിശ്വാസവും സദാചാരവും സംബന്ധിച്ച്, എല്ലാ ക്രിസ്ത്യാനികളുടെയും പാസ്റ്റർ (ഇടയൻ) എന്ന നിലയിൽ സിംഹാസനത്തിൽ ഇരുന്നുകൊണ്ടു പ്രസ്താവിക്കുന്ന നിർവചനങ്ങൾ, പാപ്പായുടെ അപ്പോസ്തോലിക പരമാധികാരത്തിൽ നിന്നാകയാൽ, അപ്രമാദിത്വമുള്ളതാണ്. ഇതു വോട്ടിനിട്ടപ്പോൾ 451 പേർ അനുകൂലിച്ചും, 88 പേർ പ്രതികൂലിച്ചും, 62 പേർ നിഷ്പക്ഷമായും നിന്നു. വീണ്ടും വോട്ടിനിട്ടപ്പോൾ 533 പേർ അനുകൂലിച്ചും 2 പേർ എതിർത്തും, 66 പേർ നിഷ്പക്ഷമായും ഇരുന്നു.

അന്നു പാസ്സാക്കിയ പ്രമാണരേഖയനുസരിച്ചു സഭ സ്വീകരിച്ചില്ലെങ്കിലും, പാപ്പായുടെ സിംഹാസനത്തിലിരുന്നുകൊണ്ടുള്ള ഔദ്യോഗിക പ്രസ്താവന (ex-cathedra) പരിഷ്ക്കരിക്കപ്പെടാൻ പാടില്ലാത്തതാണ്.

## 1. പാപ്പായുടെ അപ്രമാദിത്വം വേദാനുസരണമോ?

സഭയ്ക്കോ, പത്രോസിനോ, പാപ്പായ്ക്കോ, അപ്രമാദിത്വമുണ്ടെന്നു വേദപുസ്തകത്തിൽ കാണുന്നില്ല. പരിശുദ്ധാത്മാവു സഭയെ സകല സത്യത്തിലും വഴിനടത്തുമെന്നു പറയുന്നു. വീഴാത്തവൻ, തെറ്റാത്തവൻ എന്നീ വാക്കുകൾ വേദപുസ്തകത്തിൽ ഒരു മനുഷ്യനെക്കുറിച്ചും പറയുന്നില്ല.

വി. പത്രോസിനെക്കുറിച്ചു പറയുമ്പോൾ, അദ്ദേഹം മൂന്നു പ്രാവശ്യം കർത്താവിനെ തള്ളിപ്പറയുവാൻ ഇടയായി. പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മപൂർണനായെങ്കിലും കുറ്റക്കാരനായി കാണപ്പെടുന്നുണ്ട്. 'എന്നാൽ കേഫാവ് അന്ത്യോക്യയിൽ വന്നാറെ അവനിൽ കുറ്റം കാണുകയാൽ ഞാൻ അഭിമുഖമായി അവനോട് എതിർത്തുനിന്നു' (ഗലാ. 2:11) എന്നു വി. പൗലോസ് പറയുന്നു. പരിഛേദനക്കാരെ ഭയപ്പെട്ടു പിൻമാറിപ്പോയവരുടെ കൂട്ടത്തിലാണു പത്രോസിനെ കാണുന്നത്. 'സുവിശേഷത്തിന്റെ സത്യം അനുസരിച്ചു ചൊവ്വായി നടക്കുന്നില്ല' (ഗലാ. 2:14) എന്നു വി. പൗലോസ് വി. പത്രോസിനെ കുറ്റപ്പെടുത്തുന്നു.

വി. പത്രോസ് ഏതെങ്കിലും സിംഹാസനത്തിൽ ഇരുന്നു വിശ്വാസത്തിന്റെ നിർവചനം നൽകിയതായി കാണുന്നില്ല. യെറുശലേമിലെ സുന്നഹദോസിൽ തീരുമാനം പ്രഖ്യാപിച്ചതു യാക്കോബാണ് (അപ്പോ. പ്ര. 15:13–21).

## 2. പാപ്പായുടെ പരമാധികാരം വേദാനുസരണമോ?

1. പത്രോസിനു പരമാധികാരം ഇല്ലായിരുന്നു. പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനെ മറ്റുള്ളവരുടെ തലവനാക്കിയെങ്കിൽ തങ്ങളുടെ കൂട്ടത്തിൽ ആരെയാകുന്നു വലിയവനായി എണ്ണേണ്ടത് (ലൂക്കോ. 22:24) എന്ന തർക്കം അന്ത്യപെസഹാ ഭക്ഷണസമയത്ത് ഉണ്ടാകയില്ലായിരുന്നു.

2. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം പത്രോസിന് എന്നപോലെ (മത്താ. 16:13–19) മറ്റുള്ളവർക്കും കൊടുത്തിട്ടുണ്ട് (മത്താ. 18:18, യോഹ. 20:23).

3. പത്രോസിന് ഒരു സിംഹാസനമെന്നും മറ്റു പതിനൊന്നു പേർക്ക് അദ്ദേഹത്തിന്റെ കീഴിൽ 11 സിംഹാസനങ്ങളെന്നും പറയാതെ 12 സിംഹാസനങ്ങളെന്നാണു കർത്താവു പറയുന്നത് (മത്താ. 19:28 ഉം ലൂക്കോ. 22:30 ഉം കാണുക).

4. മത്താ 16:17–19 ലും ലൂക്കോ 22:31 ലും യോഹ. 21:15–17 ലും പത്രോസ് ശ്ലീഹായ്ക്കു മറ്റു ശ്ലീഹന്മാരുടെമേൽ എന്തെങ്കിലും അധികാരമുള്ള തായി പറയുന്നില്ല.
5. പത്രോസിനു പരമാധികാരം ഉണ്ടായിരുന്നതായോ, അദ്ദേഹം അത് ഉപയോഗിച്ച് എന്തെങ്കിലും ചെയ്തതായോ, വേദസാക്ഷ്യമില്ല.
6. പുതിയനിയമത്തിൽ 12 ശിഷ്യന്മാരുടെ ലിസ്റ്റ് കൊടുത്തിരിക്കുന്ന നാലു ഭാഗങ്ങളിലും, പത്രോസിന്റെ പേർ ആദ്യം പറയുന്നുണ്ട്. അത് അദ്ദേഹത്തിന്റെ ഏതു കാര്യത്തിലും മുമ്പിട്ടു പ്രവർത്തി ക്കുന്ന പ്രകൃതംകൊണ്ടും, പ്രായം കൂടിയ വ്യക്തിയെന്ന നിലയി ലുമായിരിക്കണം.
7. വി. പത്രോസ് സ്വയം വിളിക്കുന്നതു നിങ്ങളിലുള്ള മൂപ്പന്മാരിൽ ഒരു കൂട്ടുമൂപ്പൻ (1 പത്രോ. 5:1) എന്നാണ്.

പത്രോസിന് എന്തെങ്കിലും പ്രത്യേക അധികാരമുണ്ടെന്നിരുന്നാൽ ത്തന്നെ അതെല്ലാം എല്ലാ സഭകളിലെയും തലവന്മാർക്കും ഉണ്ട്. യഥാർത്ഥ ത്തിൽ അതെല്ലാം ഓരോ എപ്പിസ്കോപ്പായ്ക്കും ഉണ്ട്. കാരണം എപ്പി സ്ക്കോപ്പാ യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യത്തിന്റെ പ്രതീ കമാണ്. എവിടെ എപ്പിസ്കോപ്പായുണ്ടോ അവിടെ സഭയുണ്ടെന്ന് അന്ത്യോക്യയിലെ മാർ ഇഗ്നാത്തിയോസ് (ഒന്നാം നൂറ്റാണ്ടിന്റെ അവസാന ത്തിലും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ജീവിച്ചിരുന്ന) പറയുന്നു. ഓരോ പ്രാദേശിക സഭയിലും സുന്നഹദോസിന്റെ അദ്ധ്യക്ഷനെന്ന നില യിൽ സഭാതലവനു ചില പ്രത്യേക അധികാരം കൊടുക്കുന്നു എന്നേയുള്ളൂ. അതിനാൽ പാപ്പായ്ക്കു മറ്റു സഭകളുടെ മേൽ യാതൊരു അധികാരവുമില്ല.

## 3. പരിശുദ്ധാത്മ പൂർണതയും വളർന്നുകൊണ്ടിരിക്കുന്ന സഭയുടെ അപ്രമാദിത്വവും

ദൈവം മാത്രം ആണ് സമ്പൂർണൻ. വി. ത്രിത്വത്തിലെ പൂർണ്ണത പിതാ വിലും പുത്രനിലും പരിശുദ്ധാത്മാവിലും മാത്രം പൂർണമായുണ്ട്. ‘പരിശു ദ്ധാത്മാവ് സകല സത്യത്തിലും വഴി നടത്തും’ (യോഹ. 16:13) എന്ന വാക്യത്തെ സത്യത്തിൽ വഴി നടത്തിക്കഴിഞ്ഞു എന്ന നിലയിൽ വ്യാഖ്യാ നിക്കുകയാണ് റോമാസഭ ചെയ്തിരിക്കുന്നത്. ഭൂതം, വർത്തമാനം, ഭാവി എന്നിവയിൽ ഒരുപോലെയുള്ള പൂർണത ത്രീയേക ദൈവത്തിനു മാത്രമേ യുള്ളൂ. പാപപങ്കിലവും അപൂർണവും, ആപേക്ഷികവുമായ ചരിത്രത്തിലെ പൂർണതയിൽ കൂടുതൽ പൂർണതയിലേക്കുള്ള വളർച്ചയുടെ സാദ്ധ്യതയും ആവശ്യവും ഉണ്ട്. വേദപുസ്തകത്തിന്റെ അപ്രമാദിത്വമോ, പാപ്പായുടെ അപ്രമാദിത്വമോ തെളിയിക്കാൻ, വേദപുസ്തകവും, ചരിത്രവും, യുക്തിയും അനുവദിക്കുന്നില്ല.

സഭയുടെ ചരിത്രത്തിലെ പൂർണത നിത്യതയിലെ പൂർണതയോടു സമമല്ല. 'ഇപ്പോൾ നാം കടമൊഴിയായി കാണുന്നു ..... അംശമായി അറിയുന്നു' (1 കൊരി. 13:12). 'പൂർണമായതു വരുമ്പോഴൊ അംശമായതു നീങ്ങിപ്പോകും' (1 കൊരി. 13:10). യുഗാന്ത്യത്തിലെ (eschatological) അപ്രമാദിത്വവും, പൂർണതയും, ചരിത്രത്തിൽ സഭയ്ക്കു പോലും ഇല്ല. എന്നാൽ പൂർണതയിലേയ്ക്കു നയിക്കുന്ന പരിശുദ്ധാത്മാവു സഭയുടെ നാഥനും നടത്തിപ്പുകാരനുമാകയാൽ, പൂർണതയിലേക്കു നയിക്കുമെന്ന ഉറപ്പു നമുക്കുണ്ട്.

സഭാചരിത്രം പരിശോധിച്ചാൽത്തന്നെ തെറ്റായ വിശ്വാസത്തെ, തെറ്റാവരമുണ്ടെന്നവകാശപ്പെടുന്ന പാപ്പാമാർ തന്നെ ex-cathedra, പ്രസ്താവിച്ചിട്ടുണ്ട്. ഉദാ. ദൈവമാതാവിന്റെ അമലോത്ഭവം. അതിനാൽ അപ്രമാദിത്വം അവകാശപ്പെടുന്നതു തന്നെ തെറ്റാണെന്നു പാപ്പാമാർ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ദൈവമാതാവിന്റെ ശരീരത്തോടു കൂടിയുള്ള വാങ്ങിപ്പിനെ വിശ്വാസസത്യമായി പ്രഖ്യാപിച്ച റോമാസഭ കർത്താവിന്റെ രണ്ടാമത്തെ ഉയിർപ്പിൽ മാതാവിന് ഉയിർപ്പ് ഉണ്ടോ എന്ന ചോദ്യത്തിനു മറുപടി പറയുന്നില്ല.

ഒരിക്കൽ സഭയിൽ പിളർപ്പുണ്ടായാൽ ഇരുഭാഗവും അതിലുണ്ടായിരുന്ന പൂർണസത്യത്തിന്റെ ഒരു ഭാഗവുമായിട്ടാണു പിരിയുന്നത് വിശ്വാസവിപരീതികൾ തെറ്റുമായി പോകുന്നതുപോലെയല്ല. അതിനാൽ പുനരൈക്യത്തിൽ ഇരുഭാഗത്തുള്ള സത്യവും ഉൾക്കൊള്ളാൻ ശ്രമിക്കണം.

പുതിയനിയമത്തിൽ പത്രോസും പൗലോസും യോഹന്നാനും പറയുന്ന സത്യങ്ങൾ ഉൾക്കൊണ്ട് അവയെ ഒരുമിപ്പിക്കുവാൻ പരിശുദ്ധാത്മാവാകുന്ന അപ്രമാദിത്വമുള്ള ഗുരു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പാപ്പായെ കേന്ദ്രീകരിച്ചുള്ള അപ്രമാദിത്വം പഠിപ്പിക്കുന്ന റോമാസഭയും, വേദപുസ്തകത്തെ കേന്ദ്രമാക്കി അപ്രമാദിത്വം പഠിപ്പിക്കുന്ന പ്രൊട്ടസ്റ്റന്റ് സഭകളും, മുഴുസഭയുടെ അപ്രമാദിത്വം പഠിപ്പിക്കുന്ന ഓർത്തഡോക്സ് സഭകളും പരിശുദ്ധാത്മാവിൽ അപ്രമാദിത്വത്തിലേക്കു നടത്തപ്പെടേണ്ടിയിരിക്കുന്നു. നാം പിടിച്ചു എന്നല്ല, പിടിക്കാമോ എന്നു വച്ച് അപ്രമാദിത്വത്തിലേക്ക് ഓടുകയാണ്.

### 4. നിർവചനങ്ങളുടെ അപര്യാപ്തത

'പ്രോഓറിയന്റെ'യുടെ (പൗരസ്ത്യ സഭകളുമായി സംവദിക്കുവാൻ റോമൻ കത്തോലിക്കാസഭയിൽ ആരംഭിച്ച പ്രസ്ഥാനം) ചുമതലയിൽ, വിയന്നായിൽ വച്ചു നടന്ന അനൗദ്യോഗിക ചർച്ചകളിൽ, ഇരുഭാഗത്തെയും ദൈവശാസ്ത്രജ്ഞന്മാർ സമ്മതിച്ചതുപോലെ മനുഷ്യാവതാര രഹസ്യം നിർവചിപ്പാൻ ഭാഷയ്ക്കോ വാക്കുകൾക്കോ സാധ്യമല്ല. പാപ്പാമാർ സിംഹാസനത്തിൽ ഇരുന്നു വിശ്വാസസംബന്ധമായ പ്രഖ്യാപനങ്ങൾ നടത്തിയതിൽ

മാത്രമല്ല, സാർവത്രിക സുന്നഹദോസുകളിൽ പോലും പൂർണസത്യം പൂർണമായി പറയാൻ വാക്കുകൾ കണ്ടുപിടിച്ചിട്ടില്ല.

ആദ്യത്തെ രണ്ടു സാർവത്രിക സുന്നഹദോസുകൾക്കുണ്ടായിരുന്ന പൂർണത പിന്നീടുള്ളവയ്ക്ക് ഇല്ലായിരുന്നെന്നു ഗ്രീക്ക് ഓർത്തഡോക്സ് സഭയിലെ പ്രൊഫ. ജറസിമോസ്കോനിഡാരിസ് സമ്മതിച്ചിട്ടുണ്ട്. അവയുടെ പൂർണതയുടെ തെളിവ്, അവയെ ആഗോളസഭ അംഗീകരിച്ചു എന്നുള്ളതിലാണ്. അല്ലാതെ നിർവചനങ്ങളുടെ പൂർണതയിലല്ല. റഷ്യൻ ദൈവശാസ്ത്രജ്ഞനായ കോമിയാകോവ് പഠിപ്പിച്ചതുപോലെ വിശ്വാസം അപ്രമാദിത്വമുള്ളതാണോ എന്നു തെളിയുന്നത്, പരിശുദ്ധാത്മാവ് ആകമാനസഭകളെക്കൊണ്ട് അവയെ സ്വീകരിപ്പിക്കുന്നുവോ എന്നതിലൂടെയാണ്. പാപ്പാ പ്രഖ്യാപിച്ചാൽ മാത്രം തെറ്റില്ലാതാകുകയില്ല. അപ്പോസ്തോലന്മാരുടെ പിൻഗാമികളായ ബിഷപ്പന്മാർ പ്രഖ്യാപിച്ചതുകൊണ്ടുമായില്ല. സഭ മുഴുവൻ അംഗീകരിക്കുമ്പോഴാണു തെറ്റില്ലാത്തതായിത്തീരുന്നത്. 'ഞാൻ പൂർവന്മാരുടെ ദൃഷ്ടാന്തമനുസരിച്ചു നിർമല മനസ്സാക്ഷിയോടെ ആരാധിക്കുന്ന ദൈവത്തിനു നിന്റെ നിർവ്യാജ വിശ്വാസത്തിന്റെ ഓർമ്മ നിമിത്തം, സ്തോത്രം ചെയ്യുന്നു. ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു' (2 തീമോ. 1:4). വിശ്വാസത്തിന്റെ കാവൽഭടന്മാർ വിശ്വാസികൾ എല്ലാവരുമാണ്. ക്രിസ്തുവിന്റെ ഭൗതിക ശരീരമാകുന്ന സഭയിൽ പരിമിതിയില്ലാത്ത പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതിനാൽ, പരിമിതിയിൽ നിന്നു പൂർണതയിലേക്കു സഭ യാത്ര തുടർന്നുകൊണ്ടിരിക്കും.

ആകമാനസഭയുടെ വിശ്വാസം, സുന്നഹദോസിന്റെ കൂട്ടുത്തരവാദിത്വത്തിൽ, പാപ്പാ പറയുന്നതിനു മാത്രം, തെറ്റാവരമുണ്ടെന്നു രണ്ടാം വത്തിക്കാൻ വ്യക്തമാക്കിയിരിക്കുന്നു. സഭയുടെ അപ്രമാദിത്വമാണു പാപ്പായുടേതെന്ന സൂചന ഇവിടെ കാണുന്നു.

### 5. ഗാലിക്കനിസത്തിലെ ശരിയും തെറ്റും

8-ാം നൂറ്റാണ്ടു വരെ ഫ്രാൻസിൽ സ്വതന്ത്രമായി ഗാലിക്കൻ (ഫ്രഞ്ച്) ആരാധനക്രമം ഉണ്ടായിരുന്നു. പിന്നീട് അതിനെ റോമൻ ആധിപത്യത്തിൽ കൊണ്ടുവന്നു. ഗാലിക്കനിസത്തിനു മൂന്നു പ്രത്യേകതകൾ ഉണ്ടായിരുന്നു.

i. ഫ്രാൻസിലെ ചക്രവർത്തിമാർക്കു ലോകകാര്യങ്ങളിലുള്ള സ്വാതന്ത്ര്യം.

ii പാപ്പായുടെ മേൽ പൊതു സുന്നഹദോസുകൾക്കുള്ള മേൽക്കോയ്മ.

iii. ഫ്രാൻസിലെ രാജാവും പട്ടക്കാരും ചേർന്നു, പാപ്പായുടെ കാനോനികമെന്നു പറയുന്ന, അന്യായമായ കൈകടത്തലിനെ ചെറുത്തുനിൽക്കുക.

പടിഞ്ഞാറൻ യൂറോപ്പിൽ തന്നെ മാർപാപ്പായുടെ അപ്രമാദിത്വത്തെ എതിർക്കുന്ന സിദ്ധാന്തങ്ങൾ പുരാതനകാലത്തു തന്നെ രൂപപ്പെട്ടിരുന്നു എന്നാണിതു കാണിക്കുന്നത്.

റോമാ പാപ്പായുടെ ആഗോള അധികാരവും, പരമാധികാരവും, അപ്രമാദിത്വവും ത്യജിക്കുന്നതുവരെ, മറ്റു സഭകളുമായുള്ള ഐക്യം സാധ്യമല്ല. ഗാലിക്കനിസം ദേശീയസഭകളുടെ സ്വാതന്ത്ര്യത്തെ അനുകൂലിക്കുന്ന ഓർത്തഡോക്സ് ചിന്താഗതിക്ക് അനുകൂലമാണ്. ചൈനയിലെ റോമൻ കത്തോലിക്കരും ആവശ്യപ്പെടുന്നത് ദേശീയ സ്വാതന്ത്ര്യമാണ്. ഏകന്റെ പരമാധികാരം ഏകാധിപത്യത്തിലേക്കു വഴി നടത്തും.

### ചോദ്യങ്ങൾ

1. പാപ്പായുടെ അധികാരങ്ങൾക്കും അവകാശവാദങ്ങൾക്കും വേദപുസ്തകത്തിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ? അപഗ്രഥിക്കുക.
2. പാപ്പായുടെ അപ്രമാദിത്വത്തിന് അനുകൂലവും പ്രതികൂലവുമായ വാദങ്ങളേവ?
3. പാപ്പായുടെ പരമാധികാരം നിരൂപണവിഷയമാക്കുക.

## പാഠം 5

# പിരമിഡ് പോലുള്ള ഭരണക്രമം (ഹൈറാർക്കി) ശരിയോ?

❑ വേദതെളിവ് ❑ ത്രിത്വാധിഷ്ഠിത മോഡലിലുള്ള ഭരണക്രമം ❑ ആരാണു വലിയവൻ? ❑ പ്രായോഗിക തലത്തിൽ

ഏറ്റവും മുകളിൽ പാപ്പാ, അദ്ദേഹത്തിനു താഴെ കൂറിയാ (കർദ്ദിനാളുമാർ), അതിനു താഴെ ആർച്ചുബിഷപ്പുമാർ, അതിനും താഴെ ബിഷപ്പുമാർ, ഇതാണു റോമാസഭയിലെ ഭരണക്രമം. രണ്ടാം വത്തിക്കാൻ വരെ ജനങ്ങൾക്കു സഭാഭരണത്തിലുള്ള പങ്കാളിത്തം വളരെ ചുരുക്കമായിരുന്നു.

### 1. വേദ തെളിവ്

പഴയനിയമത്തിൽ മഹാപുരോഹിതന്മാരുണ്ടായിരുന്നെങ്കിലും (2 രാജാ. 22:4, 8) കൂട്ടുത്തരവാദിത്വമായിരുന്നു. 12 മാസങ്ങളിൽ സേവനം നടത്തുവാൻ 24 കൂട്ടർക്കു ചിട്ടിയിടുന്ന രീതിയുണ്ടായിരുന്നു (1 ദിന. 24). മഹാപുരോഹിതനെ കൂടാതെ രണ്ടാം തരത്തിലുള്ള പുരോഹിതന്മാരും (2 രാജാ.

23:4) ചുമതല നിർവഹിച്ചു. ദാവീദിന്റെ കാലംവരെ ലേവ്യർക്ക് തിരുനിവാസവും ഉപകരണങ്ങളും ചുമക്കുന്ന ചുമതലയുണ്ടായിരുന്നു (1 ദിന. 23:26). ഏതാണ്ടു പിരമിഡ് പോലെ പ്രധാന പുരോഹിതന്റെ കീഴിൽ പഴയനിയമ ഹൈറാർക്കി ഉണ്ടായിരുന്നു. എന്നാൽ പാപ്പായുടെ പരമാധികാരം പോലെ ഏതോ വിശാല ഭരണാധികാരമുള്ള ഏക മഹാപുരോഹിതനായി അഹറോനെ ചിത്രീകരിച്ചിട്ടില്ല. ഹന്നാസും കയ്യാഫാവും യെറുശലേമിൽ അധികാരമുള്ളവരായിരുന്നെങ്കിലും, ചിതറപ്പെട്ടുകിടന്ന യഹൂദന്മാരുടെ മേൽ ഭരണകർത്തൃത്വം ഉണ്ടായിരുന്നതായി തെളിവുകൾ ഇല്ല.

പുതിയനിയമത്തിൽ പന്ത്രണ്ട് അപ്പോസ്തോലന്മാർക്കാണ് ഒന്നാം സ്ഥാനം. ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തോലന്മാർ, രണ്ടാമതു പ്രവാചകന്മാർ, മൂന്നാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിച്ചു (1 കൊരി. 12:28). ഒന്നാമതു പത്രോസ് എന്ന് ഒരിടത്തും കാണുന്നില്ല. ഒരാൾ നഷ്ടപ്പെട്ടപ്പോൾ വീണ്ടും എണ്ണം 12 ആക്കി (അപ്പോ. പ്ര. 1:15–26). പൗലോസും അപ്പോസ്തോലനായി പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടു (ഗലാ. 1:1, 17). പുതിയനിയമത്തിൽ ഏകത്വം എപ്പോഴും ക്രിസ്തുവിനും തുല്യ പദവിയിലുള്ളവരുടെ കൂട്ടുത്തരവാദിത്വം അപ്പോസ്തലന്മാർക്കുമത്രേ.'യേശുക്രിസ്തു തന്നെ മൂലക്കല്ലായിരിക്കെ, നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരുമെന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു' (എഫേ. 2:20).

പുതിയനിയമത്തിൽ ആദ്യം കാശ്ശീശന്മാരെ എപ്പിസ്കോപ്പന്മാരെന്നു വിളിച്ചിരിക്കുന്നതായി കാണാം (അപ്പോ. പ്ര. 20:17, 28). എപ്പിസ്കോപ്പാ, കശ്ശീശ, ശെമ്മാശൻ എന്ന മൂന്നു സ്ഥാനികളെ ഇടയലേഖനങ്ങളിൽ അവ്യക്തമായി കാണാം. 1 തിമോ. 3:1–13 ൽ എപ്പിസ്കോപ്പാ, ശെമ്മാശൻ എന്നീ രണ്ടു സ്ഥാനികളെ ആണു വ്യക്തമായി കാണുന്നത്.

മൊണാർക്കിയൽ എപ്പിസ്ക്കോപ്പസി (ഒരു എപ്പിസ്കോപ്പായുടെ കീഴിൽ പല കശീശന്മാർ) പുതിയനിയമത്തിൽ വ്യക്തമല്ല. സഭയുടെ ഏക അടിസ്ഥാനം ക്രിസ്തുവെന്ന പഠിപ്പിക്കലാണ് വ്യക്തമായുള്ളത്. 'യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല' (1 കൊരി. 3:11). പത്രോസിനെ ഏക അടിസ്ഥാനമായി പറയുന്ന ഒരു വാക്യം പോലും വേദപുസ്തകത്തിലില്ല.

## 2. ത്രിത്വാധിഷ്ഠിത മോഡലിലുള്ള ഭരണക്രമം

സഭ ഒരു ഭവനവും, ദൈവരാജ്യത്തിന്റെ സാഹോദര്യവും, വർഗരഹിത സമൂഹവുമാണ്. അതിനാൽ ഒരു ഭരണാധികാരിയുടെ കീഴിൽ മറ്റെല്ലാവരും എന്ന ഭരണക്രമം സഭയുടെ സത്തയിൽപ്പെട്ടതല്ല. റോമാ സാമ്രാജ്യത്തിൽ ചക്രവർത്തി ഭരിച്ചിരുന്ന സമ്പ്രദായം സഭയിൽ വന്നത്, അന്നത്തെ കാലത്തിന്റെ ഒരു പ്രതിഫലനമായിരുന്നു. കർത്താവിന്റെ മഹാപുരോഹിത പ്രാർ

ത്ഥനയിൽ, സഭയുടെ ഏകത്വം ത്രിത്വാധിഷ്ഠിതമായി കാണുവാനാണു പ്രാർത്ഥിച്ചത് (യോഹ. 17:21). അതിനാൽ ക്രിസ്തീയ ഭരണക്രമത്തിൽ കൂട്ടുത്തരവാദിത്വമാണു വേണ്ടത്. മറുരൂപമലയിലും ഗത്സീമോനിലും പത്രോസിനെ മാത്രമായി കൊണ്ടുപോയില്ല.

### 3. ആരാണു വലിയവൻ?

സഭയുടെ തലവനായ കർത്താവ് 'ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനാണു വന്നത്' (മർക്കോ. 10:45). താൻ ശിഷ്യന്മാരുടെ കാൽ കഴുകിയിട്ടു പറഞ്ഞു: "കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകിയെങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കഴുകേണ്ടതാകുന്നു" (യോഹ. 13:14). "ജാതികളിൽ അധിപതികളായവർ, അവരിൽ കർത്തൃത്വം നടത്തുന്നു. അവരിൽ മഹത്തുക്കളായവർ അവരുടെമേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്. നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം ശുശ്രൂഷക്കാരൻ ആകണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകണം" (മർക്കോ. 10: 42-44). ലൂക്കോ. 22:25-27 ലും ഈ ആശയം തന്നെ കാണുന്നു. അതിനാൽ ഭരണകർത്താക്കളുടെ മുഖമുദ്ര സ്നേഹത്തിന്റെ ശുശ്രൂഷയാണ്.

രാജാക്കന്മാർ ഏകാധിപത്യം നടത്തുന്ന രീതി, ജനാധിപത്യം വന്നതോടെ അവസാനിച്ചു. കുടുംബങ്ങളിലും അങ്ങനെ തന്നെ: മക്കൾക്കുവേണ്ടി കഷ്ടപ്പെടുകയും, ശുശ്രൂഷിക്കുകയും, ബഹുമാനവും സ്നേഹവും ശിക്ഷണവും നൽകി വളർത്തിയെടുക്കുകയും ചെയ്യുന്നതാണ് കുടുംബത്തലവന്റെ ലക്ഷണം.

### 4. പ്രായോഗികതലത്തിൽ

സുന്നഹദോസിന്റെ കൂട്ടുത്തരവാദിത്വഭരമാണു സഭയിൽ വേണ്ടത്. അതിന്റെ അദ്ധ്യക്ഷൻ ഏറ്റവും പ്രായംകൂടിയ ആൾ ആയിരിക്കും. അദ്ധ്യക്ഷനു സുന്നഹദോസിന്റെ തീരുമാനം വീറ്റോ ചെയ്യാൻ അധികാരമുണ്ടായിരിക്കുകയില്ല. "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി" (അപ്പോ. പ്ര. 15: 28) എന്നല്ലാതെ, 'പരിശുദ്ധാത്മാവിനും എനിക്കും തോന്നി' എന്നു പറയാൻ ഇടയാകരുത്.

ദേശീയ സഭകളുടെ എപ്പിസ്കോപ്പൽ സുന്നഹദോസുകൾ, ജനങ്ങളെയും അവരുടെ പ്രതിനിധികളെയും ചേർത്ത് ആലോചിക്കാതെ മുകളിൽ നിന്നു തീരുമാനം ചെയ്ത് താഴെയുള്ളവരിലേക്ക് അടിച്ചേൽപ്പിക്കരുത്. അത്മായക്കാരും, കശ്ശീശന്മാരും, ബിഷപ്പും ചേർന്നുള്ള മാനേജിംഗ് കമ്മിറ്റി, ഓരോ ഭദ്രാസനത്തിലും ദേശീയ സഭയിലും ഉണ്ടായിരിക്കണം.

അന്തർദേശീയ സുന്നഹദോസുകളിൽ ദേശീയ സഭകളുടെ അദ്ധ്യക്ഷ

ന്മാർ എടുക്കുന്ന തീരുമാനം, പാപ്പായ്ക്കോ ഏതെങ്കിലും പാത്രിയർക്കീസിനോ കാതോലിക്കായ്ക്കോ വീറ്റോ ചെയ്യാൻ അധികാരം ഉണ്ടായിരിക്കരുത്. സമന്മാരിൽ ഒന്നാമനെന്ന സ്ഥാനം മാത്രമേ അദ്ദേഹത്തിന് ഉണ്ടായിരിക്കാവൂ.

ഇങ്ങനെ എല്ലാ തലങ്ങളിലും ഇടവക, ഭദ്രാസനം, ദേശീയസഭ, ആഗോള സഭ ഇവയിലെല്ലാം കൂട്ടുത്തരവാദിത്തഭരണം ഉണ്ടായിരിക്കണം.

**ചോദ്യങ്ങൾ**

1. പിരമിഡിക്കൽ ഹൈറാർക്കി എന്നാൽ എന്ത്? കൊളീജിയൽ ഹൈറാർക്കിയുടെ മേന്മ എന്ത്? വിവരിക്കുക.
2. കൂട്ടുത്തരവാദിത്വ ഭരണമെന്നാൽ എന്ത്? വിവരിക്കുക. ജനാധിപത്യവും എപ്പിസ്കോപ്പസിയും എങ്ങനെ ഒരുമിപ്പിക്കാം?

**പാഠം 6**

# ബെസ്പുർക്കാനയും (ശുദ്ധീകരണസ്ഥലം) നിത്യ നരകവും

❑ ശുദ്ധീകരണ സ്ഥലമെന്നാൽ എന്ത്? ❑ ശുദ്ധീകരണസ്ഥലമെന്ന് ഒരു പ്രത്യേക സ്ഥലമുണ്ടോ? ❑ മരണാനന്തരാവസ്ഥയെക്കുറിച്ചുള്ള മൂന്നു ചിന്താഗതികൾ ❑ ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള ഉപദേശം എങ്ങനെയുണ്ടായി?

## 1. ശുദ്ധീകരണ സ്ഥലമെന്നാൽ എന്ത്?

ബെസ്പുർക്കാനാ എന്ന ദണ്ഡവിമോചനസ്ഥലം അഥവാ ശുദ്ധീകരണ സ്ഥലം (അർത്ഥം, രക്ഷയുടെ ഭവനം) മരണാനന്തരം ഉണ്ടെന്നു റോമൻസഭ പഠിപ്പിക്കുന്നു. കൃപയിൽ മരിക്കുന്നവരെങ്കിലും അപൂർണതയിൽ ജീവിച്ചവരും, ലോകത്തിൽ വച്ചു മരണത്തിനല്ലാത്ത പാപം ചെയ്തിട്ട് (venial sins) മോചനം പ്രാപിക്കാതെ വന്നവരും, മരണകരമായ പാപം ചെയ്തെങ്കിലും പാപക്ഷമ ലഭിച്ചവരും എന്നാൽ പാപത്തിനു തക്ക ശിക്ഷ ലോകത്തിൽ വച്ച് അനുഭവിക്കാതെ വന്നവരും ബെസ്പുർക്കാനയിൽ പ്രവേശിക്കുന്നു. ഇവിടത്തെ ശുദ്ധീകരണം കഴിഞ്ഞ് അവർ സ്വർഗത്തിൽ പ്രവേശിക്കുന്നു. ഈ സ്ഥലം ന്യായവിധി വരെയ്ക്കു മാത്രമുള്ളതാണ്.

നിത്യനരകമെന്നു പറയുന്നത് മരണകരമായ പാപം ചെയ്കയും, പാപ മോചനം പ്രാപിക്കാതിരിക്കുകയും ചെയ്യുന്നവർ ചെന്നെത്തുന്നതാണ്. എബ്രായ ഭാഷയിൽ 'ഗെഹന്ന' എന്നും ഗ്രീക്കിൽ 'തർത്താറസ്' (Tartarus) എന്നും പറയുന്നു (മത്താ. 5:22, 29:10, 28, 18:8f, 23:15, 33, 25:41; മർക്കോ. 9:43-47, ലൂക്കോ. 12:5, യൂദ 7).

ഗെഹന്നായെക്കുറിച്ചുള്ള പുതിയനിയമ പഠിപ്പിക്കൽ, യറുശലേമിനു പുറത്ത് ചപ്പും ചവറും എരിഞ്ഞുകൊണ്ടിരുന്ന സ്ഥലത്തെക്കുറിച്ചാണെന്നു പണ്ഡിതർ പറയുന്നു. അവിടെ തീ കെടാതിരിക്കുന്നതു പോലെ നരകത്തിൽ തീ കെടുന്നില്ല. കെടാത്ത തീയെന്നും ചാകാത്ത പുഴു എന്നും പറയുന്ന തിന്റെ അർത്ഥം, അനന്തമായ വേദനയെന്നാണ്.

## 2. ശുദ്ധീകരണ സ്ഥലമെന്ന് ഒരു പ്രത്യേക സ്ഥലമുണ്ടോ?

പഴയനിയമത്തിൽ ശുദ്ധീകരണ സ്ഥലത്തിന് അനുകൂലമായി ഉദ്ധരിക്ക പ്പെടുന്ന ഏക വേദഭാഗം 2 മക്കാബിയർ 12:39-45 ആണ് (പഴയനിയമത്തിനും പുതിയനിയമത്തിനും ഇടയ്ക്കുള്ള കാലത്തെ, അപ്പൊക്രിഫാ എന്നു പറ യുന്ന പുസ്തകത്തിൽ ഉൾപ്പെട്ടതാണു മക്കാബിയക്കാരുടെ പുസ്തകം. ഇതു ഓർത്തഡോക്സ് വേദപുസ്തകത്തിൽ ഉൾപ്പെട്ടതാണ്). എന്നാൽ മരിച്ച എല്ലാ പട്ടാളക്കാർക്കും വേണ്ടി പ്രാർത്ഥനകളും ദാനധർമ്മങ്ങളും നടത്തി യെന്നല്ലാതെ, ശുദ്ധീകരണസ്ഥലത്തു പോയവർക്കു വേണ്ടിയെന്ന് എടുത്തു പറഞ്ഞിട്ടില്ല.

പുതിയനിയമത്തിൽ ശുദ്ധീകരണസ്ഥലവും നിത്യനരകവും വേർതിരിച്ചു കാണിക്കുന്ന ഒരൊറ്റ വാക്യവും ഇല്ല. മരിച്ചുപോയ ഒനേസിഫോറസിനു വേണ്ടി പ്രാർത്ഥിച്ചത് (തിമോ. 1:18) മരിച്ച ആൾക്കു വേണ്ടി പ്രാർത്ഥിച്ചതി നുള്ള തെളിവല്ലാതെ, ശുദ്ധീകരണ സ്ഥലത്തെ തെളിയിക്കുന്നതല്ല.

1 കൊരി 3:10-25 ശുദ്ധീകരണസ്ഥലത്തെ കുറിക്കുന്നതായി റോമാസഭ ഉദ്ധരിക്കുന്നു. തീയിൽക്കൂടി എന്നപോലെ രക്ഷിക്കപ്പെടുമെന്നു പറഞ്ഞി രിക്കുന്നത് ഒരു പ്രത്യേക ശുദ്ധീകരണസ്ഥലത്തെ കുറിക്കുന്നതായി പറ യാൻ വയ്യ. യേശുക്രിസ്തു എന്ന അടിസ്ഥാനത്തിൽ വൈക്കോൽ കൊ ണ്ടല്ല, പൊന്നും വെള്ളിയും കൊണ്ടാണു പണിയേണ്ടതെന്ന ഉപമയാണ് ഇവിടെ കാണുന്നത്. ശാശ്വതമായ നേട്ടങ്ങൾ ഈ ലോകത്തിൽ വച്ചു തന്നെ ആർജിക്കേണമെന്നാണു വിവക്ഷ.

പരിശുദ്ധാത്മാവിന് എതിരായ പാപത്തിന് ഈ ലോകത്തിലും വരുവാ നുള്ളതിലും ക്ഷമയില്ല (മർക്കോ. 3:29). ഇവിടെ നിത്യനരകത്തെക്കുറിച്ചു പറയുന്നു. വരുവാനുള്ള ലോകത്തിൽ മോചനം ലഭിക്കുന്ന പാപങ്ങളു ണ്ടെന്ന ധ്വനി ഇവിടെ ഉണ്ടെന്നു പറയാം. അതിനു ശുദ്ധീകരണസ്ഥലം വേണമെന്നില്ല.

## 3. മരണാനന്തര അവസ്ഥയെക്കുറിച്ച് ചില ചിന്താഗതികൾ

ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോഴോ മുഖാമുഖമായി കാണുമെന്ന തത്ത്വം, ഏറ്റവും സത്യമായി പറയാവുന്നത്, മരണാനന്തര കാര്യങ്ങളെക്കുറിച്ചാണ്.

### (i) നിത്യനരകവും നിത്യ സ്വർഗവും

ഇവ രണ്ടും മത്താ. 25 ലും മറ്റും വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. "ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും" (മത്താ. 25:46, ദാനി. 12:2, യോഹ. 5:29, മത്താ. 12:32). മറ്റു പല മതങ്ങളും ഇതു പഠിപ്പിക്കുന്നുണ്ട്. ഈ ലോകജീവിതം നന്നാക്കാനുള്ള പ്രേരണ ഇതിൽ ഉണ്ട് എന്നുള്ളത്, ഈ പഠിപ്പിക്കലിനെ സ്വാഗതം ചെയ്യുന്നതിനു സഹായിക്കുന്നു. എന്നാൽ താത്ത്വികമായി ചിന്തിക്കുമ്പോൾ, ചെറിയ പാപം ചെയ്തവർക്കും വലിയ പാപം ധാരാളം ചെയ്തവർക്കും ഒരേ നിത്യനരകം കൊടുക്കുന്നതിൽ നീതി നിഷേധം കാണാം. ഓർത്തഡോക്സ് സഭ നിത്യ നരകത്തിനു കേന്ദ്രസ്ഥാനം കൊടുത്തു പഠിപ്പിക്കുന്നില്ല. നരകത്തെ ഭയന്നിട്ടല്ല നന്നായി ജീവിക്കേണ്ടത്. ദൈവസ്നേഹത്താൽ ആകർഷിക്കപ്പെട്ടും ദൈവസ്നേഹത്തെ വേദനിപ്പിക്കുന്നതിൽ ദുഃഖിച്ചുമാണ്.

### (ii) അന്തിമമായി എല്ലാവരും രക്ഷ പ്രാപിക്കും

ഇതിന് ഉപോൽബലകമായിട്ടുള്ളത് ഫിലി. 2:10; 1 പത്രോ 3:18-20; 2 പത്രോ. 3:9-10 മുതലായ വേദഭാഗങ്ങളാണ്. മനുഷ്യസ്വാതന്ത്ര്യത്തിന് അന്തിമ പ്രാധാന്യം നൽകാതെ, സ്നേഹത്തിന്റെ ശക്തിക്കു പ്രാധാന്യം നൽകുമ്പോൾ അന്തിമമായി എല്ലാവരും രക്ഷപ്രാപിക്കുമെന്ന പഠിപ്പിക്കലിൽ നാം വന്നു ചേരും. മുടിയൻപുത്രനെ സുബോധത്തിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവ്, മരണാനന്തരവും പ്രവർത്തിക്കുമെന്നും അവസാനം ഏതൊരു പാപിയെയും മാനസാന്തരപ്പെടുത്തുന്നതിൽ വിജയിക്കുമെന്നുമുള്ള പ്രത്യാശയാണിതിൽ കാണുന്നത്. ദൈവസ്നേഹം നിത്യനരകത്തെ ചെറുതാക്കി, അന്തിമ നരകത്തെപ്പോലും പിടിച്ചടക്കുമെന്നു പ്രൊട്ടസ്റ്റന്റ് വേദശാസ്ത്രജ്ഞൻ കാൾ ബാർത്ത് പഠിപ്പിച്ചു. പിശാചു പോലും അവസാനം രക്ഷപെടുമെന്ന് ഒറിഗനും പഠിപ്പിച്ചു (ഇതു സഭ അംഗീകരിക്കുന്നില്ല).

നിത്യനരകം, ശുദ്ധീകരണസ്ഥലം എന്നു രണ്ടു സ്ഥലങ്ങളെക്കുറിച്ചു പറയുന്നതിലുള്ള അപാകത ഇതിലില്ല. മരണകരമായ പാപം ചെയ്യാത്തവരോ, പൂർണമായി അനുതാപം നടത്തിയവരോ, ആരും കാണുകയില്ല. അതിനാൽ ചിലരെ മാത്രമല്ല, പാപത്തിൽ മരിക്കുന്ന ഏവരെയും ശുദ്ധീകരണസ്ഥലത്തു വിടുന്നതിൽ കൂടുതൽ യുക്തിയുണ്ട്. ബുൾഗാക്കോവ് തുടങ്ങിയ റഷ്യൻ ഓർത്തഡോക്സ് ചിന്തകന്മാർ നിത്യനരകത്തിനു പകരം ശുദ്ധീകരണസ്ഥലമായി നരകത്തെ കാണുന്നു.

എല്ലാവരും രക്ഷപെടുമെങ്കിൽ ഇഷ്ടം പോലെ ജീവിക്കാമല്ലോ എന്ന ചിന്ത മനുഷ്യരെ പാപത്തിലേക്കു നയിക്കുമെന്നു പറയാമെങ്കിലും, യഥാർത്ഥമായി ദൈവത്തോടുള്ള സ്നേഹത്തിൽ നിറയുന്നവനു പാപം ചെയ്തു ദൈവത്തെ വേദനിപ്പിക്കുവാൻ സാധ്യമല്ല.

**(iii) യേശുക്രിസ്തുവിൽ മാത്രം നിത്യജീവൻ**

യേശുക്രിസ്തുവിൽ അല്ലാത്തവർക്ക് ശൂന്യത (Annihilation) അഥവാ അവർ ഇല്ലായ്മയിലേക്കു തിരിഞ്ഞു പോകുന്നു എന്ന പഠിപ്പിക്കലാണിത്. നിത്യരക്ഷ യേശുക്രിസ്തു നല്കുന്ന ദാനമാണ്. അല്ലാതെ ദൈവസാദൃശ്യത്തിന്റെ ജന്മാവകാശമല്ല, മനുഷ്യൻ മണ്ണിൽ നിന്നുള്ളവനും, മർത്യനും, നശിക്കേണ്ടവനുമാണ്. യേശുക്രിസ്തു ദാനമായി നൽകുന്ന നിത്യജീവൻ സ്വീകരിക്കുന്നവർക്കു മാത്രം നിത്യരക്ഷ, അല്ലാത്തവർ മൃഗങ്ങളെപ്പോലെ മരണത്തിൽ ഇല്ലാതാകും.

ഈ സിദ്ധാന്തത്തിന് ഉള്ള കുറവ്, സൃഷ്ടിയിൽ മനുഷ്യനു ലഭിച്ച ദൈവസാദൃശ്യത്തിന്റെ മഹിമയെ നിരാകരിക്കുന്നു എന്നുള്ളതാണ്. എന്നാൽ യേശുക്രിസ്തുവിൽ മാത്രമാണ് രക്ഷയെന്ന തത്ത്വം കേന്ദ്രസ്ഥാനത്തുണ്ട് (യോഹ. 14:6, അപ്പോ. 4:12).

നിത്യരക്ഷ യേശുക്രിസ്തു നല്കുന്ന ദാനമാണെന്ന് താഴെക്കാണുന്ന വേദഭാഗങ്ങളിൽ നിന്നും ഗ്രഹിക്കാം (യോഹ. 3:16, റോമ. 5: 8, 8:32, എഫേ. 2:48, 1 യോഹ. 4:9, 10). ഈ ചിന്താഗതി സ്വീകരിക്കുന്നവനും ദൈവസ്നേഹത്തിൽ നിറയുമെങ്കിൽ താൻ നശിക്കുന്നതു കർത്താവിനു വേദനാജനകമാണെന്നു കണ്ടു തന്റെ സൗജന്യദാനമായ രക്ഷയെ സ്വീകരിക്കുകയും വിശുദ്ധി പാലിക്കുകയും ചെയ്യും.

## 4. ശുദ്ധീകരണ സ്ഥലത്തെ (purgatory) ക്കുറിച്ചുള്ള ഉപദേശം എങ്ങനെയുണ്ടായി?

മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനു കർത്താവിൽ നിദ്ര പ്രാപിച്ച എല്ലാ മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കണമെന്ന സിദ്ധാന്തം മതിയാകും. ചിലർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതില്ലെന്നു പറയത്തക്കവണ്ണം ആരും പൂർണതയെ പ്രാപിച്ചിട്ടല്ലല്ലോ മരിക്കുന്നത്. പിന്നെ പണസമ്പാദനത്തിനുള്ള ഒരു മാർഗമായി ശുദ്ധീകരണസ്ഥലത്തിന്റെ പഠിപ്പിക്കൽ വന്നു ചേർന്നതായിരിക്കാം. മടി, ലുബ്ധ് മുതലായ പാപങ്ങൾ മരണകരമായ പാപത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയതും പാപമോചനച്ചീട്ടിന്റെ വില്പന വർദ്ധിപ്പിക്കുന്നതിനായിരിക്കണം.

റോമാസഭ 1 യോഹ. 5:16 ന് പുതിയ ഒരു വ്യാഖ്യാനം നൽകി ബെസ്പുർക്കാനാ വാദം തെളിയിക്കാൻ ശ്രമിക്കുന്നു. മരണത്തിനല്ലാത്ത പാപം

ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു പറഞ്ഞതു ശുദ്ധീകരണ സ്ഥലത്തു നിന്നുള്ള വിടുതലിനു വേണ്ടിയുള്ള പ്രാർത്ഥനയായി അവർ വ്യാഖ്യാനിച്ചു. യഥാർത്ഥത്തിൽ മരണത്തിനുള്ള പാപം ചെയ്യാതിരിക്കുന്ന തിനുള്ള ഒരു ആഹ്വാനം മാത്രമാണ് ഈ വേദഭാഗത്തുള്ളത്. ആ വേദഭാഗം താഴെ കാണുന്ന വിധത്തിലാണ്. "സഹോദരൻ മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം. ദൈവം അവനു ജീവനെ കൊടുക്കും. മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ മരണത്തി നുള്ള പാപം ഉണ്ട്. അതിനെക്കുറിച്ച് അപേക്ഷിക്കണമെന്നു ഞാൻ പറയു ന്നില്ല. ഏത് അനീതിയും പാപമാകുന്നു. മരണത്തിന്നല്ലാത്ത പാപം ഉണ്ടു താനും."

സ്വർഗം നന്മയുടെ പ്രതിഫലവും നരകം പാപത്തിന്റെ ശിക്ഷയുമാണ്. പ്രതിഫലവും ശിക്ഷയും നീതിയുടെ രണ്ടു വശങ്ങളാണ്. സ്വർഗവും നര കവും ഇല്ലെങ്കിൽ നീതി നടത്തുന്ന ദൈവമില്ലെന്നു വരും. നരകം നിത്യമാ ണെങ്കിൽ, ദൈവകരുണയും സ്നേഹവും എല്ലാറ്റിനെയും നന്നാക്കാൻ ശക്ത മല്ല എന്നു സിദ്ധിക്കും. സ്വാതന്ത്ര്യത്തിന്റെ പാരമ്യം കാണിക്കുവാനാണു നിത്യശിക്ഷയുടെ സാദ്ധ്യത പറയുന്നത്. നരകത്തെ മുഴുവനും ശുദ്ധീകരണ സ്ഥലമായി കാണാതെ, കുറെപ്പേരെ മാത്രം അവിടേക്ക് അയയ്ക്കുകയും, മറ്റുള്ളവരെ ശുദ്ധീകരണ സ്ഥലത്തേക്ക് അയയ്ക്കുകയും ചെയ്യുന്നതിന്റെ പിറകിൽ പണമുണ്ടാക്കുന്നതിനുള്ള ആഗ്രഹമുണ്ടായിരിക്കണം.

## ചോദ്യങ്ങൾ

1. ബെസ്പുർക്കാനാ അഥവാ ശുദ്ധീകരണസ്ഥലം മരിച്ചവർക്കു ശുദ്ധീക രണം നല്കുമെന്ന റോമൻ കത്തോലിക്കാ ഉപദേശത്തിന് അവർ കൊടു ക്കുന്ന ന്യായങ്ങൾ ഏവ? വിലയിരുത്തുക.
2. മനുഷ്യന്റെ അന്ത്യത്തെക്കുറിച്ചുള്ള മൂന്നു ചിന്താഗതികൾ പരിശോധിച്ച് അവ പ്രായോഗിക ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്നു വിശ ദീകരിക്കുക.
3. റോമാസഭയിൽ നിന്ന് ഓർത്തഡോക്സ് സഭ പഠിക്കേണ്ടതും അവർ നമ്മിൽ നിന്നു പഠിക്കേണ്ടതും എന്തെല്ലാം?

# യൂണിറ്റ് 4

# പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ

## പാഠം 1

## ലൂഥറൻ വിശ്വാസം – ആഗ്സ്ബർഗ് കൺഫഷൻ*

❑ ലൂഥറനിസം എന്ത്? ❑ റോമൻ കത്തോലിക്കാ വിശ്വാസത്തോടുള്ള പ്രത്യാഘാതം ❑ വിശ്വാസത്താൽ മാത്രമുള്ള (Sola Fidei) നീതീകരണം ❑ പൗരോഹിത്യത്തോടുള്ള എതിർപ്പ്

### 1. ലൂഥറനിസം എന്ത്?

#### a) മാർട്ടിൻ ലൂഥർ (1483–1546)

16–ാം നൂറ്റാണ്ടിൽ ജർമ്മനിയിലെ റോമൻ കത്തോലിക്കാ സഭയിൽ അടിച്ച ഒരു കൊടുങ്കാറ്റായിരുന്നു ലൂഥർ. ആ കൊടുങ്കാറ്റിന്റെ അലകൾ ഒട്ടുവളരെ അർദ്ധസത്യങ്ങൾക്കു കേന്ദ്രസ്ഥാനം നൽകി, പ്രൊട്ടസ്റ്റന്റിസം ഉളവാക്കി. ചില പഠിപ്പിക്കലുകൾ ഇവയാണ്:

1. വിശ്വാസത്താലുള്ള നീതീകരണം.
2. വ്യക്തിയുടെ സ്വാതന്ത്ര്യം.
3. വേദപുസ്തകത്തിന്റെ ആധികാരികത.
4. രാജകീയ പുരോഹിതവർഗമെന്ന നിലയിൽ സഭാംഗങ്ങൾക്കു പൗരോഹിത്യം.
5. പ്രവചന പ്രാധാന്യത്തിൽ പ്രത്യേക പൗരോഹിത്യത്തോടുള്ള എതിർപ്പ്.
6. പാപ്പായുടെ അപ്രമാദിത്വം, (അന്ന് ഡോഗ്മ ആയിട്ടില്ലായിരുന്നു) പാപമോചനച്ചീട്ടു വില്പന, ബെസ്പുർക്കാന മുതലായവയോടുള്ള വെറുപ്പ്.
7. യേശുക്രിസ്തുവിനോടുള്ള ആളത്തെപരമായ ബന്ധം.
8. ഈ ലോകത്തിൽ വച്ചു തന്നെ രക്ഷ പ്രാപിക്കേണ്ടതിന്റെ ആവശ്യകത.

---

** ജർമ്മനിയിലെ ആസ്ബർഗിൽ വച്ച് (Augsberg), കൃപ, പാപം, ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം, നീതീകരണം എന്നീ ദൈവശാസ്ത്രവിഷയങ്ങളിൽ ലൂഥർ തന്റെ നിലപാട് (Confessions) വ്യക്തമാക്കിയതിനെ കുറിക്കുന്നു.*

ഇവയെ ലൂഥറനിസത്തിന്റെ അടിസ്ഥാന വിശ്വാസസത്യങ്ങൾ എന്നു വിളിക്കാം. അപ്പോസ്തോലിക വിശ്വാസപ്രമാണം, നിഖ്യാ വിശ്വാസപ്രമാണം, അത്താനാസ്യോസിന്റെ വിശ്വാസപ്രമാണം എന്നിവ അടിസ്ഥാന പ്രമാണങ്ങളായി സ്വീകരിക്കുന്നു.

വിശ്വാസത്തിന്റെ നിലപാട്, റോമൻ കത്തോലിക്കാ സഭയുടെയും, പിന്നീടുണ്ടായ കാൽവിനിസത്തിന്റെയും ഇടയ്ക്കാണ്. വി. കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം (consubstantiation) ഉണ്ടെങ്കിലും അതു പൊതുവായ സാന്നിദ്ധ്യത്തിൽ നിന്നു വിഭിന്നമല്ല. മനുഷ്യന്റെ വീഴ്ചയിൽ അവൻ മുഴുവനായി തിന്മപെട്ടവനായെങ്കിലും (total depravity) ചിലരെ സ്വർഗത്തിനും ചിലരെ നരകത്തിനുമായി മുന്നിയമിച്ചിട്ടില്ല.

### b) ഫിലിപ്പ് മെലംഗ്ത്തൻ (1497–1560)

ലൂഥറിന്റെ വലങ്കൈയായി പ്രവർത്തിച്ച ദൈവശാസ്ത്രജ്ഞൻ. മുൻപറഞ്ഞ പല പ്രമാണരേഖകളും എഴുതുന്നതിലും വേദപുസ്തകം ജർമ്മൻ ഭാഷയിൽ തർജ്ജമ ചെയ്യുന്നതിലും കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. 1521–ൽ അദ്ദേഹം പ്രസിദ്ധീകരിച്ച Loci communes (ലോക്കി കമ്മ്യൂനെസ്) ആണു നവീകരണത്തിന്റെ ആദ്യത്തെ പ്രമാണരേഖ.

1. ലൂഥറൻ സഭയിൽ ചിലയിടങ്ങളിൽ എപ്പിസ്കോപ്പസി അനുവദിക്കുന്നതിൽ അദ്ദേഹത്തിന്റെ പ്രേരണയുണ്ടായിരുന്നു.
2. കുർബാന വെറും ഓർമ്മയാണെന്ന സ്വിംഗ്ളിയുടെ വാദത്തെ അദ്ദേഹം ശക്തമായി എതിർത്തു. ഫ്രഞ്ച് നവീകരണക്കാരനായ കാൽവിന്റെ കൂട്ടരെ പ്രീണിപ്പിക്കുന്നതിന് കുർബാനയിലെ യഥാർത്ഥ ക്രിസ്തു സാന്നിദ്ധ്യം നിർബന്ധിക്കേണ്ടതില്ല എന്ന ചിന്ത കൊണ്ടുവന്നു.
3. റോമൻ കത്തോലിക്കാ സഭയുടെ ചില ആചാരങ്ങളിലും വിശ്വാസത്തിലും അവഗണന കാണിച്ചു സഹവർത്തിത്വം വേണമെന്നു വാദിച്ചു.

## 2. റോമൻ കത്തോലിക്കാ വിശ്വാസത്തോടുള്ള എതിർപ്പ്

1. പ്രവൃത്തിയാലുള്ള നീതീകരണത്തെ തോല്പിക്കുവാൻ വിശ്വാസത്താലുള്ള നീതീകരണം എന്നത്.
2. സഭയുടെ ഏകത്വത്തിനെതിരായി, ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വവും.
3. സഭയുടെ അച്ചടക്കത്തിനും കണ്ണുമടച്ചുള്ള അനുസരണത്തിനുമെതിരെ, വ്യക്തിസ്വാതന്ത്ര്യവും.

4. പാപ്പായുടെ അപ്രമാദിത്വത്തിനെതിരെ, വേദപുസ്തകത്തിന്റെ അപ്രമാദിത്വവും.
5. പാപ്പായുടെ പരമാധികാരത്തിനെതിരെ, ക്രിസ്തീയ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരമാധികാരവും, രാജകീയ പുരോഹിതവർഗമെന്ന നിലയിൽ, സഭാംഗങ്ങൾക്കുള്ള പൗരോഹിത്യവും.
6. പാപമോചനച്ചീട്ടു വില്പനയ്ക്കെതിരായി മരിച്ചവർക്കുവേണ്ടി പ്രാർത്ഥനയേ വേണ്ടെന്ന പഠിപ്പിക്കലും.
7. പൗരോഹിത്യത്തിനെതിരായി, സുവിശേഷം പ്രസംഗിക്കുന്നതിന്റെ ആവശ്യകതയും.
8. അപ്പോസ്തോലിക കൈവെയ്പിനെതിരായി, ക്രിസ്തുവുമായുള്ള നേരിട്ടുള്ള ബന്ധവും പഠിപ്പിച്ചു.

കത്തോലിക്കാസഭയിൽ നിലനിന്ന അനാചാരങ്ങൾ മാറ്റുവാനാണ് ലൂഥറും കൂട്ടരും ശ്രമിച്ചത്. എന്നാൽ കുട്ടിയെ കുളിപ്പിച്ച അഴുക്കുവെള്ളം ദൂരെ എറിഞ്ഞകൂട്ടത്തിൽ, മാർട്ടിൻ ലൂഥർ കുഞ്ഞിനെക്കൂടെ എറിഞ്ഞുകളഞ്ഞു എന്നു പറയാം. അതിന് ഉദാഹരണമാണു രഹസ്യകുമ്പസാരം നഷ്ടപ്പെട്ടത്. ലൂഥർ രഹസ്യകുമ്പസാരം അവസാനം വരെ നടത്തിയെങ്കിലും ലൂഥറനിസം അതില്ലാതാക്കി, അതിനു പകരം കൗൺസിലിംഗ് നടത്തുകയാണ്.

റോമൻ കത്തോലിക്കാ സഭയുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചെങ്കിലും, ഒരു സമ്പൂർണ ദൈവശാസ്ത്രം സംഭാവന ചെയ്യുവാൻ, ലൂഥറിനു സാധിച്ചില്ല. പൗരോഹിത്യവും പ്രവചനവും, നേരിട്ടുള്ള പ്രാർത്ഥനയും, വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും, ക്രിസ്ത്യാനിയുടെ സ്വാതന്ത്ര്യവും, സഭയുടെ ഒരുമിപ്പും, വേദപുസ്തകത്തിന്റെയും പാരമ്പര്യത്തിന്റെയും ഒരുമിച്ചുള്ള ആധികാരികതയും വിശ്വാസത്താലുള്ള നീതീകരണവും പ്രവൃത്തിയുടെ ആവശ്യവും പുരോഹിതന്റെ അടുത്തുള്ള കുമ്പസാരവും നേരിട്ടുള്ള അനുതാപ പ്രാർത്ഥനയും ഒരുമിച്ചു കൊണ്ടുപോകുവാൻ ആഗ്സ്ബർഗ് കൺഫഷനു സാധിച്ചില്ല.

### 3. വിശ്വാസത്താൽ മാത്രമുള്ള (Sole fidei) നീതീകരണം

പ്രവൃത്തിയില്ലാത്ത വിശ്വാസം മതിയെന്ന ധാരണ ലൂഥറിന്റെ പഠിപ്പിക്കൽ മൂലമുണ്ടായിട്ടുണ്ട്. യാക്കോബിന്റെ ലേഖനം 'വെറും വയ്ക്കോൽ' എന്നു ലൂഥർ വിവക്ഷിച്ചത് ലൂഥറിന്റെ തെറ്റിദ്ധാരണ മൂലമാണ്. വിശ്വാസത്താൽ മാത്രമെന്ന ആശയമല്ല പൗലോസ് ശ്ലീഹാ പഠിപ്പിച്ചത്. 'കൃപയാലല്ലോ നാം വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്' (എഫേ. 2:8) എന്ന് അദ്ദേഹം

പറയുന്നു. അപ്പോൾ വിശ്വാസം മാത്രമല്ല രക്ഷയ്ക്ക് ആവശ്യമായിരിക്കുന്നത്. 'രക്ഷയ്ക്കായി പ്രവർത്തിപ്പിൻ' (ഫിലി. 2:12) എന്നും പൗലോസ് ശ്ലീഹാ പറയുന്നു. അതേസമയത്തു പ്രവർത്തിപ്പിക്കുന്നതു കർത്താവാണ്. 'ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും ദൈവമല്ലോ തിരുവുള്ളമുണ്ടായി പ്രവർത്തിക്കുന്നത്' (ഫിലി. 2:13) എന്നും പൗലോസ് പറയുന്നു.

അബ്രഹാമിന്റെ വിശ്വാസം, പ്രവൃത്തിയോടു കൂടിയതായിരുന്നു എന്നു യാക്കോബു ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നു. "നമ്മുടെ പിതാവായ അബ്രഹാം തന്റെ മകനായ ഇസഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ട്, പ്രവൃത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടത്. അവന്റെ പ്രവൃത്തി വിശ്വാസത്തോടു കൂടി വ്യാപരിച്ചു എന്നും, പ്രവൃത്തിയാൽ വിശ്വാസം പൂർണമായി എന്നും നാം കാണുന്നുവല്ലോ" (യാക്കോ. 2:21 f). പ്രവൃത്തിയില്ലാത്ത, പിശാചിന്റെ വിശ്വാസം ഫലശൂന്യമാണെന്നും യാക്കോബ് ശ്ലീഹാ പറയുന്നു. "ദൈവം ഏകൻ എന്നു വിശ്വസിക്കുന്നുവോ? കൊള്ളാം, പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറെയ്ക്കുകയും ചെയ്യുന്നു" (യാക്കോ. 2:19). ആ വിശ്വാസത്താൽ പിശാച് നീതീകരിക്കപ്പെടുന്നില്ല എന്നു പൗലോസ് പഠിപ്പിക്കുന്നത് വേലയും കൂലിയും പോലെ കിട്ടുന്ന ഒന്നല്ല രക്ഷയെന്നു കാണിക്കുവാനാണ്. വിശ്വാസത്തിന്റെ പ്രവൃത്തികൾ വേണ്ടെന്ന് ഇതിന് അർത്ഥമില്ല. ന്യായപ്രമാണമനുസരിച്ചുള്ള പ്രവൃത്തി മാത്രം പോരെന്ന് വിവക്ഷ.

'വിശ്വാസത്താൽ മാത്രം' എന്ന സിദ്ധാന്തം മൂലമാണ് സാമൂഹ്യനീതിയെക്കുറിച്ചുള്ള ഉൾക്കാഴ്ച ലൂഥറിന് ഇല്ലാതെ പോയത്.

കൃപയാലുള്ള രക്ഷയാണ് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നത്. കൃപയാലാണു വിശ്വാസവും പ്രവൃത്തിയും എന്നും ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. 'ഞാൻ ആകുന്നതു കൃപയാലാകുന്നു' (1 കൊരി. 15:10). 'അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്' (റോമ. 3:24). 'നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടു' (തീത്തോ. 3:6) എന്ന വാക്യമാണു വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു എന്നതിനേക്കാൾ അർത്ഥസമ്പൂർണ്ണം. കൃപയാൽ വിശ്വാസവും പ്രവൃത്തിയും ഉണ്ടാകുന്നു. കൃപാമാർഗങ്ങളാണു കൂദാശകൾ.

## 4. പൗരോഹിത്യത്തോടുള്ള എതിർപ്പ്

പൗരോഹിത്യത്തെക്കുറിച്ചുള്ള ഒട്ടുവളരെ തെറ്റിദ്ധാരണകളുടെ അടിസ്ഥാനത്തിൽ ആണു ലൂഥർ പൗരോഹിത്യത്തോട് എതിർപ്പു കാണിച്ചത്. റോമൻ കത്തോലിക്കർ കുർബാനയിൽ അപ്പം മാത്രം കൊടുക്കുന്നതിനെയും, നിർബന്ധിത സന്ന്യാസം പട്ടക്കാരിൽ നിലനിർത്തുന്നതിനെയും ലൂതർ എതിർത്തു. രഹസ്യമായി കുർബാന കൊടുക്കുന്നതിനെയും ആഗ്സ്ബർഗ്

കൺഫഷൻ എതിർക്കുന്നുണ്ട്. രഹസ്യ കുമ്പസാരത്തിലെ ദുഷിപ്പു മാറ്റുന്നതിനു പകരം കുമ്പസാരം തന്നെ ഇല്ലാതാക്കിക്കളഞ്ഞു. സന്യാസവ്രതങ്ങളെ എതിർക്കുന്നതിനു പകരം അതിന്റെ ദുഷിപ്പിനെ ആയിരുന്നു എതിർക്കേണ്ടത്.

പാപ്പായോടുള്ള എതിർപ്പാണു പൗരോഹിത്യത്തോടുള്ള എതിർപ്പിനു കാരണം. പ്രത്യേക പൗരോഹിത്യത്തിന്റെ ആശയം ലൂഥർ വേണ്ടത്ര മനസ്സിലാക്കിയില്ല. കർത്താവു ശിഷ്യന്മാരുടെ മേൽ ഊതി. 'എന്റെ പിതാവ് എന്നെ അയക്കുന്നതു പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു' (യോഹ. 20:21) എന്ന് യേശു കല്പിച്ചു. കെട്ടുവാനും അഴിക്കുവാനും അധികാരം കൊടുത്തത് ശിഷ്യന്മാർക്കു നൽകിയ പ്രത്യേക പൗരോഹിത്യത്തെ കാണിക്കുന്നു. വിശ്വാസികൾക്കു പൊതു പൗരോഹിത്യമാണുള്ളത്.

ഇന്നു ലേവ്യരല്ലാത്തവർക്കും പ്രത്യേക പൗരോഹിത്യവും പൊതു പൗരോഹിത്യവും ലഭിക്കുന്നു. പ്രത്യേക പൗരോഹിത്യമില്ലെങ്കിൽ, പൊതു പൗരോഹിത്യമില്ല. പൊതു പൗരോഹിത്യമില്ലാതെ പ്രത്യേക പൗരോഹിത്യവും ഇല്ല. ഇവ പരസ്പര പൂരകങ്ങളാണ്.

### ചോദ്യങ്ങൾ

1. മാർട്ടിൻ ലൂഥറിന്റെ നവീകരണത്തിനിടയാക്കിയ കാരണങ്ങൾ ഏവ? അവ ഇന്ന് എവിടെയെല്ലാം നിലനില്ക്കുന്നു?
2. നവീകരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുക.
3. ഇന്ന് ഓരോ സഭയ്ക്കും ഉണ്ടാകേണ്ട നവീകരണങ്ങൾ വിവരിക്കുക.

## പാഠം 2

# കാൽവിനും പ്രെസ്ബിറ്റേറിയൻ വിശ്വാസവും

❑ കാൽവിനിസം ❑ പ്രെസ്ബിറ്റേറിയനിസം (മൂപ്പന്മാരുടെ ഭരണം)❑ വിമർശനങ്ങൾ ❑ സ്വിംഗ്ലി

ഫ്രഞ്ചുകാരനായ ഒരു നവീകരണ കർത്താവായിരുന്നു ജോൺ കാൽവിൻ (1509-1564). 24-ാം വയസ്സിൽ കത്തോലിക്കാ സഭയിൽ നിന്നും അകന്ന് നവീകരണ പ്രസ്ഥാനത്തിനു നേതൃത്വം നൽകി. 16-ാം നൂറ്റാണ്ടിലെ നവീകരണ ശില്പികളിൽ ലൂഥറിനും കാൽവിനും ഉള്ള സ്ഥാനം അദ്വിതീയമാണ്.

### 1. കാൽവിനിസം

ലൂഥറനിസത്തിലെ പോലെ (1) വേദപുസ്തകം മാത്രം സഭയുടെ വിശ്വാസത്തിന് അടിസ്ഥാനം എന്നും (2) പ്രവൃത്തി കൂടാതെ വിശ്വാസത്താൽ മാത്രം നീതീകരണം എന്നും ചുവടെ ചേർത്തിരിക്കുന്നവയും കാൽവിനിസം പഠിപ്പിച്ചു.

1. ഒരിക്കൽ രക്ഷപെട്ടാൽ എന്നേയ്ക്കും രക്ഷിതരാണ്. രക്ഷ നഷ്ടപ്പെടുകയില്ല.
2. രക്ഷാ നിർണയോപദേശം ശരിയാണ്.
3. ചിലരെ സ്വർഗത്തിനും ചിലരെ നരകത്തിനും ദൈവം മുന്നിയമിച്ചിരിക്കുന്നു.
4. ആത്മാവിന്റെ സാക്ഷ്യത്താൽ വേദപുസ്തകത്തിന്റെ തെറ്റിക്കൂടായ്മയും ആധികാരികതയും മാത്രമല്ല, ഏവയാണ് കാനോനിക ഗ്രന്ഥങ്ങൾ എന്നും കൂടെ അറിയാം.
5. വീഴ്ചയ്ക്കു ശേഷം മനുഷ്യനു സ്വയം രക്ഷിക്കാൻ സാദ്ധ്യമല്ലെന്നു മാത്രമല്ല. അവൻ ഇച്ഛിക്കുന്നതും പ്രവർത്തിക്കുന്നതും പാപമാണ്. ക്രിസ്തുവിലുള്ളവർക്കു കാമത്തിന്റെ ആകർഷണതയുടെ സ്ഥാനത്ത് കൃപയുടെ ആകർഷണീയത ലഭിക്കുന്നു. ക്രിസ്ത്യാനിയുടെ പാപങ്ങൾ ക്രിസ്തുവിന്റെ കൃപയാൽ സൗജന്യമായി പരിഹരിക്കപ്പെട്ടിരിക്കുന്നു. ഈ കൃപ നഷ്ടപ്പെടുകയില്ല.
6. കുർബാന ദൈവകൃപയുടെ ഒരു സാക്ഷ്യം മാത്രമാണ്. ലൂഥറിന്റെയും സ്വിംഗ്ലിയുടെയും കുർബാനയെക്കുറിച്ചുള്ള പഠിപ്പിക്കലിന്റെയും ഇടയ്ക്കുള്ള സ്ഥാനമാണ്, കാൽവിന്റെ പഠിപ്പിക്കലിനുള്ളത്.

### 2. പ്രെസ്ബിറ്റേറിയനിസം (മൂപ്പന്മാരുടെ ഭരണം)

കാൽവിന്റെ പഠിപ്പിക്കൽ സ്വീകരിച്ചവരെ റിഫോർമ്ഡ് സഭകൾ എന്നാണു പൊതുവെ പറഞ്ഞുവരുന്നത്. വിശ്രുത ദൈവശാസ്ത്രജ്ഞനായ കാൾ ബാർത്ത് ഇതിലെ ഒരു അംഗമായിരുന്നു.

1. ഓരോ ഇടവകയിലെയും ഭരണാധികാരം, അവിടത്തെ പാസ്റ്റർക്കും, അദ്ദേഹത്തെ സഹായിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട മൂപ്പന്മാർക്കുമത്രേ. പല ഇടവകകളിലെ മൂപ്പന്മാർ ചേരുന്നതാണു സുന്നഹദോസ്. തുല്യ അംഗത്വമുള്ള പാസ്റ്ററന്മാരും മൂപ്പന്മാരും ചേർന്നതാണു ജനറൽ അസംബ്ലി. ഇതിനാണു പരമാധികാരം. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നവരാണ് അസംബ്ലി അംഗങ്ങൾ.

2. അപ്പോസ്തോലിക കൈവയ്പ് മൂപ്പന്മാർ വഴി തുടരുന്നു എന്നു പഠിപ്പിക്കുന്നവരുണ്ട്. അത് അപ്രധാനമെന്നു വിശ്വസിക്കുന്നവരുമുണ്ട്.
3. ഭരണത്തിനു സഹായിക്കുന്ന മൂപ്പന്മാർ പട്ടത്വമില്ലാത്തവരാണെന്നും ഉള്ളവരാണെന്നും രണ്ടു പക്ഷക്കാരുണ്ട്.
4. വി. കുർബാന നിർബന്ധമില്ല.
5. എപ്പിസ്ക്കോപ്പൽ ഭരണവും പുതിയനിയമത്തിൽ ഉണ്ടായിരുന്നെന്ന് ഇപ്പോൾ പല പ്രെസ്ബിറ്റേറിയന്മാരും സമ്മതിക്കുന്നെങ്കിലും ആദ്യവിശ്വാസം അതിന് എതിരായിരുന്നു.

120 ലക്ഷം പ്രെസ്ബിറ്റേറിയന്മാർ ലോകത്തിലുണ്ട്. സ്കോട്ട്ലണ്ടിൽ മാത്രമാണ് ഇതിനെ ദേശീയ സഭയായി അംഗീകരിച്ചിട്ടുള്ളത്. ആത്മീയ കാര്യങ്ങളിൽ സ്റ്റേറ്റ് ഇടപെടരുതെന്ന നിർബന്ധം അവിടെയുണ്ട്. അവിടെ ഈ നവീകരണം കൊണ്ടുവന്നത് ജോൺനോക്സ് ആണ്. ഇന്ത്യയിലെ പ്രെസ്ബിറ്റേറിയൻ സഭകൾ തെന്നിന്ത്യസഭയിലും (സി. എസ്. ഐ.) ഉത്തരേന്ത്യൻ സഭയിലും (സി. എൻ. ഐ.) ചേർന്നിരിക്കുന്നു.

### 3. വിമർശനങ്ങൾ

കാൽവിനും റോമാ സഭയുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചെങ്കിലും, സമ്പൂർണമായ ഒരു ദൈവശാസ്ത്രം ദാനം ചെയ്തില്ല. കാൽവിന്റെ ഗ്രന്ഥം പ്രെസ്ബിറ്റേറിയൻ സഭകൾക്കും മറ്റു പ്രൊട്ടസ്റ്റന്റുകാർക്കും ഒരു ആധികാരിക ഗ്രന്ഥമാണ്.

ലൂഥറിൽ നിന്നും ഭിന്നമായ സ്വഭാവമാണു കാൽവിന് ഉണ്ടായിരുന്നത്. ചില ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ ദയയില്ലാത്ത ഒരു സ്വേച്ഛാധിപതിയായി കാൽവിൻ ജനീവായിൽ ഭരണം നടത്തി.

### (a) ദ്വിവിധ മുൻനിർണയം (Double predestination)

ഇതു കാൽവിന്റെ തെറ്റായ പഠിപ്പിക്കലായിരുന്നു. മത്താ. 20:23, യോഹ. 10:29; റോമ. 8:28–30; എഫേ. 1:3–14, 2 തിമോ. 1:9, 2 കൊരി. 4:4, 1 കൊരി. 4:7 എന്നീ വേദഭാഗങ്ങൾ ചിലരെ നരകത്തിനും മറ്റു ചിലരെ സ്വർഗത്തിനും മുൻനിർണയിച്ചിരിക്കുന്നു എന്നുള്ളതിനു തെളിവല്ല. ദൈവത്തിന്റെ മുൻനിർണയപ്രകാരം മാത്രമാണു ചിലർ നരകത്തിലും മറ്റു ചിലർ സ്വർഗത്തിലും പോകുന്നതെങ്കിൽ ആ പോകുന്നവർക്ക് അതിൽ ഒരു പങ്കുമില്ലല്ലോ.

'ഞാൻ ആകുന്നതു ദൈവത്തിന്റെ കൃപയാലാകുന്നു' എന്നു പറയുന്നതു കൊണ്ട് എനിക്ക് ഒരു പങ്കുമില്ലെന്ന് അർത്ഥമില്ല. ഹൂമനയോസും

അലക്സന്ത്രറും സാത്താന് ഏൽപ്പിക്കപ്പെട്ടതു നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞു വിശ്വാസക്കപ്പൽ തകർത്തതിനാലാണ് (1 തിമോ. 1:20). ദൈവത്തിന്റെ മുൻനിർണയം മാത്രമാണ് ഇവിടെ പ്രവർത്തിച്ചതെന്നു പറയാൻ വയ്യ.

അന്ത്യന്യായവിധിയിൽ ഇടത്തുള്ളവരെ ശിക്ഷാവിധിയിലേക്കും, വലത്തുള്ളവരെ അനുഗ്രഹത്തിലേക്കും അയയ്ക്കുന്നത്, രണ്ടു കൂട്ടരുടെയും ദോഷവും ഗുണവും പറഞ്ഞുകൊണ്ടാണ് (മത്താ. 25:31). പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നി എന്നാണു നരകത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. ദൈവസാദൃശ്യമുള്ളവർക്കായി ഒരുക്കിയിരിക്കുന്നതു ദൈവഭവനമാണ്. രണ്ടു കൂട്ടരും അവർക്കു നല്കിയ സ്വാതന്ത്ര്യത്തെ എങ്ങനെ കൈകാര്യം ചെയ്തു എന്നതിനെ അടിസ്ഥാനമാക്കിയാണു ശിക്ഷയും അനുഗ്രഹവും പ്രാപിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിൽ കാൽവിന്റെ ഏറ്റവും വലിയ വക്താവായ കാൾ ബാർത്ത് ഇതിനെ തിരുത്തി. അദ്ദേഹം പറയുന്നതു തള്ളപ്പെട്ടതു യേശുക്രിസ്തു മാത്രമാണെന്നും സ്വർഗത്തിനായി തെരഞ്ഞെടുക്കപ്പെട്ടതു മനുഷ്യരാശി മുഴുവനുമാണെന്നുമാണ്. “എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്,” എന്നു കർത്താവു നിലവിളിച്ചല്ലോ. മുൻനിർണയം ദൈവസ്വഭാവത്തെ വികലപ്പെടുത്തുന്നു.

അടുത്തതായി ഒരിക്കൽ രക്ഷപ്പെട്ടാൽ എന്നും രക്ഷപ്പെട്ടിരിക്കുമെന്നുള്ള പഠിപ്പിക്കലിനെക്കുറിച്ചു ചിന്തിക്കാം. “രക്ഷയുടെ ആനന്ദം എനിക്കു തിരികെ തരണമേ” (സങ്കീ. 51:12) എന്നു ദാവീദ് പ്രാർത്ഥിച്ചതിന്റെ അർത്ഥം, നേരത്തെ രക്ഷയുടെ ആനന്ദം ഉണ്ടായിരുന്നെന്നും, പാപം നിമിത്തം അതു നഷ്ടപ്പെട്ടെന്നും, ദൈവം പാപക്ഷമ നൽകി വീണ്ടും പഴയ രക്ഷാസന്തോഷം കൊടുക്കണമെന്നുമാണല്ലോ. അതിനാൽ ഒരിക്കൽ രക്ഷപ്പെട്ടാൽ എന്നേക്കും രക്ഷപ്പെട്ടതായിരിക്കുമെന്ന പഠിപ്പിക്കൽ ശരിയല്ല.

മിസ്രയീമിലെ അടിമത്തത്തിൽ നിന്നും രക്ഷ പ്രാപിച്ചവർ എല്ലാവരും വാഗ്ദത്തനാടായ കനാൻ നാട്ടിൽ ചെന്നെത്തിയില്ലെന്നും, അതുപോലെ രക്ഷയുടെ അനുഭവത്തിലേക്കു വന്നവർ വീണുപോകാതെ ജാഗ്രതയായിരിക്കണമെന്നും പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു (കൊരി. 10:1–13).

ഒരിക്കൽ രക്ഷയുടെ അനുഭവത്തിലേക്കു വന്നവർ പിന്മാറിപ്പോയാൽ, അവരെ വീണ്ടും മാനസ്സാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല എന്ന് എബ്രായലേഖന കർത്താവും പറയുന്നു (എബ്രാ. 5:1–6).

യൂദ സ്ക്കറിയോത്ത കർത്താവിനെ അനുഗമിച്ചപ്പോൾ രക്ഷയുടെ അനുഭവം കുറെയെങ്കിലും ഉണ്ടായിക്കാണുമല്ലോ. എന്നാൽ ദ്രവ്യാഗ്രഹം മൂലം നശിച്ചുപോയി (യോഹ. 17:12). ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും

മൂലമല്ലോ. ചിലർ അതു കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്ന്, ബഹുവിധ ദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു (1 തിമോ. 6:10) എന്നു പൗലോസ് ശ്ലീഹാ പറയുന്നിടത്തു രക്ഷയുടെ അനുഭവത്തിലേക്കു വരുന്നവർ പിന്നീടു നശിക്കുന്നതല്ലേ ഉദ്ദേശിക്കുന്നത്?

'അവസാനത്തോളം സഹിച്ചു നില്ക്കുന്നവർ രക്ഷിക്കപ്പെടും' (മർക്കോ. 13:13) എന്നും കർത്താവു പറഞ്ഞിരിക്കുന്നതിനാൽ, അവസാനത്തോളം നശിച്ചുപോകുന്നതിനുള്ള സാദ്ധ്യതയും ഉണ്ട്.

രക്ഷയുടെ അനുഭവത്തിൽ മുമ്പോട്ടുപോകുന്നു എന്നല്ലാതെ, രക്ഷപെട്ടു കഴിഞ്ഞു എന്നു പൗലോസ് ശ്ലീഹാ പോലും പറയുന്നില്ല (ഫിലി. 3:12-14). അതിനാൽ ഇനി നഷ്ടപ്പെടുകയില്ലെന്ന വിധത്തിലുള്ള രക്ഷ ലഭിച്ചെന്ന് ആർക്കാണു പറയാൻ കഴിയുക?

1 കൊരി. 3:12-15 ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കുമെങ്കിൽ, അവനു പ്രതിഫലം കിട്ടും, ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ, അവനു ചേതം വരും, താനോ രക്ഷിക്കപ്പെടും. എന്നാൽ തീയിൽക്കൂടിയെന്നപോലെയത്രേ. ഇവിടെ അവനവന്റെ പ്രവൃത്തിക്കു യാതൊരു സ്ഥാനവുമില്ലെന്നു പറയുന്നില്ല. ഇവിടെ രക്ഷ ദൈവത്തിന്റെ ദാനമാണെന്നും അത് ഏവർക്കും ഉള്ളതാകയാൽ അന്തിമമായി മാത്രം രക്ഷിക്കപ്പെടുമെന്നു വ്യാഖ്യാനിച്ചാൽ ദൈവത്തിൽ പക്ഷാഭേദമുണ്ടെന്നു വരും.

### (b) രക്ഷാനിർണയോപദേശം

രക്ഷപ്പെട്ടവർക്കു സന്തോഷത്താൽ രക്ഷാനിർണ്ണയമുണ്ടാകുമെന്നും കാൽവിൻ പഠിപ്പിച്ചു. ഇത് അർദ്ധസത്യമാണ്. 'രക്ഷയുടെ ആനന്ദം തിരികെ തരണമേ' (സങ്കീ. 51:12) എന്നു ദാവീദ് പ്രാർത്ഥിച്ചതിനാൽ പാപമോചനം ലഭിക്കുമ്പോൾ സന്തോഷം ലഭിക്കുമെന്ന് പറയുന്നു. അപ്പോ. പ്ര. 16:34 ലും ഇതു കാണാം.

ഇവിടെ അവനവന് ഉണ്ടാകുന്ന ബോദ്ധ്യമെന്നല്ലാതെ ഒരു വിധിയായി ഈ അനുഭവം (രക്ഷാസന്തോഷം) കണക്കാക്കാൻ വയ്യ. ന്യായവിധിയെല്ലാം പുത്രനെ ഏല്പിച്ചിരിക്കുന്നു. നമ്മെക്കുറിച്ചോ മറ്റുള്ളവരെക്കുറിച്ചോ, വിധി പറയുവാൻ നമുക്ക് ആർക്കും അവകാശമില്ല. അതിനുള്ള കഴിവുമില്ല.

### (c) ക്രിസ്തുവിനു പുറത്തുള്ള നന്മ, തിന്മയാണോ?

മറ്റു മതങ്ങളിലെ നന്മയെയും, ക്രിസ്ത്യാനികൾ തന്നെ സ്വയം നന്മ അവകാശപ്പെട്ടാൽ അവയെയും തിന്മയായിട്ടാണ് കാൽവിൻ കാണുന്നത്. എല്ലാം കൃപയാൽ മാത്രമാണെന്നു സ്ഥാപിക്കുവാനാണെങ്കിലും ഇതു ശരിയായ നിലപാടല്ല.

എവിടെ നന്മയുണ്ടോ അതെല്ലാം ഏകജാതനായ ദൈവത്തിൽ നിന്നും, പരിശുദ്ധാത്മാവിൽ നിന്നുമുള്ളതാണെന്നു ഗ്രഹിക്കുമ്പോൾ മറ്റു മതങ്ങളിലെ നന്മയെ നന്മയായിത്തന്നെ ദർശിക്കുവാൻ സാധിക്കും. 'ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു' (യോഹ. 1:9) എന്നു യോഹന്നാൻ ശ്ലീഹ പറയുന്നതിൽ, മറ്റു മതങ്ങളിലും മനുഷ്യരിലും, യേശു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു മനസ്സിലാക്കാം. 'സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ' (റോമ. 11:36). സർവ്വേശ്വരന്റെ അദൃശ്യമായ ശക്തിയും ദിവ്യഭാവവും പ്രപഞ്ചസൃഷ്ടി മുതൽ സൃഷ്ടികളിൽ കൂടി വെളിപ്പെട്ടിരിക്കുന്നു (റോമ. 1:20). അതിനാൽ സകലർക്കും ദൈവത്തെ പ്രപഞ്ചത്തിൽ കൂടി കാണുവാൻ സാധിക്കും. സൃഷ്ടിയിൽ ലഭിച്ച ദൈവസാദൃശ്യം പാപത്താൽ വികൃതമായെങ്കിലും പൂർണമായി നഷ്ടപ്പെട്ടിട്ടില്ല. അതിനാൽ പ്രപഞ്ചത്തിൽ നന്മ കാണും.

അമേരിക്കയിലെ പ്രെസ്ബറ്റേറിയൻ സഭ ഇതിൽ ചില ചേർപ്പുകൾ കൂട്ടിയിട്ടുണ്ട്. 1967-ൽ ഒരു പരിഷ്കരിച്ച പതിപ്പു പ്രസിദ്ധീകരിച്ചു. എപ്പിസ്ക്കോപ്പസി ഇല്ലാത്ത ഭരണമാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്. വെറും നിയമത്തെ അടിസ്ഥാനപ്പെടുത്തിയും, വ്യക്തിഗതമായ ശക്തീകരണത്തിലും ഉള്ള അതിന്റെ നിലപാടും കൂടുതൽ നിരൂപണവിധേയമായിക്കൊണ്ടിരിക്കുന്നു എന്ന് R. J. Bradley പറയുന്നു (It has been increasingly criticized for its excessively juridical and individualistic emphasis).

### 4. സ്വിംഗ്ളി (1484-1531)

ലൂഥറിനേക്കാൾ ഹൂമനിസത്തിന്റെ പ്രേരണ ലഭിച്ചവരായിരുന്നു കാൽവിനും സ്വിംഗ്ളിയും. സ്വിറ്റ്സർലണ്ടിലെ സൂറിച്ചിൽ (Zurich) അവർ വളർത്തിയ പ്രൊട്ടസ്റ്റന്റിസവും പ്രെസ്ബിറ്റേറിയനിസമായി തീർന്നു. ദേവാലയങ്ങളിൽ നിന്നു പ്രതിമകളും ചിത്രങ്ങളും നീക്കി. സന്യാസിമാരെ വിവാഹത്തിനു പ്രേരിപ്പിച്ചു. അംഗീകൃത കത്തോലിക്കാ രീതികളോട് എത്രയും അകലം പാലിക്കുക എന്നതായിരുന്നു പ്രധാന ഉദ്ദേശ്യം.

### ചോദ്യങ്ങൾ

1. ലൂഥറിന്റെയും കാൽവിന്റെയും പഠിപ്പിക്കലുകൾ താരതമ്യപ്പെടുത്തുക.
2. വിവിധ മുൻനിർണയത്തിന്റെ ദോഷവശങ്ങൾ വിശദമാക്കുക?

## പാഠം 3

# അനാബാപ്റ്റിസ്റ്റുകാരും ബാപ്റ്റിസ്റ്റ് വിഭാഗങ്ങളും

❑ ഇവർ എന്തു പഠിപ്പിച്ചു? ❑ ഇവരുടെ ആദ്യകാല നേതാക്കൾ ❑ പീഡകൾ ❑ ശിശുസ്നാനം ദൈവഹിതവും വേദാനുസരണം

### 1. ഇവർ എന്തു പഠിപ്പിച്ചു

മുൻ അദ്ധ്യായങ്ങളിൽ വിവരിച്ച നവീകരണ സ്കൂളുകളേക്കാൾ നിർദാക്ഷണ്യമായ നവീകരണം കൊണ്ടുവന്നവരാണ് അനാബാപ്റ്റിസ്റ്റുകാർ. സഭയുടെ പാരമ്പര്യങ്ങളും വളർച്ചയും ദൈവശാസ്ത്രവും അപ്പാടെ ഇവർ തിരസ്ക്കരിക്കുന്നു. ലൂഥറും കാൽവിനും സ്വിംഗ്ളിയും അങ്ങനെ ചെയ്തിട്ടില്ല. അതിനാലാണു ലൂഥറും കാൽവിനും സ്വിംഗ്ളിയും ശിശുസ്നാനം തുടർന്നത്. ശിശുസ്നാനം നിരർത്ഥകമാണെന്നും വീണ്ടും സ്നാനമേൽക്കണമെന്നും ഇവർ പഠിപ്പിച്ചതിനാൽ 'വീണ്ടും സ്നാനം' എന്ന അർത്ഥത്തിൽ 'അനാബാപ്റ്റിസ്റ്റു'കാരെന്ന പേരുണ്ടായി. 'അനാ' എന്ന വാക്കിന്റെ അർത്ഥം 'വീണ്ടും' എന്നാണ്.

വേദവിപരീതികളെ സഭയിൽ ചേർക്കുമ്പോൾ അവരെ സ്നാനപ്പെടുത്തണമെന്നു വാദിച്ചവർ നാലാം നൂറ്റാണ്ടു മുതൽ ഉണ്ടായിരുന്നു. എന്നാൽ 16-ാം നൂറ്റാണ്ടിലാണു ശിശുസ്നാനമേറ്റവരെ വീണ്ടും സ്നാനപ്പെടുത്തണമെന്ന ഉപദേശം ഉണ്ടായത്.

ഇവരുടെ പഠിപ്പിക്കലുകൾ താഴെ ചേർക്കുന്നു:

(1) ശിശുസ്നാനം വേദപുസ്തകത്തിൽ വ്യക്തമായി ഇല്ല. അതിനാൽ അതു തെറ്റാണ്. (2) വിശ്വാസസ്നാനം മാത്രമാണു ശരി. സ്നാനം കൂദാശയല്ല. (3) പൂർവിക സഭയിലെ അംഗങ്ങൾ വീണ്ടും സ്നാനമേറ്റാൽ അവരുടെ സഭകളിൽ നിന്നും വേർപെട്ടു, വേർപെട്ട കൂട്ടവുമായി കൂട്ടായ്മ നടത്തണം. (4) കുർബാന കൂദാശയല്ല. ഓർമ്മ മാത്രം. (5) ഔപചാരികമായ ആരാധന (formal worship) ആവശ്യമില്ല. ലഘുവായ കൂട്ടായ്മ പ്രാർത്ഥന മതി. (6) പുതിയനിയമ സഭ പോലെ സഭ എന്നും ആയിരിക്കണം. പരിശുദ്ധാത്മാവ് അവരിൽ വീണ്ടും ഒന്നാം നുറ്റാണ്ടിലെ പോലെ പ്രവചനവരം നൽകിയിരിക്കുന്നു. (7) ദൈവശാസ്ത്രമല്ല ഗിരിപ്രഭാഷണമാണ് പ്രധാനം. (8) ക്രിസ്ത്യാനികൾ യുദ്ധത്തിൽ ചേരാൻ പാടില്ല. (9) മദ്യപന്മാരെയും പുകവലിക്കാരെയും സഭയിൽ നിന്നു പുറത്താക്കണം. (10) വിവാഹം കഴിക്കാമെങ്കിലും സന്യാസിമാരെപ്പോലെ ലളിത ജീവിതം നയിക്കണം. (11) യേശുക്രിസ്തു വേഗം രണ്ടാമതു വന്നു സഹസ്രാബ്ദ വാഴ്ച നടത്തും. (12) ചില

ഗ്രൂപ്പുകൾ ത്രിത്വവിശ്വാസം പരിത്യജിച്ചു. (13) ചില ഗ്രൂപ്പുകൾ യേശുക്രിസ്തു ദൈവമല്ല, ഒരു നേതാവായിരുന്നു എന്നു പഠിപ്പിച്ചു. (14) ചില ഗ്രൂപ്പുകൾ സകലവും പൊതുവകയെന്ന് എണ്ണി (അപ്പോ. പ്ര. 4:32-35).

## 2. ഇവരുടെ ആദ്യകാല നേതാക്കൾ

Conrad Grebel (1498-1526), Felix Marz എന്നീ യുവാക്കന്മാരാണ് ഇതിന്റെ ആരംഭ പ്രവർത്തകർ. ഗ്രെബൽ, ബാസലിലും വിയന്നായിലും പാരീസിലും പര്യടനം നടത്തി മടങ്ങിവന്ന്, സ്വിംഗ്ളിയുമായി ഏറ്റുമുട്ടി. 1523-ൽ അവർ പരസ്പരം വേർപിരിഞ്ഞു. Swiss Brethren എന്ന പേരിൽ ഗ്രെബൽ ഒരു സംഘടന ഉണ്ടാക്കി. 1524-ൽ ശിശുസ്നാനം ഉപേക്ഷിച്ചു. തക്സാ കൂടാതെ ലളിതരീതിയിൽ തിരുവത്താഴം നടത്തി. വീറോടെ ചുറ്റിനടന്ന് ബ്രദറൻ സഭയിലേക്കു ക്രിസ്ത്യാനികളെ മതപരിവർത്തനം നടത്തി.

Belthasar Hubmaier എന്ന കത്തോലിക്കാ പ്രസംഗകർ ഇവരോടു ചേർന്ന്, 1525-ൽ സ്നാനമേറ്റത് മറ്റുള്ളവരെ ഇക്കൂട്ടത്തിലേക്ക് ആകർഷിച്ചു. തിരുവത്താഴത്തോടു കൂടി വിശ്വാസികളുടെ കാൽകഴുകുന്ന ചടങ്ങ് തുടങ്ങി. മറ്റു പലരും സ്വിറ്റ്സർലണ്ടിലും ആസ്ട്രിയായിലും, തെക്കുകിഴക്കെ ജർമ്മനിയിലും ഈ വിശ്വാസം പ്രചരിപ്പിച്ചു.

## 3. പീഡകൾ

റോമൻ കത്തോലിക്കരും ലൂഥറൻസും സ്വിംഗ്ളിയൻസും ഒരുപോലെ ഈ നൂതന ഉപദേശത്തെ വെറുത്തു. അവരെ വേദവിപരീതികളായി സഭകൾ പ്രഖ്യാപിച്ചു. നൂറുകണക്കിന് അനാബാപ്റ്റിസ്റ്റുകാർ കൊല്ലപ്പെട്ടു. ചിലരെ ശിരഛേദനത്താലും, തീയിലും വെള്ളത്തിലും എറിഞ്ഞും കൊല്ലുകയുണ്ടായി.

ഇതിന് ഒരു കാരണം 1524-1525 ൽ നടന്ന കർഷക വിപ്ലവത്തിന് ഇവർ നേതൃത്വം കൊടുത്തു എന്നുള്ളതാണ്. വിപ്ലവ നേതാവായ Thomas Muntzer ഒരു അനാബാപ്റ്റിസ്റ്റുകാരനായിരുന്നു. പട്ടണങ്ങളിലായിരുന്നു ഇവർ അധികവും. കൂടുതൽ പേരും ദരിദ്രരായിരുന്നു. ഇവർ ബഹുഭാര്യത്വം ഉള്ളവരുമായിരുന്നു.

Menno Simons എന്ന കത്തോലിക്കാ പുരോഹിതൻ ഈ ഗ്രൂപ്പിൽ 1536-ൽ ചേരുകയും അദ്ദേഹത്തിന്റെ പ്രസംഗത്താലും എഴുത്തുകളാലും മെനനൈറ്റ് വിഭാഗം (Mennonite Sect) ഉണ്ടാകുകയും ചെയ്തു. ഇന്നും ഇവർ യുദ്ധവിരുദ്ധരും പാസിഫിസ്റ്റുകളും (സമാധാനകാംക്ഷികൾ) സേവനതത്പരരുമായി പ്രവർത്തിച്ചുവരുന്നു.

അനാബാപ്റ്റിസ്റ്റുകാർ 16-ാം നൂറ്റാണ്ടിനു ശേഷം ക്ഷയിച്ചു. ഇന്നത്തെ

ബാപ്റ്റിസ്റ്റുകാർ, പെന്തക്കോസ്തുകാർ, ചർച്ച് ഓഫ് ഗോഡ് (ദൈവസഭ), അസംബ്ലി ഓഫ് ഗോഡ്, ബ്രദറൻ സഭ ഇവരെല്ലാം അനാബാപ്റ്റിസ്റ്റുകാരാണ്.

## 4. ശിശുസ്നാനം ദൈവഹിതവും വേദാനുസരണവും

ശിശുസ്നാനം വേദാനുസൃതം എന്നു വിശദീകരിക്കുന്ന ചുവടെ ചേർക്കുന്ന പുസ്തകങ്ങൾ വായിച്ച് നോട്ട് കുറിക്കുക.

1. ഗ്രന്ഥകർത്താവിന്റെ 'മൂന്നു വിശ്വാസ സത്യങ്ങൾ.'
2. കെ. എൻ. ദാനിയേലിന്റെ 'ശിശുസ്നാനം വേദപുസ്തകാടിസ്ഥാനത്തിൽ.'
3. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ 'ശിശുസ്നാനം ക്രൈസ്തവ വിശ്വാസത്തിൽ' (*പൗരസ്ത്യ ക്രൈസ്തവ ദർശനം*, ദിവ്യബോധനം പ്രസിദ്ധീകരണം).
4. അഞ്ചൽ ഗീവറുഗീസ് അച്ചന്റെ 'അന്നാമ്മയും പാസ്റ്ററും.'
5. റ്റി. ജെ. ജോഷ്വാ അച്ചന്റെ 'വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും.'

Oscar Cullman, Jeremias, മുതലായ പുതിയനിയമ പണ്ഡിതന്മാർ ശിശുസ്നാനം ശരിയാണെന്നു പുതിയനിയമ അടിസ്ഥാനത്തിൽ തെളിയിച്ചിട്ടുണ്ട്.

വേദപുസ്തകം മാത്രം എന്ന തെറ്റായ പ്രമാണമാണ് ഇവരെ തെറ്റായ നിഗമനത്തിലേക്കു നയിച്ചത്. ആറാം പാഠത്തിൽ വേദപുസ്തകവും പാരമ്പര്യവും എന്ന വിഷയം വായിക്കുക. പാരമ്പര്യവും ആവശ്യമാണെന്ന് അതിൽ സമർത്ഥിച്ചിട്ടുണ്ട്.

1. മർക്കോ. 16:16 ആണ് ശിശുസ്നാനത്തിനെതിരായി അനാബാപ്റ്റിസ്റ്റുകാർ പറയുന്നത്. എന്നാൽ അവിടെ ശിശുക്കളെക്കുറിച്ച് ഒന്നും പറയുന്നില്ലെന്നും പ്രായമായവരുടെ കാര്യം മാത്രമാണു പറയുന്നതെന്നും ഗ്രഹിക്കുമ്പോൾ ഈ ഭാഗം ശിശുസ്നാനത്തിന് എതിരല്ലെന്നു മനസ്സിലാക്കാം. 'നിങ്ങൾ ഭൂമിയിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പിൻ' എന്നു (മർക്കോ. 16:25) പറഞ്ഞതിനു ശേഷമാണ് വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കോ. 16:16) എന്നു പറയുന്നത്. പ്രസംഗം കേൾക്കുന്നവർ പ്രായമായവരാണല്ലോ. അവരിൽ വിശ്വസിക്കുന്നവർ, സ്നാനമേൽക്കുകയും രക്ഷിക്കപ്പെടുകയും ചെയ്യും. പ്രസംഗം കേട്ടിട്ടും വിശ്വസിക്കുകയോ സ്നാനമേൽക്കുകയോ ചെയ്യാതിരിക്കുന്നവർ ശിക്ഷാവിധിയിൽ അകപ്പെടും. അക്കാര്യമാണ് ഇവിടെ പറയുന്നത്.

മർക്കോ. 16:9-20 പിന്നീടു വേദപുസ്തകത്തിൽ കൂട്ടിച്ചേർത്ത ഭാഗമാണെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്.

2. 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടയരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ' (മർക്കോ. 10:14) എന്ന് അരുളിച്ചെയ്ത കർത്താവിന്റെ അനുഗ്രഹം പ്രാപിക്കുന്നതിനായി, ശിശുക്കളെ തന്റെ അടുക്കൽ കൊണ്ടുചെല്ലുകയാണു ശിശുസ്നാനത്തിൽ ചെയ്യുന്നത്.

3. വെള്ളത്താലും ആത്മാവാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല (യോഹ. 3:5). അതിനാൽ ദൈവരാജ്യത്തിലെ അംഗങ്ങളാക്കുന്നതിനു ശിശുക്കൾക്കു സ്നാനം നൽകണം.

4. 'വാഗ്ദത്തം നിങ്ങളുടെ ശിശുക്കൾക്കും ഏവർക്കും ഉള്ളതാണല്ലോ' (അപ്പോ. പ്ര. 2:39) എന്നു പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മനിറവിൽ പത്രോസ് ശ്ലീഹാ പറഞ്ഞു. ശിശുക്കൾക്കും എന്നതു മക്കൾക്കും എന്നാണു വേദപുസ്തകത്തിൽ കാണുന്നത്. ഇവിടെ ഉപയോഗിച്ചിരിക്കുന്നതു *'ടെക്ന'* എന്ന ഗ്രീക്കു പദമായതിനാൽ ശിശുക്കൾ എന്നു തന്നെയാണു പത്രോസ് പറഞ്ഞത്. അതിനാൽ ശിശുക്കൾക്കു പരിശുദ്ധാത്മാവു നൽകുന്നതിനു സ്നാനം നൽകേണ്ടതാണ്.

5. ശിശുക്കൾക്ക് അനുഗ്രഹം പ്രാപിപ്പാൻ കഴിയും. മറ്റുള്ളവരുടെ വിശ്വാസം അതിനു സഹായിക്കും. യോഹന്നാൻ സ്നാപകൻ അമ്മയുടെ ഗർഭത്തിൽ പരിശുദ്ധാത്മ നിറവുള്ളവനായി തുള്ളി (ലൂക്കോ. 1:41). മാതാക്കൾ ശിശുക്കളെ കൊണ്ടുവന്നപ്പോൾ കർത്താവ് അവരെ അനുഗ്രഹിച്ചു. അവർക്ക് ആ പ്രായത്തിൽ അനുഗ്രഹം ലഭിക്കുകയില്ലായിരുന്നെങ്കിൽ കർത്താവ് അനുഗ്രഹിക്കില്ലായിരുന്നു (മത്താ. 19:13-15; മർക്കോ. 10:13-16; ലൂക്കോ. 9:46-48) ശിശുക്കളെ വിലക്കിയ ശിഷ്യന്മാരെപ്പോലെയാണു ശിശുസ്നാനം വിലക്കുന്നവർ.

6. പരിച്ഛേദന ശിശുക്കൾക്കു നൽകി. അബ്രഹാമിന്റെയും യിശ്മായേലിന്റെയും പരിച്ഛേദന കഴിഞ്ഞ് എല്ലാ ആൺകുഞ്ഞുങ്ങളെയും എട്ടാം ദിവസം പരിച്ഛേദന നടത്തിപ്പോന്നു (ഉത്പ. 17:12). യഹൂദസഭയിൽ അംഗത്വം ശിശുക്കൾക്ക് ഇപ്രകാരം നൽകിയതായി കാണുന്നു. ഇപ്രകാരം ശിശുക്കൾക്ക് ക്രിസ്തീയ സഭയിൽ അംഗത്വം കൊടുക്കുന്നതു തെറ്റായിരുന്നെങ്കിൽ, അതിനെ കർത്താവു വിലക്കുമായിരുന്നു. അങ്ങനെ ഒരു വിലക്കും പുതിയ നിയമത്തിൽ കാണുന്നില്ല (ഉത്പ 21:4; ലേവ്യ. 12:3; ലൂക്കോ 2:21; ഗലാ. 3:27-28; ഫിലി 3:5

ഇവ നോക്കുക). കൊലൊ 2:11-ൽ മാമോദീസായെ ക്രിസ്തുവിന്റെ പരിച്ഛേദന എന്നു വിളിച്ചിരിക്കുന്നു.

7. കർത്താവു പരിച്ഛേദനയും സ്നാനവും ഏറ്റതു സകലനീതിയും നിവർത്തിക്കുവാനായിട്ടായിരുന്നു. കർത്താവ് ഏറ്റതു മാനസാന്തരത്തിന്റെ സ്നാനം അഥവാ യോഹന്നാന്റെ സ്നാനമാണ്. ആ സ്നാനമല്ല നാം ഏൽക്കുന്നത് (അപ്പോ. പ്ര. 19:1-7 നോക്കുക). പൗലോസ് ശ്ലീഹാ യഹൂദനാകുവാൻ പരിച്ഛേദനയും, സഭ വഴി ക്രിസ്തുവിനോടു ചേരുവാൻ സ്നാനവും ഏറ്റു (ഫിലി. 3:5; അപ്പോ. പ്ര. 9:18). പുരുഷന്മാർക്കു മാത്രം പരിച്ഛേദന നൽകിയിരുന്നത് യഹൂദസഭയിൽ സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം സ്ഥാനമില്ലാതിരുന്നതിനാലാണ്. ക്രിസ്തുവിൽ സ്ത്രീയും പുരുഷനും എന്ന വ്യത്യാസമില്ലാത്തതിനാൽ (ഗലാ. 3:28) സ്ത്രീകൾക്കും പുരുഷന്മാർക്കും പരിച്ഛേദനയുടെ പൂർത്തീകരണമായ സ്നാനം നൽകുന്നു. അപ്പോ. പ്ര. 15-ാം അദ്ധ്യായത്തിൽ യറൂശലേം സുന്നഹദോസ് തീരുമാനിച്ചത് പുറജാതികളെ ആദ്യം പരിച്ഛേദന ഏൽപ്പിച്ചിട്ട് പിന്നെ സ്നാനം കൊടുക്കേണ്ട ആവശ്യമില്ല, യഹൂദനും യവനനും ഒരുപോലെ സ്നാനമേറ്റാൽ മതിയെന്നാണ്.

8. പുതിയനിയമം മുഴുവൻ വായിച്ചാലും, ഏതെങ്കിലും കുടുംബത്തിൽ പ്രായമായവർ മാത്രം സ്നാനമേറ്റതായും, അവരുടെ കുട്ടികൾ സ്നാനമേൽക്കാതെ പിന്നീടു വിശ്വസിച്ചു സ്നാനമേറ്റതായും കാണുന്നില്ല. അതിനാൽ അനാബാപ്റ്റിസ്റ്റുകൾ ചെയ്യുന്നതു പോലെ സ്നാനം നൽകുന്നതിനു പ്രായമാകുന്നതു വരെ കാത്തിരിക്കുന്നതിന് വേദപുസ്തകത്തിൽ തെളിവില്ല.

9. അഞ്ചു കുടുംബങ്ങളെ സ്നാനമേൽപ്പിച്ചതായി പുതിയനിയമത്തിൽ പറയുന്നു. മറ്റു പല കുടുംബങ്ങളെയും സ്നാനപ്പെടുത്തിക്കാണും. കുഞ്ഞുങ്ങളില്ലെങ്കിൽ ഭാര്യാഭർത്താക്കന്മാരെക്കുറിച്ച് അവർ ഇരുവരുമെന്നാണു പറയുന്നത് (ലൂക്കോ. 1:6). അതിനാൽ കുഞ്ഞുങ്ങളും ഉള്ള കുടുംബത്തെക്കുറിച്ചു പറയുന്നു എന്നു വിചാരിക്കാം. ഏതായാലും ഈ അഞ്ചു കുടുംബങ്ങളിലും കുഞ്ഞുങ്ങൾ ഇല്ലായിരുന്നെന്നു വിചാരിക്കുക പ്രയാസമാണ്. യഹൂദന്മാർ കുടുംബത്തെ ഒരു യൂണിറ്റായിട്ടാണു കണക്കാക്കിയിരുന്നത്. ആഖാൻ ചെയ്ത കുറ്റത്തിനു മക്കളെയും ശിക്ഷിച്ചു (യോശു. 7:24-25) എന്നുള്ളത് ഇവിടെ പ്രത്യേകം സ്മരണീയമാണ്. ആ അഞ്ചു കുടുംബങ്ങളിൽ കുഞ്ഞുങ്ങൾ ഉണ്ടായിരുന്നെങ്കിൽ അവരെ മാറ്റിനിർത്തി പ്രായമായവരെ മാത്രം സ്നാനപ്പെടുത്തിയെന്നു പറയുന്നവർ കുടുംബം ഒരു യൂണിറ്റായി പരിഗണിച്ചിരുന്ന വസ്തുത അറിയാത്തവരാണ്.

a. അപ്പോ. പ്ര. 16:15: അവളും (ലുദിയ) കുടുംബവും സ്നാനമേറ്റ ശേഷം.

b. അപ്പോ. പ്ര. 16:33: താനും (കാരാഗൃഹപ്രമാണി) തനിക്കുള്ള എല്ലാവരും താമസിയാതെ സ്നാനമേറ്റു.

c. അപ്പോ. പ്ര. 10:48: പത്രോസ് അവരെ (കൊർന്നേലിയോസിന്റെ ഭവനക്കാരെ) യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പി പ്പാൻ കല്പിച്ചു (അപ്പോ. പ്ര. 11:14; നീയും നിന്റെ ഗൃഹം മുഴു വൻ രക്ഷപ്പെടുവാൻ).

d. അപ്പോ. പ്ര. 10:8: ക്രിസ്പോസ് തന്റെ സകലകുടുംബത്തോടും കൂടെ കർത്താവിൽ വിശ്വസിച്ചു സ്നാനം ഏറ്റു.

e. 1 കൊരി 1:16: സ്തേപ്പാനോസിന്റെ ഭവനക്കാരെയും ഞാൻ സ്നാനം കഴിപ്പിച്ചു.

മാതാപിതാക്കന്മാരുടെ വിശ്വാസത്തിൽ കുട്ടികൾക്കും പങ്കുണ്ട്. അതി നാൽ അവർക്കു സ്നാനമേൽക്കുന്നതിന് അർഹതയുണ്ട്.

10. ആദ്യപടി ദൈവകൃപ, പിന്നെ വിശ്വാസം.

'നീ എന്നെ അറിയാതിരിക്കെ, ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചു' (യെശ. 45:4). 'നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു' (യോഹ. 15:16). 'എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു' (ഗലാ. 1:15). 'ഇച്ഛിക്കയെന്നതും പ്രവർത്തിക്കയെന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളമുണ്ടാ യിട്ടു പ്രവർത്തിക്കുന്നത്' (ഫിലി. 2:13). 'കൃപയാലല്ലോ നിങ്ങൾ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്നത്' (എഫെ. 2:8). വിശ്വസി ക്കുന്നതിനു മുമ്പ് ആദ്യമേ ഈ കൃപ കുഞ്ഞുങ്ങൾക്കു നൽകുക യില്ലെന്ന വാദം ബാലിശമാണ്.

11. വിശ്വാസം ആദ്യമോ പിന്നീടോ എന്നതു പ്രശ്നമല്ല.

ശമര്യയിൽ മാമോദീസാ ഏറ്റുകഴിഞ്ഞാണു പരിശുദ്ധാത്മ ദാന മെങ്കിൽ (അപ്പോ. പ്ര. 8:16–17). കൊർന്നേലിയോസിന്റെ ഭവനത്തിൽ മുമ്പെയാണ് (അപ്പോ. പ്ര. 10:44–47). ഇതു വലിയൊരു സത്യം കാണിക്കുന്നു. വിശ്വാസവും കൂദാശയും വേണമെന്നല്ലാതെ ആദ്യം വിശ്വാസം. പിന്നെ കൂദാശ എന്ന ഒരു മാറ്റമില്ലാത്ത പ്രമാണം വേദ ത്തിലില്ല. കുഞ്ഞുങ്ങൾക്ക് ആദ്യം കൃപാമാർഗമായ കൂദാശയും പിന്നീടു വിശ്വാസവുമാണ് എന്നതിനാൽ കൂദാശ കൃപാമാർഗമാ കാതിരിക്കുകയില്ല.

12. ക്രിസ്ത്യാനികളുടെ കുട്ടികൾക്കു പ്രത്യേക വിശുദ്ധിയുണ്ട്.

'അവിശ്വാസിയായ ഭർത്താവ്, ഭാര്യ മുഖാന്തരം വിശുദ്ധീകരിക്ക

പ്പെടും. അവിശ്വാസിയായ ഭാര്യ സഹോദരൻ (ഭർത്താവു) മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധരെന്നു വരും. ഇപ്പോഴോ അവർ വിശുദ്ധരാകുന്നു' (1 കൊരി. 7:14). ഈ തത്ത്വമനുസരിച്ചു ക്രിസ്ത്യാനികളുടെ കുട്ടികൾക്കു സ്നാനത്തിനു കൂടുതൽ അർഹതയുണ്ട്.

13. സഭയുടെ വിശ്വാസം അംഗങ്ങൾക്കു ലഭിക്കും.

'അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോടു മകനേ, നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു' (മർക്കോ. 2:9; മത്താ. 9:2). ശിശുവിന്റെ മാതാപിതാക്കന്മാരുടെയും തലതൊടുന്ന ആളുടെയും വിശ്വാസത്തിൽക്കൂടി കുഞ്ഞിന് അനുഗ്രഹം ലഭിക്കുന്നു. ഈ വിശ്വാസത്തിനു Vicarious faiths എന്നു പറയുന്നു.

14. ശിശുക്കൾ സഭയിലെ അംഗങ്ങളായിരുന്നു.

1 യോഹ. 2:12–13 ൽ 'കുഞ്ഞുങ്ങളേ'യെന്നും 'പിതാക്കന്മാരേ' എന്നും 'ബാല്യക്കാരേ' എന്നും സംബോധന ചെയ്യുന്നുണ്ട്. അതിനാൽ പ്രായത്തിൽ കുറവുള്ളവരെയാണു കുഞ്ഞുങ്ങൾ എന്നു പറയുന്നിടത്ത് ഉദ്ദേശിക്കുന്നത്. കുഞ്ഞുങ്ങൾക്ക് അവരുടെ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു പറയുന്നത് അവർ മാമോദീസാ ഏറ്റിരിക്കുന്നു എന്നതിന്റെ സൂചനയാണ്.

15. മൂന്നാം ശതാബ്ദത്തിൽ സ്നാനമേറ്റു മരിച്ച ശിശുക്കളുടെ ശവക്കുഴിയിന്മേലുള്ള കല്ലുകൾ നിസ്സംശയം പ്രഖ്യാപിക്കുന്നതു ശിശുക്കളെ മാമോദീസാ മുക്കിയിരുന്നു എന്നു തന്നെയാണ്. ഒരു കബറിങ്കലെ കല്ല് ഇങ്ങനെ പറയുന്നു. വിശ്വാസികളിൽ നിന്നുള്ള വിശ്വാസിയായ സോസിമസ് (Zosimus) എന്ന ഞാൻ, രണ്ടു വയസ്സും ഒരു മാസവും 23 ദിവസവും പ്രായമായി ഇവിടെ വിശ്രമിക്കുന്നു. ഏതാണ്ടു 200–ാം മാണ്ടിനടുത്തുള്ള കാലത്തെ ശിലാലിഖിതമാണിത്.

സഹദാ ആയ പോളികാർപ്പോസ് തന്റെ പീഡകരോടു പറയുന്നു: "86 വർഷമായി ഞാൻ കർത്താവിനെ സേവിക്കുന്നു. ഇന്നുവരെ അവൻ എനിക്ക് ഒരു ദോഷവും ചെയ്തിട്ടില്ല. പിന്നെ ഇന്നു ഞാൻ എങ്ങനെ എന്റെ രക്ഷകനെതിരായി ദൈവദൂഷണം ചെയ്യും?" അദ്ദേഹം കാലം ചെയ്തത് 167–ലോ 168–ലോ ആണ്. അങ്ങനെയെങ്കിൽ അദ്ദേഹം ജനിച്ചത് 86 വർഷം മുമ്പ്, അതായതു ക്രിസ്തബ്ദം 80–ാമാണ്ടിടയ്ക്കാണ് എന്നും, ശൈശവത്തിലെ ക്രിസ്ത്യാനി ആയതുകൊണ്ടാണു 86 വർഷം സേവിച്ചു എന്നു പറയുന്നതെന്നും, അനുമാനിക്കുന്നതിൽ തെറ്റില്ല.

16. ഐറേനിയസ്, ഓറിജൻ, തെർത്തുല്യൻ, ഹിപ്പോലിറ്റസ്, സിപ്രിയൻ തുടങ്ങിയവരെല്ലാം ശിശുസ്നാനത്തെ ന്യായീകരിച്ച് എഴുതിയിട്ടുണ്ട്.

ശിശുക്കളെ സ്നാനപ്പെടുത്തിയിട്ട് അവരെ അതിനു തക്കവണ്ണം വളർത്താതിരിക്കുന്നതാണു നമ്മുടെ തെറ്റ്.

### ചോദ്യങ്ങൾ

1. വേദപുസ്തകം മാത്രം എന്ന പഠിപ്പിക്കലിന്റെ ദോഷങ്ങൾ ഏവ?
2. ശിശുസ്നാനം വേദാനുസരണം എന്നു തെളിയിക്കുക.
3. ആധുനിക അനാബാപ്റ്റിസ്റ്റു ഗ്രൂപ്പുകൾ ഏവ? അവരെ എങ്ങനെ സഭയിലേക്കു കൊണ്ടുവരാം?

## പാഠം 4

# ജോൺ വെസ്ലിയും മെഥോഡിസവും

❑ ജോൺ വെസ്ലി (1703–1791) ❑ വളർച്ചയുടെ കാരണങ്ങൾ ❑ വിശ്വാസാടിസ്ഥാനങ്ങൾ ❑ പ്രായോഗിക ജീവിതത്തിന്റെ പ്രാധാന്യം ❑ വിലയിരുത്തൽ ❑ ആധുനിക മെഥോഡിസം

### 1. ജോൺ വെസ്ലി (1703–1791)

റവ. സാമുവേൽ വെസ്ലിയുടെ 19 മക്കളിൽ 15–ാമത്തെ മകൻ ആയിരുന്നു ജോൺ വെസ്ലി. 18–ാമത്തെ മകൻ ചാൾസ് വെസ്ലി വലിയ ഗായകനും, പാട്ടുകൾ എഴുതുന്ന കവിയുമായിരുന്നു. 4430 പാട്ടുകൾ അദ്ദേഹം രചിച്ചിട്ടുണ്ടത്രേ.

കാൽവിന്റെ ഇരട്ടനിർണയത്തിനെതിരായി ഉണ്ടായ അർമ്മീനിയനിസം മുതലായ വാദഗതികളുടെ പ്രേരണയിൽ ഇവർ വളർന്നു. ചിലരെ രക്ഷിപ്പാനല്ല, ഏവർക്കും വേണ്ടിയാണു ക്രിസ്തു മരിച്ചതെന്നും, കൃപ ഓരോരുത്തരും സ്വായത്തമാക്കണമെന്നും, അർമീനിയനിസം പഠിപ്പിച്ചു. ആംഗ്ലിക്കൻ സഭാംഗങ്ങളായിരുന്ന വെസ്ലിമാർ 18 വർഷം സഞ്ചാര ഉണർവു പ്രസംഗങ്ങൾ നടത്തി. ജോൺ വെസ്ലി തന്നെ അനേക മൈൽ സഞ്ചരിച്ചു 4000 പ്രസംഗങ്ങൾ പറഞ്ഞിട്ടുണ്ട്. ഇതിന്റെ ആരംഭമായി പറയുന്നതു 1738 ൽ ഒരു ദിവസം ഉണ്ടായ ഹൃദയത്തിന്റെ ചൂടും മാനസാന്തരാനുഭവവും ആണ്. മോറേവിയൻ സഭക്കാരുടെ (Count Zinzedorf സ്ഥാപിച്ചത്) പാട്ടും സന്തോ

ഷാനുഭവവും ജോണിന്റെ മാനസാന്തരത്തിനിടയാക്കി.

ആംഗ്ലിക്കൻ സഭാംഗത്വം വിടുന്നതിനു ചാൾസ് എതിരായിരുന്നു. ജോൺ വെസ്ലി അമേരിക്കയിൽ വച്ചു രണ്ടു പട്ടക്കാർക്കു പട്ടം കൊടുത്തതും സഹോദരന് ഇഷ്ടമായില്ല. ജോൺ വെസ്ലി ബ്രിട്ടീഷ് ദ്വീപുകളിൽ നെടുകെയും കുറുകെയും സഞ്ചരിച്ച് മെഥോഡിസ്റ്റ് സൊസൈറ്റികൾ രൂപീകരിച്ചു. 1781-ൽ 100 പ്രസംഗകരെ സംഘടിപ്പിച്ചു മെഥോഡിസ്റ്റ് സഭ രൂപീകരിച്ചു. എന്നിട്ടും മരണം വരെ അദ്ദേഹം പറഞ്ഞത് ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ഒരു അംഗമായി ഞാൻ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു എന്നാണ്. സഭ ഉണ്ടായാലും ഇല്ലെങ്കിലും നാം ആത്മാക്കളെ നേടുന്ന പ്രവൃത്തിയിൽ ശ്രദ്ധിക്കണം എന്നു പറഞ്ഞതു പള്ളിയിൽ പ്രസംഗിക്കാൻ അനുവാദം ലഭിക്കാത്തതുകൊണ്ടാണ്. ക്രിസ്ത്വനുകരണ ഗ്രന്ഥകർത്താവ് തോമസ് അകെമ്പസും സഹ ഉണർവു പ്രസംഗകൻ ജോർജ് വൈറ്റ് ഫീൽഡും (1714-1770) ജോൺ വെസ്ലിയുടെ മേൽ പ്രേരണ ചെലുത്തിയിട്ടുണ്ട്.

ജോൺ വെസ്ലിയുടെ പ്രസംഗത്തിൽ കേൾവിക്കാർ നിലവിളിക്കുകയും മോഹാലസ്യപ്പെടുകയും ചെയ്തിരുന്നു. ഒരു ആഴ്ച ഒരു പൈസ വീതം സഭാംഗങ്ങളോടു വാങ്ങുവാൻ ക്ലാസ് ലീഡറന്മാരെ വെസ്ലി നിയമിച്ചത് ആത്മീയ കൂട്ടായ്മയ്ക്കും സഹായിച്ചു. മൊറേവ്യൻ സഭക്കാരെപ്പോലെ സ്നേഹവിരുന്നും ഈ ചെറിയ കൂട്ടായ്മകൾ നടത്തിയിരുന്നു. മെഥോഡിസം വളർത്തിയതിൽ ഒരു പ്രധാന പങ്കു വഹിച്ചതു അത്മായ പ്രസംഗകരായിരുന്നു. മെഥോഡിസം ഇംഗ്ലണ്ടിലും അമേരിക്കയിലും മാത്രമല്ല 19-ാം നൂറ്റാണ്ടിൽ ലോകത്തിലെ മിക്ക രാജ്യങ്ങളിലേക്കും പടർന്നു.

## 2. വളർച്ചയുടെ കാരണങ്ങൾ

അമേരിക്കയുടെ തെക്ക് ബാപ്റ്റിസ്റ്റ് സഭ വളർന്നതുപോലെ വടക്കു മെഥോഡിസ്റ്റ് സഭയാണു വളർന്നത്.

1. ചിലരെ മാത്രം ദൈവം തെരഞ്ഞെടുത്തു എന്ന കാൽവിനിസത്തിനു പകരം, ദൈവം ഏവരെയും സ്നേഹിക്കുന്നു എന്നും, ക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റു രക്ഷയുടെ വഴി തുറന്നെന്നും, സ്വാതന്ത്ര്യം ഉപയോഗിച്ചു രക്ഷ സ്വീകരിക്കണമെന്നും പഠിപ്പിച്ചു.
2. സുവിശേഷം ലോകമെങ്ങും പ്രചരിപ്പിക്കുവാനുള്ള ആവേശം മെഥോഡിസത്തെ കാര്യമായി വളർത്തി.
3. ജനങ്ങൾ ആദ്യമായി കുടിയേറി പാർത്തുകൊണ്ടിരുന്ന ഗ്രാമങ്ങളിൽ പ്രസംഗിക്കപ്പെട്ട സുവിശേഷം അവർക്ക് ആശ്വാസവും ആശ്രയവും നൽകി.

4. സാധാരണക്കാരുടെ ഭാഷയിൽ സാധാരണക്കാരായ ആളുകൾ ലളിത വിശ്വാസം പഠിപ്പിച്ചു.
5. അമേരിക്കയിലെ 13 കോളനികളിലും ഉണ്ടായ വിപ്ലവത്തിനു ശേഷം മെഥോഡിസം കൂടുതൽ ശക്തി ആർജിച്ചു.
6. പല ഉണർവ് പ്രസംഗകരും മെഥോഡിസം വളർത്തുവാൻ സഹായിച്ചു.
7. സന്യാസ സമൂഹങ്ങളെപ്പോലെ പാതിവ്രത്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതത്രയം അംഗീകൃത നയമായി ഇല്ലായിരുന്നെങ്കിലും, ലളിതജീവിതത്തിൽ കഷ്ടപ്പെട്ടു സഭയെ വളർത്തിയ പല നേതാക്കന്മാർ ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു.
8. ഇംഗ്ലണ്ടിൽ വെസ്ലി രൂപീകരിച്ച circuit plan ഉം അമേരിക്കയ്ക്കു കൂടുതൽ അനുയോജ്യമായിരുന്നു.
9. വാർഷിക കോൺഫറൻസ്, ഡിസ്ട്രിക്റ്റുകൾ, സർക്യൂട്ടുകൾ മുതലായ വ്യക്തമായ ഓർഡറും ക്രമീകരണവും ഇതിന്റെ ശക്തി വർദ്ധിപ്പിച്ചു.
10. ക്ലാസ്സ് ലീഡറന്മാർ കഠിനമായി അദ്ധ്വാനിച്ചു ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു.
11. വിദേശത്തു സ്ഥാപിച്ച സഭകളിൽ ദേശീയ നേതാക്കന്മാരെ പരിശീലിപ്പിക്കുന്നതിനു സെമിനാരികളും മറ്റും സ്ഥാപിച്ച്, ക്രമേണ അധികാരം അവർക്കു കൈമാറി.
12. എല്ലാ അംഗങ്ങളും ആഴ്ചതോറും ഒരു പെനി (ചെറുനാണയം) കൊടുക്കുന്നതിൽ ആരംഭിച്ച ക്രിസ്തീയ ദാനം, ഇതിന്റെ സാമ്പത്തിക നില ഭദ്രമാക്കി.
13. മെഥോഡിസ്റ്റ് വിഭാഗങ്ങളെ ഒന്നാക്കുന്നതിൽ മെഥോഡിസം ഐക്യശ്രമം നടത്തി. ഒട്ടുവളരെ വിജയം നേടി (അമേരിക്കൻ മെഥോഡിസ്റ്റു സഭയുടെ ഇൻഡ്യൻ ഘടകം ഇൻഡ്യയിലെ രണ്ട് ഐക്യസഭകളിലും ചേർന്നിട്ടില്ല).
14. അച്ചടക്കവും സന്മാർഗനിഷ്ഠയും ക്രമീകരണങ്ങളും കൂടുതലുണ്ടായിരുന്നത് ഈ സഭയുടെ വളർച്ചയ്ക്ക് സഹായിച്ചു.
15. ചാൾസ് വെസ്ലിയുടെ ഗാനങ്ങൾ മെഥോഡിസത്തിന്റെ പ്രചാരത്തെ സഹായിച്ചു.

### 3. വിശ്വാസാടിസ്ഥാനങ്ങൾ

വിശ്വാസങ്ങളിൽ പല തെറ്റുകളും ഉണ്ടായിരുന്നു.

1. വിശുദ്ധ കുർബാന കർത്താവിന്റെ മരണത്തിന്റെ ഓർമ്മയാണ്.

അതിനാൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം കുർബാനയിലില്ല.

2. മാമോദീസായിലല്ല വീണ്ടും ജനിക്കുന്നത്. പിന്നെയോ ക്രിസ്ത്യാനിയിൽ സംഭവിച്ചുകഴിഞ്ഞ വീണ്ടും ജനനത്തിന്റെ അടയാളമാണു വി. മാമോദീസാ.
3. ബെസ്പുർക്കാനയില്ലാത്തതിനാൽ, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചാൽ ഫലമില്ല.

വിശ്വാസങ്ങളിൽ പല നല്ല വശങ്ങളുമുണ്ടായിരുന്നു:

1. യേശുക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ചതിനാൽ എല്ലാവരോടുമുള്ള സ്നേഹം വെളിവാക്കി.
2. വിശ്വാസത്താൽ ഉള്ള നീതീകരണം മുൻനിർണയപ്രകാരമല്ല. പിന്നെയോ രക്ഷാസ്വീകരണത്താൽ നമ്മിൽ ഉണ്ടാകുന്ന പുതുജനനമാണ്. നമ്മിലുള്ള പാപസ്വഭാവത്തെ മരിപ്പിക്കുന്ന പുതുജനനാനുഭവം ബാഹ്യജീവിതത്തിൽ നമ്മിൽ പുതുക്കിക്കൊണ്ടിരിക്കണം.
3. പരിശുദ്ധാത്മാവിനാൽ ഉള്ളിൽ സാക്ഷ്യമുള്ളവർക്കും ദൈവപൈതലാണെന്ന ഉറപ്പുണ്ട്. കാൽവിൻ പഠിപ്പിച്ച രക്ഷാനിർണയമല്ലിത്.
4. നീതീകരണം, പരിശുദ്ധാത്മാവിനാൽ വിശുദ്ധജീവിതം നയിച്ചു വിശുദ്ധീകരണത്തിലേക്കും പൂർണതയിലേക്കും ഉയർത്തപ്പെടുവാനുള്ള ഒന്നാമത്തെ പടി മാത്രമാണ്. തിന്മയെ എതിർത്തുനിൽക്കാൻ ആന്തരീയ നീതീകരണം തുണയ്ക്കുന്നു.

## 4. പ്രായോഗിക ജീവിതത്തിന്റെ പ്രാധാന്യം

ദൈവശാസ്ത്രത്തേക്കാൾ പ്രായോഗിക ജീവിതത്തിനാണു വെസ്ലി ഊന്നൽ നൽകിയത്.

1. എല്ലാ മെഥോഡിസ്റ്റുകാരനും ഹൃദയത്തിൽ ദൈവസ്നേഹം ഉണ്ടായിരിക്കണം.
2. ആംഗ്ലിക്കൻ സഭയിലെ പെരുന്നാളുകൾക്കു പുറമെ സ്നേഹവിരുന്നും ചേർത്തു.
3. മൊറേവ്യൻ വിഭാഗങ്ങളിൽ നിന്നു പഠിച്ച കാത്തിരിപ്പു രാത്രി, പിൻഗാമികൾക്കു നൽകി. ഒരുമിച്ചു പാടുവാനും അനുഭവങ്ങൾ പങ്കിടുവാനും മൂന്നു മാസത്തിലൊരിക്കൽ കാത്തിരിപ്പുരാത്രി ക്രമീകരിച്ചു.
4. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ 39 വിശ്വാസസത്യങ്ങൾ (39 Articles of faith) അമേരിക്കൻ മെഥോഡിസ്റ്റുകാർ രൂപാന്തരപ്പെടുത്തി ഉപയോഗിച്ചുകൊൾവാൻ അനുവദിച്ചു. എന്നാൽ പ്രത്യേക വിശ്വാസപ്ര

മാണം ആരാധനയിൽ ഉപയോഗിച്ചിരുന്നില്ല.

5. ഇന്നത്തെ നില: പല ദശലക്ഷം വിശ്വാസികൾ ഇന്നു മെഥോഡിസത്തിലുണ്ട്. ബാപ്റ്റിസ്റ്റുകാർ കഴിഞ്ഞാൽ അമേരിക്കയിലെ ഏറ്റവും വലിയ സഭ ഇതാണ്. വളരെ സമ്പന്നമായ സഭ ആയതിനാൽ അനേക ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആഫ്രിക്കയിലും, ഏഷ്യയിലും, പസഫിക് ദ്വീപുകളിലും, ലാറ്റിൻ അമേരിക്കയിലും അവർ നടത്തുന്നുണ്ട്.

**5. ഓർത്തഡോക്സ് വീക്ഷണത്തിൽ**

**ഇതിനുള്ള പോരായ്മകൾ**

1. ചരിത്രപരമായ എപ്പിസ്കോപ്പൽ കൈവെപ്പും തുടർച്ചയും ഈ സഭയ്ക്ക് ഇല്ല. സഭൈക്യത്തിന് ഇത് ആവശ്യമാണ്.
2. കൂദാശകളെ സംബന്ധിച്ചു ശരിയായ ദൈവശാസ്ത്രമില്ല. ആംഗ്ലിക്കൻ സഭയിലെ ഒരു പുരോഹിതന്റെ മകൻ ആയിരുന്നിട്ടും വി. കൂദാശകൾ കൃപാമാർഗങ്ങൾ ആണെന്ന പഠനം വെസ്ലിക്ക് ലഭിച്ചതായി കാണുന്നില്ല. ദൈവവചന പ്രഖ്യാപനത്തിന് കൂടുതൽ പ്രാധാന്യം നൽകിയതിനാലായിരിക്കാം ഇങ്ങനെ വന്നത്.
3. വിശുദ്ധന്മാരുടെ സംസർഗത്തിൽ (വാങ്ങിപ്പോയവർക്കു വേണ്ടി പ്രാർത്ഥിക്കുക, അവരുടെ മദ്ധ്യസ്ഥത അപേക്ഷിക്കുക, അവർ നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നു എന്നു വിശ്വസിക്കുക) വിശ്വസിക്കുന്നില്ല. വേദപഠനത്തിന്റെ കുറവാണിതിനു കാരണം. ജീവിച്ചിരിക്കുന്നവരുടെ കർത്തവ്യങ്ങൾക്ക് അവർ കൂടുതൽ പ്രാധാന്യം നൽകി (അടുത്ത അദ്ധ്യായത്തിൽ വിശുദ്ധന്മാരുടെ സംസർഗത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു കാണുക).
4. സാമൂഹ്യ സേവനത്തിൽ നിന്നു സാമൂഹ്യനീതിയിലേക്കു മെഥോഡിസം ഉയർന്നിട്ടില്ല. എന്നാൽ 1892-ൽ സാമൂഹ്യസേവനം അംഗീകരിച്ചു. അടുത്തകാലത്തു സാമൂഹ്യനീതിയെക്കുറിച്ചുള്ള ചിന്ത വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

**6. ആധുനിക മെഥോഡിസം**

ലോകമാകെയുള്ള മെഥോഡിസ്റ്റു സഭകൾ അധികവും World Methodist Council നോടു ചേർന്നവയാണ്. 180 ലക്ഷം അംഗീകൃത അംഗങ്ങൾ ഉണ്ട്.

1836 മുതൽ കൈവയ്പോടു കൂടിയ പട്ടംകൊട നടത്തിപ്പോരുന്നു. ബിഷപ്പ് ഉള്ളതും ഇല്ലാത്തതുമായ സഭകൾ ഉണ്ട്. Methodist Free Churches, Wesleyan Methodists മുതലായി പല വിഭാഗങ്ങൾ ഉണ്ടെങ്കിലും ചിലതെല്ലാം

ചേർന്ന് ഐക്യമെഥോഡിസ്റ്റ് സഭ ഉണ്ടായിട്ടുണ്ട്. സ്വതന്ത്ര മെഥോഡിസ്റ്റു സഭ പലയിടത്തും ഉണ്ട്.

അമേരിക്കയിൽ തന്നെ 10 സെമിനാരികൾ ഉണ്ട്. അതിൽ പലതും സർവ കലാശാലകളാണ്. ഇൻഡ്യയിൽ ജബൽപ്പൂരിലെ ലിയൊനാർഡ് തിയോള ജിക്കൽ സെമിനാരി മെഥോഡിസ്റ്റുകാരുടേതാണ്.

**ചോദ്യങ്ങൾ**

1. ജോൺ വെസ്ലി സ്ഥാപിച്ച മെഥോഡിസ്റ്റുസഭയുടെ മേന്മയും കുറവു കളും വിശദീകരിക്കുക.
2. അവരിൽ നിന്നു പഠിക്കാവുന്ന പാഠങ്ങൾ ഏവ?

**പാഠം 5**

# 19–ാം നൂറ്റാണ്ടിലെ ലിബറലിസം

❑ ലിബറലിസം എന്നാൽ എന്താണ്? ❑ ഫ്രെഡറിക് ഡാനിയേൽ ഷ്ളയർ മാക്കർ ❑ ആൽബർട്ട് റിച്ചൽ ❑ നിരൂപണം

## 1. ലിബറലിസം എന്നാൽ എന്താണ്?

സഭയുടെ വിശ്വാസപ്രമാണത്തെയും ഡോഗ്മായെയും (വിശ്വാസസത്യ ങ്ങൾ) വേദപുസ്തകത്തെയും നിരൂപണദൃഷ്ടി കൊണ്ടു വിമർശിക്കുകയും, വ്യക്തിയുടെ യുക്തിക്കു പരമപ്രാധാന്യം കൊടുക്കുന്ന ഉല്പതിഷ്ണുക്ക ളാണു ലിബറലിസത്തിലുള്ളത്. എല്ലാ അധികാരത്തെയും അവർ ചോദ്യം ചെയ്യുന്നു. ത്രിത്വവും മനുഷ്യാവതാരവും കന്യകാജനനവും അത്ഭുതപ്രവൃ ത്തികളും ഉയിർപ്പും സ്വർഗാരോഹണവും പുനരാഗമനവും എല്ലാം സംശയ ദൃഷ്ട്യാ ചോദ്യം ചെയ്യുന്നതിനു മടിക്കുകയില്ല.

യൂറോപ്പിലെ നവോത്ഥാനം (Renaissance) നവീകരണം (Reformation) വിജ്ഞാനവികസനം (Enlightenment) മുതലായവയുടെ സന്തതിയായി 19–ാം നൂറ്റാണ്ടിൽ ലിബറലിസം അതിന്റെ അത്യുച്ചകോടിയിൽ എത്തി.

യേശുക്രിസ്തു ഒരു ചരിത്രപുരുഷനല്ലെന്നു വരെ അവരിൽ ചിലർ വാദിച്ചു. ആൽബർട്ട് ഷ്വൈറ്റ്സർ എഴുതിയ *ചരിത്ര ക്രിസ്തുവിനു വേണ്ടി യുള്ള അന്വേഷണം* (The quest for historic Jesus) എന്ന ഗ്രന്ഥം അതിന്റെ ചരിത്രവും മറുപടിയുമാണ്. ദൈവത്തിന്റെ വെളിപാടിന്റെ പരമകാഷ്ഠയായി, മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെ അവർ കാണുന്നില്ല. പിന്നെയോ

ചരിത്രത്തിൽ ജീവിച്ച നല്ല മനുഷ്യരിൽ ഏറ്റം നല്ലവനും വലിയവരിൽ ഏറ്റവും വലിയവനുമായിരുന്നു ക്രിസ്തു. സഭയുടെ ഡോഗ്മാ, അഥവാ മാറ്റമില്ലാത്ത വിശ്വാസസംഹിത എന്നൊന്നില്ലെന്ന് അവർ പറയുന്നു. വ്യക്തിയുടെ യുക്തിക്കാണ് അവർ ഡോഗ്മായുടെ ആധികാരികത കൊടുക്കുന്നത്. മനുഷ്യന്റെ പാപവീഴ്ചയാൽ അവന്റെ യുക്തിയും വികലമായിരിക്കുന്നു എന്ന തത്ത്വം അവർ സ്വീകരിക്കുന്നില്ല.

പ്രകൃതിയും പ്രകൃതിക്ക് അതീതമായ കൃപയും തോമസ് അക്വിനാസ് പറയുമ്പോൾ പ്രകൃതിയും യുക്തിയുമാണ് ഇവർ ചൂണ്ടിക്കാണിക്കുന്നത്. രണ്ടും അർദ്ധസത്യങ്ങളാണ്. പ്രകൃതിയും ദൈവത്തിന്റെ കൃപയാണെന്നും, പ്രകൃതിയിലും യുക്തിയിലും ദൈവത്തിന്റെ കൃപ ഒതുക്കിനിർത്തുക സാധ്യമല്ലെന്നും ഇവർ മനസ്സിലാക്കുന്നില്ല.

### 2. ഫ്രെഡറിക് ഡാനിയേൽ ഷ്ളെയർമാർക്കർ (1768-1834)

പ്ലേറ്റോ, സ്പിനോസ, ഇമ്മാനുവേൽ കാന്റ് മുതലായ തത്ത്വജ്ഞാനികളുടെ തത്ത്വസംഹിത പഠിച്ചശേഷം ബെർലിൻ സർവകലാശാലയിലെ ദൈവശാസ്ത്രവിഭാഗത്തിന്റെ തലവനായി 1810 മുതൽ 1834 വരെ ഇദ്ദേഹം പ്രശോഭിച്ചു. ലിബറലിസത്തിന്റെ പിതാവെന്ന് ഇദ്ദേഹം അറിയപ്പെടുന്നു. 1. ക്രിസ്തീയ വിശ്വാസം (The christian faith) 2. മതത്തെ പരിഹസിക്കുന്ന പണ്ഡിതന്മാരോടുള്ള പ്രസംഗങ്ങൾ (On Religion: speeches to its cultured despires) 3. ആത്മഗതങ്ങൾ (Soliloquies) മുതലായ പുസ്തകങ്ങളുടെ സമാഹാരം 30 വാല്യങ്ങളുണ്ട്. പല ലിബറൽ ചിന്തകരും ഇദ്ദേഹത്തെ ഒരു യാഥാസ്ഥിതികനായി കണ്ടിരുന്നു. മതത്തെയും മതസംഹിതകളെയും പാടെ ഉപേക്ഷിക്കണമെന്ന് അവർ പറഞ്ഞിരുന്നു. അവർക്കു ചുട്ട മറുപടി ഇദ്ദേഹം കൊടുത്തു. അവർ ഉപേക്ഷിച്ച ഡോഗ്മകളുടെ പുറകിലുള്ള വിശ്വാസത്തെ അവരും സ്വീകരിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ഇദ്ദേഹത്തിന്റെ ചിന്തയിൽ അറിവാകുന്ന വിശ്വാസ സംഹിതകളേക്കാളും (doctrines) ജീവിത ധർമ്മശാസ്ത്രങ്ങളേക്കാളും (ethics) പ്രധാനം, ദൈവാശ്രയമാകുന്ന അന്തർജ്ഞാനമാണ് (Intuitions), അനുതാപം, ക്ഷമ ലഭിക്കുന്നതിലുള്ള സന്തോഷം, ദൈവാശ്രയത്തിന്റെ ധൈര്യം മുതലായ വികാരങ്ങൾ (feelings) മതത്തിന്റെ ആഴമായ സത്തയാണ്. പല മതങ്ങളും മതത്തിന്റെ പല ഘട്ടങ്ങൾ ആണ്. ഏകദൈവ വിശ്വാസ മതങ്ങൾ ഉയർന്നവയാണ്. യേശുക്രിസ്തു സമ്പാദിച്ച വീണ്ടെടുപ്പിൽ ചെന്നെത്തുന്നതാണ് മതാന്വേഷണത്തിന്റെ അത്യുച്ചകോടി. ഡോഗ്മാറ്റിക് ദൈവശാസ്ത്രം അതതു ഭൂതകാലത്തെ അനുഭവങ്ങളുടെ രൂപരേഖയല്ലാതെ, എന്നേക്കുമുള്ളവയല്ല. ദൈവത്തിൽ യേശുക്രിസ്തുവിനുണ്ടായിരുന്ന പരമമായ ആശ്രയം മാത്രം നൂറു ശതമാനമായിരുന്നതിനാൽ അദ്ദേഹം വഴി നേടിയ വീണ്ടെടുപ്പു മാത്ര

മാണു സമ്പൂർണ്ണം. ക്രിസ്തുവിന്റെ അദ്വിതീയത പാപരഹിതപൂർണതയി ലാണു കാണുന്നത്. റോമൻ കത്തോലിക്കർ സഭ വഴി ക്രിസ്തുവിലേക്കും പ്രോട്ടസ്റ്റന്റുകാർ ക്രിസ്തു വഴി സഭയിലേക്കും പോകുന്ന രണ്ടു വഴികളാക യാൽ ഏതു സ്വീകരിച്ചാലും മതി. ദൈവാശ്രയവും സ്വന്ത ആത്മാവും ഒന്നാ യാൽ ലോകത്തെക്കുറിച്ചും, ആത്മാവിനെക്കുറിച്ചും, ദൈവത്തെക്കുറിച്ചും ഏക കാഴ്ചപ്പാട് ലഭിക്കും. ദൈവാശ്രയം പ്രകൃതിക്കും മനുഷ്യനുമുള്ളതി നാലാണ് എല്ലാം പരസ്പരം ബന്ധിതമായിരിക്കുന്നത്. ക്രിസ്തീയ വിശ്വാ സത്തിൽ പിശാചിനും മാലാഖയ്ക്കും സ്ഥാനമില്ലെങ്കിലും, ക്രിസ്തീയ ഭാഷ യിൽ (language) അവയ്ക്കു സ്ഥാനമുണ്ട്. ലോകം അപൂർണമായതു മുതൽ ദൈവാശ്രയവും അപൂർണമായി. പാപം ചെയ്യുന്നതിനു മുമ്പുള്ള പാപമാണു ജന്മപാപം. ക്രിസ്തുവിന്റെ പ്രവാചകത്വം, പൗരോഹിത്യം, രാജത്വം എന്നിവ മൂലം ഏവർക്കും വീണ്ടെടുപ്പുമുണ്ടാക്കി. പുനർജനനവും മാനസാന്തരവും നീതീകരണവും ക്രിസ്തുവിൽ നിന്നാണ്. ന്യായപ്രമാണമല്ല, സ്നേഹമാണു വിശുദ്ധീകരിക്കുന്നത്. സഭയുടെ യോജിപ്പാണു പരിശുദ്ധാത്മാവ്.

### 3. ആൽബർട്ട് റിച്ചൽ (Richel) (1822–1889)

19–ാം നൂറ്റാണ്ടിന്റെ രണ്ടാം അർദ്ധത്തിൽ ലോകമാസകലം ഈ ചിന്ത യ്ക്കു പ്രേരണ ചെലുത്തി. യേശുമ്ശിഹ പൂർണ ദൈവവും പൂർണ മനു ഷ്യനുമല്ല. പിന്നെയോ ഏറ്റവും വലിയ സന്മാർഗപാഠം പഠിപ്പിച്ച ഗുരുവും ദൈവരാജ്യം പ്രസംഗിച്ച ത്യാഗിയുമായിരുന്നു. ഡോഗ്മായെ വെറുത്തിരുന്നു. ഇദ്ദേഹത്തിന്റെ പ്രേരണയിൽ (Adolf Von Harnack 1851-1930) ഡോഗ്മാ യുടെ ചരിത്രമെഴുതി അവയുടെ കുറവുകൾ ചൂണ്ടിക്കാണിച്ചു.

### 4. ഫ്രെഡറിക് സൂഫ്സ് (1858–1928)

റിച്ചലിന്റെയും ഹാർണാക്കിന്റെയും പ്രേരണയിൽ ലിബറലിസത്തിന്റെ വക്താവായി യേശുക്രിസ്തു ഏറ്റവും വലിയ മനുഷ്യനായിരുന്നു എന്ന് ഇദ്ദേഹം പഠിപ്പിച്ചു. അത്ഭുതങ്ങൾ ഇല്ലാത്തതും ശാസ്ത്രീയവുമായ ഒരു ക്രിസ്തുമതമാണ് അവർ വിഭാവനം ചെയ്തത്.

### 5. നിരൂപണം

രണ്ടാം ലോകമഹായുദ്ധം ലിബറൽ ചിന്താഗതിയെ സാരമായി സ്പർ ശിച്ചു. കാരണം മനുഷ്യൻ പാപത്തിന് അധീനനാണെന്ന സത്യം വെളി പ്പെട്ടു.

കാൾ ബാർത്ത് എഴുതിയ റോമാലേഖന വ്യാഖ്യാനം (1922) ലിബറലി സത്തിന്റെമേൽ വീണ ബോംബായിരുന്നു. (1) മനുഷ്യൻ സ്വാഭാവികമായി നല്ലവനല്ലെന്നും, പാപത്തിലാണെന്നും (2) സ്വയരക്ഷ അസാദ്ധ്യമാണെന്നും, ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള വലിയ പിളർപ്പു മാറ്റുവാൻ ദൈവം

തന്നെ ക്രിസ്തുവിൽ ലോകത്തെ രക്ഷിച്ചെന്നും (3) വിശ്വാസത്താലാണു നീതീകരിക്കപ്പെടുന്നതെന്നും (4) ദൈവവചനം മാറ്റമില്ലാത്തതാണെന്നും (5) ദൈവവചനം നിരൂപണത്തിന് അതീതമാണെന്നും കാൾ ബാർത്തു പഠിപ്പിച്ചു.

മനുഷ്യാവതാരമില്ലാത്ത ക്രിസ്തുമതമാണു ലിബറലിസം കാഴ്ചവച്ചത്. എമിൽ ബ്രൂണർ പോലും പറയുന്നതു ദൈവത്തിൽ കൂടി മാത്രമേ ദൈവത്തെ അറിയുവാൻ സാധിക്കൂ എന്നാണ്.

യേശുക്രിസ്തുവിനേക്കാൾ വലിയ മനുഷ്യൻ ഉണ്ടാകയില്ലെന്നു സയുക്തമായി വിശ്വസിക്കണമെങ്കിൽ, അവൻ ദൈവത്തിന്റെ അവതാരമായിരുന്നു എന്നു കൂടി വിശ്വസിക്കണം. കാരണം പരിണാമത്തിൽപ്പെട്ട ഒരു മനുഷ്യനു തന്നേക്കാൾ വലിയ ആൾ ഉണ്ടാകയില്ലെന്നു പറയാവതല്ല. യേശുക്രിസ്തു ദൈവത്തിന്റെ ഏക സമ്പൂർണ്ണ വെളിപാടല്ലെങ്കിൽ, പാപരഹിതനോ, സമ്പൂർണ്ണനോ, ലോകരക്ഷകനോ, വീണ്ടെടുപ്പുകാരനോ ആകാൻ സാദ്ധ്യമല്ല.

ത്രിത്വമല്ലാത്ത ഏകദൈവത്തിലും ബഹുദൈവവിശ്വാസികളുടെ ദൈവങ്ങളിലും പൂർണ്ണതയില്ല. ത്രിയേക ദൈവത്തിൽ മാത്രമേ സ്നേഹത്തിന്റെ അനന്തതയും, ഉദാത്തതയും, സീമാതീത യാഥാർത്ഥ്യവും കാണുകയുള്ളു.

കർത്താവിന്റെ ഉയിർപ്പിലും, മരിച്ചവരുടെ പുനരുത്ഥാനത്തിലും, പുതിയ ആകാശത്തിലും ഭൂമിയിലും ലിബറലിസം വിശ്വസിക്കുന്നില്ല. അതിനാൽ ക്രിസ്തീയ പ്രത്യാശ ഇവിടെ ബലഹീനമാണ്.

## ചോദ്യങ്ങൾ

1. യുക്തിയിൽ മാത്രം ആശ്രയിച്ചുള്ള ലിബറൽ ചിന്താഗതികളുടെ പോരായ്മകൾ ഏവ? അവ എങ്ങനെ പരിഹരിക്കാം?
2. ഈ ശാസ്ത്രീയ യുഗത്തിൽ ലിബറലിസത്തെയും ഓർത്തഡോക്സിയേയും എങ്ങനെ പൊരുത്തപ്പെടുത്തി കൊണ്ടുപോകും?

## പാഠം 6

# ആധുനിക ഇവാഞ്ചലിക്കൽസ് (സുവിശേഷ വിഹിതർ)

❑ ഇവരുടെ നല്ല വശം ❑ ഇവരുടെ തെറ്റുകൾ ❑ പാരമ്പര്യത്തോടുള്ള എതിർപ്പ് ❑ വേദപുസ്തകത്തെക്കുറിച്ചുള്ള തെറ്റുധാരണ ❑ സഭ, പട്ടത്വം, കൂദാശ ഇവയെക്കുറിച്ചുള്ള അവജ്ഞ ❑ ചരിത്രത്തിലെ സഭയുടെ ചരിത്ര പരമായ തുടർച്ചയിൽ അപ്പോസ്തോലിക കൈവയ്പിനുള്ള സ്ഥാനം

അനാബാപ്റ്റിസ്റ്റുകാരുടെ പിൻതുടർച്ചയായി ഇവരെ കണക്കാക്കാം. ഫണ്ടമെന്റലിസ്റ്റുകാർ (വേദപുസ്തകം അക്ഷരംപ്രതി സത്യമെന്നു വിശ്വസിക്കുന്നവർ), യാഥാസ്ഥിതികർ, വേദപുസ്തകം മാത്രം വിശ്വാസത്തിനു അടിസ്ഥാനമാക്കുന്നവർ എന്നെല്ലാം ഇവരെ പേർ വിളിക്കുന്നു. അനാബാപ്റ്റിസ്റ്റുകാരെന്നറിയപ്പെടുന്നവർ (പെന്തിക്കോസ്തു സഭകൾ, ബാപ്റ്റിസ്റ്റുകൾ, ബ്രദറൻ സഭ, മെനനൈറ്റുകൾ) disciples of Christ, ലൂഥർ സഭകളിലെ മെസൂരി സിനഡുകാർ, ക്വയ്ക്കേഴ്സ്, രക്ഷാസൈന്യക്കാർ, ഫുൾ ഗോസ്പൽകാർ, ബൈബിൾ ക്രിസ്ത്യാനികൾ, അമേരിക്കയിലെ ബൈബിൾ ബെൽറ്റ് എന്ന തെക്കൻ സ്റ്റേറ്റുകളിലെ സെക്റ്റേറിയൻ സഭക്കാർ, ക്രിസ്തുവിന്റെ നാമത്തിൽ മാത്രം സ്നാനപ്പെടുത്തുന്നവർ, കാരിസ്മാറ്റിക് ഗ്രൂപ്പുകൾ, യഹോവാ സാക്ഷികൾ മുതലായ അനേക അവാന്തര വിഭാഗങ്ങൾ ചേർന്നതാണ് ആധുനിക ഇവാഞ്ചലിക്കൽസ്. ആകെയുള്ള പ്രോട്ടസ്റ്റന്റു വിഭാഗങ്ങളിൽ ഇവാഞ്ചലിക്കൽസ് പകുതിയിൽ അധികം ഉണ്ടെന്നു Rev. Dr. David Barret പറയുന്നു (World Christian Encyclopedia).

ഇന്ത്യയിൽത്തന്നെ മദ്രാസിലെ ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, അലഹബാദിലെ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, യൂത്ത്മോൾ തിയോളജിക്കൽ സെമിനാരി, മറ്റു പല ബൈബിൾ സ്കൂളുകൾ എന്നിവ ഇവാഞ്ചലിക്കൽസിനുണ്ട്. റേഡിയോ വഴി സുവിശേഷഘോഷണം നടത്തുന്നു. Inter varsity Christian fellowship എന്ന പേരിൽ കോളജ് വിദ്യാർത്ഥികളുടെ ഇടയിൽ ഒരു സംഘടനയുണ്ട്. ഇലക്ട്രോണിക് ചർച്ച് എന്ന പേരിൽ ടി. വി. പ്രസംഗങ്ങൾ വഴി ജനങ്ങളെ സംഘടിപ്പിച്ച്, കോടീശ്വരന്മാരായി തീർന്നിട്ടുള്ള ഉണർവ് പ്രസംഗകരും ഇവർക്കുണ്ട്. പല യൂണിവേഴ്സിറ്റികളും ഇവർ നടത്തുന്നു.

### 1. ഇവരുടെ നല്ല വശം

1. സുവിശേഷ വേലയിലുള്ള ഇവരുടെ ഉദാത്തമായ വാഞ്ഛയും പ്രയത്നവും പുരാതന സഭകളെ ലജ്ജിപ്പിക്കത്തക്കതാണ്.
2. ദശാംശം കൃത്യമായി മാറ്റിവച്ചു സുവിശേഷകരെയും സഭാ

പ്രവർത്തകരെയും സഹായിക്കുന്നവർ, ഇവരിൽ താരതമ്യേന കൂടു തലാകയാൽ, സാമ്പത്തിക പരാധീനത കുറവാണ്. കേരളത്തിലെ ബ്രദറൻ സഭ തന്നെ ഭാരതത്തിൽ ആകമാനമായി ആയിരത്തോളം ചെറു സഭകൾ സ്ഥാപിച്ചു സുവിശേഷവേല നടത്തുന്നു.

3. Ronald J. Sides ആദിയായ എഴുത്തുകാർ സഭയിലെ സമ്പന്ന വർഗ ങ്ങളെ ലളിത ജീവിതത്തിനും സാമൂഹ്യനീതിക്കും ആഹ്വാനം ചെയ്തു തുടങ്ങിയതിനാൽ വെറും വ്യക്തിപ്രധാനമായ ഇവാഞ്ച ലിക്കലിസം മാറിക്കൊണ്ടിരിക്കുന്നു.
4. ഡബ്ല്യു. സി. സി. (World Council of Churches) യെ എതിർക്കുന്ന മക്കിന്റെയുടെ International council of christian churches ഇവാഞ്ചലി ക്കൽസിൽപ്പെട്ടതാണെങ്കിലും അധികം ഇവാഞ്ചലിക്കൽ സഭകളും ഡബ്ല്യു. സി. സി. യിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്.
5. ഭൗതികത്വത്തിന്റെ തിരത്തള്ളലിൽ വന്ന സെക്കുലറിസത്തിന്റെ ഫലമായുണ്ടായ Post Christian era (ക്രിസ്തീയ പ്രേരണ നഷ്ടപ്പെട്ട കാലം) എന്ന യൂറോപ്യൻ പ്രതിഭാസത്തെ വെല്ലുവിളിക്കാൻ ഒരു തീവ്രയത്നം നടത്തുന്നു.
6. ലിബറലിസത്തിന്റെ ഉല്പതിഷ്ണുത്വം അല്പമെങ്കിലും തിരുത്തു വാൻ ഇവാഞ്ചലിക്കൽ യാഥാസ്ഥിതികത്വം സഹായിക്കുന്നുണ്ട്.
7. യേശുക്രിസ്തുവുമായുള്ള ആളത്തപരമായ ബന്ധം, പരിശുദ്ധാത്മാ വിന്റെ നടത്തിപ്പ്, മദ്യപാനത്തോടും മറ്റുമുള്ള എതിർപ്പ് ഇവ ഊന്നി പ്പറയുന്നത് പുരാതനസഭകൾ അവഗണിച്ച കാര്യങ്ങളുടെ ശക്തീ കരണമാണ്.
8. റോമൻ കത്തോലിക്കാ സെമിനാരികളിലും ലിബറൽ സെമിനാരിക ളിലും വിദ്യാർത്ഥികളുടെ എണ്ണം കുറയുമ്പോൾ ഇവരിൽ അത്രയും കുറയാത്തത് ഇവരുടെ ശക്തിയെ കാണിക്കുന്നു.

## 2. ഇവരുടെ തെറ്റുകൾ

### (a) പാരമ്പര്യത്തോടുള്ള എതിർപ്പ്

'വാക്കിനാലോ ലേഖനത്താലോ ഞങ്ങൾ ഉപദേശിച്ചുതന്ന പാരമ്പര്യ ങ്ങളെ മുറുകെ പിടിച്ചുകൊൾവിൻ' (2 തെസ്സ. 2:15) എന്നു പൗലോസ് ശ്ലീഹാ പറയുന്നത് ഇവർ സ്വീകരിക്കുന്നില്ല. വലിയ മാർ ബസ്സേലിയോസ് *പരിശു ദ്ധാത്മാവ്* എന്ന ഗ്രന്ഥത്തിൽ (Section 66) പാരമ്പര്യത്തിന്റെ മേന്മയും പട്ടി കയും വിവരിക്കുന്നത് ഇവർ പഠന വിഷയമാക്കുന്നില്ല. സജീവമായ ജീവി താനുഭവങ്ങൾ തലമുറകളായി പകരുന്നതാണു പാരമ്പര്യം.

'നിങ്ങളോടു ഞങ്ങൾ അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയി

ച്ചാൽ അവൻ ശപിക്കപ്പെട്ടവൻ' (ഗലാ 1:8). 'അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിനു കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമായിരിക്കുന്നു' (എബ്രാ. 2:1). ഇവിടെ കേട്ടതാണു പറയുന്നത്. അവയെല്ലാം എഴുതപ്പെട്ടിട്ടില്ല. യേശുക്രിസ്തു ചെയ്ത കാര്യങ്ങൾ ഓരോന്നായി എഴുതിയാൽ എഴുതുന്ന പുസ്തകങ്ങൾ ലോകത്തിൽ തന്നെ ഒതുങ്ങുകയില്ല (യോഹ. 21:25). അതിനാൽ എഴുതപ്പെട്ടവയെ മാത്രം ആശ്രയിക്കുന്നതു ഭോഷത്വമാണ്.

കുരിശുവര, കിഴക്കോട്ടു തിരിഞ്ഞുള്ള പ്രാർത്ഥന, സ്നാനത്തിൽ മൂന്നു പ്രാവശ്യം വെള്ളത്തിൽ മുക്കുന്നത്, വി. മൂറോന്റെ വിശദവിവരങ്ങൾ മുതലായവ പാരമ്പര്യങ്ങളിൽപ്പെട്ടവയാണ്. ഇവ ഇവർക്കു സ്വീകാര്യമല്ല. ഇവർക്കും ഇവരുടേതായ പാരമ്പര്യങ്ങൾ ഉള്ളതു നിലനിർത്തുകയും ചെയ്യുന്നതിനാൽ പാരമ്പര്യത്തെ ചോദ്യം ചെയ്യുന്നതിനു ന്യായമില്ല. തമ്പേറടി, കൈകൊട്ട്, വട്ടം കൂടിയിരുന്നുള്ള പ്രാർത്ഥന ഇവയെല്ലാം അവരുടെ പാരമ്പര്യങ്ങളാണല്ലോ.

**(b) വേദപുസ്തകത്തെക്കുറിച്ചുള്ള തെറ്റുധാരണ**

വേദപുസ്തകത്തെ ഒരു ശാസ്ത്രഗ്രന്ഥമായി അവർ കരുതുന്നു. ഉല്പത്തി പുസ്തകത്തിൽ സൃഷ്ടിയെക്കുറിച്ചു പറഞ്ഞിട്ടുള്ളതിനെ ആക്ഷരികമായി സ്വീകരിച്ചു പരിണാമവാദത്തിനെതിരായി വാദിക്കുന്നു. ഉല്പ. 1:1–2:3 ൽ കാണുന്ന വിവരണവും ഉല്പ. 2:4–25 ൽ കാണുന്ന വിവരണവും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നുള്ള സത്യം ഇവർ സമ്മതിക്കുന്നില്ല. ആദ്യഭാഗത്ത് മൃഗങ്ങളെ സൃഷ്ടിച്ചത് ആദാമിനെ സൃഷ്ടിച്ചതിനു ശേഷമാണ്. വേദപുസ്തകം ദൈവിക വെളിപാടിന്റെ ഗ്രന്ഥമാണെന്നും ദൈവത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചും ലോകത്തെക്കുറിച്ചുമുള്ള ആത്മീയ കാര്യങ്ങളാണ് അതിൽ അടങ്ങിയിരിക്കുന്നതെന്നുമുള്ള പരിജ്ഞാനം അവർക്കില്ല.

പരിശുദ്ധാത്മാവാണു സകല സത്യത്തിലും വഴിനടത്തുന്നത് (യോഹ. 16:12). എന്നാൽ വേദപുസ്തകമാണു സകല സത്യത്തിലും വഴിനടത്തുന്നതെന്ന് ഇവർ വിശ്വസിക്കുന്നു. ദൈവത്തിനുള്ള തെറ്റിക്കൂടായ്മ വേദപുസ്തകത്തിനോ, ദർശനവരമുണ്ടെന്നു പറയുന്നവർക്കോ, മറ്റാർക്കും തന്നെയുമോ ഇല്ല. പരിശുദ്ധാത്മാവിന്റെ പൂർണതയുടെ പൂർണ്ണ രൂപമായി ഒരു സഭയും ഇന്നില്ല. അതിനാൽ ഇന്നത്തെ വ്യാഖ്യാനങ്ങളുടെ അപൂർണ്ണത മനസ്സിലാക്കാം. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ മുഖാമുഖമായി കാണും. ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെതന്നെ അറിയുന്നു (1 കൊരി. 13:12) എന്ന സത്യം സഭയെക്കുറിച്ചും വ്യക്തികളെക്കുറിച്ചും സത്യമാണ്.

വേദപുസ്തകത്തിന്റെ പൂർണ്ണതയും (വെളി. 22:19) അപൂർണ്ണതയും (യോഹ. 21:25; കൊലോ. 4:16; യോഹ. 16:12) ഒരുമിച്ചു കാണുവാൻ നമുക്കു

കഴിയണം (വെളി. 22:18). വേദപുസ്തകങ്ങളിലെ എല്ലാ പുസ്തകങ്ങളെയും കുറിച്ചല്ല പറയുന്നത്. വെളിപാടു പുസ്തകത്തെ മാത്രം സംബന്ധിച്ചതാണ്.

ദൈവത്തിന്റെ വചനമാണു പൂർണ്ണതയുള്ളത്, മനുഷ്യന്റെ വചനമല്ല. വേദപുസ്തകത്തിൽ മനുഷ്യന്റെ വചനങ്ങളും കാണുന്നുണ്ട്. 1 കൊരി. 7:25-ൽ 'കന്യകമാരെക്കുറിച്ച് എനിക്കു കർത്താവിന്റെ കല്പനയില്ല.' ഞാൻ അഭിപ്രായം പറയുന്നു. ഇവിടെ മനുഷ്യന്റെ വചനമാണു കാണുന്നത്.

**(c) സഭ, പട്ടത്വം, കൂദാശ ഇവയെക്കുറിച്ചുള്ള അവജ്ഞ**

വ്യക്തിക്കു പ്രാധാന്യം നല്കി സഭയോടും പട്ടത്വത്തോടും കൂദാശകളോടും ഇവർക്ക് അവജ്ഞയാണുള്ളത്. 'കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും' (അപ്പോ. പ്ര. 16:31). 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു' (യോഹ. 3:16). 'താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനുമാകുന്നു' (റോമ. 3:26). ഇപ്രകാരമുള്ള ചില വാക്യങ്ങൾ എടുത്തു വ്യക്തികൾക്കും വിശ്വാസത്തിനും അമിത പ്രാധാന്യം നൽകിയതു മാർട്ടിൻ ലൂഥറാണ്.

കർത്താവിന്റെ സഭയുടെ പ്രാധാന്യമറിയുന്ന വേദഭാഗങ്ങളുണ്ട്. 'കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു' (അപ്പോ. പ്ര. 2:47). 'സഭയേയും കൂട്ടാക്കാതിരുന്നാൽ അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ' (മത്താ. 18:17). 'എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭ' (എഫെ. 1:23). 'ഈ മർമ്മം വലിയത്. ഞാൻ ക്രിസ്തുവിനെയും സഭയേയും ഉദ്ദേശിച്ചത്രേ പറയുന്നത്' (എഫെ. 5:32). ഈ ഭാഗങ്ങളിൽ സഭയ്ക്കു നൽകുന്ന പ്രാധാന്യം ഇവർ മനസ്സിലാക്കുന്നില്ല.

'പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു' (യോഹ. 20:20) എന്നു പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ മേൽ ഊതി കെട്ടുവാനും അഴിക്കാനുമുള്ള അധികാരം അവർക്കു കൊടുത്തത് കർത്താവിന്റെ നിത്യപൗരോഹിത്യത്തിന്റെയും പ്രവാചകത്വത്തിന്റെയും രാജത്വത്തിന്റെയും തുടർച്ചയായി അവർക്കു പട്ടം കൊടുക്കയായിരുന്നു. അതിനാൽ പ്രത്യേക പൗരോഹിത്യം സഭയിൽ ഉണ്ട്. പരിശുദ്ധാത്മാവിനെ പിന്നീട് അയച്ച് അതു പൂർത്തീകരിക്കുകയും ചെയ്തു. 'എന്റെ കൈവയ്പ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം' (2 തീമോ. 1:6) എന്നു പൗലോസ് ശ്ലീഹാ പറയുന്നിടത്തു പട്ടംകൊടയിൽ കൃപാവരം ലഭിക്കുന്നെന്ന് അർത്ഥമാകുന്നുണ്ട്.

എപ്പിസ്കോപ്പാ, കശീശാ, ശെമ്മാശ്ശൻ എന്നീ മൂന്നു വാക്കുകളും പുതി

യനിയമത്തിൽ ഉള്ളവയാണ്. **എപ്പിസ്കോപ്പാ** (അപ്പോ. പ്ര. 20:28, ഫിലി. 1:1, 1 തിമോ. 3:2, തീത്തോ, 1:7, 1 പത്രോ. 2:25), **കശ്ശീശ** (അപ്പോ. പ്ര. 16:4, 20:17, 21:18, 23:14, 24:1, 25:15, 1 തീമോ. 5:1, 17, 19, തീത്തോ. 1:5), **ശെമ്മാശ്ശൻ** (റോമ. 13:4, 1 കൊരി. 3:5, 2 കൊരി. 3:6, 6:4, ഗലാ. 2:17, എഫെ. 3:7, 1:1, കൊലോ. 1:8, 1 തിമോ. 3:8, 4:6). എഫേസോസിലെ കശ്ശീശന്മാരെ വിളിച്ചു വരുത്തിയിട്ട് (അപ്പോ. പ്ര. 20:17) അവരെ എപ്പിസ്കോപ്പന്മാരെന്നു വിളിച്ച തിനാൽ (അപ്പോ. പ്ര. 20:28) രണ്ടു സ്ഥാനികളും അന്നു വ്യക്തമായി വേർതി രിക്കപ്പെട്ടിരുന്നില്ല. എന്നാൽ പട്ടംകൊടയുടെ കൈവയ്പും (അപ്പോ. പ്ര. 6:6) ആദിമസഭയിൽ ഉണ്ടായിരുന്നു എന്നു വ്യക്തം.

നമ്മുടെ കർത്താവ് കുർബാന സ്ഥാപിച്ചപ്പോഴും (മത്താ. 26:26) അന്ത്യ ശാസനത്താൽ മാമോദീസാ ഏർപ്പെടുത്തിയപ്പോഴും (മത്താ. 28:17–20) ആ വലിയ രഹസ്യങ്ങൾ (കൂദാശ) വഴി സഭയെ ലോകത്തിൽ നിന്നു വേർതി രിച്ചു വ്യത്യാസപ്പെടുത്തുകയായിരുന്നുവല്ലോ. Mysterium എന്നു ഗ്രീക്കിലും Mystery എന്നു ഇംഗ്ലീഷിലും മർമം എന്നു മലയാളത്തിലും ഉപയോഗിച്ചി രുന്ന അതേ വാക്കാണ് Sacramentum എന്ന് ലത്തീൻ Vulgate വേദപുസ്ത കത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ കൂദാശ വേദപുസ്തക വാക്കാണ്.

വി. യോഹ. 6–ാം അദ്ധ്യായത്തിൽ 'മനുഷ്യപുത്രന്റെ മാംസം തിന്നാ തെയും, അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല' (യോഹ. 6:53) എന്ന ഭാഗം കുർബാനയെക്കുറിച്ചല്ല എന്ന് ഇവർ വ്യാഖ്യാനിക്കുന്നു. സുവിശേഷ ഗ്രന്ഥത്തിന്റെ പ്രത്യേകത അറിയാത്തതി നാലും മുൻവിധികൾ ഉള്ളതിനാലുമാണ് ഇക്കൂട്ടർ ഇപ്രകാരം പറയുന്നത്. സാക്ഷാൽ ഭക്ഷണവും സാക്ഷാൽ പാനീയവും ആയ കുർബാനയെക്കുറി ച്ചാണ് ഈ ഭാഗം. മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും, ജീവനുമാകുന്നു (യോഹ. 6:63) എന്നതു സാക്ഷാൽ ഭക്ഷണത്തിന്റെ ആത്മീയതയെ സൂചിപ്പിക്കുന്നു.

**(d) ചരിത്രത്തിലെ സഭയുടെ ചരിത്രപരമായ തുടർച്ചയിൽ അപ്പോ സ്തോലിക കൈവയ്പിനുള്ള സ്ഥാനം പൊതുവെ ഇവർ അംഗീകരി ക്കുന്നില്ല**

അപ്പോസ്തോലിക വിശ്വാസം, കൈവയ്പ്, ദൗത്യം ഇവ മൂന്നും ഒരു മിച്ചു കാണേണ്ടതിനു പകരം, ദൗത്യത്തിൽ മാത്രമാണ് അവർ ശക്തി കേന്ദ്രീ കരിക്കുന്നത്. പരിശുദ്ധാത്മാവു നടത്തുന്ന സഭയിൽ ഒരു തുടർച്ചയുണ്ടാ യിരിക്കണമല്ലോ. ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇട യിൽ നിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു നിങ്ങളുടെ ഹൃദ യങ്ങളെ കലക്കിക്കളഞ്ഞു എന്നു കേൾക്ക കൊണ്ട് (അപ്പോ. പ്ര. 15:24) എന്ന് അപ്പോസ്തോലന്മാരും മൂപ്പന്മാരും എഴുതി അയച്ചതായി നാം വായി

ക്കുന്നു. പത്രോസിനെയും യോഹന്നാനെയും യരുശലേമിലുള്ള അപ്പോസ്തോലന്മാർ ശമര്യയിലേക്ക് അയച്ചതായും നാം വായിക്കുന്നു (അപ്പോ. 8:14). ശൗലിനെയും ബർന്നബാസിനെയും സഭ കൈവച്ചു പ്രാർത്ഥിച്ചു ദൈവവേലക്കായി അയച്ചതായും നാം കാണുന്നു (അപ്പോ. പ്ര. 13:3).

ഇവരുടെ വിലയിരുത്തലിൽ പരിശുദ്ധാത്മാവ് ഒന്നാം നൂറ്റാണ്ടിൽ തന്നെ സഭയെ കൈവിട്ടു എന്നും ഇപ്പോൾ ഇവരുടെ ആഗമനം വരെ സഭ ബാബിലോണ്യൻ അടിമത്തത്തിലായിരുന്നെന്നും ചരിത്രത്തിൽ പരിശുദ്ധാത്മാവു തുടർച്ചയായി പ്രവർത്തിച്ചില്ല എന്നും, ഇവർ ചിന്തിക്കുന്നതായി തോന്നുന്നു. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ലെന്നുള്ള കർത്തൃവാഗ്ദത്തത്തിനുള്ള പ്രസക്തി ഇവർ കാണുന്നില്ല. സഭയിൽ ദുഷിപ്പുകളും വിശ്വാസവിപരീതങ്ങളും ഉണ്ടായിട്ടില്ല എന്നു പുരാതനസഭകൾ പഠിപ്പിക്കുന്നില്ല. നേരെമറിച്ചു സഭയെ ശുദ്ധീകരിക്കുവാൻ പരിശുദ്ധാത്മാവു തുടർന്നു പ്രവർത്തിക്കുന്നു എന്നു പഠിപ്പിക്കുന്നു.

പത്രോസിൽക്കൂടി മാത്രമാണു കൈവയ്പിന്റെ കൃപാവരം ലഭിക്കുന്നതെന്ന് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നില്ല. എല്ലാ അപ്പോസ്തോലന്മാരിൽക്കൂടിയും കൃപാവരം ലഭിക്കുന്നു. 'എന്റെ കൈവയ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം' (2 തീമോ. 1:6) എന്നു പൗലോസ് ശ്ലീഹായാണു പറയുന്നത്.

ഒന്നാം നൂറ്റാണ്ടിലേക്കു സഭ തിരികെ പോകേണമെന്നു പറയുന്നതു ബാലിശമാണ്, അപ്രായോഗികമാണ്. സഭ കാലികവും, കാലാതീതവുമാണ്. അതിന്റെ ശില്പിയും പണിക്കാരനും പരിശുദ്ധാത്മാവാകുന്നു. പ്രായമായ ആൾ ശിശുവിനെപ്പോലെ മുല കുടിക്കണമെന്ന് ആരും പറയുകയില്ലല്ലോ.

**(e) വാങ്ങിപ്പോയവരോടുള്ള കൂട്ടായ്മയിൽ ഇവർ വിശ്വസിക്കുന്നില്ല**

സ്വന്തം പാരമ്പര്യങ്ങൾക്ക് അപ്രമാദിത്വം കല്പിക്കുന്നതുകൊണ്ടും തുറന്ന മനസ്സോടെ വേദപുസ്തകം പഠിക്കാത്തതുകൊണ്ടുമാണിത്.

1. ജീവനുള്ളവരോടും മരിച്ചവരോടും ദയ വിടാത്തവനാണു യഹോവ (രൂത്ത് 2:20).
2. വാങ്ങിപ്പോയവരുടെ ആത്മാക്കൾ നമ്മിൽനിന്നു വിദൂരസ്ഥരല്ലെന്നും, നമ്മെ കാണുകയും നമ്മുടെ ആവശ്യങ്ങൾ അറിയുകയും ചെയ്യുന്നു എന്നുമുള്ള സത്യം ഇവർ മനസ്സിലാക്കുന്നില്ല. കർത്താവിന്റെ മറുരൂപ സമയത്തു മോശയും ഏലിയായും പ്രത്യക്ഷപ്പെട്ടു എന്നാണു പറയുന്നത്. അവിടെ വന്നു എന്നല്ല, അവർ യരുശലേമിൽ കർത്താവിനു വരാൻ പോകുന്ന നിര്യാണത്തെക്കുറിച്ചു സംസാരിക്കുകയും ചെയ്തു (ലൂക്കോ. 9:30, 31). എബ്രാ. 12:1 ൽ പറയുന്ന സാക്ഷികളുടെ സമൂഹം വാങ്ങിപ്പോയവരുടെ ആത്മാ

ക്കളാണ്. അവർ സദാ നമ്മോടു കൂടെയുണ്ടെന്നും നമ്മെ വീക്ഷിക്കുന്നെന്നും ഈ ഭാഗം വ്യക്തമാക്കുന്നു. അവർ സ്ഥലകാലങ്ങൾക്ക് അതീതമായിരിക്കുന്നു.

3. സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾ പ്രാർത്ഥന കേൾക്കുന്നു (എബ്രാ. 12:22).
4. അവർ ദൈവത്തെ രാപകൽ ആരാധിക്കുന്നു (വെളി. 7:15).
5. അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നു (2 കൊരി. 5:9).
6. പാപത്തിൽ പൂർണ്ണമായി കഠിനപ്പെട്ടിട്ടില്ലെങ്കിൽ അവർക്കു പാപമോചനം പ്രാപിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട് (1 പത്രോ. 3:18, 4:6).

ഈ ലോകത്തിൽ വച്ചു മറ്റുള്ളവർക്കു വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന അർപ്പിച്ചവർ, പരലോകത്തിലും അതു തുടർന്നുകൊണ്ടിരിക്കും എന്നു ന്യായമായി ചിന്തിക്കാം. അതിനാൽ അവർ നമുക്കുവേണ്ടി പ്രാർത്ഥിപ്പാൻ ആവശ്യപ്പെടുന്നതു വേദപുസ്തകാനുസരണമാണ്.

ദൈവത്തിന്റെ കൃപ കൂടാതെ ആത്മാക്കൾക്കും ഒന്നും ചെയ്യുക സാദ്ധ്യമല്ലല്ലോ (യോഹ. 15:5). ദൈവത്തെ ആരാധിക്കുന്നതിനും (റോമ. 8:26) ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും മാനസാന്തരപ്പെട്ടു പാപമോചനം പ്രാപിച്ചു പൂർണ്ണതയിലേക്കു വളരുന്നതിനും ദൈവകൃപ ആവശ്യമാണ്. അതു നമുക്കെന്നപോലെ വാങ്ങിപ്പോയവർക്കും നൽകണമേ എന്ന് ദൈവത്തോട് അപേക്ഷിക്കേണ്ടത് നമ്മുടെ (ജീവിച്ചിരിക്കുന്നവരുടെ) ചുമതലയാണ്. അവർ രാപകൽ ആരാധിക്കുമ്പോൾ നമുക്കു വേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. നാം അവർക്കു വേണ്ടിയും പ്രാർത്ഥിക്കണം.

### (f) പുതിയ സഭയുണ്ടാക്കുന്നതും പുതിയ സഭയിൽ ചേരുന്നതും ദൈവഹിതമല്ല

സഭാംഗങ്ങളുടെ ഐക്യതയിൽക്കൂടിയാണു കർത്താവിനെ സാക്ഷിക്കേണ്ടത് (യോഹ. 17:21). സഭയുടെ ഐക്യതയിൽ നിന്നു കൊണ്ടു നാം തന്നെ ശുദ്ധീകരണം പ്രാപിക്കുകയും സഭയുടെ കുറവുകളെ പരിഹരിക്കുകയും സൃഷ്ടിപരമായി പ്രവർത്തിക്കുകയും ചെയ്യുകയാണു കരണീയം. പുതിയ സഭക്കാർ ഈ സത്യം മനസ്സിലാക്കുകയും വിശ്വാസപരമായ തെറ്റുകൾ തിരുത്തുകയും ചെയ്യണം. പുരാതന സഭയിലേക്ക് അവർ തിരിച്ചുവരുവാൻ നാം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

### ചോദ്യങ്ങൾ

1. ആധുനിക ഇവാൻജലിക്കൽസ് വിഭാഗങ്ങളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുക.
2. പുരാതന സഭകളും ഇവാഞ്ചലിക്കൽ വിഭാഗക്കാരും ചേർന്ന എക്യുമെനിസം എപ്രകാരമായിരിക്കണം?